# ഭാരതീയ ആചാരങ്ങൾ

## ഒരു ശാസ്ത്രീയ വിശകലനം

**Dr. N. Gopalakrishnan** Ph.D., D.Litt.
(Scientist & Director IISH)

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയിന്റിഫിക് ഹെറിറ്റേജ്
തിരുവനന്തപുരം - 695 018

ഹെറിറ്റേജ് പബ്ലിക്കേഷൻ സീരീസ് - 16

Scanned with CamScanner

# ഭാരതീയ ആചാരങ്ങൾ

## ഒരു ശാസ്ത്രീയ വിശകലനം

**DR. N. GOPALAKRISHNAN, Ph.D., D.Litt.**
Scientist & Hon. Director IISH

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയിന്റിഫിക് ഹെറിറ്റേജ്
തിരുവനന്തപുരം – 695 018

ഹെറിറ്റേജ് പബ്ലിക്കേഷൻ സീരീസ് – 16

Scanned with CamScanner

ഭാരതീയ ആചാരങ്ങൾ
ഒരു ശാസ്ത്രീയ വിശകലനം

**Dr. N. Gopalakrishnan**
M.Sc (Pharm), M.Sc (Chem), M.A. (Soc), Ph.D., D.Litt.
(Scientist & Director IISH)

*Published by:*

**Indian Institute of Scientific Heritage (IISH)**
**Registered Charitable Trust 328/99/IV**
Ushus, Estate Road, Pappanamcode
Trivandrum - 695 018 (Ph. 0471 - 2490149)
Website : www.iish.org

**Rs. 35/-**

*Printed at:*

Sree Printers
Ind. Estate, Pappanamcode, TVM - 19, Ph. 0471 - 2490135

Scanned with CamScanner

# DHANYATHMAN

IISH is spreading the messages of our motherland through our publications in the PDF format to all our well-wishers. Your support for the mission is welcome.

**Details of the bank account**

Beneficiary : IISH Trivandrum
Ac No : 57020795171
IFSC : SBIN0070030
Bank : SBI industrial estate, papanamcode
Trivandrum-19

*In the service of the motherland and dharma*

***IISH Publication Team***

Scanned with CamScanner

# ആമുഖം

ധർമ്മാർത്ഥ കാമമോക്ഷം എന്നീ നാലു പുരുഷാർത്ഥങ്ങളാണ് ഭാരതീയരുടെ സമഗ്രജീവിത വീക്ഷണം തന്നെ. ജീവിതം ആസ്വദിച്ച് ജീവിച്ച് ആഗ്രഹങ്ങൾ സഫലീകരിക്കുക. ഇതിനാവശ്യമായ സമ്പത്ത് അവശ്യം നേടുക എന്നത് ധർമ്മചര്യയിലൂടെയായിരിക്കണം. ധർമ്മാചരണം ആചാരങ്ങളിലൂടെയാണ് സാദ്ധ്യമാക്കേണ്ടത്. സാമൂഹ്യജീവിയായ മനുഷ്യൻ ചെയ്യാവുന്നതും ചെയ്യരുതാത്തതും അതാതു കാലത്തിന്റേയും, ദേശത്തിൻേറയും, സമൂഹത്തിന്റേയും ലിഖിതവും അലിഖിതവുമായ ധാർമ്മിക നിയമാവലികളിലൂടെ തലമുറകൾക്ക് കൈമാറിവന്നിരുന്നു. ആചാരങ്ങൾ, അനാവശ്യങ്ങളും അപ്രായോഗികങ്ങളുമായിത്തീരുമ്പോൾ, ഭരണഘടനയിൽ amendment വരുത്തുന്നതുപോലെ, ഋഷിവര്യന്മാരും ചിന്തകന്മാരും ധർമ്മാചാരങ്ങളെ നവീകരിച്ചിരുന്നു. അവയനുഷ്ഠിച്ചുകൊണ്ടായിരുന്നു ഭാരതീയർ ജീവിതപന്ഥാവിലൂടെ ചരിച്ചിരുന്നതും പുരുഷാർത്ഥങ്ങൾ അനുഭവിച്ചിരുന്നതും.

സമൂഹജീവിയായ മനുഷ്യന് വിവിധ തുറകളിൽ കർമ്മങ്ങളനുഷ്ഠിക്കുവാനുണ്ട്. അവയെല്ലാം അനുഷ്ഠിക്കുന്നതിനും ചില ആചാരങ്ങളുമുണ്ടായെന്നിരിക്കും. സമഗ്രമായി ഈ ആചാരങ്ങളെ ഇവിടെ ക്രോഡീകരിക്കുക അസാദ്ധ്യമാണ്. എന്നാൽ അവയെ വിശകലനം ചെയ്യുവാനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കിയാൽ ആചാരങ്ങളെയെല്ലാം തന്നെ ഈ മാനദണ്ഡങ്ങളിലൂടെ വിശകലനത്തിന് വിധേയമാക്കി സദാചാരമോ അനാചാരമോ ദുരാചാരമോ എന്നു ബോദ്ധ്യപ്പെടുവാനും ബോദ്ധ്യപ്പെടുത്തുവാനും സാധിക്കും. വസ്തുതാപരവും ശാസ്ത്രീയവുമായ ഒരു വിശകലനം ഒറ്റക്കോ, കൂട്ടായോ നമുക്കു നടത്തുവാനും ഇത് ഉപകരിക്കുകയും ചെയ്യും. മനുഷ്യനെ വെറും ശാസ്ത്രതത്വങ്ങളുടെ മാത്രം അടിസ്ഥാനത്തിൽ biochemistry, biophysics, physiology, psychology..... തുടങ്ങിയ bio...... പദങ്ങളിലൂടെയോ .......ology പദങ്ങളിലൂടെയോ മാത്രം വിശദീകരിക്കുക എന്നത് അസാദ്ധ്യമായി വരുകയാണ്. ശാസ്ത്രജ്ഞാനം ഗഹനമാകുന്തോറും, ശുദ്ധശാസ്ത്രത്തിന് വിശദീകരിക്കുവാൻ സാധിക്കുന്നതിനപ്പുറം പലതും ഉണ്ട് എന്ന് ശാസ്ത്രജ്ഞന്മാർക്ക് വ്യക്തമായിവരുന്നു. അതായത് അവ്യക്തമായി ധാരാളമുണ്ടെന്ന് വ്യക്തമായി അറിയുവാൻ തുടങ്ങിയിരിക്കുന്നു. ബുദ്ധിയും, മനസ്സും, ഓർമ്മശക്തിയും, സ്വബോധവും, മെന്റൽ ടെലിപ്പതിയും, ഹിപ്നോട്ടിസവും, ചിന്താശക്തിയും, വിശകലനശേഷിയും, ജന്മനാലുള്ള വാസനകളും, കർമ്മങ്ങളോടുള്ള ആഭിമുഖ്യവും, വ്യക്തിയുടെ പ്രകൃതവും, ബന്ധനങ്ങളും, സ്നേഹക്രോധാദികളും........... എല്ലാം ഉപരിപ്ലവങ്ങളായ വിവരണങ്ങളിലൂടെ മാത്രമേ ശാസ്ത്രത്തിന് വിശകലനം ചെയ്യുവാൻ സാധിച്ചിട്ടുള്ളൂ. അതുകൊണ്ടുതന്നെ മനുഷ്യൻെറ സമസ്തചര്യകളുടേയും ശാസ്ത്രീയവിശകലനം അസാദ്ധ്യമാണ്. സാമൂഹ്യശാസ്ത്രത്തിൻെറ ഭാഗമായ

Scanned with CamScanner

ആചാരങ്ങൾക്കും അത്തരമൊരു ശുദ്ധശാസ്ത്രവിശകലനം അസാദ്ധ്യമാണ് എന്നു ഓർമ്മിക്കുമല്ലോ. സാദ്ധ്യമാകുന്നത്ര ശാസ്ത്രീയ വിശകലനത്തിനുള്ള ശ്രമം നടത്തിയിട്ടുണ്ട്!

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയിന്റിഫിക് ഹെറിറ്റേജിൻെറ പതിനാറാമത്തെ പ്രസിദ്ധീകരണമായി താങ്കൾക്ക് സമർപ്പിക്കട്ടെ ! അനുഗ്രഹിക്കുക.......

**ഡോ. എം സാംബശിവൻ**
ചെയർമാൻ

**ഡോ. എൻ. ഗോപാലകൃഷ്ണൻ**
ഹോണ. ഡയറക്ടർ

## ആചാരങ്ങൾ വിശകലനം ചെയ്യുന്നതിനും വിലയിരുത്തുന്നതിനും ഒരു മാർഗരേഖ

ആയുർവേദാചാര്യനായ ചരകൻ ചരകസംഹിതയിലെ ശരീരസ്ഥാനം 2:46 ൽ ആരോഗ്യത്തെ ഇപ്രകാരം നിർവ്വചിക്കുന്നു.

**നരോഹിതാഹാരവിഹാര സേവീ സമീക്ഷ്യകാരി വിഷയേഷ്വസക്തഃ ദാതാ സത്യപര ക്ഷമാവാൻ ആപ്തോപസേവീ ച ഭവത്യരോഗാഃ**

ഹിതമായ ആഹാരം ആവശ്യത്തിനുമാത്രം കഴിക്കുന്നവനും, ഹിതമായ വ്യവഹാരങ്ങളിൽ ഏർപ്പെടുന്നവനും, ആരോഗ്യപരമായ ചിന്തയുള്ളവനും, സുഖദായകങ്ങളായ വിഷയങ്ങളിൽ അമിതാസക്തിയില്ലാത്തവനും, സമചിത്തതയുള്ളവനും, ദാനധർമ്മാദികളിൽ തൽപരനും, സത്യവാദിയും ക്ഷമയുള്ളവനും, ശ്രേഷ്ഠന്മാരുടെ വചനങ്ങളെ അനുശാസിക്കുന്നവനും രോഗമില്ലാത്തവനായിത്തീരുന്നു!

ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് പോലെയുള്ള ആരോഗ്യസ്ഥാപനങ്ങളിലെ പ്രഗത്ഭരായവർ (AIIMS) ആരോഗ്യത്തെക്കുറിച്ചും സംതൃപ്ത ജീവിതത്തെക്കുറിച്ചും ഇപ്രകാരമൊരു നിർവ്വചനമാണ് ഇപ്പോൾ അനുശാസിക്കുന്നത്.

...........Health is the Physiological, Psychological, Social and Spiritual well being of the individual...........

........... ശാരീരികവും, മാനസികവും, സാമൂഹികവും, ആത്മീയവുമായ സംതൃപ്ത അവസ്ഥയാണ് വ്യക്തിയുടെ ഉത്തമ ആരോഗ്യം...........

മേൽ വിവരിച്ച പുരാതനവും ആധുനികവുമായ നിർവചനങ്ങളുടെ അടിസ്ഥാനത്തിൽവേണം ഓരോ ആചാരത്തേയും വിശകലനം ചെയ്യുവാൻ. ഈ നാലു ഘടകങ്ങളുടേയും ആരോഗ്യാവസ്ഥ യാണ് മാനദണ്ഡമായി സ്വീകരിക്കേണ്ടത്. ഇവയിൽ ഏതെങ്കിലും ഒരു ഘടകമോ, ഒന്നിൽകൂടുതൽ ഘടകങ്ങളോ ചൈതന്യവത്താക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതാണ് വിശകലനം ചെയ്യപ്പെടുന്ന ആചാരം, എങ്കിൽ അത് സദാചാരമാണ്. ഇവയ്ക്കൊന്നിനും പ്രയോജനപ്രദമല്ലാത്തതാണെങ്കിൽ അനാചാരവും, ഇവയ്ക്കേതെങ്കിലും ഒന്നിന് അല്ലെങ്കിൽ എല്ലാത്തിനും ദൂഷ്യഫലങ്ങൾ ഉളവാക്കുന്നവയാണെങ്കിൽ അത് ദുരാചാരവുമാണ് എന്ന് മാന്യവായനക്കാർ പ്രത്യേകം ഓർമ്മിക്കുക.

ഡോ: എൻ. ഗോപാലകൃഷ്ണൻ

Scanned with CamScanner

## ആചാരങ്ങളും സമൂഹവും

എല്ലാ മതവിശ്വാസങ്ങളുടെയും അവിഭാജ്യഘടകങ്ങളായി നിലനിൽക്കുന്നതാണ് ആചാരങ്ങൾ. വിശ്വാസങ്ങളുടെ അടിസ്ഥാനത്തിൽ ആചരിച്ചുപോരുന്നതെന്തെല്ലാമാണോ അവയെയാണ് ആചാരങ്ങൾ എന്നു പറയുന്നത്. ആചാരങ്ങളെ സൃഷ്ടിച്ചവരും അതിൻെറ പ്രചാരകന്മാരും ആചാര്യന്മാരായി അറിയപ്പെടുന്നു. പലമതങ്ങളിലും ആചാരങ്ങൾക്കടിസ്ഥാനമായിട്ടുള്ളത് മതഗ്രന്ഥങ്ങളിലെ സംഭവങ്ങളോ, കഥകളോ, ഉപദേശങ്ങളോ ആണെന്ന് കാണാം. എന്നാൽ ഭാരതീയ വിചാരധാരകളിലെ ഭൂരിഭാഗം ആചാരങ്ങൾക്കും വ്യക്തമായ ലക്ഷ്യങ്ങളുണ്ട്. ദേശ-കാലാടിസ്ഥാനത്തിൽ അനുഷ്ഠിക്കുന്ന ഈ ആചാരങ്ങളിൽ അന്തർലീനമായിരിക്കുന്ന സന്ദേശം മാനസികവും, ശാരീരികവുമായ, വ്യക്തിയുടേയും കുടുംബത്തിന്റേയും സമൂഹത്തിന്റേയും രാഷ്ട്രത്തിന്റേയും ശാശ്വതമായ നന്മയും, ഉയർച്ചയുമാണ്. അതായത് വ്യക്തിയുടെ സമഗ്രമായ ആരോഗ്യം. ഈ ആചാരങ്ങളെല്ലാം സ്വാനുഭവത്തിലൂടെയും വിശകലനാത്മകവീക്ഷണത്തിലൂടെയും ഉരുത്തിരിഞ്ഞതുമാണ്. ഇവയിലാകട്ടെ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തിയിട്ടുമുണ്ട്; വരുത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നു.

അറിഞ്ഞും അറിയാതെയും നമ്മുടെ നിത്യജീവിതത്തിൽതന്നെ ശതക്കണക്കിന് ആചാരങ്ങൾ നാം അനുഷ്ഠിക്കുന്നുണ്ട്. ശുദ്ധ ഭൗതീകവാദികളും നിരീശ്വരവാദികളുംപോലും ആചാരാനുഷ്ഠാനങ്ങളുടെ സ്വാധീനവലയത്തിൽ നിന്ന് മുക്തരല്ല. വിവേചന-ബുദ്ധിശക്തിക്കപ്പുറം മനുഷ്യനും അവനോട് ഏറ്റവും അടുത്തിരിക്കുന്ന, പരിണാമ പ്രക്രിയയിലെ മൃഗവും തമ്മിലുള്ള വ്യത്യാസം, ആചാരാനുഷ്ഠാനക്രമത്തിൽ മാത്രമാണെന്നു കാണാം.

നമസ്തെ, goodmorning എന്നീ വന്ദിക്കലും, പല്ലുതേപ്പും കുളിയും, വീട്ടിനുള്ളിൽ ചെരിപ്പിടാതെ നടക്കലും, ഉന്നതോദ്യോഗസ്ഥനെ സാർ എന്നു വിളിക്കുന്നതും, അദ്ധ്യാപകൻെറ മുമ്പിൽ ഉടുതുണിയുടെ മടക്കിക്കുത്തഴിക്കുന്നതും, ശബ്ദം കുറച്ചു സംസാരിക്കുന്നതും, വിവാഹത്തിന് മാലയിടുന്നതും, ഓടിക്കുന്നതിനു മുമ്പ് വാഹനം തൊട്ടു നെറുകയിൽ വയ്ക്കുന്നതുമെല്ലാം ആചാരങ്ങളാണ്. മീറ്റിങ്ങിലെ അദ്ധ്യക്ഷനും, ഉദ്ഘാടനത്തിലെ നാടമുറിക്കലും, നന്ദിപ്രകാശനവും, സ്വാതന്ത്ര്യദിനാഘോഷവും, ധ്വജവന്ദനവും, ദേശീയഗാനാലാപനവുമെല്ലാം ആചാരങ്ങളുടെ ഭാഗമാണ്. രാഷ്ട്രപതി വരുമ്പോൾ അംഗരക്ഷകർ അറ്റൻഷനായി നിൽക്കുന്നതും, ദേശീയഗാനാലാപനം, പ്രാർത്ഥന പോലെ

പവിത്രീകരിക്കുന്നതും, സത്യപ്രതിജ്ഞയും, എല്ലാം ആചാരങ്ങളാണ്. ഭൗതികവാദികളെന്നഭിമാനിക്കുന്നവരുടെ രക്തസാക്ഷിമണ്ഡപവും, പുഷ്പാർച്ചനയും, രക്തസാക്ഷിദിനാചരണവുമെല്ലാം, ക്ഷേത്രവിഗ്രഹത്തിലേതെന്നപോലെയുള്ള ഒരാചാരം മാത്രം. നൂറ്റാണ്ടിനുമുമ്പ് ജനിച്ച് പതിറ്റാണ്ടുകൾക്കു മുമ്പ് മരിച്ച ദേശസ്നേഹികളെ ഓർമ്മിച്ച് ചിത്രത്തിൽ പുഷ്പാർച്ചന നടത്തുന്നതും ആചാരമാണെന്നു വ്യക്തം. വിറകിനു മുകളിൽ വച്ച് ദഹിപ്പിച്ച ശവശരീരം പിന്നീട് വെറും സോഡിയത്തിന്റേയും പൊട്ടാസ്യത്തിന്റേയും കാത്സ്യത്തിന്റേയും ഓക്സൈഡുകളായ ചാരമാണ്. ഈ ചാരമാണ് ചിതാഭസ്മം എന്ന പേരിൽ ഗംഗയിലൊഴുക്കി നിർവൃതിയടയുന്നത്. ഭൗതീകമായി ഒരർത്ഥവുമില്ലെന്നു വ്യക്തമാണെങ്കിലും നിർവൃതിക്കൊരു മാനസിക വിലയുണ്ട്. അതാണ് ആചാരം. മൃതശരീരം കത്തിച്ചുകളഞ്ഞ ശ്മശാനത്തെ അലങ്കരിച്ച്, പരമോന്നത വ്യക്തികൾ വരെ അവിടെ പ്രതിവർഷം സന്ദർശനം നടത്തുന്നതും പ്രദക്ഷിണം വയ്ക്കുന്നതും ആചാരം തന്നെ.

ഇത്രയുമല്ല, അനേകായിരം ആചാരങ്ങൾ ഈ അത്യാധുനിക കാലഘട്ടത്തിൽപോലും അനുഷ്ഠിച്ചുപോരുന്നു. പുതിയവ ജനിച്ചുകൊണ്ടിരിക്കുന്നു. ഇവയ്ക്കൊന്നിലും ആത്മീയതയുടെ അംശംപോലുമുണ്ടാകില്ല. പക്ഷേ സമൂഹജീവിതത്തിലെ അച്ചടക്കത്തിനും, കെട്ടുറപ്പിനും, പൊതുവേയുള്ള നന്മയ്ക്കും അതു പ്രയോജനപ്പെടാം. അതിനാൽ ആചാരങ്ങളെന്നു കേൾക്കുമ്പോൾ ആത്മീയതയാണെന്ന് ധരിക്കേണ്ട കാര്യമില്ല. അതു ഭാരതത്തിൽ മാത്രമല്ല ലോകത്തെവിടേയുമുണ്ട്.

ചുരുക്കത്തിൽ മനുഷ്യന്റെ സംസ്കാരം ഉദയം ചെയ്ത കാലഘട്ടം മുതൽക്കിങ്ങോട്ട് ഉദയം ചെയ്തവയാണ് ആചാരങ്ങൾ. ഭാരതത്തിൽ, ഉദയം ചെയ്ത ആചാരങ്ങൾ ഏതാണ്ടെല്ലാത്തിലും ആത്മീയതയുടെ സ്വാധീനവും ഭൗതീകമായ ലക്ഷ്യങ്ങളുമുണ്ടായിരുന്നു എന്നതും, ആ ലക്ഷ്യങ്ങളെ ശാസ്ത്രീയമായി ആധുനീകശാസ്ത്രത്തിന്റെ പിൻബലത്തോടെ വിവരിക്കുവാൻ സാധിക്കുമെന്നതും ഒരു വസ്തുതയാണ്. ആത്മീയതയുടെ ഗംഗോത്രിയുത്ഭവിച്ച ഈ ദേശത്ത്, സർവ്വതിലും ആത്മീയ ചൈതന്യം ദർശിച്ചവർ ആചാരങ്ങളിലും അതിന്റെ പ്രഭ കണ്ടതുകൊണ്ടാകാം ആചാരങ്ങളെല്ലാം ആത്മീയതയുടെ ഭാഗമാണെന്ന് നമ്മിൽ ചിലരെങ്കിലും ധരിക്കുന്നത്. ആത്മീയതയുടെ മഹത്വം കൂടി ചേരുമ്പോൾ ശാസ്ത്രീയമായ ആചാരങ്ങൾക്ക് ദ്വിഗുണതേജസ് ലഭിക്കുന്നു. എന്നാൽ ശാസ്ത്രീയ മഹത്വത്തിന്റെ അന്തഃസത്തയറിയാതെ, ആത്മീയതമാത്രമാണ് ആചാരങ്ങളെന്ന് ധരിച്ചതിന്റെ പരിണിത ഫലമാണെന്നു തോന്നുന്നു. അവയെല്ലാം അന്ധവിശ്വാസമെന്ന് ചിലർ

വാദിക്കുന്നതും മറ്റു ചിലരെ തെറ്റിദ്ധരിപ്പിക്കുന്നതും. ആ തെറ്റിദ്ധാരണ തിരുത്തുകയാണ് ഈ പുസ്തകത്തിൻെറ ഉദ്ദേശലക്ഷ്യം.

## ആചാരവും കർമ്മവും

ഭാരതീയമായ ജീവിതചര്യതന്നെയാണ് ഹിന്ദുധർമ്മം. അതിനാൽ ഹിന്ദുമതമെന്ന പ്രയോഗത്തേക്കാൾ ഹിന്ദുധർമ്മമെന്നതാണ് ശരി. ധർമ്മം, ജീവിതരീതിയായതിനാൽ അത് ഹിന്ദുധർമ്മമെന്നറിയപ്പെടുന്നു. ധർമ്മവും ആചാരങ്ങളും തമ്മിലുള്ള സുദൃഢമായ ബന്ധം ഭഗവത്ഗീതയിൽ വ്യക്തമാണ്.

**ആചാരപ്രഭവോ ധർമ്മഃ ധർമ്മസ്യപ്രഭവോഽച്യുതഃ**

ആചാരങ്ങളിലുടെ ധർമ്മം ശോഭിക്കുന്നു, ധർമ്മപന്ഥാവിലൂടെ ഈശ്വരൻ (നന്മകൾ) വിളങ്ങുന്നു.

ഭൗതികവും ആത്മീയവുമായ അർത്ഥത്തിൽ ഈ വരി വളരെ അർത്ഥവത്താണ്. ഹിന്ദുധർമ്മം എന്നത് അനവധി ആചാരങ്ങളിലൂടെയുള്ള ജീവിതരീതിയാണ്. അതനുഷ്ഠിക്കുന്നതു തന്നെയാണ് ഈശ്വര സാക്ഷാത്കാര മാർഗവും എന്നു വ്യക്തമാകുന്നു. രാഷ്ട്രം വ്യക്തികളുടെ ഏകീഭാവമാകുന്നതുപോലെ, ധർമ്മം നന്മനിറഞ്ഞ ആചാരങ്ങളുടെ അഥവാ സദാചാരങ്ങളുടെ സമാഹാരമാണ്.

**ആചാരവിഭാഗങ്ങൾ** : ഓരോ സമൂഹത്തിലും അനുശാസിക്കുന്ന അനവധി ആചാരങ്ങളുണ്ട്. ഈ ആചാരങ്ങളെ അവ വ്യക്തി-കുടുംബം-സമൂഹം-രാഷ്ട്രം എന്നിവയിലുളവാക്കുന്ന ഫലങ്ങളുടെ അടിസ്ഥാനത്തിൽ വിഭജിക്കാവുന്നതാണ്. ആധുനീക കാലഘട്ടത്തിലും ശാശ്വതമായ സദ്ഫലങ്ങളുളവാക്കുന്ന ആചാരങ്ങളാണ് സദാചാരങ്ങൾ. അതാതു ദേശത്തിനും കാലത്തിനും അനുയോജ്യമല്ലാത്തതും അതുപോലെ സമൂഹത്തിന് ഒരു പ്രയോജനവുമില്ലാത്തതുമായ ആചാരങ്ങൾ 'പണ്ട് അനുഷ്ഠിച്ചിരുന്നു' എന്ന ഒരു കാരണത്താൽ മാത്രം ആചരിച്ചുപോരുന്നു വെങ്കിൽ അവയെ അനാചാരങ്ങൾ എന്നു പറയാം. താൽക്കാലികമായ നന്മയുണ്ടെങ്കിൽ പോലും, ശാശ്വതമായ തിന്മകൾ ഉളവാക്കുന്ന ആചാരങ്ങളാണ് ദുരാചാരങ്ങൾ.

**സദാചാരങ്ങൾ** : വ്യക്തിയുടേയും, കുടുംബത്തിന്റേയും, സമൂഹത്തിന്റേയും സമഗ്രമായ ആയുരാരോഗ്യ ഐശ്വര്യങ്ങളെ ലക്ഷ്യമിട്ടിട്ടുള്ളതാണ് സദാചാരങ്ങൾ. ഇത്തരം ആചാരങ്ങൾ ഏതെല്ലാമാണെന്നതിന് നിർവ്വചനം ഭഗവദ്ഗീതയിൽ ശ്രീകൃഷ്ണൻ തന്നെ നൽകിയിട്ടുണ്ട്.



Scanned with CamScanner

**യദ്യദാചരതി ശ്രേഷ്ഠഃ തത്തദേവേതരോജനാഃ**

**സ യദ് പ്രമാണം കുരുതേ ലോകസ്തദനുവർത്തതേ**

ശ്രേഷ്ഠന്മാർ ആചരിക്കുന്നതെന്താണോ അതു തന്നെ മറ്റു ജനങ്ങൾ അനുശാസിക്കുന്നു. ശ്രേഷ്ഠന്മാർ ഉണ്ടാക്കുന്ന പ്രമാണമാണ് ലോകജനത അംഗീകരിക്കുന്നതും അനുഷ്ഠിക്കുന്നതും. ശാസ്ത്രീയവിശകലനത്തിലൂടെ പണ്ഡിതന്മാരാണ് സദാചാരത്തിന് കാലാകാലങ്ങളിൽ നിർവ്വചനം നൽകേണ്ടത്. സദാചാരാനുഷ്ഠാനത്തിന് വ്യക്തമായ ലക്ഷ്യങ്ങളുണ്ടായിരിക്കണം.

**ആചാരാത് ലഭതേഹ്യായുഃ ആചാരാത് ലഭതേ ധനമക്ഷയ്യം**

**ആചാരാത് ലഭതേ സുപ്രജ്ഞാഃ ആരോഗ്യമുത്തമം ച ലഭതേ**

ആയുസ്സും, ധനവും, നല്ല സഹപ്രവർത്തകരും ആരോഗ്യവും ലഭിക്കുന്നതിന് സദാചാരാനുശാസനം സഹായിക്കുന്നു. ഈ വരികളിൽ നിറഞ്ഞിരിക്കുന്നത്. ഭൗതീകജീവിതത്തിലധിഷ്ഠിതമായ നന്മയാണ് ആചാരലക്ഷ്യമെന്ന് വ്യക്തമാക്കുന്ന സന്ദേശമാണ്. മോക്ഷം എന്ന പദം ഇതിൽ ഉപയോഗിച്ചിട്ടുമില്ല എന്നത് ശ്രദ്ധേയമാണ്. ഇതിൻെറ അടിസ്ഥാനത്തിലുള്ള ആചാരവിശകലനമാണ് പരിശോധിക്കേണ്ടത്.

**അനാചാരങ്ങൾ** : ദേശത്തിനും കാലത്തിനും അനുയോജ്യമല്ലാത്തതും ഒരുവിധ സദ്ഫലങ്ങളും, ശാശ്വതമായി നൽകാത്തതുമായ ആചാരങ്ങളാണ് അനാചാരങ്ങൾ. പുരാതനകാലത്ത് പ്രസക്തിയുണ്ടായിരുന്നതാകാമെങ്കിലും സമകാലീന പ്രസക്തിയില്ലാതായാൽ അവ അനാചാരങ്ങളായി മാറുന്നു. പൂച്ച വിലങ്ങനെ ഓടുന്നതും, കാലൻ കോഴി കൂവുന്നതും, കാക്ക ദീനമായി കരയുന്നതുമെല്ലാം അശുഭമാണെന്ന് വിശ്വസിക്കുന്നത്, ആധുനിക കാലഘട്ടത്തിൽ അന്ധവിശ്വാസമാണെന്ന് പറയാതെ വയ്യ. ഇത് അനാചാരത്തിൻെറ ഭാഗമായിത്തീർന്നിരിക്കുന്നു.

**ദുരാചാരങ്ങൾ** : വ്യക്തിക്കും സമൂഹത്തിനും ദുഷ്ഫലങ്ങളുളവാക്കുന്നതും അതേസമയം അന്ധമായി ആചരിച്ചുപോരുന്നതുമായ ചില ആചാരങ്ങളുണ്ട്, ഇവ മനുഷ്യന് മാനസികവും ശാരീരികവുമായ തിക്തഫലങ്ങളുളവാക്കുന്നു. പലപ്പോഴും തെറ്റിദ്ധാരണയുടെയും അന്ധവിശ്വാസത്തിൻെറയും അടിസ്ഥാനത്തിലാണ് ദുരാചാരങ്ങൾ അനുഷ്ഠിക്കപ്പെടുന്നതും ആവിർഭവിക്കുന്നതും. വർണാടിസ്ഥാനത്തിലുള്ള അയിത്താചരണം, ദുരാചാരമാണ്. മൃഗബലി, കോഴിവെട്ട്, ഇതെല്ലാം ആത്മീയതയുടെ പേരിൽ നടത്തുന്നതും ദുരാചാരമാണ്.

**ആചാരങ്ങളുടെ ശ്രോതസ്** : ജനനം മുതൽ മരണം വരെ വ്യക്തികളനുഷ്ഠിക്കുന്ന അഥവാ അനുഷ്ഠിക്കേണ്ടതായ ആചാരങ്ങളുണ്ട്.



Scanned with CamScanner

ജനനത്തിനു മുമ്പും മരണാനന്തരവും ആ വ്യക്തിക്കുവേണ്ടി മറ്റുള്ളവര നുഷ്ഠിക്കുന്ന ആചാരങ്ങളുമുണ്ട്. ഇവയുടെയെല്ലാം ശ്രോതസ് ഏതു ഗ്രന്ഥമാണ് എന്നറിയുന്നത് വിജ്ഞാനപ്രദമായിരിക്കും. ഇന്നത്തെ പല ധർമ്മാചാര്യന്മാർക്കുപോലും ഇതിന് വ്യക്തമായ ഉത്തരം ലഭ്യമാണോ എന്നു സംശയമാണ്. എല്ലാ വിവരങ്ങളും വേദത്തിലുണ്ടെന്ന് പ്രസ്താവിക്കുകയാണ് പതിവ്. വേദത്തിൽ ആചാരങ്ങൾക്കടിസ്ഥാനമായ ചില വിശ്വാസങ്ങളും, വിചാരധാരകളും കാണാമെങ്കിലും ആചാരാനുഷ്ഠാന വിവരണം കാണുകയില്ല. ഇന്നത്തെ തലമുറക്ക് ലഭിച്ചിരിക്കുന്ന ആചാരജ്ഞാനം മുഴുവനും അവരുടെ മാതാപിതാക്കന്മാരിൽ നിന്നും ചിലത് മറ്റു മുതിർന്നവരിൽ നിന്നുമാണ്. പക്ഷേ ആചാരങ്ങൾ വിവരിക്കുന്ന ഗ്രന്ഥങ്ങൾ ഭാരതീയ ഋഷി പ്രോക്തങ്ങളായി നിലനിന്നിരുന്നു; അവയിൽ ഭൂരിഭാഗവും ഇന്നും നിലനിൽക്കുന്നുണ്ട്. മറ്റു മതങ്ങളേക്കാൾ തികച്ചും വ്യത്യസ്തമായ ഒരു ശ്രോതസ്സാണ് ഭാരതീയാചാരങ്ങൾക്കുള്ളത്. ക്രൈസ്തവർ ആചരിക്കുന്ന ആചാരങ്ങൾക്ക് ബൈബിളുമായിട്ടാണ് എല്ലാ ബന്ധവും. ഇസ്ലാമിക അനുഷ്ഠാനങ്ങൾക്ക് ഖുറാനുമായിട്ടാണ് ബന്ധം. അതുപോലെ ബുദ്ധ-ജൈന-സിഖ്- മതങ്ങളുടെ ഗ്രന്ഥങ്ങൾ തന്നെയാണ്, അവയനുഷ്ഠിക്കുന്ന മതാനുയായികളുടെ ആചാരഗ്രന്ഥങ്ങൾ. ഇവ ഭാരതീയ മണ്ണിൽ ജനിച്ച മതങ്ങളിൽ കുറേയധികം ആചാരങ്ങൾ ഹൈന്ദവധർമ്മംപോലെ അവയിലുണ്ട്. എന്നാൽ ഭാരതീയ ആചാരാനുഷ്ഠാനങ്ങൾക്ക് വൈദികഗ്രന്ഥങ്ങളുമായി അൽപ ബന്ധമേയുള്ളൂ. വേദാനുബന്ധിയായ ബ്രാഹ്മണഗ്രന്ഥങ്ങൾ കുറെ യജ്ഞകർമ്മങ്ങളും, ചെറുവരികളിലൂടെ ചില ഗൃഹ്യകർമ്മങ്ങളും വിവരിക്കുന്നുണ്ട്. അതുപോലെ ചില ആരണ്യകഭാഗങ്ങളും ഉപനിഷത്തുക്കളും ആചാരങ്ങൾക്കടിസ്ഥാനമായ തത്വങ്ങൾ വിവരിക്കുന്നുണ്ട്. ഈ ഗ്രന്ഥങ്ങൾ നമ്മുടെ ആചാരങ്ങളുടെ തത്വശാസ്ത്രം സൂചിപ്പിക്കുന്നുണ്ടെങ്കിലും, ആചാരങ്ങളുടെ കർമ്മഭാഗം ഈ ഗ്രന്ഥങ്ങളിൽ കാണുകയില്ല.

വേദാംഗങ്ങളായ ശിക്ഷ-നിരുക്തം-ഛന്ദഃശാസ്ത്രം-വ്യാകരണം, ജ്യോതിശാസ്ത്രം, കൽപശാസ്ത്രം എന്നീ വിഭാഗങ്ങളിൽപെടുന്ന ഗ്രന്ഥങ്ങൾ പലവിധ വേദഗ്രന്ഥപാരായണമുൾപ്പടെയുള്ള ആചാരങ്ങൾക്ക് അടിസ്ഥാനശിലകളായി വർത്തിക്കുന്നു. വൈദീക പഠനരീതിയുമായി ബന്ധപ്പെട്ട അനവധി ആചാരതത്വങ്ങൾ ആദ്യത്തെ നാലു വേദാംഗങ്ങളിൽ കാണാമെങ്കിലും ഏതാണ്ട് എല്ലാ സാധാരണ ആചാരങ്ങളുടെയും വസ്തുതാപരവും വ്യക്തവുമായ ശ്രോതസ്സുകളാണ് ജ്യോതിഷഗ്രന്ഥങ്ങളും,



Scanned with CamScanner

കൽപശാസ്ത്ര ഗ്രന്ഥങ്ങളും. ശുഭസമയം, ലക്ഷണം, നിമിത്തം,, ശകുനം, മുഹൂർത്തം, പ്രശ്നം, ജാതകം, ജ്യോതിശാസ്ത്രം, സമയം-ദിവസം-വാരം-മാസം-വർഷം എന്നിവയുമായി ബന്ധപ്പെട്ട ആചാരങ്ങളുടെ അടിസ്ഥാനം ജ്യോതിഷഗ്രന്ഥങ്ങളാണ്.

ഈശ്വരീയം-ആത്മീയം-പൂജ-വ്രതം എന്നിവയുമായി ബന്ധപ്പെട്ട ആചാരങ്ങൾ പുരാണ-ഉപനിഷദ് സംബന്ധിയാണ്. കുറെയേറെ ആചാരാനുഷ്ഠാനവിവരണങ്ങളുടെ പ്രായോഗിക ഉദാഹരണങ്ങൾ ഇതിഹാസങ്ങളിലുണ്ട്.

ചികിത്സാസംബന്ധിയായ ആചാരങ്ങൾ ആയുർവേദത്തിലും നൃത്ത-ഗാനപഠനവുമായി ബന്ധമുള്ള ആചാരങ്ങൾ ഗന്ധർവവേദഗ്രന്ഥങ്ങളിലും ഗൃഹനിർമ്മാണവുമായി ബന്ധമുള്ളവ സ്ഥാപത്യവേദം അഥവാ തച്ചുശാസ്ത്രഗ്രന്ഥങ്ങളിലും, അനവധിയുണ്ട്. യുദ്ധവും രാഷ്ട്ര രക്ഷയും ഭരണപരവും ആയ ആചാരങ്ങൾക്കടിസ്ഥാനം ധനുർവേദഗ്രന്ഥങ്ങളാണ്. സസ്യലതാദികളുമായി ബന്ധപ്പെട്ട ആചാരങ്ങൾ ആയുർവേദ ഗ്രന്ഥങ്ങളിലുമുണ്ട്. അത്രതന്നെ പ്രാധാന്യത്തോടെ വരാഹമിഹിരൻെറ ബൃഹദ്സംഹിതയിലെ അൻപത്തി അഞ്ചാം അദ്ധ്യായമായ വൃക്ഷായുർവേദഭാഗത്തിലുമുണ്ട്. ശാർങധരൻെറയും പരാശരന്റേയും വൃക്ഷായുർവേദവും തച്ചുശാസ്ത്രത്തിലെ വൃക്ഷ ഉരുപ്പടികൾ ഉണ്ടാക്കുന്നതിനായും വൃക്ഷങ്ങൾ മുറിക്കുന്നതു സംബന്ധിച്ചും ഉള്ള വിവരണങ്ങളും, വൃക്ഷാചാരങ്ങളായി വിവരിക്കുന്നു. പുരാണ-ഇതിഹാസങ്ങളിലും അനേകം ആചാരങ്ങളുടെ മഹത്വ വിവരണങ്ങൾ സംബന്ധിച്ച പ്രതിപാദ്യങ്ങളുണ്ട്.

നിത്യജീവിതത്തിലെ ഗൃഹ്യ (ഗൃഹസ്ഥാശ്രമത്തിലനുഷ്ഠിക്കേണ്ടത്) ധർമ്മ (രാജഭരണം)-ശ്രൗത (യാഗയജ്ഞ) സംബന്ധിയായ ആചാരങ്ങൾക്കടി സ്ഥാനം കൽപശാസ്ത്രങ്ങളാണ്. ആറാം വേദാംഗമായ കൽപശാസ്ത്ര ഗ്രന്ഥങ്ങൾ അതിബൃഹത്താണ്.

## കൽപശാസ്ത്രവും ആചാരങ്ങളും

ഭാരതീയ ആചാരാനുഷ്ഠാനങ്ങളുടെ അടിസ്ഥാനഗ്രന്ഥങ്ങളിൽ ഭൂരിഭാഗവും വരുന്നത് കൽപശാസ്ത്രം എന്ന വേദാംഗഭാഗത്തിലാണ്. ഗൃഹസ്ഥൻ അനുഷ്ഠിക്കേണ്ട ഗൃഹ്യകർമ്മങ്ങൾ വിവരിക്കുന്നത് കൽപശാസ്ത്രത്തിൻെറ ഗൃഹ്യസൂത്രം എന്ന ഭാഗത്താണ്. യജ്ഞകർമ്മങ്ങളെല്ലാം ശ്രൗതസൂത്രഭാഗങ്ങളിലും, മരണാനന്തരം നടത്തുന്ന സർവ്വ ആചാരങ്ങളും പിതൃമേധസൂത്രം എന്നറിയപ്പെടുന്ന ഭാഗത്തിലുമായി വിന്യസിച്ചിരിക്കുന്നു. സമൂഹത്തിന്റേയും രാഷ്ട്രത്തിന്റേയും ഭദ്രതക്കും നല്ല



Scanned with CamScanner

രീതിയിലുള്ള സാമൂഹ്യ ബന്ധങ്ങൾക്കുമായി വ്യക്തികളും കുടുംബങ്ങളും അനുശാസിക്കേണ്ട ആചാരങ്ങളെ ധർമ്മശാസ്ത്രമായി കൽപശാസ്ത്രത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ധർമ്മശാസ്ത്രഭാഗങ്ങൾ സമൂഹനിയമങ്ങളായതിനാലും ദേശവും കാലവുമനുസരിച്ച് മാറ്റങ്ങൾ സംഭവിക്കാവുന്നതിനാലും അവയെ സ്മൃതികളെന്നും അറിയപ്പെടുന്നു. ഇന്ത്യൻ ഭരണഘടനയിൽ കാലാകാലങ്ങളിൽ amendment വരുത്തുന്നതും പഴയതുതിരുത്തുന്നതുംപോലെ സ്മൃതികളിൽ മാറ്റങ്ങളാകാം. (ശ്രുതികളായ വേദങ്ങളിൽ മാറ്റങ്ങൾ സംഭവിക്കാൻ പാടില്ല) ഈ നാലുഭാഗങ്ങൾ കൂടാതെ ആചാരാനുഷ്ഠാനങ്ങളിൽ ഉണ്ടാകുന്ന പിഴവുകൾക്ക് പ്രായശ്ചിത്തമായി അനുഷ്ഠിക്കേണ്ട പ്രായശ്ചിത്താചാരങ്ങളുണ്ട്. അവയെ പ്രായശ്ചിത്തവിധി എന്ന ഭാഗത്തിൽ തന്നെ ഉൾപ്പെടുത്തിയിരിക്കുന്നു. ഇപ്രകാരം ഗൃഹ്യ-ശ്രൗത-ധർമ്മ-പിതൃമേധ- പ്രായശ്ചിത്ത സംബന്ധിയായ എല്ലാ ആചാരങ്ങളുടേയും അടിസ്ഥാനം കൽപശാസ്ത്ര ഗ്രന്ഥങ്ങളാണ്. മേൽവിവരിച്ച അഞ്ചുഭാഗങ്ങളിൽ അനവധി ആചാരകർമ്മങ്ങൾ, ഓരോ വിഭാഗത്തിലുമായി വിവരിക്കുന്നതിനാൽ ഓരോ ഗൃഹ്യ-ശ്രൗത-ധർമ്മ-പിതൃമേധ സൂത്രഭാഗവും ബൃഹത്തായ അനവധി പുസ്തകങ്ങളായി ത്തീർന്നു. കൂടാതെ കൽപശാസ്ത്രത്തിൻെറ എല്ലാഭാഗങ്ങളും ഉൾപ്പെടാത്ത പ്രത്യേകം പ്രത്യേകം ശ്രൗത-ധർമ്മ-പിതൃമേധ- ഗ്രന്ഥങ്ങൾ, ആതാതു വിഷയങ്ങൾ മാത്രം വിവരിക്കുന്നതായും അനവധി ഋഷിവര്യന്മാർ രചിച്ചിട്ടുണ്ട്. സമ്പൂർണ കൽപശാസ്ത്രങ്ങളായി ഇന്നും ലഭ്യമായ ഗ്രന്ഥങ്ങളാണു ബൗധായന (കൽപശാസ്ത്രം), കാത്യായന കൽപപം, ഭരദ്വാജകൽപം, ആപസ്തംബകൽപം, മാനവകൽപം എന്നിവ. ഇവയെല്ലാം അതിബൃഹത്തായ ഗ്രന്ഥങ്ങളാണെന്നറിയുവാൻ ബൗധായന കൽപസൂത്രത്തിൻെറ ഉദാഹരണം മാത്രം മതിയാകും. ബൗധായന കൽപത്തിൻെറ 1 മുതൽ 21 വരെ ഭാഗങ്ങൾ (ഇവയെ പ്രശ്നങ്ങൾ എന്നറിയപ്പെടുന്നു) യജ്ഞകർമ്മങ്ങളുടെ ചടങ്ങുകൾ വിവരിക്കുന്ന ശ്രൗതസൂത്രമാണ് 22 മുതൽ 25 വരെ യജ്ഞകർമ്മത്തിൻെറ ഭാഗമായ യജ്ഞകുണ്ഡം, യാഗശാല എന്നിവയുടെ നിർമ്മാണത്തിന്നവശ്യം അനുശാസിക്കേണ്ട അളവുകളും ജ്യോമട്രി രൂപങ്ങളും വിവരിക്കുന്ന സുൽബസൂത്രമാണ്. 26 മുതൽ 28 വരെ പ്രശ്നങ്ങൾ കർമ്മാന്തങ്ങൾ എന്നറിയപ്പെടുന്ന ചില പ്രത്യേക ചടങ്ങുകളും അചാരങ്ങളുമാണ്. 29 മുതൽ 31 വരെ പ്രായശ്ചിത്തവിധികളും തുടർന്ന് 32-ാം പ്രശ്നം ദ്വൈധ എന്നറിയപ്പെടുന്ന പ്രത്യേക യാഗചടങ്ങുകളുമാണ്. 33 മുതൽ 35 വരെ ബൗധായന ഗൃഹ്യസുത്രങ്ങൾ. 36-ാം ഭാഗം ഗൃഹ്യസുത്രചടങ്ങുകളി

ലുണ്ടാകുവാൻ സാധ്യതയുള്ള പരിമിതികൾക്കുള്ള പ്രായശ്ചിത്ത വിധികളും 37 മുതൽ 41 വരെ ഗൃഹ്യസൂത്രത്തിലെ ആചാരങ്ങളുടെ വിവരണത്തിൽ ഉപയോഗിക്കുന്ന പ്രത്യേകസംസ്കൃത പദങ്ങളുടെ സവിസ്തര വിവരണവുമാണ്. 42 മുതൽ 44 വരെ മരണാനന്തര കർമ്മങ്ങളുടെ ചടങ്ങുകളായ (ആചാരങ്ങൾ) പിതൃമേധസൂത്രം. 45-ാം ഭാഗം പ്രവർത്തകസൂത്രം എന്നറിയപ്പെടുന്ന പ്രത്യേക ഭാഗമാണ്. 46 മുതൽ 49 വരെ സുദീർഘമായ ബൗധായന ധർമ്മസൂത്രവും. മേൽവിവരിച്ച ഓരോ ഭാഗവും അതിബൃഹത്തായ അനേകായിരം താളുകളുള്ള പുസ്തകങ്ങളായി ഇന്ന് ലഭ്യമാണ്. മറ്റു കൽപശാസ്ത്രങ്ങളും വിഷയാടിസ്ഥാനത്തിൽ വ്യക്തമായ ഉപഗ്രന്ഥങ്ങളായി ഭാഗിച്ചിരിക്കുന്നത് കാണാം. കൽപശാസ്ത്ര ഗ്രന്ഥങ്ങളുടെ (അല്ലെങ്കിൽ ഓരോ വിഭാഗം വിഷയങ്ങളുടെ) രചയിതാക്കളായ ഋഷിവര്യന്മാർ ഏതു വൈദീകശാഖയുടെ അനുചരന്മാരാണോ ആ വൈദീകശാഖക്കാർ അനുശാസിക്കേണ്ട ആചാരങ്ങളാണ് അതാതു കൽപസൂത്രത്തിലടങ്ങിയിരിക്കുന്നത്. അതായത് കാത്യായന കൽപശാസ്ത്രത്തിലെ ആചാരാനുഷ്ഠാനങ്ങൾ ശുക്ലയജുർവേദീയ ശാഖക്കാർ അനുഷ്ഠിക്കേണ്ട രീതിയിലാണ് രചിച്ചിരിക്കുന്നത്. മറ്റൊരു രീതിയിൽ വിവരിച്ചാൽ ശുക്ലയജുർവേദീയ ശാഖക്കാർ .അനുഷ്ഠിക്കുന്ന ഗൃഹ്യ-ശ്രൗത-ധർമ്മ- പിതൃമേധ ആചാരങ്ങൾക്കടിസ്ഥാനം കാത്യായന കൽപശാസ്ത്ര ഗ്രന്ഥങ്ങളാണ്. അതുപോലെ ബൗധായനകൽപശാസ്ത്രം കൃഷ്ണയജുർവേദത്തിലെ തൈത്തിരീയ ശാഖക്കാർ അനുഷ്ഠിക്കുന്നതാണ്. കൃഷ്ണ യജുർവേദത്തിൻെറ മറ്റൊരു ശാഖയായ മൈത്രായണി ശാഖക്കാരുടെ ആചാരങ്ങൾക്കടിസ്ഥാനം മാനവകൽപശാസ്ത്രമാണ്. ബൗധായനം കൃഷ്ണയജുർവേദത്തിൻെറ തൈത്തിരീയ ശാഖയുടെ തന്നെ ആചാരഭാഗമാണ്. ഓരോകുടുംബത്തിലും ജനിച്ച പുരുഷ അംഗങ്ങളും, ആ കുടുംബത്തിലേയ്ക്ക് വിവാഹത്തിലൂടെ വരുന്ന സ്ത്രീകളും, ഏതു വേദശാഖയിൽപ്പെട്ട വരാണെന്ന വിവരം തലമുറ തലമുറകളായി അച്ഛനിൽ നിന്ന് മക്കൾക്ക് ലഭിക്കുന്ന അറിവാണ്.

## ഗൃഹ്യസൂത്രങ്ങളും ആചാരങ്ങളും

വേദ-വേദാംഗങ്ങൾ പഠിച്ചതിനുശേഷം ബ്രഹ്മചര്യാശ്രമത്തിൽ നിന്നും ഗൃഹസ്ഥാശ്രമത്തിലേക്ക് പ്രവേശിക്കുന്ന വ്യക്തി അവശ്യം അറിഞ്ഞിരിക്കേണ്ട എല്ലാ ആചാരങ്ങളും ഗൃഹ്യസൂത്രഭാഗത്തിൽപെടുന്ന അനവധി ഗ്രന്ഥങ്ങളിൽ വിവരിക്കുന്നു. മാതാവ്-പിതാവ്-പത്നി-ഭർത്താവ്-പുത്രൻ-ഗൃഹം-സമൂഹം ഇവയുമായി ബന്ധപ്പെട്ട സമഗ്ര



Scanned with CamScanner

ആചാരങ്ങളുമനുഷ്ഠാനങ്ങളും പ്രതിപാദിക്കുന്നത് ഈ ഗ്രന്ഥങ്ങളിലാണ്. ആശ്വലായനം, സാംഖ്യായനം, കൗഷീതകം ഇവ മൂന്നും ഋഗ്വേദീയ ശാഖക്കാരായ കുട്ടുംബാംഗങ്ങൾ അനുഷ്ഠിക്കേണ്ട ആചാരങ്ങൾ വിവരിക്കുന്നു. ബൗധായനം, മാനവം, ആപസ്തംബം, കാഠകം, അഗ്നിവേശ്യം, ഹിരണ്യകേശി, വാരാഹം, വൈഖാനസം, എന്നിവ യജുർവേദീയ ശാഖക്കാരായ കുടുംബങ്ങൾ അനുഷ്ഠിക്കേണ്ട ആചാരങ്ങൾ പ്രതിപാദിക്കുന്നു. (ഓരോ പദത്തിനോടും ഗൃഹ്യസൂത്രം എന്നു കൂടി ചേർത്ത് വായിക്കേണ്ടതാണ്. അതായത് ഹിരണ്യകേശി എന്നാൽ ഹിരണ്യകേശി ഗൃഹ്യസൂത്രം എന്നർത്ഥം). യജുർവേദത്തിലെ ഉപശാഖകളാണ് മേൽവിവരിക്കുന്ന ഗ്രന്ഥങ്ങളോരോന്നും. ഗോഭിലം, ഖാദിരം, കൗഥുമീയം, ദ്രാഹ്യായണം, ജൈമിനീയം എന്നിവ സാമവേദ ശാഖക്കാരുടേയും, കൗശിക ഗൃഹ്യസൂത്രം അഥർവ വേദിയ ശാഖക്കാരായ ഗൃഹസ്ഥർ അനുശാസിക്കേണ്ടതുമായ ആചാരവിവരണങ്ങളാണ് നൽകുന്നത്. മേൽവിവരിച്ച ചില ഗൃഹ്യസൂത്രങ്ങൾ സമ്പൂർണ കൽപശാസ്ത്രത്തിൻെറ ഭാഗമായി വരുന്നതല്ല. സ്വതന്ത്രമായി അതാതു വൈദീക ശാഖക്കാരായ ഋഷിവര്യന്മാർ എഴുതി സമൂഹത്തിന് സമർപ്പിച്ചതാണി ഗൃഹ്യസൂത്രങ്ങൾ. ആപസ്തംബ-മാനവ-ഭരദ്വാജ -ബൗധായന-കാത്യായനാദി ഗൃഹ്യസൂത്രങ്ങൾ സമ്പൂർണ കൽപസൂത്രത്തിൻെറ ഭാഗങ്ങളാണെന്ന് പ്രത്യേകം ഓർക്കുക.

ഗൃഹ്യസൂത്രഗ്രന്ഥങ്ങളിൽ വിവരിക്കുന്ന പ്രധാന ആചാരങ്ങൾ (അവ അനുഷ്ഠിക്കേണ്ട രീതിയും) യഥാക്രമം ഇപ്രകാരമാണ്. സകുടുംബം ഗൃഹസ്ഥൻ അനുഷ്ഠിക്കേണ്ട ഹോമവിധികൾ, വിവാഹചടങ്ങുകൾ, കുഞ്ഞിൻെറ ജനനം മുതൽക്കുള്ള ഷോഡശ കർമ്മങ്ങൾ, ദാനങ്ങൾ, വ്രതം, ഗൃഹനിർമ്മാണ ചടങ്ങുകൾ, തർപ്പണങ്ങൾ, ഓരോ കർമ്മത്തിലും അതി നിഷ്കർഷമായ ശ്രദ്ധ ഉണ്ടായിരിക്കേണ്ടതിന്റെ ആവശ്യവും അതിൻെറ മഹത്വവും, കുളം-കിണർ-ഉദ്യാനം എന്നിവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട ചടങ്ങുകൾ, ശകുനവും ഗുണദോഷ ഫലങ്ങളും, അപശകുനം വരുമ്പോൾ നടത്തേണ്ട പ്രായശ്ചിത്തങ്ങൾ, ഗൃഹാലങ്കാരം, ഗൃഹപ്രവേശനം, സർപ്പബലി, വാസ്തുബലി, അതിഥി പൂജ, സന്ധ്യോപാസന, ബ്രഹ്മചര്യവ്രതാനുഷ്ഠാനം വേദപഠനനിയമം, വിദ്യാർത്ഥിലക്ഷണം, വധുവിൻെറ വരഗൃഹപ്രവേശനം, ധനലാഭത്തിനായുള്ള യജ്ഞം, പഞ്ചമഹായജ്ഞം, പുതിയ വാഹനത്തിലെ ആരോഹണം, ശൗച-സ്നാന-ശുദ്ധീകരണ-ഭോജന-ശയന-വിധികൾ, ഗൃഹസ്ഥൻെറ വാനപ്രസ്ഥവിധി, ഗൃഹസ്ഥന് അവശ്യം ഉണ്ടായിരിക്കേണ്ട ആചാരനുഷ്ഠാനഗുണങ്ങൾ, രോഗചികിത്സകളുമായി ബന്ധപ്പെട്ട



Scanned with CamScanner

ചടങ്ങുകൾ, എന്നിവയാണ് പൊതുവേയുള്ള ഗൃഹ്യസൂത്രത്തിലെ അതിപ്രധാനങ്ങളായ ആചാര ധർമ്മങ്ങൾ.

കൂടാതെ ഗൃഹസ്ഥൻ പ്രതിദിനം, പ്രതിമാസം അല്ലെങ്കിൽ വിശേഷദിനങ്ങളിൽ നടത്തേണ്ട ചെറിയ യജ്ഞകർമ്മങ്ങളും ഗൃഹ്യസൂത്രത്തിലെ വിവരണ വിഷയങ്ങളാകാറുണ്ട്. അച്ഛനമ്മമാരുടേയും ബന്ധുമിത്രാദികളുടേയും മരണചടങ്ങുകളിൽ ഒരു ഗൃഹസ്ഥന്റെ പ്രത്യേക ആചാരങ്ങളും, പിതൃശ്രാദ്ധം തുടങ്ങിയ കർമ്മങ്ങളും ഈ ഗ്രന്ഥങ്ങളുടെ വിവരണവിഷയങ്ങളുടെ ഭാഗമായിവരുന്നു.

ചുരുക്കത്തിൽ ഇന്നു ഗൃഹസ്ഥരായ നാം ആചരിക്കുന്നവയിൽ ഏതാണ്ട് എല്ലാ ചടങ്ങുകൾക്കും ആധാരഗ്രന്ഥമായിരിക്കുന്നത് ഗൃഹ്യസൂത്രഗ്രന്ഥങ്ങളാണ്. ഗൃഹ്യ-ശ്രൗത-പിതൃമേധം തുടങ്ങിയ ഗ്രന്ഥങ്ങളിൽ ഓരോ കർമ്മവും മൂന്നോ-നാലോ പദങ്ങളുള്ള ഒന്നോ രണ്ടോ വരിയിലാണ് വിവരിക്കുന്നത്. ഇപ്രകാരമുള്ള വരികളെയാണ് സൂത്രങ്ങളെന്നു പറയുന്നത്. ഓരോ ഗ്രന്ഥവും ഈ സൂത്രങ്ങളുടെ സമാഹാരമാണ്. സാധാരണക്കാരന് ഈ സൂത്രഗ്രന്ഥത്തിൽ നിന്നും ആചാരങ്ങൾ മനസിലാക്കുവാൻ എളുപ്പം സാധ്യമല്ല. സൂത്രഗ്രന്ഥങ്ങൾക്കെല്ലാം വ്യാഖാനങ്ങളുണ്ട്. ഈ വ്യാഖ്യാനങ്ങളിലൂടെയാണ് ചടങ്ങുകൾ അഥവാ ആചാരരീതികൾ മനസ്സിലാക്കി അനുശാസിക്കേണ്ടത്. വ്യാഖ്യാനങ്ങൾ ഓരോ ലഘു കർമ്മംപോലും വ്യക്തമായി വിവരിക്കുന്നതിനാലാണ് സഹസ്രാബ്ദങ്ങളായി ചടങ്ങുകൾ വ്യത്യാസം വരാതെ നാം അനുഷ്ഠിച്ചുപോരുന്നത്.

## ശ്രൗതസൂത്രങ്ങളും ആചാരങ്ങളും

യാഗങ്ങളും യജ്ഞങ്ങളുമായി ബന്ധപ്പെട്ട വൈദിക ആചാരങ്ങൾ അനവധിയാണ്. വേദം അറിയുന്നവർ സ്വയം അനുഷ്ഠിക്കേണ്ടതും തത് വൈദികനെ ആശ്രയിച്ച് കർമ്മങ്ങൾ നടത്തിക്കുന്നവർ ചെയ്യേണ്ടതുമായ കർമ്മങ്ങളാണ് ശ്രൗതസൂത്രത്തിലുള്ളത്. ഗൃഹസ്ഥൻ തന്റെ വീട്ടിൽ ചണ്ഡികാഹോമം, വാസ്തുബലി തുടങ്ങിയ യാഗവുമായി ബന്ധപ്പെട്ട കർമ്മഭാഗങ്ങളുള്ള ഗൃഹ്യകർമ്മങ്ങൾ അനുഷ്ഠിക്കുന്നുവെങ്കിൽ അതിലെ ചടങ്ങുകളും ആചാരങ്ങളും ശ്രൗതസൂത്രാധിഷ്ഠിതമാണ്. ഇതുമായി ബന്ധപ്പെട്ട എല്ലാ ആചാരാനുഷ്ഠാനങ്ങൾക്കും ആധാരമായ ഗ്രന്ഥങ്ങൾ ബ്രാഹ്മണങ്ങളിലും ശ്രൗതസൂത്രങ്ങളിലും വരുന്നു. ബ്രാഹ്മണ ഗ്രന്ഥങ്ങളിൽ വിവരിച്ചിരിക്കുന്ന രീതികൾ അവ്യക്തമാണ്. എന്നാൽ ശ്രൗതസൂത്രത്തിലെ വിവരണങ്ങളാകട്ടെ ബ്രാഹ്മണഗ്രന്ഥങ്ങളേക്കാൾ വ്യക്തവും മനസ്സിലാക്കുവാൻ എളുപ്പവുമാണ്. ബ്രാഹ്മണങ്ങളേക്കാൾ നൂതന



Scanned with CamScanner

സംസ്കൃതഭാഷയാണ് ശ്രൗതത്തിലുള്ളത്. അതാതു വൈദീക ശാഖയിൽപെടുന്നവർ അനുഷ്ഠിക്കേണ്ട യാഗങ്ങളിലെ ആചാരക്രമങ്ങൾ, അതതു വൈദീക ശാഖകളുടെ അനുശാസകരായ ഋഷിവര്യന്മാർ തന്നെ രചിച്ചിട്ടുണ്ട്. ആശ്വലായനം, സാംഖ്യായനം കൗഷീതകി ശ്രൗതസൂത്രങ്ങൾ ഋഗ്വേദീയ യാഗകർമ്മങ്ങളുടെ ആചാരങ്ങൾ വിവരിക്കുന്നു. ബൗധായനം, കാത്യായനം, ഭരദ്വാജം, ആപസ്തംബം, സത്യാഷാഢം, വൈഖാനസം, വാധൂലം, മാനവം, കാഠകം, മശകം, ക്ഷുദ്രം തുടങ്ങിയ ശ്രൗതങ്ങളാണ് യജുർവേദത്തിലെ വ്യത്യസ്ത ഉപശാഖകളുടെ അനുശാസകർ പാലിക്കേണ്ട യാഗകർമ്മങ്ങളിലെ ആചാരാനുഷ്ഠാന വിവരണങ്ങൾ നൽകുന്നത് ജൈമിനീയം, ലാട്യായനീയം, ദ്രാഹ്യായണം, നിദാനം എന്നീ ശ്രൗത സൂത്രങ്ങൾ സാമവേദീയവും വൈതാന ശ്രൗതസൂത്രം അഥർവവേദീയവുമാണ്.

ശ്രൗതസൂത്രത്തിന്റെ ഭാഗമായി വിവരിക്കുന്ന മറ്റൊരു പ്രധാനപ്പെട്ട ഭാഗമാണ് സുൽബസൂത്രങ്ങൾ. യജ്ഞകർമ്മത്തിൻെറ അവിഭാജ്യ ഘടകമായ യജ്ഞശാലയുടേയും യജ്ഞകുണ്ഡങ്ങളുടേയും നിർമ്മാണം നടത്തുവാനുള്ള ജ്യോമട്രിക് ഗണിത വിവരണങ്ങളാണ് സുൽബസൂത്രങ്ങളിലടങ്ങിയിരിക്കുന്നത് പ്രധാനമായും നാല് സൂൽബസൂത്രങ്ങളാണുള്ളത്, ബൗധായനസൂൽബം, അപസ്തബം, കാത്യായനം, മാനവം. സഹസ്രാബ്ദങ്ങളുടെ പഴക്കമുള്ള ഈ സുൽബസൂത്രങ്ങളുടെ അടിസ്ഥാനത്തിലാണ്, യജ്ഞശാലകളും, യജ്ഞ കുണ്ഡങ്ങളും നിർമ്മിക്കുന്നത്. ഇവയുടെ ആകൃതി, വലുപ്പം, അളവുകൾ, നിർമ്മാണരീതി, നിർമ്മാണവസ്തുക്കളായ ഇഷ്ടികകളുടെ നിർമ്മാണം എന്നിവയുമായി ബന്ധപ്പെട്ട ആചാരങ്ങൾക്ക് അടിസ്ഥാനം സുൽബസൂത്രങ്ങളാണ്. സുൽബസൂത്രത്തിൽ, ആധുനിക ജ്യോമട്രിയിലെ വൃത്ത-ത്രികോണ-സമചതുര-ചതുര-ചതുരശ്ര രൂപങ്ങളുടേയും, ഇഷ്ടികനിർമ്മാണ വിദ്യയുടേയും നിയമങ്ങളും ആചാരങ്ങളും, വിവരിക്കുന്നു. ഇന്നും ക്ഷേത്രങ്ങളിലും, വീടുകളിലും നടത്തുന്ന ഹവനകർമ്മങ്ങളുടെ അഗ്നികുണ്ഡ നിർമ്മാണ നിയമങ്ങൾ സുൽബസൂത്രത്തിലുള്ളതാണ്. സുൽബസൂത്രത്തിൽ രാഷ്ട്രാഭിവൃദ്ധിക്കായി നടത്തുന്ന യജ്ഞത്തിന് (യാഗത്തിന്) രഥചക്രത്തിൻെറ ആകൃതിയിലുള്ള അഗ്നികുണ്ഡമാണ് നിർമ്മിക്കേണ്ടതെന്ന് വിവരിക്കുന്നു. (രഥ ചക്രചിതം ചിനവീത) രഥചക്രാകൃതിയിൽ നിന്നാണ് അശോകചക്രവർത്തി ചക്രം സ്വീകരിച്ചത്. പിന്നീടത് ഭാരതത്തിൻെറ ധ്വജത്തിലും സ്ഥാനം പിടിച്ചു. ഓരോ കാര്യലാഭത്തിനുമുള്ള (ധനസമൃദ്ധി, പുത്രികാമേഷ്ടി, പ്രജാസമൃദ്ധി, മോക്ഷലബ്ധി) യാഗത്തിന് വ്യത്യസ്ഥ തരത്തിലുള്ള അഗ്നി



Scanned with CamScanner

കുണ്ഡമാണാവശ്യം. അവയുടെ ഗണിതവും തത്സംബന്ധ ആചാരവും സുൽബസൂത്രാദിസ്ഥാനത്തിലുള്ളതാണ്. കഴുകന്റെയും, പാത്രത്തിന്റെയും അർദ്ധരഥചക്രത്തിന്റേയും, ചക്രാന്തർഗത, ചതുരശ്രത്തിന്റേയും ആകൃതിയിലും രൂപത്തിലും യജ്ഞകുണ്ഡങ്ങൾ നിർമ്മിച്ചിരുന്നു. ഇവയെല്ലാം വിവിധ ജ്യോമട്രിക ആകൃതിയിലായതുകൊണ്ടാണ് തൃകോണവൃത്ത നിയമങ്ങൾ സുൽബസുത്രഗ്രന്ഥങ്ങളിൽ വരുന്നത്. (പൈതഗോറസ് തിയറം കണ്ടുപിടിച്ച് ഉദാഹരണസഹിതം വിവരിച്ചത് ആദ്യം ബൗദ്ധായനനാണെന്ന് ഓർക്കുമല്ലോ)

യാഗയജ്ഞഭാഗങ്ങൾ കൂടാതെ ചില ഗൃഹ്യകർമ്മവിവരണങ്ങളും അവയുമായി ബന്ധപ്പെട്ട ആചാരങ്ങളും ചില ശ്രൗത സൂത്രങ്ങളിൽ കാണുന്നുണ്ട്. യാഗാരംഭത്തിനു മുമ്പ് ഗൃഹസ്ഥനായ യജമാനനും യജമാനപത്നിയും അനുശാസിക്കേണ്ടവയാണ് ഈ ഗൃഹ്യാചാരങ്ങൾ. ഗൃഹസ്ഥനായ രാജാവോ നാട്ടുപ്രമാണിയോ യാഗം നടത്തുമ്പോൾ അനുശാസിക്കേണ്ടതായ ഗൃഹ്യഭാഗങ്ങളാണിവ.

## പിതൃമേധസൂത്രങ്ങളും ആചാരങ്ങളും

കൽപശാസ്ത്രഗ്രന്ഥങ്ങളുടെ ഭാഗമാണ് പിതൃമേധസൂത്രം എന്ന് വിവരിച്ചുവല്ലോ. മരണാനന്തര കർമ്മങ്ങളുമായി ബന്ധപ്പെട്ട ആചാരങ്ങളുടെ വിവരണങ്ങളാണിതിലുള്ളത്. മന്ത്രത്തോടുകൂടിയ മരണാനന്തര ചടങ്ങുകളിൽ അനുഷ്ഠിക്കേണ്ട സർവ്വവിധ ആചാരങ്ങളും പിതൃമേധസൂത്രങ്ങളിൽ നിന്ന് മറ്റു ഗ്രന്ഥങ്ങളിലേക്കും വ്യാപിച്ചിട്ടുണ്ട്. ബൗധായന പിതൃമേധം, ഭരദ്വാജപിതൃമേധം, അപസ്തംബ പിതൃമേധം, മാനവപിതൃമേധം എന്നിങ്ങനെ നാലു പ്രധാനപിതൃമേധഗ്രന്ഥങ്ങളാണുള്ളത്. ചില ഗൃഹ്യകർമ്മങ്ങളിലും ശ്രൗത കർമ്മങ്ങളിലും ഈ വിഷയ വിവരണം കാണാം. പിതൃമേധഗ്രന്ഥങ്ങളിൽ പൊതുവേ വിവരിക്കുന്ന വിഷയങ്ങൾ ഇപ്രകാരമാണ്.

മരണസമയത്ത് അനുഷ്ഠിക്കേണ്ട ആചാരങ്ങൾ ജഡവുമായി ശ്മശാനയാത്ര, ചിത ഒരുക്കുന്ന ചടങ്ങ്, മൺകുട സ്ഥാപനം, ദഹന (അഗ്നിയിൽ ദഹിപ്പിക്കുന്നത്) ക്രിയ, ദഹനാനന്തരകർമ്മം, അസ്ഥിസഞ്ചയനം, ശാന്തി കർമ്മം, സ്നാനവിധികൾ, അശൗചവിധി (പുലകുളിതുടങ്ങിയ ആചാരങ്ങൾ) മരണാനന്തരം പത്തുദിവസങ്ങളിലെ ചടങ്ങുകൾ എന്നിവയുടെ വിവരണങ്ങൾ സവിസ്തരം നൽകുന്നു. കുഞ്ഞുങ്ങൾ, അവിവാഹിതർ, കുമാരികുമാരന്മാർ, രോഗികൾ, എന്നിവരുടെ ജഡദഹനകർമ്മങ്ങളിൽ പ്രത്യേകമായി ആചരിക്കേണ്ട ചടങ്ങുകൾ, ബ്രഹ്മചാരി, സന്യാസി എന്നിവരുടെ ജഡം ദഹിപ്പിക്കുന്ന പ്രത്യേക



Scanned with CamScanner

വിധികൾ, പരദേശത്ത്‌വച്ച് മരിക്കുന്ന ബന്ധുക്കളുടേയും യുദ്ധത്തിൽമരിക്കുന്നവ രുടേയും അന്ത്യകർമ്മങ്ങൾ അനുഷ്ഠിക്കുന്നതു സംബന്ധിച്ച ആചാരങ്ങൾ, എന്നീ വിഷയങ്ങളാണ് പിതൃമേധഗ്രന്ഥത്തിൽ പ്രതിപാദിക്കുന്നത്. ചുരുക്കത്തിൽ പിതൃകർമ്മങ്ങളുടെ പ്രധാനപ്പെട്ട ആധാരസ്രോതസ് പിതൃമേധ സൂത്ര ഗ്രന്ഥങ്ങളാണ്.

പിതൃമേധസൂത്രങ്ങളിലെ വിഷയം കഥാരൂപത്തിൽ, ആചാരാനുഷ്ഠാന വിവരണത്തോടുകൂടി ഗരുഡ പുരാണത്തിന്റെ രണ്ടാം ഭാഗത്തിൽ നൽകിയിട്ടുണ്ട്. ഇന്ന് മരണാനന്തര ക്രിയകളുടെ ആചാരങ്ങളിൽ ഗരുഡപുരാണത്തിന് വളരെയേറെ പ്രാധാന്യം നൽകിവരുന്നു. പ്രത്യേകിച്ചും മരണാനന്തരം ആത്മാവിന്റെ ഗതിയെക്കുറിച്ചുള്ള വിശ്വാസപ്രമാണങ്ങളിലും ആചാരനുഷ്ഠാനങ്ങളിലും. ഗരുഡ പുരാണ ഭാഗങ്ങൾ മലയാള വിവർത്തനങ്ങൾ ലഭ്യമാണ് എന്നാൽ പിതൃമേധ സൂത്രങ്ങളുടെ വ്യാഖ്യാനങ്ങളും വിവർത്തനവും മലയാളികൾക്ക പ്രാപ്യമാണ്.

## ധർമ്മസൂത്രങ്ങളും ആചാരങ്ങളും

വ്യക്തിയുടേയും, കുടുംബത്തിന്റേയും, സമൂഹത്തിന്റേയും നിലനിൽപ്പിനും പരസ്പര സഹവർത്തിത്വത്തിനും, സമഗ്രമായ വളർച്ചയ്ക്കും വേണ്ട സാമൂഹ്യനിയമങ്ങളും അവയുടെ അടിസ്ഥാനങ്ങളായ ആചാരങ്ങളും അടങ്ങുന്നതാണ് ധർമ്മസൂത്രങ്ങൾ, ശരീരശുദ്ധീകരണം, ബ്രഹ്മചര്യം, ശിഷ്യഗുണസ്വഭാവങ്ങൾ, ഗൃഹസ്ഥാശ്രമം, വാനപ്രസ്ഥം, സന്യാസം എന്നീ ആശ്രമധർമ്മങ്ങൾ, സന്യാസിയുടെ കർമ്മധർമ്മാചാരങ്ങൾ, ഗൃഹസ്ഥവ്രതങ്ങൾ, വിവാഹനിയമങ്ങൾ, നാലുവർണ ധർമ്മങ്ങൾ, അതിഥിസൽക്കാരം, ബ്രാഹ്മണാദികളുടെ പ്രവർത്തികൾ, ഷോഡശസംസ്കാരകർമ്മങ്ങൾ, രാജകർത്തവ്യം, രാജ്യരക്ഷ, രാജപുരോഹിതധർമ്മം ഭക്ഷണനിയമം, പുത്രധർമ്മം, പതി–പത്നീധർമ്മം, യാത്രാചാരം, പ്രായശ്ചിത്തകർമ്മങ്ങൾ തുടങ്ങി അനവധി സാമൂഹ്യാചാരങ്ങൾ ധർമ്മസൂത്രഗ്രന്ഥങ്ങളെ ആധാരമാക്കിയിട്ടുള്ളവയാണ്. ബൗധായന, ഗൗതമ, ആപസ്തംബ, വസിഷ്ഠ, ഹാരിത, ഹിരണ്യകേശി, വൈഖാനസ, ധർമ്മസൂത്രങ്ങളാണ് പ്രധാനപ്പെട്ട ഗ്രന്ഥങ്ങൾ.

സുദീർഘമായ സാമൂഹ്യാചാരനിഷ്ഠകൾ വിവരിക്കുന്ന ധർമ്മശാസ്ത്രങ്ങളുടെ തുല്യപദവിയും അംഗീകാരവുമുള്ള ഗ്രന്ഥങ്ങൾ വേറെയുമുണ്ട്. ഇവയാണ് സ്മൃതികൾ. അതാതു കാലഘട്ടങ്ങളിൽ ആചരിക്കേണ്ടതും, വിവധദേശങ്ങൾക്കനുയോജ്യവുമായ നിയമങ്ങളിലൂടെ ആചരിക്കപ്പെടുന്നവയാണ് സ്മൃതികളിലെ ധർമ്മാചാരങ്ങൾ, അനവധി



Scanned with CamScanner

പുതിയ സ്മൃതികൾ രചിക്കപ്പെട്ടിട്ടുള്ളതുകൊണ്ട്, ദേശത്തിനും കാലത്തിനും അനുയോജ്യമല്ല എന്നു തോന്നുന്ന സ്മൃതിവിഷയങ്ങൾ പുനർവിചിന്തനത്തിലൂടെ നവീകരിച്ചെഴുതപ്പെടുകയുണ്ടായിട്ടുണ്ട്. പ്രധാനപ്പെട്ട സ്മൃതിഗ്രന്ഥങ്ങൾ ഉശനസ്മൃതി, യജ്ഞവൽക്യസ്മൃതി, മനുസ്മൃതി, അംഗീരസസ്മൃതി, യമസ്മൃതി അത്രിസ്മൃതി, സംവർത്തസ്മൃതി, കാർത്ത്യായനസ്മൃതി, ദക്ഷസ്മൃതി, വ്യാസസ്മൃതി, പരാശരസ്മൃതി, ശംഖസ്മൃതി, ഗൗതമസ്മൃതി, ആപസ്തംബസ്മൃതി, വസിഷ്ഠസ്മൃതി, ബൃഹദ്പരാശരസ്മൃതി, വൃദ്ധആത്രേയസ്മൃതി, ഹാരിതസ്മൃതി എന്നിവയാണ്. ഇവയിൽ ചിലത് ധർമ്മശാസ്ത്ര ഗ്രന്ഥങ്ങളായിതന്നെ ഗണിക്കപ്പെടുന്നു. ഭാരതീയൻെറ ജീവിതത്തിൽ, ആചരിക്കപ്പെടുന്ന ഏതാണ്ടെല്ലാ സാമൂഹ്യാചാരങ്ങൾക്കും മൂലമായിട്ടുള്ളത് ഈ സ്മൃതി ഗ്രന്ഥങ്ങളാണ്.

വിഷ്ണുസ്മൃതിഗ്രന്ഥങ്ങളിലെ വിഷയങ്ങളുടെ യഥാക്രമവിവരണം കൊണ്ടുമാത്രം സാമൂഹ്യാചാരങ്ങളുടെ അടിസ്ഥാനം, സ്മൃതികളാണെന്നു വ്യക്തമാകും. നാലുവർണങ്ങൾ, അവയുടെ കർമ്മധർമ്മങ്ങൾ, രാജാവിൻെറ ധർമ്മം, കരംപിരിക്കുന്നതിൻെറ നിയമങ്ങൾ, അളവുതൂക്കങ്ങൾ, കുറ്റകൃത്യങ്ങളും ശിക്ഷകളും, (ഓരോ കുറ്റത്തിന്റേയും വ്യക്തമായ വിവരണങ്ങളടങ്ങുന്നു.) കൈക്കൂലി, ഭൂമിയുടെ ക്രയവിക്രയ പത്രങ്ങൾ, കടം സംബന്ധമായ നിയമങ്ങൾ, കടപ്പത്രങ്ങൾ, സാക്ഷികൾ, പുത്രൻെറ അവകാശങ്ങൾ, മിശ്രവിവാഹത്തിലെ പുത്രനിയമം, സ്വത്ത് വിഭജനം, ജഡദഹനം, പുലകുളിയുടെ ആചാരങ്ങൾ, യുഗ-മന്വന്തര-കൽപാദിവിവരണം, മരണാനന്തര ക്രിയ, പുലശുദ്ധികരണാചാരം, മിശ്ര-സ്വജാതിവിവാഹ നിയമം, പത്നീധർമ്മം, ഷോഡശകർമ്മാചാരങ്ങൾ, ബ്രഹ്മചാരിയുടെ ആചാരം വേദപഠനാചാരം, ഗുരുമഹത്വം, ആചാര്യ-മാതൃ-പിതൃ ബന്ധ സംബന്ധിയായ ആചാരം, കാമക്രോധാദി വികാരനിയന്ത്രണം പഞ്ചമഹാപാപങ്ങൾ അവയുടെ പ്രായശ്ചിത്തങ്ങൾ, മൃഗവധവുമായി ബന്ധപ്പെട്ട പാപങ്ങൾ, നരഹത്യാ പ്രായശ്ചിത്തം, മദ്യപാനപ്രായശ്ചിത്തം, മാംസഭക്ഷണപ്രായശ്ചിത്തം, അന്യ സ്ത്രീയുമായുള്ള ലൈംഗികബന്ധപ്രായശ്ചിത്തം, ഭിക്ഷാടനനിയമം, സ്നാനനിയമം, യാത്രാനിയമം, ശകുനനിയമങ്ങൾ, നിദ്രാനിയമങ്ങൾ, ശ്രാദ്ധകർമ്മങ്ങൾ, ജ്യോതിശാസ്ത്രസംബന്ധിയായ ആചാരങ്ങൾ, ശ്രാദ്ധ ക്ഷണത്തിനർഹതയുള്ളവരുടെ വിവരണം, ദാനധർമ്മാചാരം, പൊതുജനങ്ങൾക്കായുള്ള കുളം-കിണർ-പൂന്തോട്ടം-ക്ഷേത്രം എന്നിവയുടെ നിർമ്മാണവും ദാനവുമായി ബന്ധപ്പെട്ട ആചാരങ്ങൾ, ദാനസ്വീകരണത്തിന് യോഗ്യരായ വ്യക്തികളുടെ വിവരണം, വാനപ്രസ്ഥനിയമത്തിൻെറ ഭാഗമായി ഉത്തരവാദിത്വങ്ങൾ പുത്രനെ ഏൽപ്പിച്ച് കുടുംബ ബന്ധമോചനം



Scanned with CamScanner

തുടങ്ങേണ്ട സമയത്തനുഷ്ഠിക്കുന്ന ആചാരങ്ങൾ, മനുഷ്യശരീരം ധർമ്മാനുഷ്ഠാനങ്ങൾക്കുള്ളതാണെന്നതിൻെറ ശാസ്ത്രീയ (ശരീരഘടനാ) വിവരണം, എന്നീ വിഷയങ്ങളിതിലടങ്ങുന്നു

മേൽവിവരിച്ച 'നിയമ' പദങ്ങളെല്ലാം ഇന്ന് ആചാരങ്ങളുടെ ഭാഗമായിരിക്കുന്നു. വൈദീകശാഖയുടെയും ഉപശാഖയുടെയും വ്യത്യാസമനുസരിച്ച് അവയുടെ അനുശാസകർ തമ്മിൽ ആചാരനുഷ്ഠാന രീതിയിൽ ചെറിയ വ്യത്യാസങ്ങൾ ഉണ്ടാകുമെങ്കിലും ആചാരതത്വങ്ങൾ പൊതുവേ ഒന്നുതന്നെയാണ്. ഈ വിഷയങ്ങളുടെ എണ്ണത്തിൽ കൂടുതൽ-കുറവും, വ്യത്യസ്തവീക്ഷണങ്ങളും ചേർത്ത് പലതും നവീകരിച്ചും പുതിയവ ചേർത്തും മറ്റു സ്മൃതികൾ രചിച്ചിരിക്കുന്നു.

## പുരാണങ്ങളും ആചാരങ്ങളും

രാജവംശങ്ങളുടേയും ദേശത്തിന്റേയും ഈശ്വരീയ ചിന്തകളുടേയും കഥകളും ചരിത്ര വസ്തുതകളും വിവരിക്കുന്ന 18 മഹാപുരാണങ്ങളും 18 ഉപപുരാണങ്ങളുമുണ്ട്. ഈ പുരാണങ്ങളുടെ മഹത്വം, ശ്രീമഹാഭാഗവതത്തിൽ ഇങ്ങിനെയെഴുതിയിരിക്കുന്നു.

**കഥാ ഇമാ സ്തേ കഥിതാ മഹീയസാം**
**വിതായ ലോകേഷു യശഃ പരേയുഷാം**
**വിജ്ഞാന വൈരാഗ്യ വിവക്ഷയാവിഭോ**
**വചോ വിഭൂതിർ നതു പാരമാർത്ഥ്യം**

ലോകത്തിൽ ജീവിച്ച് യശസു നേടിയ അനവധി മഹാന്മാരുടെ കഥകൾ ഞാൻ (ശ്രിശുക ബ്രഹ്മർഷി) അങ്ങയോട് (ശ്രീ പരീക്ഷിത്തു രാജാവിനോട്) വിവരിച്ചു. ഇവയെല്ലാം വിവരിച്ചത് വിജ്ഞാനം ഉണ്ടാകുവാനും വൈരാഗ്യം (detachment) ഉണ്ടാകുവാനും വേണ്ടിയായിരുന്നു. ഈ പുരാണവരികളെല്ലാം അക്ഷരാർത്ഥത്തിൽ ശരിയായി നടന്നവ .യാണെന്ന് വിചാരിക്കേണ്ടതില്ല.

അതായത് പുരാണകഥകൾക്ക് അനുഭവത്തിൻെറ ചൂടും അറിവിൻെറ നേട്ടവും, വൈരാഗ്യത്തിൻെറ മനഃശാസ്ത്ര സന്ദേശവുമുണ്ട്. ഈ നേട്ടങ്ങൾ ലഭ്യമാക്കുക തന്നെയാണ് പുരാതന ആചാരാനുഷ്ഠാനഫലവും, ഉദ്ദേശവും.

ദേശത്തിൻെറ ഏകത്വഭാവം നിലനിർത്തുന്നതിൽ മഹത്തായ ഒരു സന്ദേശം ആചാരത്തിലൂടെ പുരാണങ്ങൾ തരുന്നുണ്ട്. ഭാരതത്തിലെ പുണ്യനദികളുടെയും പുണ്യക്ഷേത്രങ്ങളുടെയും മഹത്വവും ഈ സ്ഥലങ്ങളിലേക്ക് തീർത്ഥയാത്ര ചെയ്യുമ്പോൾ ഉണ്ടാകുന്ന പുണ്യഫലസിദ്ധിയും പുരാണസന്ദേശങ്ങളാണ്. ഈ തീർത്ഥയാത്രകളാണ് ദക്ഷിണേന്ത്യക്കാരനെ ഉത്തരഭാരതത്തിലെ ഗയാ, പ്രയാഗ, ദ്വാരക,



Scanned with CamScanner

അയോദ്ധ്യ, ത്രിവേണി, കാശി, ഗംഗോത്രി എന്നിവിടങ്ങളിലേക്ക് തീർത്ഥാടനത്തിനാകർഷിക്കുന്നതും ഉത്തര ഭാരതീയനെ ഗോകർണം, രാമേശ്വരം, കന്യാകുമാരി എന്നിവടങ്ങളിലേക്ക് തീർത്ഥയാത്രക്കു പ്രചോദിപ്പിക്കുന്നതും. ആത്മീയതയുടെ പ്രഭ ചൊരിയുമ്പോഴും, സംസ്കൃതിയുടെ വിജ്ഞാനം പരസ്പരം കൈമാറുന്നതിനും, സഹകരിക്കുന്നതിനും, സഹവർത്തിക്കുന്നതിനും, എല്ലാവരും ഒരേ നാട്ടുകാരും ഒരമ്മയായ സംസ്കൃതിയുടെ പൈതൃകവാഹകരുമാണെന്ന സന്ദേശം ഇതിലൂടെ അനുഭവയോഗ്യമാകുന്നതിനും ഉതകുന്നു പുരാണ കഥാപാത്രങ്ങൾ ഈ ക്ഷേത്രങ്ങളുടെ മഹത്വം വർദ്ധിപ്പിക്കുന്നുമുണ്ട്. ഗംഗയിലെ ഹരിശ്ചന്ദ്രഘട്ടം, അഗസ്ത്യകൂടത്തിലെ മുനിയുടെ തപോവനവും, മധുരയിലെ വൃന്ദാവനവും, ഹിമാലയത്തിലെ ജമദഗ്നി കുണ്ഡവും, വ്യാസഗുഹയും, ഭരദ്വാജാശ്രമവും എല്ലാം അതാതു പുരാണകഥകളിൽ വിവരിക്കുന്ന ചടങ്ങുകളായ ആചാരങ്ങൾക്ക് അടിസ്ഥാനമായി തീർന്നിരിക്കുന്നു.

ഭാരതീയ സംസ്കൃതിയിലെ ഇന്നത്തെ പ്രസിദ്ധമായ അനവധി ആത്മീയ-ഈശ്വരീയ ആചാരങ്ങൾക്കും അടിസ്ഥാനം പുരാണകഥകളാണ്. ശിവമഹാപുരാണത്തിലെ കഥകൾ ശിവരാത്രിയുൾപ്പടെയുള്ള ആചാരങ്ങൾക്കും, ഗണേശപുരാണത്തിലെ വിവരണം വിനായകചതുർത്ഥി, ഗണേശാരാധന എന്നീ ആചാരങ്ങൾക്കും സ്കന്ദപുരാണത്തിലെ വിവരണം, തൈപൂയം, സ്കന്ദഷഷ്ഠി തുടങ്ങിയ ആചാരങ്ങൾക്കും അടിസ്ഥാനമാണ്. മറ്റു പുരാണങ്ങൾ നവരാത്രി വിജയദശമി, ദീപാവലി, എന്നിവയുടെ ആചാരങ്ങൾക്കും അടിസ്ഥാനമാകുന്നു.

ഈ ആചാരങ്ങൾ എല്ലാം ആത്മീയോപാസനയും കുടുംബ സമൂഹ-ആഘോഷവേളകളിലെ ഒത്തുചേരലും സന്ദേശമായി നൽകുന്നു.

## ഉപനിഷത്തുകളും ആചാരങ്ങളും

ഉപനിഷത്തുകൾ ആത്മീയ തത്വശാസ്ത്രങ്ങളുടെ മൂർത്തിമത് ഭാവമായ വേദാന്തങ്ങളാണ്. അവിടെ ആത്മീയാനുഭൂതിയുടെ വിവരണങ്ങളോടൊപ്പം ആചരിക്കേണ്ട ചടങ്ങുകളുമായിട്ടാണെങ്കിലും അവയിൽ ചിലത് മാത്രം ഇവിടെ നൽകുന്നു. തൃപുണ്ഡ്രകോപനിഷത്ത്, കാരുദ്രോപനിഷത്ത് പോലെയുള്ള ഉപനിഷത്തുകളിൽ ഭസ്മം ഉണ്ടാക്കുന്നതിന്റേയും അത് ശരീരത്തിൽ ലേപനം ചെയ്യുന്നതിന്റെയും ആചാരങ്ങൾ-മന്ത്രങ്ങൾ-രീതികൾ ഇവ വിവരിക്കുന്നു. ഭസ്മജാബാല ഉപനിഷത്തിൽ ഭസ്മത്തിന്റെ തത്വശാസ്ത്ര വിവരണവും നൽകുന്നു. ശൈവ ഉപനിഷത്തുകളിലും അക്ഷമാലിക ഉപനിഷത്തുപോലുള്ളവയിലും രുദ്രാക്ഷത്തെക്കുറിച്ചുള്ള സമ്പൂർണവിവരണങ്ങളുമുണ്ട്.



Scanned with CamScanner

യോഗചര്യകളുപദേശിക്കുന്ന ഉപനിഷത്തുക്കളാണ് യമം, നിയമം, പ്രാണായാമം, പ്രത്യാഹാരം, ധ്യാന, ധാരണ, സമാധി എന്നിത്യാദിയോഗ ചര്യകളുടെ പൂർണവിവരണം നൽകുന്നത്.

പലവിധ പൂജാവിധികൾ വിവരിക്കുന്ന ഉപനിഷത്തുകളുമുണ്ട്. സന്യാസസ്വീകരണവുമായി ബന്ധപ്പെട്ട എല്ലാ പ്രധാന ചടങ്ങുകളും ഉപനിഷദന്തർഗതമാണ്. ഘോരമന്ത്രങ്ങളുടേയും, മന്ത്രപ്രയോഗങ്ങളുടേയും ചടങ്ങുകൾ ചില ഉപനിഷത്തുകളിലുണ്ട്.

യോഗചര്യയുടെ ശാസ്ത്രീയ മഹത്വം വ്യക്തമാണ്. ഭസ്മ-രുദ്രാക്ഷ ധാരണം മനുഷ്യന്റെ ശരീരത്തെ ഭൗതികമായിതന്നെ (ത്വക്കിൽ) സ്വാധീനിക്കുന്നു എന്ന് ശിവായസുബ്രഹ്മണ്യസ്വാമി (അമേരിക്കൻ ഡോക്ടർ സന്യാസിയായതാണ്) യുടെ ലേഖനങ്ങളിൽ കാണുന്നു.

## ഇതിഹാസങ്ങളും ആചാരങ്ങളും

ഇതിഹാസങ്ങളിലെ വിവരണങ്ങളുടെ അടിസ്ഥാനത്തിൽ ഇന്നും ഭാരതീയർ അനവധി ചടങ്ങുകൾ ആചാരിക്കാറുണ്ട്. രാമേശ്വര ക്ഷേത്രത്തിലെ എല്ലാ ചടങ്ങുകളും രാമായണവുമായി ബന്ധപ്പെട്ടിരിക്കുന്നു. രാമേശ്വരം കടൽ തീരത്തുള്ള പിതൃതർപ്പണവും അപ്രകാരം തന്നെ. ഭാരതപുഴയിലെ പുണ്യകർമ്മങ്ങളാകട്ടെ പാണ്ഡവരുടെ തീർത്ഥയാത്രയുമായി ബന്ധപ്പെട്ടിരിക്കുന്നു.

ഭാരതത്തിലെമ്പാടുമുള്ള പല ക്ഷേത്രങ്ങളിലും ഇതിഹാസാന്തർഗത വിവരണങ്ങളെ അടിസ്ഥാനമാക്കിയുള്ള ചടങ്ങുകളുണ്ട്. തൃപ്പൂണിത്തുറയിലെ പൂർണത്രയീശ ക്ഷേത്രത്തിലെ പൂജാചടങ്ങുകൾ അർജ്ജുനഗാഥയുമായി ബന്ധപ്പെട്ടിരിക്കുന്നു.

രാമലീലയും കൃഷ്ണലീലയും ഹോളിയും ദീപാവലിയും മഹാഭാരത രാമായണങ്ങളിലെ കഥകളുമായി ബന്ധപ്പെട്ടിരിക്കുന്നു. ഹിമാലയത്തിലെ പല പ്രധാന തീർത്ഥാടനകേന്ദ്രങ്ങളും ഇതിഹാസ കഥാപാത്രങ്ങളുടെ പാദസ്പർശമേറ്റതാണ്. അവിടെ പുരാതനകാലത്ത് അനുഷ്ഠിച്ചു എന്ന് ഇതിഹാസ വിവരണങ്ങിൽ കാണുന്നവയുടെ തുടർച്ചയാണ് ഇന്നത്തെ ആചാരങ്ങളിൽ പലതും.

കന്യാകുമാരി ജില്ലയിലെ ശിവാലയ ഓട്ടം ഭീമനുമായി ബന്ധപ്പെട്ടിരിക്കുന്നുവത്രെ. പത്മനാഭസ്വാമിക്ഷേത്രത്തിലെ ഉത്സവത്തിൽ പാണ്ഡവരുടെ വലിയ കോലം വെക്കുക ഇന്നും പതിവുള്ള ആചാരമാണ്. ഇരിങ്ങാലക്കുടയിലെ ഭരതക്ഷേത്രവും, തൃപ്രയാറിലെ ശ്രീരാമക്ഷേത്രവും ഇതിഹാസാചാരങ്ങൾ അനുഷ്ഠിക്കുന്നവയാണ്.



Scanned with CamScanner

# ആചാരങ്ങളെന്തിന് ?

ഇതുവരെ വിവരിച്ചത് ആചാരങ്ങളുടെ ശ്രോതസ്സുകളുള്ള ഗ്രന്ഥങ്ങളെക്കുറിച്ചാണ്. ഇനിയറിയേണ്ടത് ആചാരങ്ങളുടെ ഉദ്ദേശലക്ഷ്യങ്ങളാണ്.

ഭൂമിയിൽ ഏകദേശം 4 ലക്ഷം തരത്തിലുള്ള സസ്യങ്ങളും 16 ലക്ഷം തരത്തിലുള്ള ജന്തുക്കളുമുണ്ടെന്ന് കണക്കാക്കപ്പെടുന്നു. ഇത്രയും ജീവികളിൽ മനുഷ്യൻ മാത്രം ഒരു പ്രത്യേക വിഭാഗത്തിൽപ്പെടുന്നു. മനുഷ്യ സൃഷ്ടിയെക്കുറിച്ച് ഭാഗവതത്തിലെഴുതിയിരിക്കുന്ന വരികൾ അത്യന്തം ശാസ്ത്രീയമാണെന്ന് പറയാതെ വയ്യ.

**സൃഷ്ട്വാപുരാനി വിവിധാന്യജയാത്മശക്ത്യാ**
**വൃക്ഷാൻ സരീൻ സിരാൻ ഖഗഃ ദംഷ്ട്ര മത്സ്യാൻ**
**തിസ്സൈരതുഷ്ട ഹൃദയ പുരുഷം വിധായ**
**ബ്രഹ്മാവലോക ധിഷണം മുദമാപദേവഃ**

പ്രപഞ്ച ചൈതന്യമായ ഈശ്വരചൈതന്യം, പണ്ട്, സ്വന്തം ശക്തിയാൽ-പ്രപഞ്ചചൈതന്യത്തിന്റെ തന്നെ ഒരംശത്താൽ വൃക്ഷങ്ങൾ, ഇഴജന്തുക്കൾ, നീന്തുന്ന ജന്തുക്കൾ, പറവകൾ, ദംഷ്ട്രങ്ങളുള്ളവ, മത്സ്യങ്ങൾ എന്നിവയെ സൃഷ്ടിച്ച് സംതൃപ്തി വരാതെ നിന്നു. പിന്നീട് സൃഷ്ടിക്കാധാരമായ പ്രപഞ്ച ചൈതന്യത്തെക്കുറിച്ച് തന്നെ അറിയുവാൻ ധിഷണാശക്തിയുള്ള മനുഷ്യനെ സൃഷ്ടിച്ചുകഴിഞ്ഞപ്പോൾ ഈശ്വരചൈതന്യം ആനന്ദിച്ചു.

പ്രപഞ്ചചൈതന്യത്തെക്കുറിച്ചറിയുവാൻ സാധിച്ച മനുഷ്യന്, അതിന് അവശ്യം വേണ്ടതായ ബുദ്ധിശക്തി ലഭിച്ചു എങ്കിലും മറ്റു ജന്തുക്കൾക്ക് ഉള്ളതായ കഴിവുകളിൽ പലതും അവന് ലഭിക്കാതെ പോയി. കുടുംബവും സമൂഹവും കൂടാതെ നിലനിൽക്കുവാൻതന്നെ സാദ്ധ്യമല്ലാത്തനിലയിലൊരു പരാശ്രയജീവിയായിട്ടാണ് മനുഷ്യൻ വളർന്നത്. ഒരു കുഞ്ഞു ജനിച്ചു വീണാൽ സ്വയം ജീവിതമാർഗം കണ്ടെത്തണമെങ്കിൽ അനേകം വർഷങ്ങൾ കഴിയണം. മത്സ്യങ്ങൾ മുതൽ ആനക്കുട്ടിവരെയുള്ള ജന്തു സമൂഹത്തിന്റെയോ ഒരു വൃക്ഷവിത്തിന്റേയോ കാര്യമെടുത്താൽ ജനനശേഷം പരിരക്ഷ ആവശ്യമുള്ളത് ഏതാനും നിമിഷങ്ങളോ ദിവസങ്ങളോ മാത്രമാണ്.

അതിനാൽ സമൂഹത്തിന്റെ കെട്ടുറുപ്പ്, കുടുംബത്തിന്റെ ഭദ്രത, ചിട്ടയായ ജീവിതം, വ്യക്തിക്കും ചുറ്റുപാടുകൾക്കുമിടയ്ക്കുള്ള സുദൃഢമായ ബന്ധം, ഇവയെല്ലാം കണ്ടെത്താനുള്ള മാർഗം സ്വയം സൃഷ്ടിക്കുവാൻ



Scanned with CamScanner

അവന് പ്രകൃതി നൽകിയ പുരാതനവും ആധുനികവുമായ പന്ഥാവാണ് ആചാരങ്ങളുടെ അനുശാസനത്തിലൂടെയുള്ള ധാർമ്മിക ജീവിതരീതി.

മനുഷ്യനും, അവന്റെ ചുറ്റുപാടും ഭൂമിയും, അതിലെ വൃക്ഷലതാദികളും, ജന്തുജാലങ്ങളും, പ്രകൃതിയിലുള്ള ഓരോ വസ്തുക്കളും, സൂര്യനും, ചന്ദ്രനും തുടങ്ങി എല്ലാമെല്ലാം മനുഷ്യ ആചാരങ്ങളുടേയും വിചാരങ്ങളുടേയും വിശ്വാസങ്ങളുടേയും കണ്ണികളുമായി ബന്ധിപ്പിച്ചിരിക്കുന്നതുതന്നെ പ്രകൃതിയുടെ നിയമമാണ്, നിശ്ചയവുമാണ്.

ഏതെല്ലാം പുല്ലുകളാണ് തിന്നാൽ കൊള്ളാവുന്നത് എന്ന് പശുവിനെ പഠിപ്പിച്ചതും, ഭൂമി ചികഞ്ഞു ഭക്ഷണം കണ്ടെത്താൻ കോഴിയെ പഠിപ്പിച്ചതും, കള്ളനെ കണ്ടെത്തി മനുഷ്യനെ ആശ്രയിച്ച് ജീവിക്കാൻ നായയെ പഠിപ്പിച്ചതും, അതുപോലെ ജന്തുജാലങ്ങൾക്കാവശ്യമായ ഫലമൂലാദികൾ ഉൽപാദിപ്പിച്ച് അവയുടെ സഹായത്താൽ പരാഗണത്തിലൂടെയും വിത്തുവിതരണത്തിലൂടെയും വംശം നിലനിർത്താൻ സസ്യലതാദികളെ പഠിപ്പിച്ചതും പ്രകൃതിയാണ്. അതുപോലെയുള്ള കോടാനുകോടി ബന്ധങ്ങൾ/കർമ്മങ്ങൾ/പന്ഥാവുകൾ ഇവയെല്ലാം കനിഞ്ഞുനൽകിയ പ്രകൃതി തന്നെ സൃഷ്ടിച്ചതാണ് ആചാരങ്ങളെന്ന് മനസിലാക്കുവാൻ വിഷമമുണ്ടാകില്ല!

ഒരുപക്ഷേ ചിന്താശീലവും, ബുദ്ധിശക്തിയും, സൃഷ്ടിക്കായുള്ള ജ്ഞാനവും, നശീകരണസ്വഭാവവും, ആധിപത്യവാഞ്ചയും, പ്രസിദ്ധിക്കുള്ള ത്വരയും...... എല്ലാമുള്ള മനുഷ്യനെ ഒറ്റയാനെപോലെ വിട്ടാൽ പ്രകൃതിയുടെ താളം തെറ്റിക്കാൻ തന്നെ അവനു കെൽപുണ്ടാകും എന്നു മുൻകൂട്ടി അറിയുന്നതുകൊണ്ടാകാം സ്വബോധമുള്ള പ്രകൃതിശക്തി, അവനെ നിയന്ത്രിക്കാൻ സ്വയം ധാർമ്മീകനിയമങ്ങളും ആചാരങ്ങളും ഉണ്ടാക്കുവാനുള്ള വിവേകവും നൽകിയത്. ധാർമ്മികബോധം മനുഷ്യനെ മറ്റു ജീവികളിൽ നിന്നും വേർതിരിക്കുന്നു. ഈ ധാർമ്മികബോധ പ്രകടനവും അനുശാസനവുമാണ് ആചാരങ്ങളിലൂടെ സാധ്യമാകുന്നത്. അതിനാണ് ആചാരങ്ങൾ !

## ആചാരങ്ങളെക്കുറിച്ചുള്ള ശാസ്ത്രീയവീക്ഷണം

ഭാരതത്തിലെ ചിന്താധാരകൾ ആത്മീയവും തത്വശാസ്ത്രപരവും മാത്രമാണെന്ന് ചിന്തിക്കുന്ന അനവധി വ്യക്തികളുണ്ട്. ശാസ്ത്രചിന്താ ധാരകളടങ്ങാത്ത ആത്മീയതയും വിശ്വാസപ്രമാണങ്ങളും ഭാരതത്തിൽ വളരെകുറവാണ്. അന്ധവിശ്വാസങ്ങളുടെ പട്ടികയിൽ വരുന്ന ചില



Scanned with CamScanner

ആത്മീയ പ്രകടനങ്ങളുണ്ട് എന്ന് വിസ്മരിക്കുന്നില്ല. സദാചാരങ്ങളെക്കുറിച്ച് മുമ്പ് സൂചിപ്പിച്ചിരുന്നു. ഈ ആചാരങ്ങളെല്ലാം തന്നെ മനുഷ്യന്റെ ഭൗതിക നന്മക്കായിട്ടാണ് ആചരിച്ചുപോന്നിരുന്നത്. തലമുറകളിലേക്ക് കൈമാറ്റം ചെയ്യപ്പെട്ടുകൊണ്ടിരുന്ന ആചാരങ്ങളുടെ ശുദ്ധീകരണം നടത്തി പഠിപ്പിച്ചിരുന്നവരായിരുന്നു ആചാര്യന്മാർ. അത്തരം ആചാര്യന്മാർക്ക് വ്യക്തമായ നിർവ്വചനം കൂടിയുണ്ട്.

**ആചിനോതി ച ശാസ്ത്രാർത്ഥാൻ ശിഷ്യാൻ സാധയതേസുധീ**
**സ്വയമാചരതി ചൈവ സഃ ആചാര്യ ഇതിസ്മൃതാഃ**

ശാസ്ത്രീയമായി അർത്ഥസാരങ്ങൾ ഗ്രഹിക്കുവാൻ കഴിവുള്ളവനും അതുശിഷ്യന്മാർക്ക് എളുപ്പത്തിൽ ഉപദേശിച്ചുകൊടുത്ത് പഠിപ്പിക്കുകയും സ്വയം ജീവിതത്തിൽ ആചരിക്കുകയും ചെയ്യുന്ന വ്യക്തിയെ ആചാര്യനായി സ്മരിക്കപ്പെടുന്നു.

ഇവിടെ ശാസ്ത്രീയമായി ആചാരങ്ങളുടെ അർത്ഥം ഉൾക്കൊള്ളുവാൻ സാധിക്കണമെന്ന് വ്യക്തമായ നിർദ്ദേശമുണ്ട്. ഇപ്രകാരമുള്ള ആചാര്യനാണെങ്കിൽ പോലും അദ്ദേഹത്തിന്റെ ഉപദേശം സ്വീകരിക്കേണ്ടത് അന്ധമായിട്ടല്ല. അതു പൂർണമായും സ്വീകരിക്കണമെന്നുമില്ല.

**ആചാര്യാത് പാദമാദത്തെ പാദം ശിഷ്യസ്വമേധയാ**
**പാദം സബ്രഹ്മചാരിഭ്യഃ ശേഷം കാലക്രമേണച**

ആചാര്യനിൽ നിന്ന് കാൽഭാഗവും, ശിഷ്യൻ സ്വമേധയാൽ കാൽഭാഗവും ബാക്കി കാൽഭാഗം മറ്റുള്ളവരുമായി ചേർന്ന് ചർച്ച ചെയ്ത് ഉൾക്കൊള്ളേണ്ടതാണ്. അവസാനത്തെ കാൽഭാഗമാകട്ടെ കാലക്രമേണ ജീവിതാനുഭവത്തിലൂടെ കണ്ടും, കേട്ടും, മനസ്സിലാക്കേണ്ടതാണ്. ഇവയെല്ലാം ശാസ്ത്രീയമായി മനസ്സിലാക്കേണ്ട മാർഗവും ആചാര്യന്മാർ ഉപദേശിച്ചിട്ടുണ്ട്.

**സാക്ഷാത് അനുഭവൈർ ദൃഷ്ടോ നശ്രുതോ ന ഗുരുദർശിതഃ**
**ലോകാനാം ഉപകാരായ ഏതത് സർവം പ്രദർശിതം**

സ്വന്തം അനുഭവത്തിൽ നിന്നായിരിക്കണം പഠിച്ചറിയേണ്ടത്. കേട്ടുകേൾവിയോ, ഗുരുവചനങ്ങളോ അതേപടി പകർത്തേണ്ടതില്ല. ലോകനന്മക്കായിട്ടായിരിക്കണം സർവ്വ കർമ്മങ്ങളും ആചരിക്കേണ്ടത്. ആചാരങ്ങൾ മോക്ഷമാർഗങ്ങളായ ആത്മീയതയല്ല. അതിനാൽ ശ്രദ്ധയോടെ ദേശകാലാദിസ്ഥാനത്തിലുള്ള സൗകര്യം പോലെ അവയെല്ലാം അനുഷ്ഠിക്കാവുന്നതാണ്. അതിനുള്ള ഉൽഘോഷണം പൂർവ്വികർ ഈ വരിയിൽ നൽകിയിട്ടുണ്ട്.



Scanned with CamScanner

**സ്വഗ്രാമേ പൂർണമാചാരം അന്യഗ്രാമേ തദർദ്ധകം**
**പട്ടണേ തു തത്പാദം യാത്രേ ശൂദ്രാദാചരതേത്**

സ്വഗ്രാമത്തിൽ ആചാരങ്ങൾ പൂർണമായും അനുശാസിക്കേണ്ട താണ് മറ്റൊരു ഗ്രാമത്തിൽ അതിൻെറ പകുതിയും പട്ടണത്തിൽ കാൽഭാഗവും, യാത്രാവേളയിൽ യുക്തമനുസരിച്ച് ആചാരാനുഷ്ഠാനങ്ങൾ ഒഴിവാക്കാവുന്നതുമാണ്.

ആചാരത്തിൻെറ സാധുതയെക്കുറിച്ച് സംശയം വരുകയാണെങ്കിൽ **'ശാസ്ത്രംപ്രമാണം'** എന്ന നിർദ്ദേശമാണനുസരിക്കേണ്ടത്. ശാസ്ത്രവിവരണമില്ലെങ്കിൽ **'ആപ്തവാക്യം പ്രമാണം'** എന്നുൽഘോഷിക്കാം. അതായത് ശ്രേഷ്ഠന്മാരുടെ ഉപദേശങ്ങൾ അടിസ്ഥാനമാക്കി ആചരിക്കാവുന്നതാണ്. ഗീതയിലും ഈ ഉപദേശമുണ്ടല്ലോ !

**യദ്യദാചരതി ശ്രേഷ്ഠഃ തത്തദേവേതരോ ജനഃ**
**സ യത് പ്രമാണം കുരുതേ ലോകസ്തദനുവർത്തതേ**

ശ്രേഷ്ഠന്മാർ ആചരിക്കുന്നത് ഇതരജനങ്ങളും ആചരിക്കുന്നു. ശ്രേഷ്ഠന്മാരുടെ പ്രമാണം ലോകം അംഗീകരിക്കുന്നു. അതിനാൽ ശ്രേഷ്ഠന്മാരുടെ അനുഷ്ഠാനങ്ങളിലെ ശാസ്ത്രീയത അംഗീകരിക്കേണ്ട താണ്. ഈ വരികളെല്ലാം ആചാരങ്ങളുടെ ശാസ്ത്രീയ വീക്ഷണം സ്ഥിരീകരിക്കുന്നു. ചോദ്യം ചെയ്യാതെ വിശ്വസിക്കുവാനുപദേശിക്കുന്നുമില്ല. പുരാണങ്ങളിലും ഇതിഹാസങ്ങളിലും കഥാപുരുഷന് ആചാരമനുഷ്ഠിക്കുമ്പോൾ ഉണ്ടാകുന്ന സംശയങ്ങൾ പൂർണമായും തീർത്തുകൊടുക്കുന്നത് ശ്രേഷ്ഠന്മാരാണെന്നു കാണാം. ശ്രീരാമൻ രാജ്യഭരണമേറ്റെടുക്കാൻ വിസമ്മതിച്ചപ്പോൾ, വസിഷ്ഠൻ നൽകിയ ഉപദേശമാണ് 32,000 ശ്ലോകങ്ങളുള്ള യോഗവാസിഷ്ഠം. ക്ഷത്രിയ ധർമ്മാനുഷ്ഠാനത്തിൽ അർജ്ജുനനു വന്ന സംശയമാണല്ലോ ഭഗവദ്ഗീതക്കു ജന്മം നൽകിയത്. ന്യായമെന്തെന്നറിയാതെ വന്നപ്പോൾ, ധൃതരാഷ്ട്രർക്ക് വിദുരൻ നൽകിയ ഉപദേശമാണ് വിദുരനീതി. രാജ്യഭരണത്തിലനുശാസിക്കേണ്ട ധർമ്മമാണ് ധർമ്മപുത്രർക്ക് ലഭിച്ച ഭീഷ്മോപദേശം.

കഥാരൂപത്തിലൂടെ പഞ്ചതന്ത്രം കൊണ്ടുദ്ദേശിച്ചസന്ദേശം തന്നെയാണ്, നൈമിഷാരണ്യത്തിലെ സൂതനും-ശൗനകൻ തുടങ്ങിയ മഹർഷിമാരും തമ്മിൽ നടന്ന ചർച്ചകളായ പുരാണങ്ങളും നൽകുന്നത്. അതായത് ധർമ്മ-ആചാരച്യുതി സമയത്ത് ലോകജനതക്ക് നൽകുന്ന "ആപ്തവാക്യ ഉപദേശങ്ങൾ". ഇവ ഇന്നത്തെ ജനതക്കും അത്യധികം അനുകരണീയമാണ്.



Scanned with CamScanner

## ജാതിയും ആചാരങ്ങളും

ഹിന്ദുധർമ്മത്തിൽ അനാചാരം എന്ന് അസന്ദിഗ്ദമായി പ്രഖ്യാപിക്കുവാൻ സാധിക്കുന്ന ഒന്നാണ് ജാതീയിലൂടെ മനുഷ്യനെ വേർതിരിച്ചത്. കർമ്മാടിസ്ഥാനത്തിൽ വർണ്ണാശ്രമധർമ്മങ്ങളായി ഉത്ഭവിച്ച ജാതിചിന്ത അനാചാരത്തിന്റെ മൂർത്തിമദ്ഭാവമായി. ഇത് ഭാരതീയ ചിന്താധാരയുടെ വക്താക്കളെയും വിശ്വാസികളേയും ഇന്നും നിരന്തരം ഭിന്നിപ്പിച്ചുകൊണ്ടിരിക്കുന്നു.

വർണധർമ്മങ്ങളുടെ ഉൽഭവം ആദിമകാലത്ത് ഇന്നത്തേതുപോലെ ആയിരുന്നില്ല എന്നുകാണുവാൻ വിഷമമുണ്ടാകില്ല.

**ജന്മനാൽ ജായതേ മർത്ത്യ**
**കർമ്മണാൽ ജായതേ ദ്വിജഃ**
**ബ്രഹ്മജ്ഞാനേന ബ്രാഹ്മണഃ**

ഇന്ന് ജന്മം കൊണ്ടുള്ള ബ്രാഹ്മണനേയുള്ളൂ. എന്നാൽ പണ്ട് ജന്മം കൊണ്ട് 'സാധാരണമനുഷ്യനാണ്' ഉണ്ടാകുന്നത്. അവന്റെ കർമ്മത്താൽ അവൻ പുനർജനിക്കുന്നതുപോലെ സമഗ്രമായ ബ്രഹ്മജ്ഞാനം നേടി ബ്രാഹ്മണനായും തീരുന്നു. സർവ്വോത്തമ ആചാര വിവരണഗ്രന്ഥമായ ഭഗവദ്ഗീതയിലെ വരി ശാസ്ത്രീയമായി വിവരിച്ചാൽ ഈ കാര്യം വ്യക്തമാകും.

**ചാതുർവർണ്യം മയാസൃഷ്ടം ഗുണകർമ്മവിഭാഗശഃ**

നാലു വർണ്ണങ്ങളേയും കർമ്മഗുണങ്ങളുടെ അടിസ്ഥാനത്തിലായി ഞാൻ സൃഷ്ടിച്ചതാണ്. വർണസൃഷ്ടിയുടെ അടിസ്ഥാനം കർമ്മം മാത്രമാണെന്നു വ്യക്തം. (ഇന്ന് ഓഫീസുകളിൽ മാനേജരും, ഗുമസ്ഥനും, ശിപായിയും, സെക്യൂരിറ്റിയും ഉള്ളതുപോലെ അവരെ അതാതു പേരിലറിയപ്പെടുന്നത് ജന്മം കൊണ്ടോ ശരീരഘടനകൊണ്ടോ അല്ല മറിച്ച് അവരുടെ കർമ്മത്തിന്റെ അടിസ്ഥാനത്തിലാണല്ലോ)

**ശൂദ്രോപി ശീലസമ്പന്നോ ബ്രാഹ്മണാത് ഗുണവാൻ ഭവേത്**
**ബ്രാഹ്മണോഽപി ക്രിയാ ഹീന ശൂദ്രാത് പ്രത്യവരോ ഭവേത്**

സമ്പന്നമായ ശീലം കൊണ്ട് ശൂദ്രനാണെങ്കിൽപോലും ബ്രാഹ്മണനേക്കാൾ ശ്രേഷ്ഠനായിത്തിരുന്നു. കർമ്മവും തേജസുമില്ലാത്ത ബ്രാഹ്മണൻ, ശൂദ്രനേക്കാൾ എത്രയോ നീചനാണ്.

നാലുവർണത്തിലു ള്ളവർക്കും പരസ്പരം കർമ്മം മാറി മറ്റൊരു വർണത്തിലേക്ക് പോകുവാൻ പുരാതനകാലംമുതൽക്കുതന്നെ (അഥവാ മറ്റൊരു വർണം സ്വീകരിക്കുവാൻ) അനുവാദമുണ്ടായിരുന്നു.

ദ്രോണാചാര്യൻ ജന്മം കൊണ്ട് ബ്രാഹ്മണനായിരുന്നു, പിന്നീട്



Scanned with CamScanner

ക്ഷത്രിയ ധർമ്മം സ്വീകരിച്ച് പടക്കളത്തിൽ പൊരുതിയതാണ്. അദ്ദേഹത്തിൻെറ പുത്രനായ അശ്വത്ഥാമാവും കർമ്മത്തിൽ മാത്രമാണ് ക്ഷത്രിയനായത്. ഐതരേയൻ എന്ന മഹർഷിശ്രേഷ്ഠൻ വംശം നോക്കിയാൽ ചണ്ഡാലനാണ് എന്നു വിവരണങ്ങളിൽ കാണാം. അദ്ദേഹം എഴുതിയ വൈദീക ഗ്രന്ഥങ്ങളാണ് അതിമഹത്വമുള്ള ഐതരേയ ഉപനിഷദ്, മഹൈതരേയ ഉപനിഷദ്, ഐതരേയ ബ്രാഹ്മണം, ഐതരേയ ആരണ്യകം എന്നിവ. ഐതരേയൻെറ യഥാർത്ഥ പേരാകട്ടെ മഹീദാസ ഐതരേയൻ എന്നാണ്. ചണ്ഡാലനിൽ നിന്ന് ബ്രാഹ്മണ്യത്തിലേക്കുയർന്ന താണിദ്ദേഹം. സമഗ്രജ്ഞാനത്തെ നാലു വേദങ്ങളിലായി വിന്യസിച്ച വേദവ്യാസൻ ബ്രാഹ്മണനേയായിരുന്നില്ല. അദ്ദേഹം മുക്കുവ വംശത്തിൽ, മത്സ്യഗന്ധിയിൽ ജനിച്ച കൃഷ്ണദ്വൈപായനനാണ്. ജാതി നോക്കിയാൽ അമ്മയുടെ ജാതിയാണ് മക്കളുടേത് എന്ന് ധർമ്മശാസ്ത്രം വ്യക്തമാക്കുന്നു. അതിനാൽ തന്നെ വ്യാസൻ മുക്കുവവംശജനാണ്. വാത്മീകി കാട്ടാളനായിരുന്നു. ശ്രീരാമപുത്രന്മാർക്ക് ജന്മം നൽകുവാൻ സീതയെ, ശ്രീരാമൻ അയച്ചത് വാത്മീകി ആശ്രമത്തിലേക്കായിരുന്നു. ഇവിടേയും വർണം പ്രശ്നമായിരുന്നില്ല. ശ്രീകൃഷ്ണനും, ശ്രീരാമനും ബ്രാഹ്മണരായിരുന്നില്ല. ശ്രീകൃഷ്ണൻ യാദവനായിരുന്നു. ശ്രീരാമനാകട്ടെ ക്ഷത്രിയനും. ഇന്ന് യാദവന്മാർ OBC എന്ന വിഭാഗത്തിൽ പെടുന്നവരാണെന്നോർക്കുമല്ലോ. വിശ്വാമിത്രൻ ക്ഷത്രിയനായിരുന്നു. പിന്നീടദ്ദേഹം ഋഗ്വേദത്തിന്റെ പകുതിയോളം മന്ത്രങ്ങളെഴുതി ബ്രാഹ്മണ്യത്തിലേയ്ക്കുയർന്നു. വിശ്വാമിത്രനാണ് അത്യുജ്ജ്വലമായ ഗായത്രീമന്ത്രംപോലും രചിച്ചത്. ക്ഷത്രിയനായ വിശ്വാമിത്രനില്ലാ യിരുന്നെങ്കിൽ ഇന്ന് ഋഗ്വേദമില്ല. മുക്കുവനായ വ്യാസനില്ലായിരുന്നെങ്കിൽ നാല് ഉജ്ജ്വല വേദങ്ങളും ഇന്നത്തെപോലെ ഉണ്ടാകുമായിരുന്നില്ല.

പണ്ട് ദുരാചാരരീതിയിലായിരുന്നില്ല പുരാതന ഭാരതത്തിൽ വർണരീതികൾ. എന്നാൽ ഇന്നും അനുഷ്ഠിക്കുന്ന ശ്രേഷ്ഠമായ കീഴ്വഴക്കമുണ്ട്. നാരായണഗുരുവും ചിന്മയാനന്ദനും, അമൃതാനന്ദമയീ ദേവിയും എല്ലാം ജാതി നോക്കിയല്ല പൂജ്യരായിത്തീർന്നത്. ഈ ഒരു വീക്ഷണമാണ് പൂർവഭാരതത്തിൽ നിലനിന്നിരുന്നത്. മഹാഭാരതം ശ്രീ. കുഞ്ഞിക്കുട്ടൻ തമ്പുരാൻെറ വിവർത്തനത്തിൽ (5-ാം വാല്യം 565-ാം പേജിൽ) ഭരദ്വാജഭൃഗു സംവാദത്തിൽ ജാതിയെക്കുറിച്ചുള്ള വിഷയത്തിൽ ഋഷിവര്യന്മാരുടെ വീക്ഷണം സ്പഷ്ടമാകുന്നുണ്ട്.

**നാലുവർണത്തിൻെറ വർണം കൊണ്ടു വർണം തിരുക്കികിൽ**
**സർവവർണത്തിലും കാണുന്നുണ്ടല്ലോ വർണസങ്കരം**
**കാമം ക്രോധം ഭയം ലോഭം ശോകം. ചിന്ത പരിശ്രമം**
**ഏവമുണ്ടാമതില്ലെന്നിലെന്തേ വർണം തിരുക്കുവാൻ**



Scanned with CamScanner

**വിയർപ്പു മലമൂത്രങ്ങൾ കഫപിത്തങ്ങൾ ചോരയും**
**ഏവർക്കും മെയ്യിലൊഴുകുമെന്തേവർണം തിരിക്കുവാൻ**
**ചരങ്ങൾക്കചരങ്ങൾക്കും സംഖ്യവിട്ടുണ്ടു ജാതികൾ**
**നാനാവർണക്കാരവർക്കു വർണനിശ്ചയമെങ്ങിനെ ?**

ഈ ചോദ്യങ്ങൾ ഭരദ്വാജമഹർഷി, ഭൃഗുമഹർഷിയോടു ചോദിക്കുന്നതാണ്. അതിന് ഭൃഗുവിൻെറ ഉത്തരമാകട്ടെ.

ജാതിവ്യത്യാസമിങ്ങില്ലാ ബ്രഹ്മമീവിശ്വമൊക്കെയും കാമഭോഗാസക്തർ, തീക്ഷ്ണർ, ശുണ്ഠിക്കാർ, സാഹസപ്രിയർ, സ്വധർമ്മം വിട്ട രക്താംഗർ, ദ്വിജന്മാർ, ക്ഷത്രജാതിയായ്. പൈക്കളാൽ കൊറ്റുമായ് മഞ്ഞച്ചുള്ളോർ കൃഷികഴിപ്പവർ സ്വകർമ്മം ചെയ്തീടാതുള്ള ദ്വിജർ വൈശ്യരുമായിനാർ. ഹിംസാനൃതാസക്തർ ലുബ്ധർ സർവകർമ്മോപ ജീവികൾ കറുത്ത ശൗചം വിട്ടുള്ളാദ്വിജർ ശൂദ്രരുമായിനാർ ..........

ഈ കർമ്മങ്ങളാലത്രേ ദ്വിജർ ജാതിതിരിഞ്ഞതും. ഈ വിവരണത്തിൽ ജാതി വ്യക്തമായും കർമ്മത്താലാണ് വേർതിരിച്ചിരിക്കുന്നതെന്ന് തെളിയുന്നു. എല്ലാ മനുഷ്യരും ബ്രാഹ്മണരായിരുന്നു. അവിടെ നിന്നാണ് മറ്റുള്ള വർണത്തിലേക്ക് ചേക്കേറിയത്. സ്വഭാവ-കർമ്മവ്യത്യാസത്തിലൂടെയാണിത് സംഭവിച്ചത്. സ്മൃതികളിൽ പ്രധാന്യമുള്ള വിഷ്ണുസ്മൃതി കർമ്മത്തെക്കുറിച്ച് ഇങ്ങിനെ വിവരിക്കുന്നു.

**ബ്രാഹ്മണസ്യ യാജനം പ്രതിഗ്രഹോ ക്ഷത്രിയസ്യക്ഷിതിത്രാണം**
**കൃഷിഗോരക്ഷവാണിജ്യാദി വൈശ്യസ്യ ശൂദ്രസ്യസർവ ശിൽപാനി**

ഇവിടെ ശൂദ്രന് സർവശിൽപാദി നിർമ്മാണ പ്രവർത്തനങ്ങളാണ് ഉപദേശിക്കുന്നത്. ബ്രാഹ്മണന് പഠിക്കലും പഠിപ്പിക്കലും, ഭൂമിയുടെ (രാഷ്ട്രത്തിന്റെ) സംരക്ഷയാണ് ക്ഷത്രിയ ധർമ്മം, കൃഷിയും ഗോരക്ഷയും വൈശ്യൻെറ ആചാരഭാഗമായ ധർമ്മമാണ്.

ഇവിടെ വസിഷ്ഠൻെറ വരികളും ശ്രദ്ധേയമാണ്.

**ഉൽകൃഷ്ടം ചാപകൃഷ്ടം തയോഃ കർമ്മ ന വിദ്യതേ**
**മധ്യമേ കർമ്മണീ ഹിത്വാ സർവസാധാരണേ ഹിതേ**

ഒരു കർമ്മവും ഉൽകൃഷ്ടമോ അപകൃഷ്ടമോ ആകുന്നില്ല. എല്ലാം സാധാരണ കർമ്മങ്ങളാണ്.

ചില സ്മൃതികളിൽ ഇതിനുവിരുദ്ധമായി പറയുന്നുണ്ട്. വസ്തുത എന്തെല്ലാമാണെങ്കിലും സഹസ്രാബ്ദങ്ങളുടെ പഴക്കത്തിൽ യാഥാർത്ഥ്യങ്ങൾ മറഞ്ഞും മാറിയും ഒരു വലിയ ദുരാചാരം ഉണ്ടായി അതിൻെറ തിക്താനുഭവങ്ങൾ നാമിന്നും അനുഭവിക്കുകയാണ്.



Scanned with CamScanner

പണ്ടുള്ളവർ എഴുതിവെച്ചിരിക്കുന്നത് അതേപ്രകാരം അനുഷ്ഠിച്ചാൽ ഇന്ന് ബ്രാഹ്മണ-ക്ഷത്രിയ-വൈശ്യ ശൂദ്രാദികളായി കർമ്മ മണ്ഡലത്തിന്റെ അടിസ്ഥാനത്തിൽ ആരും ഉണ്ടാകുകയില്ല. ജന്മനാൽ ബ്രാഹ്മണരായവർ വ്യാപാരി വ്യവസായികളായിട്ടുണ്ട്. നമ്മെ ഭരിക്കുന്നവരും സൈന്യത്തിലുള്ളവരുമെല്ലാം ക്ഷത്രിയരുമല്ല. പണ്ട് എഴുതിവച്ചതുമല്ല, പുതിയതായി ഉണ്ടാക്കിയതുമല്ല, ഇന്നത്തെ ജാതിവ്യവസ്ഥ. കാലപഴക്കത്തിൽ അടിഞ്ഞുകൂടിയ ചെളി. പരസ്പരം വാരിയെറിയാതെ സമൂഹത്തിൽ നിന്ന് ജാതി ചിന്തയും അതുമായി ബന്ധപ്പെട്ട ദുരാചാരങ്ങളും തുടച്ചുമാറ്റേണ്ടതുതന്നെയാണ്.

## നിത്യകർമ്മത്തിലെ ആചാരശാസ്ത്രം

ഓരോ വ്യക്തിയും പ്രതിദിനം അനുഷ്ഠിച്ചിരുന്ന ആചാരങ്ങളുണ്ടായിരുന്നു. ഇന്നും ഈ ആചാരങ്ങൾ അവയുടെ ശാസ്ത്രീയ മഹത്വമറിയാതെയാണെങ്കിലും അനുഷ്ഠിച്ചുപോരുന്നുണ്ട്. ദേശകാലാടിസ്ഥനത്തിൽ ഈ ആചാരങ്ങളിൽ ചില മാറ്റങ്ങളുണ്ടാകാമെങ്കിലും പൊതുവേ ഭാരതീയർ അനുഷ്ഠിക്കുന്ന പ്രതിദിന ആചാരങ്ങളിലെ പ്രധാനപ്പെട്ടവയിലെ ശാസ്ത്രീയവീക്ഷണം വളരെ പ്രസക്തമാണ്. ശരീരത്തിന്റേയും മനസ്സിന്റേയും സമഗ്രമായ ആരോഗ്യത്തിന് ഈ ആചാരങ്ങൾ വളരെ പ്രയോജനപ്രദമാണ്. രാവിലെ ഉണരുന്നതുമുതൽ രാത്രി ഉറങ്ങുന്നതുവരെയുള്ള ഓരോസാധാരണ ദിവസത്തിലും അനുഷ്ഠിക്കേണ്ടതായ അഥവാ അനുഷ്ഠിക്കുന്നതായ ആചാരങ്ങളും അവയുടെ ശാസ്ത്രീയ വശങ്ങളുമാണ് ഇവിടെ വിവരിക്കുന്നത്.

**പ്രാതസ്മരണ :** അതിരാവിലെ ഉണർന്ന് കിടക്കയിലിരുന്നു ചൊല്ലാറുള്ള ഒരു മന്ത്രമുണ്ട്. **ബ്രാഹ്മേമുഹൂർതേ ഉത്ഥായ.....** ബ്രാഹ്മമുഹൂർത്തത്തിൽ ഉണർന്നിട്ടു ചൊല്ലേണ്ടതാണി മന്ത്രം.

**കരാഗ്രേ വസതേ ലക്ഷ്മി കരമധ്യേ സരസ്വതീ**
**കരമൂലേ സ്ഥിതാ ഗൗരി പ്രഭാതേ കരദർശനം**

കരാഗ്രത്തിൽ ലക്ഷ്മി വസിക്കുന്നു. കരമധ്യത്തിൽ സരസ്വതിയും കരമൂലത്തിൽ ഗൗരിയും വസിക്കുന്നതിനാൽ (കർമനിരതനാകുന്നതിനു മുമ്പ്) ഞാൻ കൈയുടെ ചൈതന്യത്തിനായി ദർശിക്കുന്നു. എന്നു പറഞ്ഞു കൈ സ്വയം നോക്കി പ്രാർത്ഥിക്കാറുണ്ട്. അതിനെതുടർന്ന് ഭൂമിവന്ദനവും.

**സമുദ്രവസനേ ദേവി പർവതസ്തനമണ്ഡിതേ**
**വിഷ്ണുപത്നി നമസ്തുഭ്യം പാദസ്പർശം ക്ഷമസ്വമേ**



Scanned with CamScanner

സമുദ്രത്തെ വഹിക്കുന്ന ദേവി (സമുദ്രത്തിനു വസിക്കുവാൻ ഇടംനൽകുന്നവളെ, സമുദ്രം തന്നിൽ വസിപ്പിക്കുന്നവളെ) പർവതത്തെ വഹിക്കുന്നവളെ ഹേ!, വിഷ്ണുപത്നി, നിനക്ക് നമസ്ക്കാരം. എൻെറ (കിടക്കയിൽനിന്നെഴുന്നേൽക്കുന്നതുമുതൽക്കുള്ള) പാദസ്പർശത്തെ നീ ക്ഷമിച്ചാലും.

ഈ രണ്ടു പ്രാതസ്മരണ മന്ത്രങ്ങളിലൂടെ ആത്മീയവിചാരം പ്രഭാതത്തിൽ ഉണ്ടാക്കുവാൻ കഴിയുന്നു എന്നു മാത്രമല്ല അതിപ്രധാനമായ ഒരു ആരോഗ്യപ്രശ്നവും ഇവിടെ പരിഹരിക്കപ്പെടുന്നുണ്ട്. മണിക്കൂറുകളോളം മെത്തയിൽ / തറയിൽ അഥവാ ഭൂമിക്ക് സമാന്തരമായി കിടന്ന് വിശ്രമിക്കുന്ന (ഉറങ്ങുന്ന വേളയിൽ) ശരീരത്തിലെ രക്തചംക്രമണത്തിനായി ഹൃദയത്തിന് പ്രയോഗിക്കേണ്ടിവരുന്ന ശക്തി വളരെക്കുറവാണ്. എന്നാൽ പെട്ടെന്ന് ഭൂമിക്കു കുത്തനെ എഴുന്നേറ്റു നിൽക്കുവാൻ ശ്രമിക്കുമ്പോൾ ഭൂഗുരുത്വത്തിനെതിരെ ശരീരത്തിൽ രക്തം പമ്പു ചെയ്യുന്നതിന് ഹൃദയത്തിന്നനുഭവിക്കേണ്ടിവരുന്ന ആഘാതം ഒഴിവാക്കുവാൻ ഇരുന്ന് കൊണ്ട് നടത്തുന്ന ഈ പ്രാർത്ഥന ഉപകരിക്കും. ഹൃദയസ്തംഭനമുണ്ടാകുന്ന വരിൽ 23% പേർക്കും ഹൃദയാഘാതം സംഭവിക്കുന്നതായി കണ്ടിട്ടുള്ളത്, ഇപ്രകാരം മെത്തയിൽ നിന്ന് പെട്ടെന്ന് എഴുന്നേൽക്കുമ്പോഴും പെട്ടെന്ന് കിടക്കുവാൻ തുനിയുമ്പോളുമാണ്. ഈ പ്രാർത്ഥനാവരികൾ ഇരുന്നുചൊല്ലിയശേഷം എഴുന്നേൽക്കുമ്പോൾ ഹൃദയം സാവധാനത്തിൽ പൂർണമായും പ്രവർത്തനോന്മുഖമാകുന്നു. കൂടാതെ മെത്തയിലെ ശരീരചലനത്തിലൂടെ ശരീരത്തിൽ ഉണ്ടാകുന്ന Static വൈദ്യുതി എർത്ത് ചെയ്തില്ലാതാകുന്നതിന്, ഭൂമിതൊട്ട് നെറുകയിൽ വെയ്ക്കുന്ന ആചാരം സഹായിക്കുന്നു. ശരീരത്തേയും മനസ്സിനേയും പ്രവർത്തനോന്മുഖമാക്കുന്നതിൻെറ ആദ്യപടിയായിത്തീരുന്നു, ഈ ആചാരം.

**സ്നാന ശൗചാദികൾ :** ശൗചാദികൾ അനുഷ്ഠിക്കുവാനുള്ള നിയമങ്ങൾ സ്മൃതികളിലുണ്ട്. പ്രാതസ്നാനം അരുണോദയത്തിന് മുമ്പ് നിർവ്വഹിച്ചിരിക്കണം. കൂടാതെ അനേകതരത്തിലുള്ള അശുദ്ധിക്കും സ്നാനവിധി പ്രായശ്ചിത്തമായി ആചാരങ്ങളിലുണ്ട്.

രാത്രിയിൽ ശരീരവിയർപ്പ് ഉണ്ടാകുന്ന ജലം നഷ്ടപ്പെട്ട്, വിയർപ്പിലെ വിസർജ്ജ്യവസ്തുക്കൾ ത്വക്കിനെ ആവരണം ചെയ്യുന്നു. കൊഴുപ്പിന്റേയും, ലവണങ്ങളുടേയും, മറ്റുജൈവ വസ്തുക്കളുടേയും, യൂറിയയുടേയും ഈ ആവരണം നീക്കം ചെയ്യുന്ന സ്നാന കർമ്മത്തിലൂടെ ത്വക്രോഗം പൂർണമായും ഒഴിവാക്കുവാൻ സാധിക്കും. സൂര്യരശ്മിയാൽ അണുമുക്തമായ ജലമാണത്രെ സ്നാനത്തിന്നുപയോഗിക്കേണ്ടത്.



Scanned with CamScanner

**ഇമ ആപ ശിവാ സന്തു ശുഭാഃ ശുദ്ധാശ്ച നിർമ്മലാ**
**പാവന ശീതളാശ്ചൈവ പൂതാഃ സൂര്യസ്യ രശ്മിഭിഃ**

ശുഭകരവും, ശുദ്ധവും, നിർമ്മലവും, ശീതളവും, സൂര്യരശ്മിയാൽ ശുദ്ധീകരിക്കപ്പെട്ടതുമായ ജലമാകട്ടെ ഇത് എന്നതാണ് സ്നാനത്തിനു മുമ്പുള്ള പ്രാർത്ഥന.

**ചൂടുവെള്ള സ്നാനം** : വിശേഷാവസരത്തിലും മറ്റും ചൂടുവെള്ള സ്നാനം പതിവുണ്ട്. ശരീരത്തിലെ പേശികൾക്ക് വികാസവും പ്രവർത്തന ക്ഷമതയും, ഉയർന്ന തോതിലുള്ള രക്തചംക്രമണവും, അതിനാൽ തന്നെ ശരീരത്തിലെ രക്തശുദ്ധീകരണവും സാധിക്കുന്നതിനുള്ള ഉത്തമമാർഗമാണ് ചൂടുവെള്ള സ്നാനം.

**എണ്ണ തേച്ചുകുളി** : വിശേഷ ദിവസങ്ങളിലെ ആചാരത്തിന്റെ ഭാഗമാണിത്. ആരോഗ്യത്തിനിത് ഉത്തമമാണെന്ന് വ്യക്തമായും പറയുന്നുണ്ട്. ത്വക്കിൽ ഉണ്ടാകുവാൻ സാധ്യതയുള്ള രോഗാണുക്കൾക്ക് എണ്ണയുടെ ആവരണത്തിനുള്ളിൽ വായു ലഭിക്കാതെ, നശിച്ചുപോകുന്നു എന്നതുകൊണ്ട് ത്വക്‌രോഗശമനത്തിനും ഇത് ഉത്തമമാണ്. കുറെ എണ്ണമയം ശരീരത്തിൽ നിലനിർത്തുവാൻ സോപ്പു കൂടാതെയുള്ള കുളിയും ആചാരങ്ങളിലുണ്ട്.

**സ്നാനത്തിനുമുമ്പുള്ള പ്രാർത്ഥന** : സ്നാനത്തിനുമുമ്പ് ജലം സ്പർശിച്ചുകൊണ്ട് ഇപ്രകാരം പ്രാർത്ഥിക്കുക പതിവുണ്ട്.

**ഗംഗേ ച യമുനേ ചൈവ ഗോദാവരി സരസ്വതീ**
**നർമ്മദേ സിന്ധു കാവേരി ജലേഽസ്മിൻ സന്നിധിം കുരു.**

ഈ സ്നാനജലത്തിൽ ഗംഗയും (ഹിമാലയം), യമുനയും (ഡൽഹി) ഗോദാവരിയും (ആന്ധ്ര), സരസ്വതിയും (രാജസ്ഥാൻ) നർമ്മദയും (ഗുജറാത്ത്), സിന്ധുവും (ഇന്നത്തെ പാക്കിസ്ഥാനും, പഞ്ചാബും), കാവേരിയും (കർണാടക-തമിഴ്നാട്) വന്നു ചേരട്ടേ.

2500 ബി.സി. യോടുകൂടി സരസ്വതീനദി വറ്റി പോയതിനാൽ ഈ പ്രാർത്ഥന അത്രയും വർഷങ്ങൾക്കു മുമ്പ് രചിച്ചതാണ്. ഭാരതത്തിന്റെ വിവിധ നദികളെക്കുറിച്ചുള്ള സ്മരണ ഈ ദേശത്തിന്റെ സാംസ്കാരിക ഐക്യത്തിന്റെ ആണിക്കല്ലായി നിലനിന്നിരുന്നു. അനേകം സമൂഹങ്ങൾ ചേർന്ന ഒരു രാഷ്ട്രത്തിൽ ഏകത്വഭാവം ഉണ്ടാക്കുന്നതിന് ഈ പ്രാർത്ഥന ഏറെ സഹായിക്കുന്നു. നമ്മുടെ ദേശീയ ഗാനത്തിൽ പഞ്ചാബും, സിന്ധും, ഗുജറാത്തും, മഹാരാഷ്ട്രയും, ബംഗാളും വന്നത് ഇതേ ഏകത്വ ഭാവസൃഷ്ടിക്കായിട്ടാണല്ലോ. നിത്യവും ഉപയോഗിക്കുന്ന ജലം പവിത്രവും പാ·വനുമായതിനാൽ അത് അശുദ്ധമാക്കുവാനുള്ള

മനസ്ഥിതിയില്ലാതാകുകയും ചെയ്യും.

**യാമ്യം ഹി യാതനാ ദുഃഖം നിത്യസ്നായീ ന പശ്യതി**
**നിത്യസ്നാനേന പൂയന്തേ യേ/പി പാപകൃതോ നരാഃ**

യമലോക ദർശനഹേതുവാകുന്ന യാതനാ ദുഃഖം നിത്യവും കുളിക്കുന്ന വ്യക്തി കാണുന്നില്ല. നിത്യസ്നാനം കൊണ്ട് സർവ്വവിധ പാപങ്ങളും (അശുദ്ധിയും) ഇല്ലാതാകുന്നു. രോഗങ്ങളില്ലാതാക്കുന്നതിന് സ്നാനം സർവ്വപ്രകാരത്തിലും സഹായികുന്നു എന്ന ശാസ്ത്രതത്വം തന്നെയാണല്ലോ ഈ വിവരണം.

**സ്നാനതർപ്പണം** : കുളി കഴിഞ്ഞയുടനെ കുളത്തിൽ നിന്നും ഏതാനും കൈക്കുമ്പിൾ വെള്ളമെടുത്ത് സൂര്യന് തർപ്പണം ചെയ്യാറുണ്ട്. ഗായത്രി മന്ത്രമോ പുരുഷസൂക്തമോ ചൊല്ലിയാണ് തർപ്പണം. **ദേവ പിതൃ തർപ്പണം ഭഃസ്ഥ ഏവകുർയ്യാൽ:** ദേവപിതൃതർപണം അതേ ജലത്തിനാൽ ചെയ്താലും.

**ഓം ഭൂർ ഭൂവ സ്വഃ തത് സവിതൃവരേണ്യം**
**ഭർഗ്ഗോ ദേവസ്യ ധീമഹീ ധിയോയോനഃ പ്രചോദയാത്**

ഇവിടെ ആത്മിയതയും ശുദ്ധശാസ്ത്രവും ദർശിക്കുവാൻ സാധിക്കും. സകല നന്മകൾക്കും ഈ ജഗത്തിനു മുഴുവനും ചൈതന്യം തരുന്ന സവിതാവ് ഞങ്ങളേയും പ്രചോദിപ്പിക്കട്ടെ! മോക്ഷത്തിനുവേണ്ടിയുള്ള ഒരു പ്രാർത്ഥനയല്ല മറിച്ച് പ്രപഞ്ചശക്തിയുമായി ഇഴുകിച്ചേരാനുള്ള പ്രതിബദ്ധതയിലൂടെ മനോമണ്ഡലത്തിൽ സൃഷ്ടിക്കപ്പെടേണ്ട പ്രപഞ്ചശക്തിയോടുള്ള നന്ദിയാണ് ഈ വരികളിലൂടെ സൂചിപ്പിക്കുന്നത്. നമ്മുടെ പൂർവ്വികരുടെ ത്യാഗത്തെ പ്രതിദിനം ഓർമ്മിക്കുവാനും അവരോടു നന്ദിപറയുവാനും തർപണത്തിലൂടെ ഈ അവസരം ഉപയോഗിക്കാം.

**സ്വവംശ്യാനാം തർപണം കുർയാത് തതഃ**
**സംബന്ധി ബാന്ധവാനാം തതഃ സുഹൃദാം.....**

മരിച്ചുപോയ സ്വന്തം വംശത്തിൽ ജനിച്ചവർക്കും അവരുടെ ബന്ധുക്കൾക്കും പിന്നീട് സ്വന്തം സുഹൃത്തുകൾക്കും തർപണം നൽകുക ഈ ആചാരത്തിലൂടെ സാമൂഹ്യബന്ധമാണ് മുന്നിൽ വരുന്നത്.

**പുരുഷസൂക്തേന പ്രത്യുഷം പുരുഷായ പുഷ്പാണി ദദ്യാത്**

**ഉദകംജലാംശ്ച** ...... സ്നാനാനന്തരം പുരുഷ സൂക്തമെന്ന വേദമന്ത്രത്തിലൂടെ പുഷ്പാർച്ചനയും, ജലാചമനവും, നടത്തിയാലും. ഭൗതിക മാലിന്യങ്ങളകറ്റി, മനശാസ്ത്രപരമായ മാലിന്യങ്ങളകറ്റുവാനുള്ള മാർഗമാണിത്. സർവ്വതിനേയും അടക്കി ഭരിക്കുവാനുള്ള ശക്തി മനുഷ്യനില്ലെന്നും അതിമഹത്തായ ഒരു ചൈതന്യത്തിൻെറ ചെറിയ അംശം



Scanned with CamScanner

മാത്രമാണവനെന്നും നിത്യവും മനസ്സിൽ ഉറപ്പിക്കുന്ന ഒരു കർമ്മമാണിത്. അത്യത്ഭുതമെന്നു പറയട്ടെ, പൂജാമന്ത്രങ്ങളെല്ലാം പൊതുവേ വേദമന്ത്രങ്ങളാണ്. ഇവയും വിശേഷതഃ സാവിത്രീ..... വിശേഷിച്ചും ഗായത്രി മന്ത്രവും അതിമഹത്തായ ചൈതന്യത്തെ സ്തുതിക്കുകയാണ് ചെയ്യുന്നത്. ഈ മഹത്ചൈതന്യം മന്ത്രപദങ്ങളിലൂടെ നാവിൽ നിന്നുതിരുമ്പോൾ മനസ്സിൽ വ്യക്തിയുടെ ഈശ്വരാംശവും, അതുപോലെ തനിക്കുള്ള പരിമിതികളുമാണ് മനനം ചെയ്യപ്പെടുന്നത്. ഇതാണല്ലോ പൂജയുടെ മനശ്ശാസ്ത്രം. വലിയ പ്രപഞ്ചത്തിൻെറ ചെറിയാംശമാണെന്നറിയുവാനും അതനുഭവിച്ച് സ്വയം നിയന്ത്രിക്കുവാനുമുള്ള അവസരം അവനു ലഭിക്കുന്നു.

**ധ്യാനം :** രാത്രിയിൽ പൂർണവിശ്രമത്തിനു ശേഷം ശരീരം ഊർജ്ജ്വവത്താകുന്ന കർമ്മമാണ് മേൽ വിവരിച്ച ആചാരങ്ങൾ. പക്ഷേ മനസ്സിൻെറയും ബുദ്ധിയുടേയും ശക്തി നേടിയെടുക്കുവാൻ ഒരൊറ്റമാർഗമേ ആധുനീകശാസ്ത്രത്തിനും ഉപദേശിക്കുവാനുള്ളൂ-ധ്യാനത്തിന്റേതായ മാർഗം-ധ്യാനം ഭാരതീയം മാത്രമാണ്. അത് ക്രൈസ്തവ ലോകംപോലും ഏറ്റുവാങ്ങിയിരിക്കുന്നു. മനസ്സിനെ (ഏകാഗ്ര) ബിന്ദുവിൽ കേന്ദ്രീകരിച്ച് മറ്റെല്ലാ ചിന്തകളിൽ നിന്നും മോചിപ്പിക്കുന്നതാണ് ധ്യാനം. ഗാഢമായി ധ്യാനനിരതനാകുമ്പോൾ മസ്തിഷ്കത്തിലെ ബീറ്റ തരംഗങ്ങൾ, ആൽഫാ, ഗാമാ, ഡെൽറ്റ, തീറ്റ എന്നീ നിലവാരത്തിലുള്ള തരംഗങ്ങളായി മാറുന്നു. ഇവ മസ്തിഷ്കത്തെ അനേകം മടങ്ങ് പ്രവർത്തന നിരതമാക്കുന്നു എന്ന് ആധുനീക ശാസ്ത്രം EEG പഠനത്തിലൂടെയും തെളിയിച്ചിരിക്കുന്നു. ധ്യാനത്തിൻെറ ശാസ്ത്രീയതക്ക് അംഗീകാരമാണ് അടുത്ത കാലത്തായി അമേരിക്കയിലെ യൂണിവേഴ്സിറ്റി അംഗീകൃത മെഡിക്കൽ പുസ്തകങ്ങളിലെല്ലാം ധ്യാനത്തെക്കുറിച്ച് സവിസ്തരം ശാസ്ത്രീയമായി പ്രതിപാദിക്കണമെന്ന നിബന്ധന.

**മന്ത്രാലാപനം :** മന്ത്രങ്ങൾ നമ്മുടെ ആചാരങ്ങളുടെ ഭാഗമാണ്. വേദമന്ത്രങ്ങൾ ശ്രുതിയോടുകൂടി ചൊല്ലുന്നു. സഹസ്രനാമംപോലുള്ള പുരാണമന്ത്രങ്ങൾ ശ്രുതിയില്ലാതെയും ചൊല്ലാം. ശരീരത്തിൻെറ നെർവുകളിൽ ഈ മന്ത്രങ്ങൾക്കുണ്ടാക്കുവാൻ സാധിക്കുന്ന ചലനത്തെക്കുറിച്ച് ഗഹനമായ പഠനങ്ങൾ നടന്നുവരുന്നു. ഇത്തരം മന്ത്രാലാപനത്തിൻെറ ശാസ്ത്രീയനേട്ടങ്ങളുടെ പഠനങ്ങൾ നടത്തുന്ന വൻ പ്രൊജക്ടുകൾ/വിഭാഗങ്ങൾ കേംബ്രിഡ്ജ്, ഓക്സ്ഫോർഡ് സർവ്വകലാശാലകളിൽ പോലുമുണ്ടത്രെ. ഈ പഠനങ്ങളെ സൈക്കോ ലിംഗ്വിസ്റ്റിക് ഇഫക്റ്റ്സ് എന്നും ന്യൂറോ ലിംഗ്വിസ്റ്റിക് ഇഫക്റ്റ് എന്നും അറിയപ്പെടുന്നു. മനുഷ്യമസ്തിഷ്കത്തിൻെറ പ്രവർത്തനശേഷി (പ്രായോഗികതലത്തിൽ) ഉയർത്തുവാൻ മൃത്യുഞ്ജയ മന്ത്രത്തിനുള്ള കഴിവ്



Scanned with CamScanner

പോലും ഗഹനമായ പഠന-നിരീക്ഷണങ്ങൾക്ക് വിധേയമാക്കിക്കൊണ്ടിരിക്കുന്നു. (മന്ത്രം: **ത്ര്യംബകം യജാമഹേ സുഗന്ധിം പുഷ്ടിവർധനം, ഉർവാരുകമിവ ബന്ധനാത് മൃത്യോർ മുക്ഷീയമാമൃതാത്**) ഇതിൽനിന്നു മനസിലാകുന്നത് പ്രഭാതത്തിലുള്ള നാമജപം, മന്ത്രാലാപനം ഇവക്ക് ഏറെ ശാസ്ത്രീയ മഹത്വമുണ്ടെന്നാണ്.

**പ്രഭാതവന്ദനം:** മേൽവിവരിച്ചതെല്ലാം പ്രഭാതസന്ധ്യയിലെ ആചാരങ്ങളാണ്. മനുഷ്യ ശരീരത്തിൽ സന്ധികൾക്ക് വളരെയധികം പ്രാധാന്യമുണ്ട്. ശരീരസന്ധികളിലുണ്ടാകുന്ന ചെറിയ ക്ഷതം പോലും കാര്യമായ പ്രശ്നങ്ങളുണ്ടാക്കാം. അതുപോലെ നമ്മുടെ നിത്യജീവിതത്തിൽ ശരീരത്തിനും മനസ്സിനും സ്വാധീനമുണ്ടാക്കുന്ന മൂന്നു സന്ധികളുണ്ട്. പ്രഭാതസന്ധി, മധ്യാഹ്നസന്ധി, സായംസന്ധി. ഇരുട്ടിൽ നിന്നും വിശ്രമത്തിൽ നിന്നും പ്രകാശത്തിലേക്കും പരിശ്രമത്തിലേക്കുമുള്ള വ്യതിയാനമാണ് രാത്രിക്കുശേഷം വരുന്ന പ്രഭാതസന്ധ്യ. മനുഷ്യൻ നിത്യവും അഭിമുഖീകരിക്കുന്ന ഈ പ്രകൃതിയുടെ പ്രതിഭാസം ഒരു പ്രശ്നവും സൃഷ്ടിക്കാതെ നന്മനിറഞ്ഞതാക്കിത്തീർക്കുവാനാണ് പ്രഭാത സന്ധ്യാവന്ദനം നടത്തുന്നത്. ശാസ്ത്രീയമായി വ്യാഖ്യാനിച്ചാൽ മനസ്സിന്റേയും ശരീരത്തിന്റേയും നന്മക്കായിട്ടുള്ള ഒരു ആചാരമാണ് പ്രഭാതകർമ്മങ്ങളിലുടനീളമുള്ളത്.

**തീർത്ഥം സേവിക്കൽ :** ഈശ്വരീയമായ കർമ്മത്തിനുശേഷം കഴിക്കുന്നത് തുളസി തുടങ്ങിയ ഔഷധികൾ അടങ്ങിയ തീർത്ഥമാണെങ്കിൽ അതിൽ ശരീരനന്മക്കാവശ്യമായ ഔഷധമൂല്യങ്ങളുണ്ട്. ഇവ രക്തചംക്രമണത്തെ വർദ്ധിപ്പിച്ച് രക്തത്തിലെ മാലിന്യങ്ങൾ നീക്കം ചെയ്യുവാൻ സഹായിക്കുന്നു. ധാരാളം ജലം കുടിക്കുക എന്നതിലും ശാസ്ത്രീയമായൊരുവിവരണം ഉണ്ട്. രക്തത്തിൽ അമിതമായിട്ടടിഞ്ഞിരിക്കുന്ന യൂറിയയും ലവണങ്ങളും, വളരെ എളുപ്പത്തിൽ കിഡ്നിയിലൂടെ അരിച്ചു നീക്കം ചെയ്യുന്നതിന് ഈ ജലപാനം അത്യുത്തമമാണ്. അതായത് ശരീരശുദ്ധീകരണം നടക്കുന്നു.

**ക്ഷേത്രദർശനം :** ക്ഷേത്രാചാരങ്ങളെക്കുറിച്ച് അന്യത്ര വിവരിക്കുന്നുണ്ട്. പ്രഭാതകൃത്യങ്ങളിലെ ക്ഷേത്രദർശനം, ശരീരവ്യായാമം, ഏകാന്തചിന്ത, പ്രതിദിന കർമ്മനിർവഹണത്തിനുള്ള തയ്യാറെടുപ്പ് ഇവയ്ക്ക് ഏറെ പ്രയോജനപ്പെടുന്നു. പ്രഭാതത്തിലെ ക്ഷേത്രദർശനയാത്രയ്ക്ക് വ്യായാമലക്ഷ്യം കൂടിയുണ്ട് എന്നത് പ്രത്യേകം ശ്രദ്ധേയമാണ്. കൂടാതെ ഒരു സാമൂഹ്യലക്ഷ്യവുമുണ്ട്. ചലനാത്മകമായ ലോകത്തിൽ ഇന്നലേക്കും ഇന്നിനുമിടക്ക് നടന്നത് എന്താണെന്നറിയാൻ പ്രഭാതത്തിലെ ക്ഷേത്രയാത്രയിൽ ബന്ധപ്പെടുന്നവരിൽ നിന്ന് നമുക്ക് സാധിക്കുന്നു.



Scanned with CamScanner

**അതിവ്യായാമമതകാസോ ജ്വരം ഛർദ്ദിശ്ച ജായതേ**
**ഹൃദയാദുപരോധശ്ച ........ അതിവ്യായാമലക്ഷണം**

അമിതമായ (ഓടുന്നപോലുള്ള) വ്യായാമം (കഠിനവ്യായാമം) ജ്വരവും ഛർദ്ദിയും, ഹൃദയാഘാതവും ഉണ്ടാകുന്നതിന് കാരണമാകുന്നു.... അതിനാൽ മിതവ്യായാമമായ ക്ഷേത്രദർശനസഞ്ചാരം, രാവിലെ ശരീരത്തേയും മനസ്സിനേയും സംതൃപ്തമാക്കുന്നു.

**സൂര്യ നമസ്ക്കാരം** : ഭാരതീയ ആചാരങ്ങളിൽ സൂര്യനമസ്കാരത്തിന് അതിപ്രധാനമായ സ്ഥാനമാണുള്ളത്. സൂര്യനമസ്കാരത്തിൻെറ പത്ത് ഭാഗങ്ങൾ പത്ത് യോഗാസനങ്ങളാണ്. ശരീരത്തിലെ ഏതാണ്ട് എല്ലാ അസ്ഥിസന്ധികളും മിതമായ നിലവാരത്തിൽ വ്യക്തമായ ചലനത്തിന് വിധേയമാകുന്ന ഒരേ ഒരു വ്യയാമമാണ് സൂര്യസമസ്കാരം. അത്യാധുനിക ചികിത്സാ സമ്പ്രദായങ്ങളിൽപോലും പ്രഭാതത്തിൽ സൂര്യനമസ്കാരം നടത്തേണ്ടതാണെന്ന് ഉപദേശിക്കാറുണ്ട്. പ്രഭാതസന്ധ്യയിലെ ഇളം സൂര്യരശ്മി ശരീരത്തിലെ ത്വക്കിലെ വിറ്റമിൻ ഡി ഉൽപാദനത്തിലും അതിലൂടെ ശരീരത്തിലെ കാത്സ്യം ബാലൻസിങ്ങിനും സഹായിക്കുന്നു. സമഗ്ര ആരോഗ്യത്തിന് അത്യുത്തമമായ ഒരു ആത്മീയ ശാരീരിക വ്യായാമമാണ് സൂര്യനമസ്കാരം. സൂര്യൻെറ പര്യായപദങ്ങൾ നാമമായി ചൊല്ലിയാണ് സൂര്യനമസ്കാരം അനുഷ്ഠിക്കാറുള്ളത്.

**പ്രഭാതഭക്ഷണം** : ആചാരമനുസരിച്ച് തന്നെ - ഭാരതീയർ സസ്യാഹാര രീതി ആനുശാസിച്ചിരുന്നു. പ്രഭാതത്തിൽ കഞ്ഞിയും നെയ്യും മറ്റേതെങ്കിലും സസ്യ-പയർ വിഭവങ്ങളുമായിരുന്നു പതിവ്. കഞ്ഞിയിലെ സുലഭമായ ജലം രക്തത്തിൽ കെട്ടിക്കിടക്കുന്ന മാലിന്യങ്ങളെ പൂർണമായും തന്നെ നീക്കം ചെയ്യുവാൻ സഹായിക്കുന്നു. കഞ്ഞിയിലെ വിറ്റാമിനുകൾ ആരോഗ്യ സംരക്ഷത്തിനും സഹായിക്കുന്നു. നെയ്യിലെ അവശ്യം വേണ്ട ഫോസ്ഫറസും കൊഴുപ്പും, പയറിലെ മാംസ്യവും, ചോറിലെ അന്നജവും ശരീരത്തിനത്യാവശ്യമായ ആഹാരത്തിന് പൂർണത നൽകുന്നു. ഇത്രയും കഴിഞ്ഞ് നിത്യജീവിതകർമ്മത്തിലേക്ക് നാം കടക്കുന്നു.

സായം സന്ധ്യവരെയുള്ള പ്രവർത്തനങ്ങൾക്കിടയിൽ വീട്ടിൽ കയറി വരുമ്പോൾ കയ്യും കാലും കഴുകിവേണം ഗൃഹാന്തർഭാഗത്തേക്ക് പ്രവേശിക്കുവാൻ എന്നുപദേശിക്കാറുണ്ട്.

**കയ്യും കാലും മുഖവും കഴുകുന്ന ആചാരം : അഥാതഃ സുസ്നാതഃ സുപ്രക്ഷാലിതപാണിപാദഃ** അതിനാൽ കൈയ്യും കാലും വെള്ളം തളിച്ച് സ്നാനത്തെപോലെ ശുദ്ധീകരിക്കണം. വഴിയിലൂടെ നടക്കുമ്പോൾ ഏറ്റവുമധികം ചെളിയും പൊടിയും രോഗാണുക്കളും ശരീരത്തിൽ പ്രവേശിക്കുന്നത് പാദം വഴിയാണ്. അതിനാൽ കാൽകഴുകി വേണം ഗൃഹത്തിലേക്ക് പ്രവേശിക്കുവാൻ എന്ന് നിർബന്ധിക്കാറുണ്ട്.



Scanned with CamScanner

ശുദ്ധശാസ്ത്രീയ ആചാരത്തിന് ഉത്തമ ഉദാഹരണമാണ് ഈ കാൽകഴുകി ശുദ്ധീകരിക്കുന്ന പ്രവൃത്തി. മുഖം പൂർണമായും ബാഹ്യപൊടി പടലങ്ങൾക്കു വിധേയമാണ്. അതുപോലെ ചെരിപ്പ് വെളിയിൽ വെക്കണമെന്ന ചടങ്ങുമുണ്ട്. ശ്രീരാമന്റെ കാലം മുതൽക്കോ അതിനു മുമ്പോ ചെരിപ്പ് ഭാരതത്തിലുണ്ടായിരുന്നു എന്ന് വ്യക്തമാണ്. വെളിയിലുള്ള എല്ലാ വൃത്തിഹീനവസ്തുക്കളുമുണ്ടാകുവാൻ സാധ്യതയുള്ള ചെരിപ്പിലെ അഴുക്ക് ഗൃഹാന്തർഭാഗത്ത് വരാതിരിക്കുവാനാണ് ഈ ആചാരം. ക്ഷേത്രത്തിലും ഈ പതിവുള്ളതിന്റെ സാരം ഇതുതന്നെയാണ്. ഭക്ഷണം കഴിക്കുകയും ജലപാനം ചെയ്യുകയും കയ്യിലൂടെയായതിനാൽ കൈ വൃത്തിയായി സൂക്ഷിക്കുക എന്നത് പുരാതനകാലം മുതൽക്ക് ഭാരതത്തിൽ നിലനിന്നിരുന്ന ശുചിയുടെ (Hygeine) അടിസ്ഥാന ശാസ്ത്രത്തിലേക്കു തന്നെ വിരൽ ചൂണ്ടുന്നു. മുഖം കഴുകുന്നത് ശരീരത്തെ സമഗ്രമായി ചൈതന്യവത്താക്കുന്നതിന് ഉപകരിക്കും എന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. ശരീരത്തെ ആവശ്യത്തിന് തണുപ്പിച്ചാൽ രക്തസമ്മർദ്ദംപോലും നിയന്ത്രിക്കുന്നതിന് സാധിക്കുന്നു., ശരീരപോഷണത്തിന് കാലും മുഖവും അൽപസമയമെങ്കിലും തണുത്ത ജലത്തിൽ കഴുകുന്നതും നല്ലാതാണെന്ന് ആധുനിക ശാസ്ത്രവിവരണം. തലചുറ്റി വീഴുകയും മറ്റുവിധത്തിൽ ബോധക്ഷയം ഉണ്ടാകുകയും ചെയ്യുമ്പോൾ മുഖത്ത് വെള്ളം തളിക്കുന്നതിന്റെ ശാസ്ത്രവും ഇതുതന്നെ. അതുകൊണ്ടുതന്നെ ക്ഷീണിതനായ വ്യക്തിയുടെ മുഖം ജലത്താൽ സ്പർശിക്കുമ്പോൾ തന്നെ ചൈതന്യം വീണ്ടെടുക്കുവാൻ സാധിക്കുന്നു.

**സായംസന്ധ്യാനാമം :** പ്രഭാതസന്ധ്യ ഇരുട്ടിൽ നിന്നും പ്രകാശത്തിലേക്കും വിശ്രമത്തിൽ നിന്ന് പരിശ്രമത്തിലേക്കുമുള്ള പ്രയാണമാണ്. എന്നാൽ സായം സന്ധ്യ മറിച്ചാണ്. രണ്ടു സന്ധികൾക്കും ഒരേ പ്രാധാന്യമാണുള്ളത്. ഒരുമിച്ചുള്ള പ്രാർത്ഥന, സന്ധ്യാനാമജപം ക്ഷേത്രദർശനം, ഇവയെല്ലാം, പ്രവർത്തനമുഖരിതമായിരുന്ന ശരീരത്തെ സായം സന്ധ്യക്കുശേഷം സാവധാനത്തിൽ വിശ്രമത്തിലേക്കാനയിക്കുന്നു.

**സന്ധ്യാദീപം :** അഞ്ചു തിരിയിട്ട് പഞ്ചപ്രാണാത്മകമായ ജീവചൈതന്യത്തെ സൂചിപ്പിച്ചും, ജീവാത്മാവ് പരമാത്മാവ് എന്ന രണ്ടു ഭാവത്തെ സങ്കൽപ്പിച്ച് രണ്ടുതിരിയിട്ടും പ്രപഞ്ചചൈതന്യത്തിന്റെ ഒരംശമായ അഗ്നി എന്നു സങ്കൽപ്പിച്ച് ഒരു തിരിയിട്ടും, വിളക്ക് കത്തിച്ചാണ് സന്ധ്യാനാമജപമെന്ന ആചാരം അനുഷ്ഠിക്കുന്നത്.

## ഗൃഹ്യാചാരങ്ങളും ശാസ്ത്രവും

ഒരോ ശിശുവും ജനിച്ച് ഭൂസ്പർശനം മുതൽ അന്ത്യേഷ്ഠിയായ ശ്മശാനാഗ്നിയിൽ ശരീരം കത്തിതീരുന്നതുവരെ അതി പ്രധാനങ്ങളായ



Scanned with CamScanner

**അതിവ്യായാമമതകാസോ ജ്വരം ഛർദ്ദിശ്ച ജായതേ**
**ഹൃദയാദുപരോധശ്ച ........ അതിവ്യായാമലക്ഷണം**

അമിതമായ (ഓടുന്നപോലുള്ള) വ്യായാമം (കഠിനവ്യായാമം) ജ്വരവും ഛർദ്ദിയും. ഹൃദയാഘാതവും ഉണ്ടാകുന്നതിന് കാരണമാകുന്നു.... അതിനാൽ മിതവ്യായാമമായ ക്ഷേത്രദർശനസഞ്ചാരം, രാവിലെ ശരീരത്തേയും മനസ്സിനേയും സംതൃപ്തമാക്കുന്നു.

**സൂര്യ നമസ്ക്കാരം** : ഭാരതീയ ആചാരങ്ങളിൽ സൂര്യനമസ്കാരത്തിന് അതിപ്രധാനമായ സ്ഥാനമാണുള്ളത്. സൂര്യനമസ്കാരത്തിൻെറ പത്ത് ഭാഗങ്ങൾ പത്ത് യോഗാസനങ്ങളാണ്. ശരീരത്തിലെ ഏതാണ്ട് എല്ലാ അസ്ഥിസന്ധികളും മിതമായ നിലവാരത്തിൽ വ്യക്തമായ ചലനത്തിന് വിധേയമാകുന്ന ഒരേ ഒരു വ്യയാമമാണ് സൂര്യസമസ്കാരം. അത്യാധുനിക ചികിത്സാ സമ്പ്രദായങ്ങളിൽപോലും പ്രഭാതത്തിൽ സൂര്യനമസ്കാരം നടത്തേണ്ടതാണെന്ന് ഉപദേശിക്കാറുണ്ട്. പ്രഭാതസന്ധ്യയിലെ ഇളം സൂര്യരശ്മി ശരീരത്തിലെ ത്വക്കിലെ വിറ്റമിൻ ഡി ഉൽപാദനത്തിലും അതിലൂടെ ശരീരത്തിലെ കാത്സ്യം ബാലൻസിങ്ങിനും സഹായിക്കുന്നു. സമഗ്ര ആരോഗ്യത്തിന് അത്യുത്തമമായ ഒരു ആത്മീയ ശാരീരിക വ്യായാമമാണ് സൂര്യനമസ്കാരം. സൂര്യൻെറ പര്യായപദങ്ങൾ നാമമായി ചൊല്ലിയാണ് സൂര്യനമസ്കാരം അനുഷ്ഠിക്കാറുള്ളത്.

**പ്രഭാതഭക്ഷണം** : ആചാരമനുസരിച്ച് തന്നെ - ഭാരതീയർ സസ്യാഹാര രീതി ആനുശാസിച്ചിരുന്നു. പ്രഭാതത്തിൽ കഞ്ഞിയും നെയ്യും മറ്റേതെങ്കിലും സസ്യ-പയർ വിഭവങ്ങളുമായിരുന്നു പതിവ്. കഞ്ഞിയിലെ സുലഭമായ ജലം രക്തത്തിൽ കെട്ടിക്കിടക്കുന്ന മാലിന്യങ്ങളെ പൂർണമായും തന്നെ നീക്കം ചെയ്യുവാൻ സഹായിക്കുന്നു. കഞ്ഞിയിലെ വിറ്റാമിനുകൾ ആരോഗ്യ സംരക്ഷത്തിനും സഹായിക്കുന്നു. നെയ്യിലെ അവശ്യം വേണ്ട ഫോസ്ഫറസും കൊഴുപ്പും, പയറിലെ മാംസ്യവും, ചോറിലെ അന്നജവും ശരീരത്തിനത്യാവശ്യമായ ആഹാരത്തിന് പൂർണത നൽകുന്നു. ഇത്രയും കഴിഞ്ഞ് നിത്യജീവിതകർമ്മത്തിലേക്ക് നാം കടക്കുന്നു.

സായം സന്ധ്യവരെയുള്ള പ്രവർത്തനങ്ങൾക്കിടയിൽ വീട്ടിൽ കയറി വരുമ്പോൾ കയ്യും കാലും കഴുകിവേണം ഗൃഹാന്തർഭാഗത്തേക്ക് പ്രവേശിക്കുവാൻ എന്നുപദേശിക്കാറുണ്ട്.

**കയ്യും കാലും മുഖവും കഴുകുന്ന ആചാരം : അഥാതഃ സുസ്നാതഃ സുപ്രക്ഷാലിതപാണിപാദഃ** അതിനാൽ കൈയ്യും കാലും വെള്ളം തളിച്ച് സ്നാനത്തെപോലെ ശുദ്ധീകരിക്കണം. വഴിയിലൂടെ നടക്കുമ്പോൾ ഏറ്റവുമധികം ചെളിയും പൊടിയും രോഗാണുക്കളും ശരീരത്തിൽ പ്രവേശിക്കുന്നത് പാദം വഴിയാണ്. അതിനാൽ കാൽകഴുകി വേണം ഗൃഹത്തിലേക്ക് പ്രവേശിക്കുവാൻ എന്ന് നിർബന്ധിക്കാറുണ്ട്.



Scanned with CamScanner

ശുദ്ധശാസ്ത്രീയ ആചാരത്തിന് ഉത്തമ ഉദാഹരണമാണ് ഈ കാൽകഴുകി ശുദ്ധികരിക്കുന്ന പ്രവൃത്തി. മുഖം പൂർണമായും ബാഹ്യപൊടി പടലങ്ങൾക്കു വിധേയമാണ്. അതുപോലെ ചെരിപ്പ് വെളിയിൽ വെക്കണമെന്ന ചടങ്ങുമുണ്ട്. ശ്രീരാമൻെറ കാലം മുതൽക്കോ അതിനു മുമ്പോ ചെരിപ്പ് ഭാരതത്തിലുണ്ടായിരുന്നു എന്ന് വ്യക്തമാണ്. വെളിയിലുള്ള എല്ലാ വൃത്തിഹീനവസ്തുക്കളുമുണ്ടാകുവാൻ സാധ്യതയുള്ള ചെരിപ്പിലെ അഴുക്ക് ഗൃഹാന്തർഭാഗത്ത് വരാതിരിക്കുവാനാണ് ഈ ആചാരം. ക്ഷേത്രത്തിലും ഈ പതിവുള്ളതിൻെറ സാരം ഇതുതന്നെയാണ്. ഭക്ഷണം കഴിക്കുകയും ജലപാനം ചെയ്യുകയും കയ്യിലൂടെയായതിനാൽ കൈ വൃത്തിയായി സൂക്ഷിക്കുക എന്നത് പുരാതനകാലം മുതൽക്ക് ഭാരതത്തിൽ നിലനിന്നിരുന്ന ശുചിയുടെ (Hygeine) അടിസ്ഥാന ശാസ്ത്രത്തിലേക്കു തന്നെ വിരൽ ചൂണ്ടുന്നു. മുഖം കഴുകുന്നത് ശരീരത്തെ സമഗ്രമായി ചൈതന്യവത്താക്കുന്നതിന് ഉപകരിക്കും എന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. ശരീരത്തെ ആവശ്യത്തിന് തണുപ്പിച്ചാൽ രക്തസമ്മർദ്ദംപോലും നിയന്ത്രിക്കുന്നതിന് സാധിക്കുന്നു., ശരീരപോഷണത്തിന് കാലും മുഖവും അൽപസമയമെങ്കിലും തണുത്ത ജലത്തിൽ കഴുകുന്നതും നല്ലാതാണെന്ന് ആധുനിക ശാസ്ത്രവിവരണം. തലചുറ്റി വീഴുകയും മറ്റുവിധത്തിൽ ബോധക്ഷയം ഉണ്ടാകുകയും ചെയ്യുമ്പോൾ മുഖത്ത് വെള്ളം തളിക്കുന്നതിൻെറ ശാസ്ത്രവും ഇതുതന്നെ. അതുകൊണ്ടുതന്നെ ക്ഷീണിതനായ വ്യക്തിയുടെ മുഖം ജലത്താൽ സ്പർശിക്കുമ്പോൾ തന്നെ ചൈതന്യം വീണ്ടെടുക്കുവാൻ സാധിക്കുന്നു.

**സായംസന്ധ്യാനാമം :** പ്രഭാതസന്ധ്യ ഇരുട്ടിൽ നിന്നും പ്രകാശത്തിലേക്കും വിശ്രമത്തിൽ നിന്ന് പരിശ്രമത്തിലേക്കുമുള്ള പ്രയാണമാണ്. എന്നാൽ സായം സന്ധ്യ മറിച്ചാണ്. രണ്ടു സന്ധികൾക്കും ഒരേ പ്രാധാന്യമാണുള്ളത്. ഒരുമിച്ചുള്ള പ്രാർത്ഥന, സന്ധ്യാനാമജപം ക്ഷേത്രദർശനം, ഇവയെല്ലാം, പ്രവർത്തനമുഖരിതമായിരുന്ന ശരീരത്തെ സായം സന്ധ്യക്കുശേഷം സാവധാനത്തിൽ വിശ്രമത്തിലേക്കാനയിക്കുന്നു.

**സന്ധ്യാദീപം :** അഞ്ചു തിരിയിട്ട് പഞ്ചപ്രാണാത്മകമായ ജീവചൈതന്യത്തെ സൂചിപ്പിച്ചും, ജീവാത്മാവ് പരമാത്മാവ് എന്ന രണ്ടു ഭാവത്തെ സങ്കൽപ്പിച്ച് രണ്ടുതിരിയിട്ടും പ്രപഞ്ചചൈതന്യത്തിൻെറ ഒരംശമായ അഗ്നി എന്നു സങ്കൽപ്പിച്ച് ഒരു തിരിയിട്ടും, വിളക്ക് കത്തിച്ചാണ് സന്ധ്യാനാമജപമെന്ന ആചാരം അനുഷ്ഠിക്കുന്നത്.

## ഗൃഹ്യാചാരങ്ങളും ശാസ്ത്രവും

ഒരോ ശിശുവും ജനിച്ച് ഭൂസ്പർശനം മുതൽ അന്ത്യേഷ്ഠിയായ ശ്മശാനാഗ്നിയിൽ ശരീരം കത്തിതീരുന്നതുവരെ അതി പ്രധാനങ്ങളായ

ഷോഡശ-പതിനാറ്-സാമൂഹ്യ സംസ്കാരങ്ങൾ ഓരോവ്യക്തിക്കുമുണ്ട്. പ്രത്യേകമായി ഷോഡശ സംസ്കാരകർമ്മങ്ങൾ എന്നുതന്നെയാണ് ഇതറിയപ്പെടുന്നത്. ജനനം മുതൽ മനുഷ്യ ശിശുവിനെ, ഒരു നല്ല വ്യക്തിയായി ജീവിക്കാൻ വേണ്ടി, സംസ്കരിച്ചെടുക്കുന്നതുകൊണ്ടാണ് ഈ പ്രക്രിയ സംസ്കാരം (Processing refining അഥവാ Sacraments) എന്നറിയപ്പെടുന്നത്. ഷോഡശകർമ്മങ്ങളിലെ ഓരോ സംസ്കാര ക്രിയയിലും അനവധി ആചാരതന്ത്രുക്കളുണ്ട്. ആത്മീയതയും ഭൗതികതയും കൈകോർത്ത് വരുന്ന സാമൂഹ്യ ശാസ്ത്രത്തിൻെറ അടിസ്ഥാനമാണിത്. ആത്മീയതയേക്കാൾ കൂടുതലായുള്ള ശാസ്ത്രീയ വശങ്ങളാണ് ഇവിടെ വിവരിക്കുന്നത്.

**ഷോഡശകർമ്മങ്ങൾ :**

**ഗർഭാധാനേ പുംസവനേ സീമന്തോന്നയനേ തഥാ**
**ജാതകർമ്മാനനാലോകനാമ നിഷ്ക്രമണാദിഷു**
**അന്നപ്രാശന ചൂഡാസു തഥോപനയനേ *f* പി ച**
**വേദവ്രതേ സമാവൃത്തൗ വിവാഹേ പുത്രകാമ്യയോ**
**ഗ്രഹപ്രവേശേ ചാധാനേ യജ്ഞേ നവ്യാന്ന ഭോജനേ**

ഗർഭാധാനം, പുംസവനം, സീമന്തം, ജനനശേഷമുള്ള ജാതകർമ്മം, സൂര്യദർശനമെന്ന നിഷ്ക്രമണം, അന്നപ്രാശനം, ചെവികുത്തലെന്ന ചൂഡാകർണം, കഠിബന്ധനം എന്ന നൂല്കെട്ട്, നാമകരണം, ഉപനയനം, വിദ്യാരംഭം, വേദപഠനം, സമാവൃത്തനം, വിവാഹം, പുത്രാധാനം, ഗൃഹപ്രവേശം എന്നിപ്രകാരമുള്ള ഷോഡശകർമ്മങ്ങൾ ഉണ്ട്.

**ജാതകർമ്മം :** അന്ധവിശ്വാസത്തിൻെറ പരമമായ ഉദാഹരണമായിട്ടാണ് ജാതകത്തെയും ജ്യോതിഷത്തേയും പുരോഗമനവാദികൾ കാണാറുള്ളത്. ജ്യോതിഷത്തിൻെറ അടിസ്ഥാനം ഭാരതീയർക്കറിയാമായിരുന്നു, ഇന്ന് വ്യക്തമായി അറിയുന്ന ജ്യോതി (astronomy) ശാസ്ത്രതത്വങ്ങൾ സഹസ്രാബ്ദങ്ങൾക്കുമുമ്പ് ഇവിടെ ശരിയായി വിവരിച്ചിരുന്നു. അതിസൂക്ഷ്മവും, അത്യാധുനികവുമായ ശാസ്ത്രാടിസ്ഥാനത്തിലൂടെ ഗ്രഹങ്ങളുടെ ഗതിവിഗതി ഗണനക്രിയകൾ ഭാരതീയർ കണ്ടുപിടിച്ചുപയോഗിച്ചിരുന്നു.

ജാതകർമ്മത്തിൽ കുഞ്ഞ് ജനിച്ച സമയത്ത് സൂര്യനും, ചന്ദ്രനും, മറ്റു ഗ്രഹങ്ങളും ഈ പ്രപഞ്ചചക്രത്തിൽ എവിടെ സ്ഥിതി ചെയ്യുന്നു എന്നു മാത്രമാണ് രേഖപ്പെടുത്തുന്നത്. പ്രപഞ്ചചക്രശാസ്ത്ര സത്യം മാത്രമാണ് കൃത്യമായി ജാതകർമ്മത്തിൽ തലക്കുറിയായി ഗണിച്ചെഴുതുന്നത്. ഈ ഗണിതക്രിയ ശാസ്ത്രീയമാണ്. ജനനസമയത്ത് കുഞ്ഞിൻെറ ശിരോ ദർശനവേളയിലോ, ഭൂസ്പർശന വേളയിലോ,



Scanned with CamScanner

പൊക്കിൾക്കൊടി മുറിക്കുന്ന വേളയിലോ ഉള്ള ഗ്രഹസ്ഥിതി എഴുതാമെന്ന് ആചാരമുണ്ട്. ഇപ്രകാരമുള്ള ഗ്രഹങ്ങളുടെ ഏകദേശസ്ഥിതി വരുന്നത് കൃത്യം അറുപതാം വയസു തികയുന്ന നക്ഷത്രപിറന്നാളിലാണ്. അതുകൊണ്ടുതന്നെയാണ് ഷഷ്ട്യബ്ദപൂർത്തി ആഘോഷിക്കുന്നതും. പ്രപഞ്ചചക്രത്തിലെ സർവചരാചരങ്ങളും മനുഷ്യസമൂഹത്തെ സ്വാധീനിക്കുന്നുണ്ട്. അവയിൽ ഏറ്റവുമധികം സ്വാധീനിക്കുന്ന മൂന്ന് പ്രമുഖ ശക്തികളാണ് ഭൂമിയും, സൂര്യനും, ചന്ദ്രനും. ഇവയുടെ മൂന്നിന്റേയും പ്രാധാന്യമനുസരിച്ചാണ് ശാസ്ത്രീയമായി, രാശിചക്രത്തിൽ ലഗ്നവും, മാസനാമവും, നക്ഷത്രനാമവും യഥാക്രമം വരുന്നത്. (മേടലഗ്നത്തിൽ, ചിങ്ങമാസത്തിൽ, വിശാഖം നക്ഷത്രത്തിൽ ജനിച്ചു എന്നതുപോലുള്ള വിവരണം ഇതിൻെറ അടിസ്ഥാനത്തിലാണ്). ജ്യോതിഷിയോ, പുരോഹിതനോ, വിളക്കിനു മുമ്പിൽ, സാധാരണ പൂജക്കുശേഷം ഗണിച്ചെടുത്തെഴുതേണ്ടതാണീ ജാതകം. അത്യാധുനീക ശാസ്ത്രത്തിൻെറ ഭാഷയിൽ വിവരിച്ചാൽ മൈക്രോകോസം (മനുഷ്യശരീരം) ജനിച്ചപ്പോൾ മാക്രോകോസം (പ്രപഞ്ചം) എങ്ങിനെയുണ്ടായിരുന്നു എന്ന് ഗണിതത്തിലൂടെ സൂചിപ്പിക്കുന്നു.

**നിഷ്ക്രമണം** : ജനനശേഷം പ്രപഞ്ചതേജസിന്നാധാരമായ സൂര്യ ദർശനമാണ് ഇതിൻെറ പ്രധാനചടങ്ങ്. ബന്ധുമിത്രാദികളുമായി കുഞ്ഞിന് സമ്പർക്കം സാധ്യമാകുന്നഘട്ടം വരെ ഗൃഹാന്തരീക്ഷത്തിൽ ഒതുങ്ങി കൂടിയിട്ട് ശരീരത്തിന് സ്വയം രോഗപ്രതിരോധ ശക്തിയുണ്ടായതിനുശേഷം, ബാഹ്യാന്തരീക്ഷത്തിലേക്കും സമൂഹത്തിലേക്കും ഇറങ്ങുവാൻ തുടക്കം കുറിക്കുന്ന ഒരു ചടങ്ങാണിത്. വിളക്കു കത്തിച്ചുവെച്ച് പ്രത്യേക പൂജകൾ നടത്തി അമ്മയുമച്ഛനും, ഒരു നല്ല ദിവസം, നല്ലസമയത്ത് കിഴക്കുവശത്തുള്ള തുളസിത്തറവരെ കൊണ്ടുപോയിട്ടാണിതാചരിക്കുന്നത്.

**ചൂഡാകർണം** : പ്രകൃതി നൽകിയ ശരീരത്തിൽ ഒരാഭരണം, സമൂഹത്തിലെ സൗന്ദര്യബോധം ജനിപ്പിക്കലിനാണ്, ശരീരത്തിൽ ആദ്യമായി അറിഞ്ഞുകൊണ്ടുണ്ടാക്കുന്ന മുറിവാണിത്. ചെറിയതോതിൽ ബാഹ്യാന്തരിക്ഷത്തിൽ നിന്നും രോഗാണു പ്രവേശം ഈ സമയത്ത് നടക്കുന്നതിനാൽ കുഞ്ഞുശരീരം ആദ്യമായി പ്രതികരിക്കുന്നതി പ്പോഴായിരിക്കും. സംസ്കരിക്കപ്പെടുന്നതിൻെറ മറ്റൊരുപടിയാണിത്. ആഭരണം, ആകർഷണം, സാമൂഹ്യരീതികൾ ഇവയെല്ലാം അറിയുന്നതിൻെറ തുടക്കവും.

**അന്നപ്രാശനം** : അമ്മയിൽനിന്ന് വേർപെട്ട ശരീരം, മാസങ്ങളോളം അമ്മയുടെ പാൽ മാത്രം ആശ്രയിച്ച് ജീവിച്ചതിനുശേഷം, ദഹനേന്ദ്രിയങ്ങൾ വളർച്ച പ്രാപിച്ച്, ശരീരത്തിനാവശ്യമായ പുതിയ പോഷകങ്ങൾ



Scanned with CamScanner

സ്വീകരിക്കുവാൻ തയ്യാറാകുന്ന ദിവസങ്ങളിൽ കൊടുത്തു തുടങ്ങുന്ന അന്നമാണ്, അന്നപ്രാശനത്തിൻെറ മുഖ്യഭാഗം. നല്ല ദിനത്തിൽ നല്ല സ്ഥലത്ത് ആരംഭിക്കേണ്ടതാണ് ഈ ഭക്ഷണസ്വീകരണം.

ജനനത്തിലൂടെ നമ്മുടെ ശരീരത്തിന് കാരണഭൂതമായ (സൃഷ്ടി) തുകൊണ്ടാണ് അച്ഛനും അമ്മയും ഈശ്വരതുല്യരായത്. ജനനശേഷം ശരീരത്തിന്, അമ്മയെ ആശ്രയിക്കുന്നതുപോലെ തത്തുല്യ പോഷകാംശമുള്ള പശുവിനെ, പാലിനായി ആശ്രയിക്കുന്നതുകൊണ്ട് പശു, ഗോമാതാവായി. തുടർന്ന് അന്നത്തിനായി (ആഹാരത്തിനായി) ഭൂമിയുടെ പാലും (ജലം) ഉൽപന്നങ്ങളും (ധാന്യാദികൾ) ഉപയോഗിച്ച് ശരീരം വളർത്തുന്നതുകൊണ്ട്, ശരീരത്തിനാധാരമായ ഭൂമി നമുക്ക് ഭൂമാതാവായി. ഭൂമാതൃത്വസ്വീകരണത്തിൻെറ ആദ്യദിവസമാണ് ചോറൂണ് ! ഇനി വളർന്നു വലുതാകുന്ന കാലഘട്ടത്തിൽ, അഥവാ മരണം വരെ അന്നം മുട്ടിക്കരുതേ എന്ന് അച്ഛനമ്മമാരുടെ പ്രാർത്ഥനയോടെ അവസാനിക്കുന്നതാണിതിൻെറ ചടങ്ങുകൾ. ഓരോ ബന്ധുവും കൊടുക്കുന്ന അന്നാംശം ശരീരത്തിൽ പ്രവേശിക്കുമ്പോൾ, അറിഞ്ഞും അറിയാതെയും ശരീരത്തിൽ പ്രവേശിക്കുന്നതെല്ലാം രോഗപ്രതിരോധശക്തി സ്വയം വർദ്ധിപ്പിക്കുവാൻ അവസരമുണ്ടാക്കുകയും ചെയ്യുന്നു. പുരോഹിതൻെറ സാന്നിദ്ധ്യത്തിൽ ഈശ്വരപൂജ നടത്തി, പൂർവ്വികന്മാരെ സ്മരിച്ച്, വിഘ്നം വരാതിരിക്കുവാൻ ഗണേശപൂജനടത്തി, ഗുരുവിൻെറ അനുഗ്രഹത്തിനായി ഗുരുസ്മരണാമന്ത്രം ചൊല്ലിയാണ് ഈശ്വരനു നിവേദിച്ച അന്നം, അമ്മയും അച്ഛനും, ബന്ധുക്കളും തുടർന്ന് സുഹൃത്തുക്കളും, കൊടുക്കുന്നത്. തലയ്ക്കു കൈവച്ച് അനുഗ്രഹിക്കുന്ന ചടങ്ങും ആദ്യമാരംഭിക്കുന്നത് ഈദിവസമാണ്. കുഞ്ഞിൻെറ വളർച്ചയുടെ ഘട്ടത്തിൽ സമൂഹവുമായി ബന്ധം ആരംഭിക്കുന്നതും ഈ സുദിനത്തിലാണ്. കുഞ്ഞിന് ബന്ധുക്കൾ "ചോറുകൊടുക്കുന്ന" വേളയിൽ മറ്റു കുഞ്ഞുങ്ങൾക്ക് മധുരപലഹാരം പ്രത്യേകം നൽകി സന്തോഷിപ്പിക്കുന്ന ചടങ്ങുമുണ്ട്.

**വിദ്യാരംഭം :** ഉപനയനം എന്ന ചടങ്ങിലൂടെയും വിദ്യാരംഭം നടത്താറുണ്ട്. സത്യാന്വേ ഷണത്തിൻെറ മാർഗമായി വിദ്യ സ്വീകരിക്കുവാൻ തുടങ്ങുന്ന ദിവസമാണിത്. ഉപനയനം എന്ന പദത്തിൻെറ അർത്ഥം അറിവിൻെറ അടുത്തേക്ക് കൊണ്ടുപോകുക എന്നാണ്. വിദ്യാരംഭം എന്ന ദിവസം തന്നെ വിജയദശമിയായി തിരഞ്ഞെടുത്തിരിക്കുന്നു. പുരാണേതിഹാസ ങ്ങളിൽ വിജയത്തിൻെറ ദിവസമാണ് വിജയദശമി. അരിയിൽ ഹരിശ്രീ ഗണപതയേ നമഃ എന്നു എഴുതുമ്പോൾ അന്നമെന്ന ബ്രഹ്മചൈതന്യവും (അന്നം ബ്രഹ്മേതി വിജ്ഞാനാത്) വിദ്യാസമ്പാദന ലക്ഷ്യവും ഒന്നാണെന്ന് സൂചിപ്പിക്കുന്നു. സർവോൽകൃഷ്ടമായ സ്വർണത്താൽ മാതാപിതാക്കളും



Scanned with CamScanner

പുരോഹിതനും ഹരിശ്രീ..... എന്ന് നാവിലെഴുതുമ്പോൾ ചൈതന്യവത്തും ശ്രേഷ്ഠവുമായ സരസ്വതിയും ലക്ഷ്മിയും നാവിൽ വിളങ്ങട്ടെ എന്ന പ്രാർത്ഥനയുമുണ്ട്. ഇനിയുള്ള ജീവിതകാലം എഴുത്തിലൂടെയും ഭാഷയിലൂടെയും നടത്തുന്ന ആശയവിനിമയത്തിന് വിഘ്നം ഉണ്ടാകാതിരിക്കുവാൻ വേണ്ടിയുള്ള പ്രാർത്ഥനയോടെയാണിത് ചെയ്യുന്നത്. അതിനാലത്രെ ഗണപതിയെ രചനയിൽ വരുത്തുന്നത്. ഈശ്വരപൂജയ്ക്കുശേഷമാണ് ഈ കർമ്മം നടത്തുക പതിവ്. മനുഷ്യന് സ്വന്തം ശരീരം ഒന്നാംഭാഗവും ഭക്ഷണം രണ്ടാം ഭാഗവുമാണെങ്കിൽ മൂന്നാം ഭാഗം വിദ്യയാണ്. അത് സ്വാംശീകരിക്കുന്നതിന്റെ ഉൽഘാടനവുമാണിവിടെ നടക്കുന്നത്.

**ഉപനയനം :** ഭാരതത്തിൽ ഇന്നു നിലവിലുള്ള സംസ്കാരകർമ്മങ്ങളിൽ അത്യത്ഭുതമെന്നു പറയേണ്ടതായ ഒരു ആചാരമാണിത്. ഉപനയനം. മൂന്നു നൂലുള്ള ഒരു പൂണൂൽ അഥവാ യജ്ഞോപവീതം ഭാരതീയർ ധരിക്കുവാൻ തുടങ്ങിയിട്ട് ചരിത്രപരമായി ഏതാണ്ട് എണ്ണായിരം വർഷമെങ്കിലുമായിരിക്കും. മനുഷ്യവർഗത്തിന്റെ ഒരാചാരത്തിനും ഇത്രയും കാലപ്പഴക്കമുണ്ടെന്ന് തോന്നുന്നില്ല. എന്തും തിന്നും, കേട്ടും, പറഞ്ഞും, കളിച്ചും, തിമിർത്തും ജീവിച്ചിരുന്ന ചിട്ടയില്ലാത്ത ഒരു കൗമാര ജീവിതത്തിൽ നിന്ന് ചിട്ടയായതും ബോധമുള്ളതുമായ ഭാവിയിലേക്ക് ലക്ഷ്യം വെച്ചുള്ള പഠനം ആരംഭിക്കുക എന്നത്. ഉപനയനമെന്ന് അതിപ്രധാനമായ ആചാരം ഒരു പുനർജന്മം പോലെയാണ്. അതുകൊണ്ടാണ് യജ്ഞോപവീതധാരിയെ ദ്വിജൻ അഥവാ രണ്ടാംജന്മമെടുത്തവൻ എന്നു പറയുന്നത്. നല്ല ദിവസത്തിൽ ഗ്രഹാനുഗ്രഹം ഉള്ളപ്പോൾ ജനിക്കണെമെന്നു പ്രാർത്ഥിക്കുവാനേ സാധാരണമനുഷ്യന് സാധിക്കൂ. എന്നാൽ ഉപനയനം എന്ന പുനർജനനത്തിന് നല്ല ദിവസം, സമയം ഇവ തിരഞ്ഞെടുത്ത് നടത്തുവാനുള്ള അവസരം സ്വേച്ഛയാൽ മാതാപിതാക്കൾക്ക് ലഭ്യമാണ്. അപ്രകാരമൊരു നല്ല ദിവസവും സമയവും തിരഞ്ഞെടുക്കുന്നത് ഗ്രഹസ്ഥിതി നോക്കിയാണ്. അതിനാൽ ഗ്രഹങ്ങളെ 'സന്തുഷ്ടരാക്കുന്ന' കർമ്മമാണ് ആദ്യത്തെ ഗ്രഹശാന്തികർമ്മം. ആത്മീയമായി ഇതിന് മഹത്വമെത്രയുണ്ടെങ്കിലും ഭൗതികമായി ഒരു സന്ദേശം ഇതിൽ വർത്തിക്കുന്നുണ്ട്. മനുഷ്യൻ പ്രപഞ്ചശക്തികൾക്ക് വിധേയനാണ്. അവയുടെ തണലിലേ അവനു ജീവിക്കാനാകൂ എന്ന ബോധം ഇവിടെ ജനിക്കുന്നു. വസ്തുതാപരമായി ചന്ദ്രനും, സൂര്യനും, ഭൂമിയും മനുഷ്യമനസ്സിനേയും ശരീരത്തേയും വ്യക്തമായി സ്വാധീനിക്കുന്നു എന്ന് തെളിയിച്ചിട്ടുണ്ട്. എന്നാൽ മറ്റു ഗ്രഹങ്ങൾ മനുഷ്യശരീരത്തിലുണ്ടാക്കുന്ന



Scanned with CamScanner

സ്വാധീനം എത്രയാണെന്നും, എന്താണെന്നും, അപ്രകാരമൊരു സ്വാധീനമുണ്ടോയെന്നും ആധുനികശാസ്ത്രപ്രകാരം വ്യക്തമല്ല. ഭൂമിയുൾപ്പെടെയുള്ള ഗ്രഹങ്ങളുടെ ശാന്തിയാണ്, ജീവജാലങ്ങളിൽ ശ്രേഷ്ഠമെന്നു ഗണിക്കപ്പെടുന്ന, മനുഷ്യനത്യാവശ്യം വേണ്ടത്. യജ്ഞോപവീത ധാരണത്തെ ആയുസ്സിനും ആരോഗ്യത്തിനും, മംഗളകരമായ കർമ്മത്തിനും ആധാരമാക്കുവാൻ സാധിക്കേണമേ എന്നാണ് ഗ്രഹശാന്തിയിലൂടെ പ്രാർത്ഥിക്കാറുള്ളത്.

**യജ്ഞോപവീതം പരമം പവിത്രം പ്രജാപതേയത്സഹജം പുരസ്താദ്**
**ആയുഷ്യമഗ്ര്യം പ്രതിമുഞ്ചശുഭ്രം യജ്ഞോപവീതം ബലമസ്തുതേജഃ**

സൃഷ്ടികർത്താവിൻെറ സൃഷ്ടികർമ്മമായ യജ്ഞത്തിൻെറ പ്രതിരൂപമായി യജ്ഞോപവിതം ആയുസ്സിന്റേയും, ചൈതന്യത്തിന്റേയും ബലത്തിന്റേയും, തേജസ്സിന്റേയും ഭാവമായി വർത്തിക്കുന്നു.

ഉപനയനത്തിൽ അരിയിലോ മണ്ണിലോ നിന്ന് പുനർജ്ജനിക്കുന്നതിൻെറ പ്രതീകമായിട്ടാണ് ഓരോ ആചാരവും അനുഷ്ഠിക്കാറുള്ളത്. പുരാതനകാലത്ത് ഉപനയനത്തിനുശേഷം ഉപജീവനത്തിന് സ്വയം ഭിക്ഷയെടുത്തു കൊണ്ടുവരണം. താഴ്മയുടേയും സ്വപ്രയത്നത്തിന്റേയും മഹത്വം ഈ പ്രായത്തിൽ ഈ കർമ്മത്തിലൂടെ മനസ്സിലാക്കേണ്ടതുണ്ട്. ലളിതമായ ജീവിതവും ശ്രദ്ധയോടെയുള്ള പഠനചര്യയുമാണിവിടെ പ്രധാനമായും പരിചയപ്പെടുത്തുന്നത്.

**കാകദൃഷ്ടി ബഗ ധ്യാനം ശ്വാന നിദ്ര തഥൈവ ച**
**അൽപാഹാരം ജീർണവസ്ത്രം ഏതേ വിദ്യാർത്ഥി ലക്ഷണം**

കാക്കയെപോലെ ചുറ്റുപാടുമുള്ളവയെക്കുറിച്ചുള്ള സമഗ്രജ്ഞാന ലാഭത്തിനായുള്ള ദൃഷ്ടി, കൊക്കിനെപോലെ ലക്ഷ്യത്തിലേക്കുള്ള ശ്രദ്ധ, പരിസരം മറന്ന് ഉറങ്ങാതെ നായയെപോലെ ശ്രദ്ധയോടെ ഉറങ്ങുവാനുള്ള കഴിവ്. മിതമായ ഭക്ഷണം, സാധാരണരീതിയിലുള്ള വസ്ത്രധാരണം ഇവയായിരിക്കണം വിദ്യാർത്ഥിയുടെ ലക്ഷണം.

ഉപനയനാനന്തരം ബ്രാഹ്മണർ വേദങ്ങൾ പഠിക്കുന്നു. ക്ഷത്രിയർ ധനുർവേദവും, വൈശ്യർ അർത്ഥശാസ്ത്രവും മറ്റുള്ളവർ ശിൽപാദി-നിർമ്മാണ പ്രവർത്തനങ്ങളും പഠിക്കുന്നു. ബ്രാഹ്മണനും, ക്ഷത്രിയനും, വൈശ്യനും യജ്ഞോപവീതമുണ്ട്. ശൂദ്രർ പ്രത്യേകകർമ്മാവസരത്തിൽ മാത്രം യജ്ഞോപവീതത്തിനുപകരം ഉത്തരീയം അണിയുന്നു. ഉപനയനാനന്തരം വിദ്യാർത്ഥിയുടെ ആചാരങ്ങളിൽ സമഗ്രമായ ചട്ടങ്ങൾ/ നിയമങ്ങൾ രൂപം കൊള്ളുന്നു. ഇതുമായി ബന്ധപ്പെട്ട ആചാരങ്ങളെല്ലാം സ്മൃതികളിലും ധർമ്മശാസ്ത്രങ്ങളിലും സവിസ്തരം വിവരിക്കുന്നുണ്ട്.



Scanned with CamScanner

അച്ഛനമ്മമാരിൽ നിന്നും സ്വീകരിക്കുന്ന വസ്തുക്കൾപോലും ഭിക്ഷാരൂപത്തിലായിരിക്കണമെന്ന് നിർബന്ധിക്കുമ്പോൾ, സ്വന്തം കർമ്മധർമ്മങ്ങൾ അനുഷ്ഠിക്കുവാനും കുടുംബജീവിതത്തിലേക്ക് കടക്കുന്നതിന് മുമ്പ് ജീവിതമാർഗ്ഗം കണ്ടുപിടിക്കുന്നതിനും കണ്ടു പഠിക്കുന്നതിനും അവസരം നൽകുന്നു. കൂടാതെ വിദ്യാർത്ഥിയെ സംരക്ഷിക്കേണ്ട ഉത്തരവാദിത്വം സമൂഹത്തിനാണെന്ന് ഈ ഭിക്ഷാടനം ബോധ്യപ്പെടുത്തുന്നു. പാശ്ചാത്യനാടുകളിൽ കലാലയ വിദ്യാർത്ഥികൾ സ്വയം ജോലി ചെയ്തു പഠിക്കുന്ന സമ്പ്രദായമാണ് ഇന്ന് നിലവിലുള്ളത്. അവർക്ക് ജോലി കൊടുക്കേണ്ടത്, ഓരോ ബിസിനസ്സുകാരനും തന്റെ കടമയായി കാണുന്നുണ്ട്. ഇതേവീക്ഷണം മറ്റൊരു വിധത്തിൽ ഭാരതത്തിൽ നിലനിന്നിരുന്നു എന്നതിനു തെളിവാണ് ഉപനയനാനന്തര ഭിക്ഷാടനം. ആവശ്യത്തിനുമാത്രം സ്വീകരിച്ചുപയോഗിക്കുക എന്ന മിതവ്യയവും ഈ ആചാരത്തിലൂടെ അനുഭവ സമ്പത്തായി നേടുന്നു.

ഇന്ന് ഡോക്ടറേറ്റ് ഗവേഷണത്തിന് കഴിവുള്ള വിദ്യാർത്ഥികളെ അന്വേഷിച്ചുനടക്കുന്ന ശാസ്ത്രജ്ഞന്മാരും പ്രൊഫസർമാരുമുണ്ട്. അന്ന് കഴിവുള്ള നൂറു വിദ്യാർത്ഥികളെ ലഭിക്കണമേ എന്ന് പ്രാർത്ഥിക്കുന്ന ഗുരുക്കന്മാരും കുറവായിരുന്നില്ല. ശിഷ്യസമ്പത്താണ് ഗുരുവിന് മഹത്വമോതുന്നത്. ഇന്നും അപ്രകാരമാണല്ലോ ! വിദ്യാർത്ഥിനികൾ ഈ പ്രായത്തിൽ സംഗീതം, നൃത്തം തുടങ്ങിയവയും കുടുംബകർമ്മങ്ങളും അഭ്യസിക്കേണ്ടതാണെന്ന് ധർമ്മശാസ്ത്രം പറയുന്നു.

ഉപനയനത്തിന്റെ പ്രധാനചടങ്ങുകളിൽ വേദശാഖാഭേദമനുസരിച്ച് വ്യത്യാസമുണ്ടാകാം. അതുപോലെ ബ്രാഹ്മണ-ക്ഷത്രിയ-വൈശ്യർ അനുഷ്ഠിച്ചുപോരുന്ന ചടങ്ങുകളിലും കാര്യമായ വ്യത്യാസമുണ്ടാകും. എങ്കിലും പൊതുവേ യജ്ഞോപവീതധാരണം എന്ന കർമ്മത്തിന്റെ പ്രധാന ഭാഗങ്ങൾ ഇപ്രകാരമാണ്. ഗ്രഹശാന്തിക്കായി ഒരു പ്രത്യേക ഹോമം, ബ്രാഹ്മണർക്കും മറ്റുമായി നൽകുന്ന ദാനങ്ങൾ, യജ്ഞോപവീതധാരണഹോമം എന്നിവയ്ക്ക്ശേഷം. ഹോമാന്ത്യത്തിൽ പ്രപഞ്ചചൈതന്യത്തിന്റെ അനുഗ്രഹത്തിൽ, കുളിച്ചു ശുദ്ധനായ ബാലനെ അച്ഛൻ പൂണൂൽ അണിയിക്കുന്നു. തദനന്തരം മാതൃപിതൃദർശനവും അവരുടെ അനുഗ്രഹം വാങ്ങലും. **ഭവതി ഭിക്ഷാം ദേഹി** എന്നു പറഞ്ഞ് അമ്മയിൽ നിന്ന് ആദ്യത്തെ ഭിക്ഷ സ്വീകരിക്കുകയും, പിന്നീട് അച്ഛനിൽ നിന്നും മറ്റു ബന്ധുമിത്രാദികളിൽ നിന്നും ഭിക്ഷ സ്വീകരിക്കുകയും ചെയ്യുന്നു. തന്നെ അനുഗ്രഹിച്ച് ഭിക്ഷ നൽകിയ ബന്ധുമിത്രങ്ങൾക്ക് ഭക്ഷണം നൽകി സന്തോഷിപ്പിച്ചയക്കുന്നതുമാണ് ഉപനയനത്തിന്റെ പ്രധാന ആചാരങ്ങൾ. (ഇന്ന് ഭിക്ഷയോടൊപ്പം വിലപിടിപ്പുള്ള പലതും പ്രസന്റേഷനായി നൽകാറുണ്ട്).



Scanned with CamScanner

വിവാഹം : എട്ടുതരത്തിലുള്ള വിവാഹങ്ങൾക്കുള്ള ആചാരമുണ്ട്. സ്ത്രീ, സ്വയം ഭർത്താവിനെ തിരഞ്ഞെടുക്കുന്ന സ്വയംവരവും അതിൽപെടുന്നു. വിവാഹത്തിലെ ആദ്യനടപടിക്രമം തന്നെ ജാതകപ്പൊരുത്തം നോക്കലാണ്. അത് അന്ധവിശ്വാസമാണെന്നും അനാചാരമാണെന്നും വിശ്വസിക്കുന്നവരുണ്ട്. സാമൂഹ്യമായി നോക്കിയാൽ ഒരു വിവാഹത്തിൽ ബന്ധപ്പെടുന്നവരുടെ ഗുണദോഷങ്ങൾ- കുറവുകളും കഴിവുകളും- അറിയുന്നതിന് ജാതക കൈമാറ്റം, ഗുണദോഷവിചിന്തനം എന്നിവകൊണ്ടു സാധിക്കുന്നു. അതു ജാതകത്തിലൂടെ തന്നെ വേണമെന്നില്ല. ജാതക കൈമാറ്റ അവസരത്തിൽ വ്യക്തികൾ തമ്മിലുള്ള കുശലാന്വേഷണ ത്തിലൂടെപോലും വിവാഹിതരാകുവാൻ പോകുന്നവരുടെ ഗുണദോഷങ്ങളുടെ ഉള്ളറകളിലേക്ക് വെളിച്ചം വീശുന്ന കാര്യങ്ങൾ അറിയുവാനും അറിയിക്കുവാനും സാധിക്കും. ജാതകത്തിൽ വ്യക്തിയുടെ വ്യക്തിത്വ വിശകലനം കുറെയൊക്കെ സാദ്ധ്യമാണ്. അത്തരത്തിലൊരാളുടെ വ്യക്തിത്വത്തിലുള്ള പ്രത്യേകത മറ്റേയാൾക്കു പ്രയോജനപ്പെടുത്താൻ സാധിക്കുന്നത് ആധുനികമായും അംഗീകരിച്ചു തുടങ്ങിയിരിക്കുന്നു എന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു. മെഡിക്കോ അസ്ട്രോളജി എന്ന നവീന പേരിലാണിതറിയപ്പെടുന്നത്. ഗ്രഹങ്ങളുടെ മഹത്വമോ അവയുടെ സ്വാധീനമോ തെളിയിക്കുവാൻ വ്യക്തമായ തെളിവുകൾ നിരത്തുവാൻ ബുദ്ധിമുട്ടാണെങ്കിൽപോലും പഠനാർഹമാക്കാവുന്ന ഒരു വിഷയമായി ജ്യോതിഷ ജാതകവിചിന്തനം (വിവാഹത്തിനു മുമ്പ്) ഉപയോഗിക്കാവുന്ന താണ് എന്നും അംഗീകരിച്ചുതുടങ്ങിയിരിക്കുന്നു.

Medicoastrology എന്ന വിജ്ഞാനശാഖയിലൂടെ വ്യക്തിയുടെ ഗുണദോഷങ്ങൾ സ്വാഭാവവിശേഷങ്ങൾ, കാലക്രമത്തിലുണ്ടാകാവുന്ന മാറ്റങ്ങൾ, വിഷമതകൾ നേരിടേണ്ടിവരുന്ന കാലഘട്ടം, നല്ലസമയത്തെ സമഗ്രമായി പ്രയോജനപ്പെടുത്തുവാനുള്ള അവസരം, ഇവയെല്ലാം അറിയുന്നതിന് കുറെയൊക്കെ സാധിക്കും. ആധുനികശാസ്ത്രത്തിൽ ഇതിന് മറ്റൊരു മാർഗവുമില്ലതന്നെ. നാളത്തെ കാര്യം എന്തെന്നു വിവരിക്കുവാൻ ആരംഭിച്ച Futurology എന്ന ശാസ്ത്രശാഖ, ഏതാണ്ട് ആരും വിശ്വസിക്കാത്ത ഒരവസ്ഥയിലേക്ക് എത്തി നിൽക്കുകയാണ്. ഈ ഒരു രീതിയിലെങ്കിലും, ഭാവിയെക്കുറിച്ചറിയുന്നതിന് ഇന്ന് ലഭ്യമായ ഒരേ ഒരു മാർഗം ജ്യോതിഷം മാത്രമാണ്. ജ്യോതിഷവും, ജാതകപ്പൊരുത്തവും എല്ലാ കുടുംബപ്രശ്നങ്ങൾക്കും ഒരു പരിഹാരമല്ലതന്നെ. ശ്രീരാമനും സീതയും പൂർണ ജാതകപൊരുത്ത മുള്ളവരായിരുന്നുവത്രെ. അവരനുഭവിച്ച ദുരിതം വളരെ വലുതാണ്.

വിവാഹാചാരങ്ങളിൽ പരമപ്രധാനം അഗ്നിയുടെ (വിളക്ക്



Scanned with CamScanner

അല്ലെങ്കിൽ ഹവനാഗ്നി) മുമ്പിൽ വധൂവരന്മാരുടെ പഞ്ചപ്രാണനേയും തമ്മിൽ ഒന്നിച്ചുചേർക്കുന്നതിൻെറ ഭാഗമായി നടത്തുന്ന പഞ്ച ബന്ധനമാണ്. വധൂവരന്മാരുടെ കൈകൾ തമ്മിൽ ചേർത്തുള്ള പാണിഗ്രഹണം. മാലചാർത്തിയുള്ള പരസ്പരസ്വീകരണം. താലികെട്ടി സ്വന്തമാക്കുന്ന ചടങ്ങ്. പുടവ കൊടുത്തുള്ള സ്വായത്തമാക്കൽ. മോതിരം നൽകി സ്വന്തമാക്കിയറിയിക്കൽ. ഈ അഞ്ചുകർമ്മങ്ങൾ ഓരോ ചടങ്ങായിട്ടാണ് നടത്തുന്നത്. ചിലപ്പോൾ 'ശിരോധാര' എന്ന ചടങ്ങും, കുങ്കുമം ചാർത്തൽ എന്ന ചടങ്ങും ഇതിൽ പെടുത്തുക പതിവുണ്ട്. പഞ്ചപ്രാണനെ, അഥവാ പഞ്ചകർമ്മേന്ദ്രിയങ്ങളെ അഥവാ പഞ്ചജ്ഞാനേന്ദ്രിയങ്ങളെ അഥവാ പഞ്ചഭൂതാംശമായ ശരീരത്തെ തമ്മിൽ ബന്ധിപ്പിക്കുന്നതാണീ ചടങ്ങുകൾ. സ്ത്രീയും പുരുഷനും ഒന്നായിത്തീരുന്ന കർമ്മം, അതിനു താൽക്കാലിക സാക്ഷിയായി ബന്ധുമിത്രാദികളും, ശാശ്വതസാക്ഷിയായി പ്രത്യക്ഷമായ ബ്രഹ്മചൈതന്യമെന്നുൽഘോഷിക്കുന്ന അഗ്നിയും നിൽക്കുന്നു. (കാലാന്ത്യത്തിൽ ഭാര്യാഭർത്താക്കന്മാരിൽ ഒരാൾ മരിക്കുമ്പോൾ ഇതേ അഗ്നിയെ 'വിളിച്ചുവരുത്തി', കെട്ടിയ താലിയുടെ ഒരംശം അഗ്നിക്കു നൽകി നന്ദിപറഞ്ഞ് ബന്ധം വേർപെടുത്തുന്ന ചടങ്ങുമുണ്ട്).

വധൂവരന്മാരെ ബന്ധിപ്പിക്കുന്നതിന് സാക്ഷിനിർത്തിയ അഗ്നിക്ക് മലർ ഹോമിച്ചും പൊതുജനത്തിന് (ബന്ധുക്കൾക്കും സുഹൃത്തുക്കൾക്കും) വിഭവസമൃദ്ധമായ സദ്യനൽകിയും നന്ദി പറയുക പതിവുണ്ട്. വിവാഹാനന്തരം നൽകുന്ന സമ്മാനങ്ങൾ, പണ്ടു നവദമ്പതികൾക്ക് പുതിയ ജീവിതം ആരംഭിക്കുമ്പോൾ ആവശ്യമായ വിഭവങ്ങൾ നൽകിയിരുന്ന ചടങ്ങിലൂടെ ആരംഭിച്ചതാണ്.

സ്ത്രീധനം എന്ന ദുരാചാരത്തിന് ഭാരതത്തിൽ സ്ഥാനമുണ്ടായിരുന്നില്ല എന്ന് ഈ വരികളിൽ സൂചിപ്പിക്കുന്നു.

**ഉത്തമം സ്വാർജ്ജിതം വിത്തം മധ്യമം പിതുരാർജ്ജിതം**
**അധമം മാതുലാർജ്ജിതം വിത്തം സ്ത്രീവിത്തം അധമാധമം**

സ്വയം നേടുന്ന സമ്പത്ത് ഉത്തമം, അച്ഛനിൽ നിന്നും സ്വീകരിക്കുന്നത് മധ്യമം, അമ്മാവനിൽ നിന്ന് സ്വീകരിക്കുന്നത് അധമവും, സ്ത്രീധനം ഏറ്റവും അധമവുമാണ്.

**ഗർഭാധാനം :** ആധുനിക ലോകം നിഷിദ്ധമായ ഏതോ ഒരു വിഷയമാക്കി കണക്കാക്കുകയും ഒളിഞ്ഞും തെളിഞ്ഞും കണ്ടും കേട്ടും രസിക്കേണ്ട ഒന്നായി കാണുകയും ചെയ്യുന്ന ലൈംഗീകബന്ധത്തെ ശാസ്ത്ര ദൃഷ്ട്യാ ജീവജാലങ്ങളുടെ വിചാര-വികാര-കർമ്മമണ്ഡലങ്ങളിലെ

അവിഭാജ്യഘടകമായി ആരോഗ്യ ശാസ്ത്രത്തിൻെറ ദൃഷ്ടികോണിലൂടെയായിരുന്നു ഭാരതീയർ കണ്ടിരുന്നത്. കുടുംബബന്ധങ്ങളുടെ നിലനിൽപിൻെറ അടിസ്ഥാനമായാണ് ഭാരതീയർ ഗർഭാധാനത്തെ കണ്ടിരുന്നത്. വെറും രതിക്രീടയായോ കാമകേളിയായോ മാത്രം കാണാതെ പ്രകൃതി, നല്ല പ്രജനനത്തിനുവേണ്ടി നൽകുന്ന അവസരം സന്തുഷ്ടിയുടേയും സംതൃപ്തിയുടേയും രീതിയിൽ നടത്തുന്നതാണിത്. സന്യാസിക്കുപോലും നിഷിദ്ധമായിരുന്നില്ല ലൈംഗീക വിഷയവിവരണം. വാത്സ്യായന മഹർഷിക്ക്, മഹർഷിയുടെ പദവി നിലനിർത്തിക്കൊണ്ടു തന്നെ കാമശാസ്ത്രം എന്ന ശുദ്ധ ശാസ്ത്രീയ ലൈംഗീകഗ്രന്ഥം രചിക്കുവാനും, മറ്റുള്ളവരെ പഠിപ്പിക്കുവാനും സാധിച്ചു. ആധുനിക ശാസ്ത്രദൃഷ്ട്യാ ആരോഗ്യമുള്ള സന്താനം ലഭിക്കുന്നതിന് സ്ത്രീപുരുഷ സംയോഗം നടത്തുന്നതിനു മുമ്പ് അനുശാസിക്കേണ്ട കാര്യങ്ങൾ വ്യക്തമാക്കുന്നുണ്ട്. ഇതിനു സമാന്തരമായ ഒരു സന്ദേശമാണ് ഗർഭാധാനത്തിലൂടെ ഉദ്ദേശിക്കുന്ന സംസ്കാരകർമ്മത്തിലെ ആചാരങ്ങൾ. ഈ ആചാരങ്ങളിൽ അമ്മയാകുവാൻ പോകുന്ന സ്ത്രീയുടേയും, ജനിക്കുവാൻ പോകുന്ന സന്താനത്തിന്റേയും ശാരീരികവും-മാനസീകവുമായ സമഗ്രവികസനത്തിനാവശ്യമായ അടിസ്ഥാനം സൃഷ്ടിക്കുകയാണ് ഉദ്ദേശം.

സഗോത്രവിവാഹം നിഷദ്ധമാണെന്ന് ജാതകം സ്വീകരിക്കുമ്പോൾ തന്നെ ബന്ധുക്കൾ അറിയിക്കാറുണ്ട്. ഒരേഗോത്രത്തിലുള്ളവർ തമ്മിൽ വിവാഹം നടത്താതിരിക്കുന്നത്, ശാസ്ത്രദൃഷ്ട്യാ ഒ രേ കുടുംബത്തിലുള്ളവർ തമ്മിലുള്ള വിവാഹം നടത്തരുതെന്ന നിയമം പോലെയാണ്. ഇതിൻെറ ഫലം ആരോഗ്യമുള്ള സന്താനലാഭം തന്നെയാണ്. ശാസ്ത്രഭാഷയിൽ Cross fertilisation വേണ്ടിയാണീ സഗോത്രവിവാഹ നിഷിദ്ധനിയമം, ജാതകച്ചേർച്ച നോക്കുന്ന വേളയിൽ തന്നെ ശ്രദ്ധിക്കുന്നത്.

**പുംസവനം** : ഗർഭസ്ഥ ശിശുവിന് 6–7 മാസം വളർച്ചയെത്തിയാൽ മാതാവിന് നൽകേണ്ട പരിചരണം, സമൂഹത്തിൽ ലഭിക്കേണ്ട സ്ഥാനമാനങ്ങൾ എന്നിവക്കെല്ലാം ഗർഭവതിയെ തയ്യാറാക്കുകയാണ് പുംസവനം. വിശ്രമം, പരിചരണം, ഭക്ഷണം, സാന്ത്വനം, സംതൃപ്തി എന്നീ കാര്യങ്ങളിൽ കുടുംബക്കാർ നൽകേണ്ട ശ്രദ്ധയോടെയുള്ള ആചാരങ്ങളാണിത്. എല്ലാംതന്നെ ഗർഭവതിയുടെ ശാരീരിക – മാനസിക ആരോഗ്യത്തെ മാത്രം മുൻനിർത്തിയുള്ളതാണ്. ഇക്കാലയളവിൽ അവരുടെ ആരോഗ്യത്തെക്കുറിച്ചും മാനസീക -സന്തുഷ്ടിയെക്കുറിച്ചും, ആധുനികശാസ്ത്രം അടിവരയിട്ട് നിഷ്കർഷിക്കാറുണ്ട്. ഇതേ കാര്യങ്ങൾ



Scanned with CamScanner

സാമൂഹ്യ പ്രതിബദ്ധതയുടെ അടിസ്ഥാനത്തിൽ സൃഷ്ടിക്കുന്നതാണ് പുംസവന ആചാരങ്ങൾ.

പുംസവനം ചടങ്ങുകളുടെ ആചാരവേളയിൽ ബന്ധുക്കളും സുഹൃത്തുക്കളും അനുഗ്രഹിക്കുന്നതും, സന്തോഷിപ്പിക്കുന്നതും, ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് അനുഭവങ്ങൾ പങ്കുവയ്ക്കുന്നതും, എല്ലാം പൂർണമായും മനഃശാസ്ത്രപരമായി സാമൂഹ്യപ്രാധാന്യമുള്ള ചടങ്ങുകളാണ്.

## ഭക്ഷണക്രമത്തിലെ ആചാരശാസ്ത്രം

ഭക്ഷണക്രമങ്ങളുമായി ബന്ധപ്പെട്ട അനവധി ആചാരങ്ങൾ ഭാരതത്തിൽ നിലവിലുണ്ട്. രണ്ടു പ്രധാന ലക്ഷ്യങ്ങളോടു കൂടിയാണ് ഭക്ഷണക്രമത്തിലെ ആചാരങ്ങളെ വീക്ഷിക്കേണ്ടത്. സാമൂഹ്യ ബന്ധങ്ങൾ നിലനിർത്തുവാനും സുദൃഢമാക്കുവാനും ഒരുമിച്ചു ചേർന്നുള്ള ഭക്ഷണക്രമങ്ങൾ ലോകമെമ്പാടും അംഗീകരിച്ചിട്ടുണ്ട്. രണ്ടാമതായിട്ടുള്ളത് വ്യക്തിയുടെ സമ്പൂർണ ആരോഗ്യത്തിനാവശ്യമായ ചടങ്ങുകൾ ഉൾക്കൊള്ളുന്ന ഭക്ഷ്യക്രമം അനുശാസിക്കുന്ന ആചാരങ്ങൾ. ഇത് ഏറ്റവും കൂടുതൽ അനുശാസിച്ചുപോന്നിരുന്നതും പോരുന്നതും ഭാരതത്തിലാണ്.

**അന്നപ്രാശനം :** ഷോഡശകർമ്മാചാരങ്ങൾ അന്യത്രവിവരിച്ചിട്ടുള്ളതു കൊണ്ട് സുദീർഘമായ ഒരു വിവരണം ഇവിടെ ആവശ്യമില്ല. വളർന്നു വരുന്ന കുഞ്ഞിനെ സമൂഹത്തിൽ സംസ്കരിച്ചെടുക്കുന്ന സാംസ്കാരിക കർമ്മമാണിത്. ജീവിതകാലം മുഴുവനും ഏത് അന്നബ്രഹ്മത്തെയാണോ മനഃശരീരവികസനത്തിന് ആശ്രയിക്കേണ്ടത്, അതിനെ ബന്ധുമിത്രാദികളുടെ സാന്നിദ്ധ്യത്തിൽ കഴിക്കുന്നതും അവരിൽ ഒരുവനായിത്തീരുവാനുള്ള അനുഗ്രഹാശിസുകൾ ഏറ്റുവാങ്ങുന്നതും ഈ സുദിനത്തിലാണ്. എന്നും ലഭിക്കേണ്ടതായ (Staple food) ഭക്ഷണം ഭുജിക്കുവാൻ തുടങ്ങുന്ന ദിവസമാണീകർമ്മം അനുഷ്ഠിക്കുന്നത്, എന്നു വിവരിച്ചുവല്ലോ.

**മറ്റു വിശേഷദിനസദ്യകൾ :** ഒരുമിച്ചുവന്ന്, പരസ്പരം സഹകരിച്ച് സഹവസിച്ച്, സഹായിച്ച് കർമ്മത്തിൽ പങ്കെടുത്ത് ഭക്ഷണം കഴിച്ച് പിരിയുമ്പോൾ വ്യക്തികളും കുടുംബങ്ങളും തമ്മിലുള്ള ബന്ധം സുദൃഢമാകുന്നു. ഇതുതന്നെയാണ് ഈ ആചാരത്തിൻെറ പ്രധാന ലക്ഷ്യം. അയയുന്ന ബന്ധങ്ങൾ ഉറപ്പിക്കുവാനും, തെറ്റിദ്ധാരണകളുണ്ടെങ്കിൽ അകറ്റുവാനും, അകൽച്ചകൾ അടുപ്പിക്കുവാനും ഇത് മൂലം സാധിക്കുന്നു. **സഹനൗഭുനക്തു** - ഒരുമിച്ചു ഭക്ഷണം കഴിക്കാം! എന്നതുതന്നെ മാനേജ്മെന്റ് തത്വമാണ്.



Scanned with CamScanner

**അന്നദാനം :** ജീവന്റെ ആധാരം ശരീരവും, ശരീരത്തിന്നാധാരം അന്നവുമാണ്. സമൂഹത്തിൽ സൗഭാഗ്യവാന്മാർ അമിതാഹാരം കഴിച്ച് സുഖിക്കുമ്പോൾ പാവങ്ങൾ അവരുടേതല്ലാത്ത തെറ്റിന് പട്ടിണികിടക്കുന്നു. സമൂഹത്തിന്റെ ദുഃഖം അറിയുവാനും, സഹായഹസ്തങ്ങളിലൂടെ നന്മയുടെ ധർമ്മശാസ്ത്രം പഠിക്കുകയും ചെയ്യുവാനുള്ള ഒരു പന്ഥാവാണ് അന്നദാനം. അതിപുരാതനകാലം മുതൽക്കുതന്നെ സമസ്ത വിശേഷങ്ങളുടേയും ആചാരങ്ങളുടേയും അന്ത്യത്തിലെ ഒരു പ്രധാന ചടങ്ങാണിത്.

**സസ്യാഹാരം :** ക്ഷേത്രചടങ്ങുകളിലും, ഗൃഹ്യചടങ്ങുകളിലും ഭാരതത്തിലെന്നും സസ്യാഹാരം മാത്രമേ വിളമ്പിയിരുന്നുള്ളൂ. സസ്യാഹാരമാണ് മനുഷ്യന് അത്യുത്തമമെന്ന് നിസ്തർക്കം ആധുനികശാസ്ത്രം തെളിയിച്ചു കഴിഞ്ഞിരിക്കുന്നു എന്നുമാത്രമല്ല മാംസാഹാരം ഹൃദ്രോഗം, കാൻസർ, രക്തസമ്മർദ്ദം തുടങ്ങി 157ൽപരം രോഗങ്ങൾക്ക് കാരണമാകുന്നു എന്നും തെളിയിക്കപ്പെട്ടിട്ടുണ്ട്. സസ്യാഹാരത്തിലെ നാരുകൾ (fibres) കുടൽ കാൻസർ കുറക്കുവാൻ വളരെ സഹായിക്കുന്നു. ഇത് വൈറ്റമിനുകളുടേയും, സസ്യാനുബന്ധ ഫാറ്റിആസിഡുകളുടേയും കുറവു പരിഹരിക്കുന്നു, കൊളസ്റ്ററോൾ ആഗിരണവും കുറക്കുന്നു. മനുഷ്യന്റെ സ്വഭാവഗുണ വിശേഷങ്ങളെപ്പോലും സസ്യാഹാരം നല്ലരീതിയിൽ സ്വാധീനിക്കുന്നു.

അന്നത്തെ (ഭക്ഷണത്തെ) ഈശ്വരനായി ദർശിക്കുവാൻ സാധിച്ചിരുന്ന ഭാരതീയർക്ക് മൃഗമാംസം ജന്തുക്കളുടെ ശവശരീര ഭാഗമാകയാൽ, ഈശ്വരസ്ഥാനം നൽകി പ്രണമിക്കുക എന്നത് അസാദ്ധ്യമാകുന്നു. കൊന്നുതിന്നുന്നത് എല്ലാം ശവശരീരമാണുതാനും. ജീവാത്മാചൈതന്യമെന്ന ഈശ്വരാംശത്തെ വഹിക്കുന്ന ഈ ശരീരം ക്ഷേത്രമാണെന്ന് ഭഗവത്ഗീത വ്യക്തമാക്കുന്നു. ആ ക്ഷേത്രത്തിന്റെ വളർച്ചയ്ക്ക് (നിർമ്മിതിക്ക്) മാംസമെന്ന ശവശരീരഭാഗം ഉപയോഗിക്കുന്നത് യുക്തിക്കു നിരക്കാത്തതാണുതാനും. (സസ്യാഹാരത്തിന്റെ പൂർണ ശാസ്ത്രീയ തത്വങ്ങളും, മത്സ്യം-മാംസം എന്നിവയുടെ ശാസ്ത്രരീത്യാൽ തെളിയിക്കപ്പെട്ട ദുഷ്ഫലങ്ങളും വിവരിക്കുന്ന ലഘുപുസ്തകം ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്).

**ഭക്ഷണക്രമത്തിലെ അനുഷ്ഠാനശാസ്ത്രം :** സാമൂഹ്യസദ്യകൾ സമൂഹത്തിന്റെ ഏകീഭാവമെന്ന നേട്ടത്തിനുകൂടി ഉതകുന്ന തരത്തിൽ ഉപയോഗപ്പെടുത്തുവാൻ ഭക്ഷണക്രമത്തിലെ അനുഷ്ഠാനങ്ങൾ വ്യക്തിയുടെ ആരോഗ്യ പരിപോഷണത്തിനും സഹായിക്കുന്നു. അപ്രകാരം വ്യക്ത്യാധിഷ്ഠിതമായ അനവധി ആചാരങ്ങളും ഭാരതീയരുടെ നിത്യജീവിതത്തിലുണ്ട്.



Scanned with CamScanner

**ഭക്ഷണസമയത്തിനുള്ള ആചാരങ്ങൾ :** ചന്ദ്രസൂര്യഗ്രഹണസമയത്ത് അജീർണ്ണമുള്ളപ്പോൾ, അർദ്ധരാത്രിയിൽ, നടുമധ്യാഹ്നത്തിൽ, തൃസന്ധ്യയിൽ, ഉറങ്ങുവാൻ പോകുന്ന അവസരത്തിൽ, ഇരുന്ന് ഭക്ഷണം കഴിക്കുവാൻ സൗകര്യമില്ലാത്തിടത്ത്, ജലത്തിൽ നിന്നുകൊണ്ട്, ബാലന്മാരെ കൊണ്ടു പാകംചെയ്യിക്കുന്നിടത്ത്, വൃത്തിഹീനമായ പരിസരത്തിൽ, രാത്രിയിൽ നെയ്യ് കൂട്ടിയുള്ളത്, തേൻ കൂട്ടിയ ദ്രവ്യങ്ങൾ ഭക്ഷിച്ചതിനു ശേഷം, കൈ-കാൽ-മുഖം ഇവ കഴുകാതെ, ഉച്ഛിഷ്ഠമെന്ന് സംശയമുള്ളത്, മേൽക്കൂരയില്ലാത്ത തുറന്ന സ്ഥലത്ത്, വഞ്ചിയിലിരുന്നും ഗോപുരമുകളിലിരുന്നും-നിന്നും നടന്നുംകൊണ്ട് , ആരുമില്ലാത്ത ഗൃഹത്തിൽ, അഗ്നിഹവനം നടത്തുന്ന ശാലയിൽ, അഗ്നിയാൽ സംസ്കരിക്കപ്പെടുന്ന ദ്രവ്യശാലകളിൽ, പൂജാമുറികളിൽ, ശ്മശാനത്തിൽ ഭക്ഷണം കഴിക്കരുത് എന്ന് യഥാക്രമം സ്മൃതികളിൽ വിവരിക്കുന്നു. ഇവയെല്ലാം ആധുനീകശാസ്ത്രവും ഏതാണ്ട് പൂർണമായും അംഗീകരിക്കുവൻ തുടങ്ങിയിരിക്കുന്നു. ഇവയുടെ അനുബന്ധമെന്നപോലെ ഭക്ഷണക്രമങ്ങളുമായി ബന്ധപ്പെട്ട സാമൂഹ്യ ആചാരങ്ങളുമുണ്ട്.

**വ്രതങ്ങൾ :** ഏകാദശീദിവസത്തിൽ നിത്യഭക്ഷണ ക്രമത്തിൽ മാറ്റം വരുത്തുകയോ ഉപവാസം അനുഷ്ഠിക്കുകയോ ചെയ്യുന്ന പതിവുണ്ട്. നിത്യവും കഴിക്കുന്ന ഭക്ഷണത്തിലെ കുറവുകൾ പരിഹരിക്കുവാൻ ഈ ഭക്ഷണത്തിലുള്ള ഘടകവസ്തുക്കളുടെ മാറ്റം വളരെ പ്രയോജനപ്പെടുന്നു. നിത്യവും അരിഭക്ഷണം കഴിക്കുന്നവർ, ഗോതമ്പിലേക്കും, പുഴുക്കലരി ഭക്ഷിക്കുന്നവർ ഉണക്കലരിയിലേക്കും, ഗോതമ്പുഭക്ഷണം കഴിക്കുന്നവർ ഏതാനും പഴങ്ങളിൽ മാത്രമായി ഒതുങ്ങുന്ന ഭക്ഷണത്തിലേക്കും മാറുന്നു. ഏകാദശി എന്ന പദം 'പതിനൊന്ന്' എന്ന അർത്ഥം മാത്രമുള്ളതാണ്. വർഷത്തിൽ ഏതാനും ദിവസങ്ങളെങ്കിലും ഈ ഭക്ഷണമാറ്റം ഉദ്ദേശിച്ചിട്ടാകാം ഭാരതീയർ ഏകാദശിക്ക് കൂടുതൽ പ്രാധാന്യം വരുത്തിയിരിക്കുന്നത്. ഗുരുവായൂർ ഏകാദശി, തൃപ്രയാർ ഏകാദശി..... തുടങ്ങിയവ അതിന് ഉദാഹരണമാണ്.

**ഉപവാസം :** ഉപവാസങ്ങളുടെ അനുബന്ധ ഗ്രന്ഥങ്ങളെല്ലാം പുരാണങ്ങളാണ്. ശാസ്ത്രീയമായി ശരീരത്തിനും മനസ്സിനും കൂടുതൽ പ്രവൃത്തിഭാരം കൊടുക്കാതെ ഫലമൂലാദികൾ ഒരിക്കൽ മാത്രം കഴിച്ചോ, ജലപാനം മാത്രം ചെയ്തോ അനുഷ്ഠിക്കുന്ന ചടങ്ങാണ് ഉപവാസം. രക്തശുദ്ധീകരണത്തിനും, ദഹനേന്ദ്രിയങ്ങളുടെ ശുദ്ധീകരണത്തിനും അത്യന്തം ഉൽകൃഷ്ടമായ ഒരു ആചാരമാണിത്. ജലസംഭരണി പൂർണമായും വൃത്തിയാക്കി പുതിയ ശുദ്ധജലം നിറക്കുന്നതിന് തുല്യമാണ്. ഓരോ ഉപവാസവ്രതവും. പൊതുവേ അമിതമായി ഭക്ഷിക്കുന്ന



Scanned with CamScanner

ഭാരതീയരിൽ (കേരളീയർ ഉൾപ്പടെ) 36 അടി നീളമുള്ള ചെറു-വൻകുടലുകൾ എല്ലായിപ്പോഴും നിറഞ്ഞിരിക്കും. അവ കഴിയുന്നത്ര ശുദ്ധീകരിക്കുവാനും- ദഹനേന്ദ്രിയങ്ങൾക്കും മറ്റു ഗ്രന്ഥികൾക്കും അൽപം വിശ്രമത്തിനും ആധുനിക ശാസ്ത്രവും ഈ മാർഗം ഉപദേശിക്കുന്നു. രക്ത ശുദ്ധീകരണത്തിനും അമിതമായി രക്തത്തിലടഞ്ഞിരിക്കുന്ന യൂറിയ, ലവണങ്ങൾ, കൊഴുപ്പ് എന്നിവ നീക്കം ചെയ്യുന്നതിനും ഉപവാസം അത്യുത്തമമത്രെ.

**ഒരിക്കൽ** : ഒരു നേരം മാത്രം സാധാരണപോലെ ഭക്ഷണം കഴിച്ച് നിത്യപ്രവൃത്തിയിൽ മിതമായ ക്രമത്തിൽ ഏർപ്പെടുന്നതാണ് ഒരിക്കൽ എന്ന ആചാരം. ഉപവാസമാകട്ടെ, ഈശ്വരചിന്തകൂടി ചേർത്ത് ശരീരത്തിനും മനസ്സിനും ശുദ്ധീകരണം ലക്ഷ്യമിടുന്നു.

**കർക്കിടകമാസവ്രതം** : കർക്കിടമാസത്തിലെ ആദ്യത്തെ ഏഴു ദിനങ്ങളിൽ 7തരം സസ്യങ്ങളുടെ ഇലകൊണ്ടുള്ള കറികളുപയോഗിച്ച് ഭക്ഷണം കഴിക്കുന്ന രീതി വളരെ ശാസ്ത്രീയമായി പണ്ടു മുതൽക്കിവിടെ നിലനിന്നിരുന്നു. സൂര്യപ്രകാശം കുറഞ്ഞ കർക്കിടകത്തിൽ കോരിച്ചൊരിയുന്ന (പഴയകാലത്തെ) മഴയിൽ പണിയെടുക്കാൻ ബുദ്ധിമുട്ടുണ്ടാകുന്നതിനാൽ വിളർച്ചയൊഴിവാക്കുവാനും, കൂടുതൽ ഇരുമ്പു സത്തു ലഭിക്കുവാനും, ചിലവുകുറഞ്ഞ ഭക്ഷണം ലഭ്യമാക്കുവാനും ഈ ആചാരം സഹായിക്കുന്നു. കർക്കിടകത്തിൽ ഉണക്കലരിച്ചോറ് ഉപയോഗിക്കുന്ന പതിവുമുണ്ട്. അരിയിലെ തവിടിൽ സമൃദ്ധമായുള്ള വിറ്റാമിനുകളും മറ്റും ശരീരത്തിന് ഏറെ പ്രയോജനം ചെയ്യുന്നത് പഞ്ഞമാസമായ കർക്കിടകത്തിലാണ്.

**ജലപാനവ്രതം** : രക്തത്തിൽ നിരന്തരം അടിഞ്ഞുകൂടുന്ന യൂറിയ, യൂറിക്കാസിഡ്, അമിത അളവിലുള്ള ലവണങ്ങൾ, ഖര രൂപത്തിലുള്ള മറ്റ് അനാവശ്യവസ്തുക്കൾ ഇവ നീക്കം ചെയ്യുന്നതിന് ഉത്തമമാണ് ജലപാനവ്രതം. ശരീരവേദന, സന്ധിവേദന, കഴപ്പ്, ഇവ ദൂരീകരിക്കുന്നതിനും രക്തസമ്മർദ്ധമുള്ളവർക്ക് ഒരു പരിധിവരെ അത് കുറക്കുന്നതിനും ഈ ഉപവാസം ശ്രേഷ്ഠമാണ്. അതിൻെറ ശാസ്ത്രീയ വിശകലനമാകട്ടെ വളരെ ലളിതവുമാണ്. രക്തത്തിലെ അപദ്രവ്യങ്ങളെ ജലത്താൽ കഴുകി വിയർപ്പിലൂടെയും മൂത്രത്തിലൂടെയും കളയുന്നു.

**ശ്രാദ്ധാദികളിലെ ഭക്ഷണക്രമം** : മരണാനന്തര ക്രിയകളിലെ പ്രത്യേകാനുഷ്ഠാനങ്ങൾക്ക് ശ്രദ്ധയുണ്ടാക്കുവാനും, മറ്റുമായിട്ടാണ് ശ്രാദ്ധാദികളിൽ പ്രത്യേക വിഭവങ്ങൾ തയ്യാറാക്കുന്നത്. അത്ഭുതമെന്നു പറയട്ടെ ശ്രാദ്ധാദികർമ്മങ്ങളിൽ വർജ്ജ്യങ്ങളായ സസ്യവിഭവങ്ങളെല്ലാം

തന്നെ വിദേശത്തുനിന്ന് ഭാരതത്തിലേക്ക് വന്നവയാണ്. അവയൊന്നും സ്വദേശിയല്ല. തക്കാളി, കാബേജ്, ഉള്ളി, കോളിഫ്ലവർ, കാരറ്റ്, ബീറ്റ്റൂട്ട്, പപ്പായ..... അങ്ങിനെ പോകുന്നു പരദേശി ഭക്ഷ്യവിഭവസസ്യ ഉൽപന്നങ്ങൾ. ഭാരതത്തെപോലെയുള്ള ഉഷ്ണമേഖലാരാജ്യത്ത് ഏറ്റവും അനുയോജ്യമായത് സ്വദേശീ ഭക്ഷ്യ വിഭവങ്ങളാണെന്ന് ആധുനിക ശാസ്ത്രം അടിവരയിട്ട് പറയുന്നു. വർജ്ജിക്കേണ്ടത് പരദേശിയും.

**ഭക്ഷണത്തിനു മുമ്പുള്ള പ്രാർത്ഥന :** ഭഗവദ് ഗീതയിലെ വരികളായ

**അഹം വൈശ്വാനരോ ഭൂത്വാ പ്രാണിനാം ദേഹമാശ്രിതഃ**
**പ്രാണാപാന സമായുക്തം പചാമ്യന്നം ചതുർവിധം**

ശരീരത്തിലെ ദഹനശക്തിയേയും ദഹനരസങ്ങളേയും നിയന്ത്രിക്കുന്നതിൽ മനുഷ്യശരീരത്തിന് സ്വതസിദ്ധമായ ശക്തിയാണുള്ളത്. നമ്മുടെ ഇച്ഛാശക്തിക്ക് ഒരു സ്വാധീനവുമില്ല. അതു ഈശ്വരചൈതന്യ മാണെന്ന് മനുഷ്യനെ ഓർമ്മിപ്പിക്കുകയാണീ മന്ത്രം. മാത്രമല്ല നാലുവിധത്തിലുള്ള ദഹനക്രമം പോലും മനുഷ്യനിയന്ത്രണത്തിന്നപ്പുറമാണ് എന്നും ഈ വരികളോർമ്മിപ്പിക്കുന്നു.

**അന്തഃശ്ചരതി ഭൂതേഷു ഗുഹായാം സർവതോമുഖഃ**
**ത്വം യജ്ഞ ത്വം വഷട്കാര ത്വം വിഷ്ണു പുരുഷഃപരഃ**

എന്ന മന്ത്രത്തിൽ മനുഷ്യ ശരീരത്തിലെ ഓരോ കോശത്തിലും വർത്തിക്കുന്ന പ്രപഞ്ചചൈതന്യാംശത്തിന്നാധാരഭൂതമായതും അന്നമാണെന്ന് നമ്മെ ഓർമ്മിപ്പിക്കുന്നു. അതിനു പിന്നിൽ ഒരു ശാസ്ത്രതത്വമുണ്ട്. അശുദ്ധവും, വൃത്തിഹീനവും, രോഗകാരണമാകാൻ സാദ്ധ്യതയുള്ളതുമായ മാംസാഹാരമുൾപ്പെടെയുള്ള ഭക്ഷ്യങ്ങൾ ഈശ്വരീയമല്ലാത്തതിനാൽ അത്തരം വിഭവങ്ങൾ കഴിക്കരുതെന്നും ഈ പ്രാർത്ഥന നമ്മെ ഓർമ്മിപ്പിക്കുന്നു. ഈശ്വരീയമായ ജീവാത്മാവ് വർത്തിക്കുന്ന ക്ഷേത്രതുല്യമായ ശരീരത്തിന്, സത്വഗുണസമന്വിതമായ ആഹാരമാണ് വേണ്ടത് എന്നു വ്യക്തം. കൂടാതെ മുമ്പിൽ ഭക്ഷണം വിളമ്പി ഏതാനും നിമിഷങ്ങൾ പ്രാർത്ഥനകൾ നടത്തുന്നതിനുള്ള സമയത്തിനിടയ്ക്ക് ആമാശയവും ദഹനഗ്രന്ഥികളും, ഉമിനീരുൾപ്പെടെയുള്ള ദഹനരസങ്ങളും ഭക്ഷണത്തെ സ്വീകരിക്കുവാൻ പാകത്തിന് ശരീരത്തെ തയ്യാറാക്കുകയും, തുടർന്ന് സുഗമമായ ദഹനം നടക്കുകയും ചെയ്യുന്നു.

**ഭക്ഷണപാത്രത്തിലെ ആചാരം :** ഭാരതത്തിൽ പൊതുവേ വാഴയിലകൾ പോലെ വിഷാംശമില്ലാത്ത സസ്യ ഇലകളിലായിരുന്നു ഭക്ഷണം നൽകിയിരുന്നത്. ഇതിലൂടെ നല്ലരീതിയിലുള്ള ശുചിത്വം നിലനിർത്താൻ സാധിച്ചിരുന്നു. പല ആവർത്തി പാത്രങ്ങൾ ഉപയോഗിക്കുമ്പോൾ (പാത്രം പൂർണമായും വൃത്തിയായില്ലെങ്കിൽ) അതിലടങ്ങിയിരിക്കുവാൻ



Scanned with CamScanner

സാദ്ധ്യതയുള്ള ഭക്ഷ്യാംശങ്ങളിൽ വളരുന്ന സൂക്ഷ്മാണുക്കളിലൂടെയുള്ള രോഗസാധ്യത പൂർണമായും ഒഴിവാക്കുവാൻ ഈ ആചാരം സഹായിക്കുന്നു. ഹോട്ടലുകളിൽ രോഗികളുൾപ്പെടെ പലരും ഉപയോഗിക്കുന്ന പാത്രങ്ങൾക്കു പകരം ഒറ്റ പ്രാവശ്യം ഉപയോഗിക്കുന്ന വാഴയിലയിൽ മഹത്വമേറെയുണ്ട്. ആധുനികശാസ്ത്ര ഭാഷയിൽ അത് ecofriendly യാണ്. അതിഥികൾക്കും ആദരണീയർക്കും ഇലയിൽ ഭക്ഷണം വിളമ്പുന്നത് ആചാരമാണ്.

**ഇരുന്ന് കഴിക്കേണ്ട ഭക്ഷണം** : നിലത്ത് ആവണപ്പലകയിലിരുന്ന്, അല്ലെങ്കിൽ പുൽപ്പായിലിരുന്ന് ഭക്ഷണം കഴിക്കുന്ന പതിവ് ഇവിടെ ഇന്നും നിലനിൽക്കുന്നു. ഭക്ഷണം നിന്ന് കഴിക്കരുത് എന്നത് നിർദ്ദേശമാണ്. ശരീരത്തിലെ സമഗ്രമായ സന്ധികൾക്ക് ചലനം ലഭിക്കുന്നത് ഭക്ഷണം കഴിക്കുമ്പോഴാണ്. ഭക്ഷണം, സുഖമമായ പെരിസ്റ്റാൾട്ടിക് ചലനത്തിലൂടെ ആമാശയത്തിലെത്തുന്നതിന് ഇരുന്ന് കഴിക്കുന്നത് ഉത്തമമത്രെ!

**ഭക്ഷ്യവിഭവങ്ങൾ** : അതിപുരാതനകാലം മുതൽക്ക് തന്നെ വിവിധതരത്തിലുള്ള സസ്യ ഭക്ഷ്യവിഭവങ്ങളാൽ വിളമ്പുന്ന പതിവുണ്ട്. ഇവയെല്ലാം സമഗ്രമായ പോഷകാംശങ്ങൾ ലഭ്യമാക്കുന്നതിന് സഹായകരമാണ്. വേണ്ടത്ര അന്നജവും., മാംസ്യവും,കൊഴുപ്പും, നാരുകളും ലഭ്യമാക്കുവാൻ ഉതകുംവിധമാണ്. വിശേഷദിവസങ്ങളിലെ ഭക്ഷ്യവിഭവങ്ങൾ. അവകഴിക്കുന്ന ക്രമത്തിലും. ദഹനക്രിയക്കുതകും. വിധമുള്ള നന്മയുണ്ട്. ഭക്ഷണത്തിലെ പലവിഭവങ്ങളിലും ഔഷധ സസ്യങ്ങളും, സുഗന്ധവ്യജ്ഞനങ്ങളും ആവശ്യത്തിനുചേർത്തിരിക്കുന്നതിനാൽ ദഹനം സുഗമമാക്കുകയും ചെയ്യുന്നു.

## വിശേഷ ദിവസാചാരങ്ങളും- ശാസ്ത്രവും

**മേടസംക്രാന്തി** : മേടവിഷു ഭാരതീയരുടെ പ്രത്യകിച്ച് കേരളീയരുടെ ഒരു പ്രധാന ആഘോഷമാണ്. ഈശ്വരീയ ചൈതന്യത്തിന്റെയും വിജയങ്ങളുടെയും, നന്മയുടെയും കഥകളുടെ പിൻബലമതിനുണ്ട്. അതിലുപരി മേടസംക്രാന്തി എന്നത് ശാസ്ത്രീയ വിഷയമാണ്. സൂര്യനുചുറ്റുമുള്ള ഭൂമിയുടെ ദീർഘവൃത്താകൃതിയിലുള്ള സഞ്ചാരപഥത്തിലെ ഒന്നാം ബിന്ദുവാണ് വിഷുവദ് എന്ന മേടരാശിയിലേക്കുള്ള സൂര്യപ്രവേശം. ഭൂമിയിൽ നിന്നു നോക്കുമ്പോൾ ലോക്കസ് എന്ന ഗണിതപ്രകാരം സൂര്യൻ മേടരാശിയിലേക്ക് പ്രവേശിക്കുന്ന സമയമാണ് വിഷുവദ്. അത് ഏത് ദിവസം ഏത് സമയത്ത് സംഭവിക്കുന്നുവോ അതാണ് മേടസംക്രാന്തിസമയം. അന്നാണ് വിഷു എന്ന സുദിനം.

വിഷുക്കണി ചിലപ്പോൾ വ്യത്യസ്ത ദിനങ്ങളിൽ വരുന്നതിനു



Scanned with CamScanner

കാരണമുണ്ട്. ചില ആചാരപ്രകാരം ഉച്ചക്കുശേഷമാണ് സൂര്യൻ മേടസംക്രാന്തി ബിന്ദു കടക്കുന്നതെങ്കിൽ അടുത്ത ദിവസമായിരിക്കും വിഷു ആഘോഷം. അതായത് കണികാണുന്നത് അടുത്തദിവസം. (അതേ ദിവസം രാവിലെ കണികണ്ടാൽ – സൂര്യൻ മീനരാശിയിൽ തന്നെയായതു കൊണ്ട് അന്നേദിവസം സ്വീകാര്യമല്ല എന്നുമാത്രം. മറ്റു ചിലർക്ക് സൂര്യൻ (സമയമേതായാലും) രാശി മാറുന്ന ദിനമാണ് വിഷു ആഘോഷാരംഭം. അതിനാൽ വിഷു എന്നതും മേടസംക്രാന്തി എന്നതും ശുദ്ധ ജ്യോതിശാസ്ത്രത്തിലെ (astronomy) ശാസ്ത്രവിഷയമാണ്. അതിനെ നമ്മയുടെ ആത്മീയതയുമായി കൂട്ടിച്ചേർത്തിരിക്കുന്നു എന്നത് കൊണ്ട് എല്ലാ വർഷവും ഈ സുദിനം നാം ആഘോഷിക്കുന്നു.

**സംക്രാന്തി പുണ്യകാലം :** സൂര്യൻെറ (ഭൂമിയുടെ) ആംഗുലർ വേഗതയാകട്ടെ **(ഏകോന്ന ഷഷ്ഠിലിപ്താ അഷ്ടൗ വിലിപ്താഃ)** ഒരു ദിവസത്തിൽ 59 മിനിറ്റ് 8 സെക്കന്റ്. മേടരാശിയുടെ ആദ്യ ബിന്ദുവിലൂടെ സൂര്യൻ കടന്നുപോകുന്നതിനെടുക്കുന്ന സമയമാണ് സംക്രാന്തി പുണ്യകാലം. ആയിരത്താണ്ടുകൾക്കുമുമ്പ് ഭാരതീയർ കൃത്യമായും ശാസ്ത്രീയമായും ദൈർഘ്യം ഗണിച്ചിരുന്നു എന്നത് അത്യത്ഭുതകരമാണ്. വിഷുക്കണി കാണുന്നത്, ഭൂമിയുടെ സൂര്യ പ്രദക്ഷിണം ആരംഭിക്കുന്ന ദിവസം മുതൽ ഒരു ചക്രം പൂർത്തിയാക്കുന്നതുവരെയുള്ള ഒരു വർഷക്കാലം നന്മവരട്ടെ എന്ന വിശ്വാസവുമിതിലടങ്ങുന്നു. ഭൂഭ്രമണത്തിൻെറ പുതുവത്സരത്തിന്, അതായത് നമ്മുടെ പുതുവത്സരത്തിന് ജ്യോതിശാസ്ത്രത്തിൻെറ പിൻബലമുണ്ടെന്ന് വ്യക്തം. മറ്റേതൊരു മതത്തിൻെറയും പുതുവത്സരം വ്യക്ത്യധിഷ്ഠിതമാണ്, ശാസ്ത്രാധിഷ്ഠിതമല്ല.

**ഓണാഘോഷം :** ഇതിനുമുണ്ട് ജ്യോതിശാസ്ത്രത്തിൻെറ പിൻബലം സൂര്യൻ, സ്വക്ഷേത്രമായ ചിങ്ങം രാശിയിൽ വരുകയും ചന്ദ്രൻ, തിരുവോണം എന്ന നക്ഷത്രസമൂഹത്തിലൂടെ കടന്നുപോകുകയും ചെയ്യുന്ന ദിവസമാണ് ചിങ്ങമാസത്തിലെ പൊന്നോണം. സൂര്യൻ മനുഷ്യ ശരീരത്തേയും ചന്ദ്രൻ മനസ്സിനേയും സ്വാധീനിക്കുന്നു. കർക്കിടകം കഴിഞ്ഞ് പ്രകൃതി സസ്യസമൃദ്ധമായിരിക്കുന്നു. ജ്യോതിശാസ്ത്രത്തിൻെറയും പ്രകൃതിയുമായി ബന്ധപ്പെട്ട കാലാവസ്ഥയുടേയും അടിസ്ഥാനമാണിതിലുള്ളത്.

**ഞാറ്റുവേലകൾ :** കാർഷികവിളകളുമായി ബന്ധപ്പെട്ട സൂര്യചന്ദ്രന്മാർ വ്യത്യസ്ത രാശിയിൽ–ജ്യോതിശാസ്ത്രപരമായി വരുന്ന സമയത്താണ് അതാതു ഞാറ്റുവേലകളുടെ ആരംഭം. ഞാറ്റുവേല എന്ന പദത്തിന്റെ അർത്ഥം ഞാറുനടുന്ന ജോലിയുടെ (വേലയുടെ) ആരംഭമെന്നാണ്. ഇവിടെ കൃഷിയാരംഭം പോലും സൂര്യചന്ദ്രഭ്രമണമെന്ന ശാസ്ത്രവുമായി ബന്ധപ്പെട്ടിരിക്കുന്നു.



Scanned with CamScanner

**ജന്മാഷ്ടമി** : ശ്രീകൃഷ്ണജന്മദിനാഘോഷത്തിന് ജന്മനക്ഷത്രമാണ് (ജന്മദിന ⊘ date of birth) സ്വീകരിച്ചിരിക്കുന്നത്. വ്യക്തി ജനിച്ച ദിവസത്തിന് ശാസ്ത്രീയമായ പ്രത്യേകതയൊന്നുമില്ല. ഉദാഹരണത്തിന് ജനുവരി ഒന്ന് എന്ന ദിവസത്തിന് എന്തെങ്കിലും ജ്യോതിശാസ്ത്രപരമായ പ്രത്യേകതയുണ്ടോ എന്നു പരിശോധിച്ചാൽ ഒരു പ്രത്യേകതയുമില്ല എന്നു വ്യക്തമാകും. ജനുവരി ഒന്നിനുള്ള ഗ്രഹങ്ങളുടെ ഒന്നിന്റേയും സ്ഥാനം അടുത്ത ജനുവരി ഒന്നിന് അതേപോലെയായിരിക്കില്ല. പത്തുപതിനഞ്ചു വർഷം മുമ്പും പിമ്പുമുള്ള ഗ്രഹങ്ങളുടെ, ജനുവരി 1-ാം തീയതിയിലെ സ്ഥിതിപോലും വ്യത്യസ്ഥമായിരിക്കും. എന്നാൽ അതേസ്ഥാനത്താണ് മനുഷ്യനെ ഏറ്റവുമധികം സ്വാധീനിക്കുന്ന സൂര്യൻ, ജനനമാസത്തിൽ അതേരാശിയിലും, ചന്ദ്രൻ ജനനനക്ഷത്രത്തിൽ അതേ നക്ഷത്രസമൂഹത്തിലും, ബുധശുക്രന്മാർ ഏതാണ്ട് കൃത്യമായി അതേ സ്ഥാനത്തും പിറന്നാൾ നക്ഷത്രത്തിൽ എല്ലാവർഷവും ഉണ്ടാകും. ജനിച്ച ദിവസം, ജനിച്ച സമയത്ത് മനുഷ്യനെ ഏറ്റവുമധികം സ്വാധീനിക്കുന്ന സൂര്യചന്ദ്രന്മാർ എവിടെയുണ്ടായിരുന്നുവോ അവിടെത്തന്നെ ഓരോവർഷവും ജന്മനക്ഷത്രത്തിൽ വരുന്നു എന്ന് ശാസ്ത്രം. ജന്മാഷ്ടമി ദിവസം സൂര്യൻ ചിങ്ങം രാശിയിലും ചന്ദ്രൻ രോഹിണി എന്ന നക്ഷത്ര മണ്ഡലത്തിലുമായിരിക്കും. ജന്മാഷ്ടമിക്ക് അർഘ്യം കൊടുക്കുന്നതുപോലും ഗ്രഹങ്ങൾക്കാണ്, ശ്രീകൃഷ്ണനല്ല.

**ശശിനേ ചന്ദ്രദേവായ സൂര്യദേവായ ചേന്ദവേ**
**സൂര്യതിഥി ബിംബായ താരാനാഥായ തേ നമഃ**
**ഗൃഹാണാർഘ്യം മയാദത്തം രോഹിണ്യാ സഹിതോ ശശേ**
**രോഹിണീ സഹിതായ ചന്ദ്രമസേ ഇദമർഘ്യം ഇദമർഘ്യം**

സൂര്യനും ചന്ദ്രനും, രോഹിണി നക്ഷത്ര മണ്ഡലത്തിൻെറ നാഥനായ (ചന്ദ്രനും) ഇതാ ഞാൻ (ശ്രീകൃഷ്ണ അവതാരമുണ്ടായ ഈ സുദിനത്തിലും സമയത്തിലും) അർഘ്യമായി അർപ്പിക്കുന്നു.

**ശ്രീരാമജയന്തി** : സൂര്യൻ മീനം രാശിയിൽ നിൽക്കുമ്പോൾ കറുത്തവാവുകഴിഞ്ഞ് 9-ാംദിവസമാണ് ശ്രീരാമജയന്തി വരുക. ചന്ദ്രൻ അപ്പോൾ പുണർതം എന്ന നക്ഷത്ര സമൂഹത്തിലായിരിക്കും ഗ്രഹങ്ങളുടെ ജ്യോതിശാസ്ത്രപരമായ സ്ഥാനമാണിവിടേയും അടിസ്ഥാനമാക്കുന്നത്.

**ശ്രാവണപൗർണമി** : ഈ ദിനത്തിൻെറ പ്രത്യേകതയും ഇവിടെ വ്യക്തമാകുന്നു. ചിങ്ങമാസത്തിൽ സൂര്യൻ എത്തിയാൽ ആദ്യം വരുന്ന വെളുത്ത വാവാണ് ശ്രാവണപൗർണമി. സൂര്യൻ സ്വക്ഷേത്രത്തിലെത്തിയ ചൈതന്യവും. ചന്ദ്രന് പൂർണതയുടെ ചൈതന്യവും, ഒത്തുചേരുന്ന ദിവസം, മനസും ശരീരവും ശാസ്ത്രീയമായി ചൈതന്യവത്താകുന്നു.



Scanned with CamScanner

**കർക്കിടവാവ്** : സൂര്യൻ കർക്കിടകത്തിൽ "ബലവാന" ല്ലാതെ നിൽക്കുന്നു. ചന്ദ്രനെ ദൃശ്യമാകുന്നതേയില്ല. അതേസമയം ചന്ദ്രൻ സ്വ ക്ഷേത്രമായ കർക്കിടകത്തിൽ 'ഇരുട്ട്' വ്യാപിച്ച് ഭൂമിയോടടുത്തിരിക്കുന്നു. ഈ അമാവാസി ചന്ദ്രനിൽ 'പിതൃക്കൾ വസിച്ച് ഭൂമിയിലെ തൻെറ തലമുറകളെ ഉറ്റുനോക്കുന്നു' എന്നു വിശ്വാസം. മരിച്ചുപോയ ബന്ധുക്കളെ ഓർമ്മിക്കുവാനും, മുൻതലമുറ നമുക്കു നൽകിയിട്ടുപോയ ഈ ശരീരത്തിന് നന്ദി പറയുവാനും അതിലൂടെ തലമുറതലമുറയായുള്ള ബന്ധം ദൃഢീകരിക്കുവാനുമുള്ള ഒരു സാമൂഹ്യശാസ്ത്രമനസ്ഥിതി ഇവിടെ ഉരുത്തിരിയുന്നു. ശുദ്ധശാസ്ത്രത്തിന് ഇവിടെ എന്താണ് പറയുവാനുള്ളതെന്നു വ്യക്തമല്ല.

**പൗർണമി** : മനുഷ്യമനസ്സിനെ ഏറ്റവുമധികം സ്വാധീനിക്കുന്ന ഉപഗ്രഹമാണ് ചന്ദ്രൻ. ചന്ദ്രൻ പൂർണമായിരിക്കുമ്പോളാണ് മനുഷ്യനെയും ജന്തുസമൂഹത്തെയും ഏറ്റവുമധികം സ്വാധീനിക്കുന്നത്. പൗർണമി ദിവസത്തെ പ്രത്യേകമായി കണ്ട് ആചരിക്കുവാൻ കാരണമതായിരിക്കാം. ചന്ദ്രൻെറ അധിദേവത ഭഗവതിയായതിനാൽ പൗർണമിദിനത്തിൽ ഭഗവതി പൂജ നടത്താറുണ്ട്.

**അമാവാസി** : ഒരേ രേഖയിലല്ലെങ്കിലും ചന്ദ്രൻ, സൂര്യനും ഭൂമിക്കുമിടക്ക് വരുന്നതിനാൽ ചന്ദ്രന്റെ പ്രകാശമേൽക്കാത്ത ഭാഗമാണ് ഭൂമിക്കഭിമുഖമായി വരുന്നത്. ഇത് വിപരീതമായി ശരീരത്തെ സ്വാധീനിക്കുന്ന പ്രതിഭാസമായതി നാലാകാം അമാവാസി വ്രതം സ്വീകരിക്കുന്നത്. ആധുനികശാസ്ത്രിതിന് ചന്ദ്രൻെറ ശാരീരികമാനസിക സ്വാധീനം, കടലിലെ വേലിയേറ്റം, വേലിയിറക്കം എന്നീപ്രതിഭാസംപോലെ വ്യക്തമാണ്.

**ഗ്രഹണം** : പുരാണകഥകളിൽ മാത്രമുള്ള വിവരണമാണ് സൂര്യചന്ദ്രന്മാരെ രാഹുസർപ്പം പിടിക്കുന്നു എന്നത്. ജ്യോതിശാസ്ത്ര പരമായി വ്യക്തമായ ധാരണ ഗ്രഹണത്തെക്കുറിച്ചിവിടെ നിലനിന്നിരുന്നു. **ഛാദയതി ശശിസൂര്യം ശശിനം മഹതി ച ഭൂച്ഛായ** - ചന്ദ്രൻ സൂര്യനെ മറയ്ക്കുന്നു, ചന്ദ്രനെയാകട്ടെ മഹത്തായ ഭൂമിയുടെ നിഴൽ മറയ്ക്കുന്നു. നിമിഷങ്ങളുടെ കൃത്യതയോടെ ഭൂമിയുടെ എവിടെ നിന്നും ദൃശ്യമാകുന്ന ഗ്രഹണങ്ങളാണ് ഭാരതീയ ജ്യോതിശാസ്ത്രജ്ഞന്മാർ ആധുനീക ശാസ്ത്രജ്ഞരെപോലും അത്ഭുതപ്പെടുത്തിക്കൊണ്ട് ഗണിച്ചെടുത്തിരുന്നത്.

ഗ്രഹണസൂര്യനെ നഗ്നനേത്രങ്ങളാൽ നോക്കരുത് എന്ന് ആധുനീക ശാസ്ത്രം. കണ്ണുകളുടെ ചൈതന്യം നശിക്കാതിരിക്കുവാൻ ഇന്ന് പ്രത്യേകതരം ഇരുണ്ട ഗ്ലാസുപയോഗിക്കുന്ന സ്ഥാനത്ത് പണ്ട് ചാണകവെള്ളം ഉപയോഗിച്ചിരുന്നു. ചാണകവെള്ളം ഇരുണ്ട ഗ്ലാസുപോലെ അൾട്രാവയലറ്റ് രശ്മിയെ തടയുന്നതിനാണെന്ന് വ്യക്തം.



Scanned with CamScanner

ഗ്രഹണശേഷമുള്ള ശുദ്ധികരണം ശരീരമനസ്സുകളുടെ ശുദ്ധീകരണ ത്തിനാണെന്ന് വ്യഖ്യാനിച്ചാൽപോലും അതു ദുർവ്യാഖ്യാനമാകില്ല. എന്നാൽ ഗ്രഹണസമയത്ത് സൂര്യചന്ദ്രന്മാരെ സർപത്തിൽ നിന്നു മോചിപ്പിക്കുവാ നാണെന്ന രീതിയിലുള്ള (ധാരാളം) അന്ധവിശ്വാസങ്ങളും അവയുടെ അടിസ്ഥാനത്തിലുള്ള അനാചാരങ്ങളും നിലവിലുണ്ട്.

**ദക്ഷിണായന ഉത്തരായന സങ്കൽപം :** ഭൂമിയുടെ സൂര്യഭ്രമണപഥത്തിലൂ ടെയുള്ള സഞ്ചാരത്തിൽ ഭൂമധ്യരേഖക്ക് ഉത്തരഭാഗത്തായി സൂര്യൻ വരുന്നത് ഉത്തരായണവും അത് അവസാനബിന്ദുവിലെത്തി പിന്നീട് തെക്കോട്ടുള്ള പ്രയാണമാരംഭിക്കുന്നത് ദക്ഷിണായനവുമാണ്. സത്കർമ്മങ്ങൾക്ക് കാലം ഗണിച്ചെടുക്കുന്നത് ഭ്രമണത്തിൻെറ അടിസ്ഥാനത്തിലായിരുന്നു. ഉത്തരായണത്തിൽ ഏതാണ്ട് പൂർണമായും മഴ അവസാനിച്ച് സൗകര്യപ്രദമായ കാലാവസ്ഥയായിരിക്കുമുണ്ടാകുക. ഫലവൃക്ഷാദികൾ സമൃദ്ധമായി കായ്ക്കുന്നതും ഇക്കാലഘട്ടത്തിലാണ്. ഏതാണ്ട് എല്ലാ ക്ഷേത്രോത്സവങ്ങളും ഉത്തരായണത്തിലാണ് നടത്തുക.

## പൊതുവായ പൂജകളുമായി ബന്ധപ്പെട്ട ആചാരങ്ങൾ

**ഭൂമിപൂജ :** ഭൂമിപൂജ, ഭാരതീയ ആചാരങ്ങളിൽ ശ്രേഷ്ഠമായ ഒന്നാണിത്. **അയം മാതാ പൃഥ്വീ പുത്രോഽഹം പൃഥിവ്യാ** എന്ന് അഥർവ വേദം ഉൽഘോഷിക്കുന്നു. ഇത് മാതാവായ ഭൂമിയാണ്, ഞാൻ ഭൂമിയുടെ പുത്രനാണ്.

**പൃഥ്വീ ത്വയാ ധൃതാ ലോകാഃ ദേവീ ത്വം വിഷ്ണുനാ ധൃതാ**
**ത്വം ച ധാരയ മാം ദേവീ പവിത്രം കുരു ശാസനം**

ഹേഭൂമീദേവി നീ ലോകജനതയെ ധരിക്കുന്നു. വിഷ്ണു നിന്നേയും വഹിക്കുന്നു. നീ എന്നെ വഹിച്ചാലും എൻെറ കർമ്മത്തെ മംഗളമാക്കിയാലും! സർവജീവജാലങ്ങൾക്കും വായുവും, ജലവും, ആഹാരവും, വസ്ത്രവും, വാസസ്ഥലവും തരുന്നത് ഭൂമി എന്ന ഗ്രഹമായതിനാൽ ഭൂമി പുത്രന്പരിരക്ഷനൽകുന്ന അമ്മയ്ക്ക് തുല്യയാണ്. അതുകൊണ്ട് അമ്മയെ പാദത്താൽ സ്പർശിക്കുന്നതിനുമുമ്പ് നാം ക്ഷമചോദിക്കുന്നു. **സമുദ്രവസനേദേവീ പർവതസ്തന മണ്ഡിതേ വിഷ്ണു പത്നീ നമസ്തുഭ്യം പാദസ്പർശം ക്ഷമസ്വമേ.**

സ്വന്തം വാസസ്ഥലമുണ്ടാക്കുമ്പോളും ഭൂമി പൂജ നടത്താറുണ്ട്, പ്രത്യേക അനുഗ്രഹത്താൽ പൂഴിമണ്ണിൽ പണിയുന്ന അനവധി നില കെട്ടിടങ്ങൾ പോലും മണിക്കൂറിൽ 1600 കിലോമീറ്റർ വേഗതയിൽ



Scanned with CamScanner

കറങ്ങുന്ന ഭൂമിയിൽ അനങ്ങാതെ-തകരാതെ-ചെരിയാതെ നിൽക്കുവാനുള്ള അനുഗ്രഹത്തിനും, സ്വന്തം വിശ്വാസത്തിനുമാകാം ഈ കർമ്മം.

ഭൂമിപൂജയുടെ മറ്റൊരു രൂപമാണ് വാസ്തുപൂജ. ഓരോ ചെറിയ പുരയിടത്തിലും ഒരു വാസ്തുപുരുഷരൂപം ഉണ്ടെന്ന് സങ്കൽപിച്ച് അതിന്റെ ഘടനയനുസരിച്ച് ഗൃഹനിർമ്മാണം നടത്തണം. ഓരോ വീടിന്റെയും നിർമ്മാണത്തിനു മുമ്പ് ചില നിയമങ്ങളനുസരിച്ചിരിക്കണം എന്നത് ആധുനിക കണ്ടുപിടുത്തമല്ല, പുരാതന ഭാരതീയ ശാസ്ത്രമാണത്.

അമേരിക്കയിലും കാനഡയിലും മുനിസിപ്പൽ ബസ്സുകളുടെ ഇരുവശത്തും എഴുതിവെച്ചിട്ടുള്ള ഒരു സന്ദേശമുണ്ട്. Protect mother earth. ഭൂമിയെ ഉപഭോഗവസ്തുവായിക്കണ്ട് exploit ചെയ്യുവാൻ ആഹ്വാനം നൽകിയിരുന്ന പാശ്ചാത്ത്യ സംസ്കാരത്തിൽ മാതാവായ ഭൂമിയെ സംരക്ഷിക്കുവാൻ ആഹ്വാനം നൽകുന്നു. പരിസ്ഥിതി സംരക്ഷണത്തിൽ ബദ്ധശ്രദ്ധരായ ശാസ്ത്രജ്ഞന്മാരുടെ സന്ദേശം തന്നെയാണിത്. അന്ധവിശ്വാസങ്ങളെ നിശിതമായി വിമർശിക്കുന്ന വൻ ശാസ്ത്രജ്ഞസമൂഹമുള്ള ഒരു രാഷ്ട്രത്തിൽ 21-ാം നൂറ്റാണ്ടിലും ഏറെ പ്രചാരം ലഭിച്ചുകൊണ്ടിരിക്കുന്നതാണീ സന്ദേശം പ്രകൃതി സംരക്ഷണശാസ്ത്രത്തിലെ ഈ സന്ദേശം ഹൃദയത്തിൽ ആഴ്ന്നിറങ്ങുന്നതുമാണല്ലോ!.

**സൂര്യവന്ദനം :** സർവജീവജാലങ്ങൾക്കും ആധാരഭൂതമായ അന്നവും ജലവും വായുവും സന്തുലിതമായി നിലനിർത്തുന്നത് സൂര്യനെന്ന് നക്ഷത്രത്തിന്റെ സാന്നിദ്ധ്യംകൊണ്ടു മാത്രമായതിനാൽ

**മിത്രോ ദാധാര പൃഥ്വി** ....... എന്നും, **മിത്രായ ഹവ്യം ഘൃതമജ്ജുഹോതാ** .... എന്നും പറയുന്നു. മിത്രനാണ് ഭൂമിക്കാധാരം, മിത്രനായി ഞാൻ ഈ ഹവിസ്സും നെയ്യും ചേർത്ത് ഹോമിക്കുന്നു......

അന്തരീക്ഷത്തിൽ നിന്നും കാർബൺഡയോക്സൈഡ് സ്വീകരിച്ച് ഭൂമാതാവിൽ നിന്നെടുത്ത ജലവും, വായുവിലെ ഓക്സിജനും ചേർത്ത് "സൂര്യൻ തയ്യാറാക്കുന്നതാണ്" (Photosynthesis). സസ്യങ്ങളിലെ അന്നജം അത്യന്താധുനിക സംവിധാനമുപയോഗിച്ചാൽ പോലും കാർബൺഡൈ ഓക്സൈഡിനെ ജലവുമായി ചേർത്ത്, ഒരു ലാബറട്ടറിയിൽ, അന്നജത്തിന്റെ ഒരു തന്മാത്രപോലും ഉണ്ടാക്കുവാൻ സാധ്യമല്ല. അതു സൂര്യ ചൈതന്യത്തിന്റെ ദാനമാണ്. ഈ അന്നജമാണ് ജന്തുക്കൾക്കും കീടങ്ങൾക്കുമാവശ്യമായ ഭക്ഷ്യദ്രവ്യങ്ങളുണ്ടാകുന്നത്. കടൽസസ്യങ്ങൾ കടൽമത്സ്യങ്ങൾക്കും, കരസസ്യങ്ങൾ ജന്തുക്കൾക്കും ആധാരമാകുന്നു. ഇതിന് ആധാരം സൂര്യനും. അതുകൊണ്ട് നാം സൂര്യനെ പൂജിക്കുന്നു.



Scanned with CamScanner

**ജ്യോതിശുക്ലശ്ചതേജശ്ച ദേവാനാം സതതം പ്രിയ**
**പ്രഭാകരോ മഹാതേജോ ദീപോƒയം പ്രതിഗ്രഹ്യതാം**

ദേവന്മാർക്കുപോലും പ്രിയങ്കരനും ജ്യോതിസ്വരൂപനും മഹാതേജസ്വിയുമായ സൂര്യദേവാ ഈ ദീപം സ്വീകരിച്ചാലും!

**പുസ്തകപൂജ** : സർവജീവജാലങ്ങളിലും രണ്ടുവിധ ജ്ഞാനമുണ്ട്. ആന്തരിക ജ്ഞാനം. ജന്തുസസ്യ-ലതാദികളിലെ സ്വതസിദ്ധമായ എല്ലാ പ്രവർത്തനവും ആന്തരികജ്ഞാനമാണ്. നമ്മുടെ ഹൃദയമിടിപ്പ്-ദഹനക്രിയ തുടങ്ങിയ ശരീരപ്രവർത്തനങ്ങൾ 'ലിഖിത'മായി ജീനുകളിൽ അടങ്ങിയതാണ്. രണ്ടാമത്തെ വിഭാഗം ജ്ഞാനമുണ്ട് ബാഹ്യലോകത്തിൽ നിന്ന് ലഭിക്കുന്നത്. അത് ഗുരുവിൽ നിന്നും ഗ്രന്ഥങ്ങളിൽ നിന്നും ലഭിക്കുന്നു. ശരീരത്തിൽ വസിക്കുന്ന ജ്ഞാനം ഈശ്വരൻ നേരിട്ടുനൽകി. ബാഹ്യജ്ഞാനം ഗുരുവിൽ നിന്നും ലഭിക്കുന്നു. അതിനാൽ ഗുരുവും ഗുരുസ്ഥാനീയങ്ങളായ പുസ്തകങ്ങളും ഈശ്വരീയമായി നാം പൂജിക്കുന്നു.

**ആയുധപൂജ** : അന്നം ബ്രഹ്മേതിവിജാനാത്. ആഹാരം ഈശ്വരനാണ് അതുണ്ടാക്കുവാനും/നേടുവാനുമുള്ള മാർഗങ്ങളാണ് കൃഷികൊണ്ടും. കർമ്മമണ്ഡലത്താലും ഉപകരണങ്ങളാലും സാധിക്കുന്നത്. ജീവന്റെ നിലനിൽപിന്ന് അന്നം ആവശ്യമായതുകൊണ്ട് അതിന്നുപയോഗിക്കുന്ന ഭൂമിയും, കാരണമായ സൂര്യനും, വായുവും, ജലവുമെല്ലാം ഈശ്വര ചൈതന്യമായി. ഇവയെ സംയോജിപ്പിച്ച് അന്ന (മാർഗ) സൃഷ്ടിനടത്തുന്നതുകൊണ്ട് ആയുധം ഈശ്വരതുല്യമായി. ഒരു ഗൃഹസ്ഥന് അന്നം നൽകുന്ന പ്രവൃത്തി ഓഫീസ് ഫയൽ നോക്കുന്നതിലൂടെയായതിനാൽ പേന അന്നത്തിന്നാധാരമാണ്. പേന മറ്റു ആയുധങ്ങളും പൂജക്കു വയ്ക്കാം. അതുപോലെ കമ്പ്യൂട്ടറും, ലേത്തും, അത്യാധുനിക/പുരാതന ഉപകരണങ്ങളുമെല്ലാം, പൂജിക്കേണ്ടത് ജീവിതോപാധിയായതുകൊണ്ടാണ്.

**വാഹനപൂജ** : നമ്മുടെ ആചാരങ്ങളിൽ ഒരു പ്രധാന ഭാഗമാണ് ആയുധപൂജ. തൊട്ടുതലയിൽ വെച്ചിട്ട് അഥവാ വണങ്ങിയതിനു ശേഷമേ നാം അതുപയോഗിക്കുകയുള്ളൂ. അതുപോലെതന്നെയാണ് നമ്മെ വഹിക്കുന്ന വാഹനവും. അതും പ്രവർത്തിക്കുന്നത് ഒരു ചൈതന്യത്താലാണ് എന്നറിഞ്ഞുകൊണ്ടുതന്നെയാണ് നാം ആ ചൈതന്യത്തെയും വന്ദിക്കുന്നത്.

**വൃക്ഷപൂജ** : ഭൂമിയിലെ ജീവചൈതന്യം പ്രപഞ്ചചൈതന്യത്തിന്റെ ഒരംശമായി ഭാരതീയർ കാണുന്നു. ജീവാത്മാവ് പരമാത്മാവിന്റെ അംശമാണെന്ന് നമുക്കറിയാം. അതിന്റെ ഉത്ഭവം പോലെതന്നെ നിലനിൽപും ഈശ്വരീയ കർമ്മമാണ്. ജീവന്റെ നിലനിൽപ്



Scanned with CamScanner

വൃക്ഷലതാദികളിലൂടെ ലഭിക്കുന്ന അന്നത്തിലധിഷ്ഠിതമായതു കൊണ്ടത്രെ നാം വൃക്ഷത്തെ ആരാധിക്കുന്നത്.

**ഗോപൂജ :** അമ്മ ജന്മം നൽകിയാൽ പിന്നെ ശരീരവളർച്ചക്കായി മനുഷ്യൻ ആദ്യം ആശ്രയിക്കുന്നത് അമ്മയുടെ പാൽ, പിന്നെ ആശ്രയിക്കുന്നതാകട്ടെ പശുവിൻെറ പാലും. ജനനാൽപരം കുറച്ചു കാലത്തേക്കു ലഭിക്കുന്ന അമ്മയുടെ പാലിനു ശേഷം ജീവിതാന്ത്യം വരെ ലഭിക്കുന്നത് ഗോമാതാവിൻെറ പാലാണ്. അതിനാൽ ഗോമാതാവ് അമ്മയ്ക്കുതുല്യം പൂജനീയയാണ്. (നമ്മുടെ ശരീരത്തിൻെറ അസ്തിത്വത്തിനാധാരമായ ഒരു ഘടകം തരുന്ന രീതിയിൽ ഗണിച്ചാലും) ആടും എരുമയും പാലുതരുന്നുണ്ട്. അത് നമ്മിൽപലരും ഉപയോഗിക്കുന്നുമുണ്ട്. ഭാരതീയ ഗ്രന്ഥങ്ങളിൽ ആട്ടിൻപാലും എരുമപ്പാലും ചില രോഗങ്ങൾക്കുള്ള ഔഷധങ്ങൾക്കായി ഉപയോഗിക്കാമെന്ന് പറയുന്നു. എന്നാൽ ആഹാരമായി ഭാരതീയർ സ്ഥിരം ഉപയോഗിച്ചിരുന്നത് പശുവിൻപാൽ മാത്രമായിരുന്നു. അതിനാലത്രെ പശുവിന് മാത്രം മാതൃസ്ഥാനം ലഭിച്ചത്. ആധുനികശാസ്ത്രം, അമ്മയുടെ പാലിനോട് ഏറ്റവും അടുത്തസ്ഥാനം നൽകിയിരിക്കുന്നതും പശുവിൻ പാലിനാണ്.

**അതിഥിപൂജ :** മാതൃ-പിതൃ-ആചാര്യ ദേവോ ഭവ എന്ന് ഉപദേശിച്ചതിനു ശേഷം അതിഥി ദേവോ ഭവ എന്നു പറയുമ്പോൾ ദിവസം (തിഥി) നോക്കാതെ ഗൃഹത്തിലേക്കാഗതനാവുന്ന വ്യക്തിയും ഈശ്വരനു തുല്യനാകുന്നു എന്നർത്ഥംവരുന്നു. അതിനാൽ പൂജനീയനാണ്. മാനവമൈത്രിയുടെ മഹത് സന്ദേശം സഹസ്രാബ്ദങ്ങളായി ഭാരതം നടപ്പിലാക്കിയത് ഈ സന്ദേശത്തിൻെറ ആചാരമായാണ്.

**സർപ്പപൂജ :** സർപപൂജ പ്രധാനമായും നടത്തുന്നത് എല്ലാ മാസത്തിലേയും ആയില്യ ദിവസവും. വർഷത്തിൽ ഒരിക്കൽ പത്താമുദയ ദിവസത്തിലുമാണ്. ശാസ്ത്രീയമായ ഒരു വിശകലനം ആയില്യത്തിന് സാധ്യമാണോ എന്നറിയില്ല. എന്നാൽ സൂര്യൻ മേടസംക്രാന്തി കഴിഞ്ഞ് (അതായത് ഭൂഭ്രമണനിയമപ്രകാരം ഭൂമി ഭ്രമണചക്രത്തിൻെറ ആരംഭ ബിന്ദു കഴിഞ്ഞ് പത്ത് ഡിഗ്രിയിൽ നിൽക്കുന്ന ദിവസമാണ് പത്താമുദയം. ജ്യോതിഷാചാരപ്രകാരം സൂര്യൻെറ ഏറ്റവും ഉച്ചസ്ഥിതി ഇതാണ്. അത്യത്ഭുതകരമായ വസ്തുത സൂര്യൻ ഭൂമിയോടു ഏറ്റവും അടുത്തുവരുന്നതും. (ജനുവരി 3) ഏറ്റവും അകലുന്നതും (ജൂലൈ 3) അല്ലാത്ത മറ്റൊരു ബിന്ദുവാണിത്. ഈ ദിനത്തിലാണ് ഭൂമിയിൽ ഏറ്റവും കൂടുതൽ സൂര്യൻെറ ചൂടനുഭവപ്പെടുന്നത്. ഒരു പക്ഷേ താപം സഹിക്കാതെ പുറത്തേക്ക് വരുന്ന ഈ പാമ്പുകളെ ഉദ്ദേശിച്ചായിരിക്കും സർപ്പപൂജ. അറിയപ്പെടുന്ന വിഷഹാരിയായ മഞ്ഞൾപ്പൊടിയാണ് ഈ



Scanned with CamScanner

പൂജക്കുപയോഗിക്കുന്നത്. പണ്ട് ഓരോ വീട്ടിലും ഓരോ സർപ്പക്കാവുണ്ടായിരുന്നു. ആധുനീക ശാസ്ത്രപ്രകാരം അതൊരു പരിസ്ഥിതി സംരക്ഷിത ശക്തിയായി വർത്തിച്ചിരുന്നു എന്ന് ലോകപരിസ്ഥിതി സംഘടനയും അംഗീകരിക്കുന്നു. വിവിധ വൻ വൃക്ഷങ്ങൾ, സൂക്ഷ്മാണുക്കൾ, ചെറു ജീവികൾ, സസ്യലതാദികൾ, കുളം, സർപ്പവിഗ്രഹം ഇവ ചേർന്നതാണ് സർപ്പക്കാവ്. കേരളത്തിലെ സർപ്പക്കാവുകൾ ഒരു Bioreserve ആയിട്ടാണ് ആധുനിക ശാസ്ത്രം കാണുന്നത്. ഇത് സംരക്ഷിക്കുവാനുള്ള ഏറെ സംരംഭങ്ങൾ അന്താരാഷ്ട്ര തലത്തിൽ തന്നെ നടന്നുവരുന്നു. പല രോഗങ്ങൾക്കും ശാന്തി ലഭിക്കുവാൻ സർപ്പക്കാവുകളിൽ ദിവസവും കുറേനേരം ചിലവഴിച്ചാൽ മതിയാകും, എന്നും ശാസ്ത്രത്തിൻെറ പിൻബലത്തോടെ ഉപദേശിക്കാറുണ്ട്.

**തുളസീപൂജ :** തുലാമാസത്തിൽ 9 ദിവസം നീണ്ടു നിൽക്കുന്ന തുളസി പൂജ പണ്ട് കേരളത്തിൽ പതിവുണ്ടായിരുന്നു. ഒമ്പതാംദിനത്തിൽ തുളസിത്തറയിൽ ഒരു നെല്ലിമരക്കൊമ്പും ചേർത്താണ് പൂജ. അന്നത്തെ സന്ധ്യാപൂജ കഴിഞ്ഞാൽ തുളസിക്കുചുറ്റും നെല്ലിക്കയിൽ തന്നെ തിരിവെച്ച് വിളക്കു കത്തിച്ച് കുളം, കിണർ, തൊഴുത്ത്, സർപ്പക്കാവ് എന്നിവടങ്ങളിൽ വെയ്ക്കാറുണ്ട്. ഗൃഹത്തിനു ചുറ്റുപാടുമായി നമുക്കുണ്ടാകേണ്ട ശാരീരബന്ധമുദ്ദേശിച്ചായിരിക്കാം ഈ കർമ്മങ്ങൾ.

**വിളക്കുവെച്ചുള്ള പൂജ :** വിളക്കുവെച്ച് ഏതു ദേവനേയും അതിലാവാഹിച്ച് പൂജനടത്താവുന്നതാണ്. വിളക്കിൽ ഇടേണ്ട തിരിയുടെ എണ്ണത്തെക്കുറിച്ച് വ്യക്തമായ വിവരണമുണ്ട്.

**ഏകവർത്തിർ മഹാവ്യാധിഃ ദ്വിവർത്തിസ്തു മഹാധനം**
**ത്രിവർത്തിർ മോഹാലസ്യം ചതുർവർത്തിർ ദരിദ്രതാ**
**പഞ്ചവർത്തിസ്തു ഭദ്രം സ്യാത് ദ്വിവർത്തിസ്തുസുശോഭനം**

ഒറ്റതിരി വ്യാധിക്കുകാരണമാകുന്നു, രണ്ടു തിരിയാകട്ടെ ധനലാഭത്തിനും മൂന്നുതിരി അത്യാഗ്രഹത്തിനും ആലസ്യത്തിനും, നാലുതിരി ദാരിദ്രത്തിനും, അഞ്ചുതിരി ശുഭലാഭത്തിനും കാരണമാകുന്നു. രണ്ടു തട്ടുള്ള വിളക്ക് ശോഭനവുമാണ്.

**പൂർണകുംഭപൂജ :** അതിഥികളേയും ശ്രേഷ്ഠന്മാരേയും സ്വീകരിക്കുമ്പോളാണ് പൂർണകുംഭ സ്വീകരണം നൽകുന്നത് 'നിറഞ്ഞ' സംതൃപ്തി, സന്തോഷം, ചൈതന്യം, ദ്രവ്യം എന്നിവയെ സൂചിപ്പിക്കുന്നതാണ് 'പൂർണ' കുംഭം. കുഭത്തിൽ (കുടത്തിൽ) സാധാരണയായി ജലമെടുക്കുന്നു. വലിയ കുടമാണെങ്കിൽ അതിനുകത്ത് ഒന്നും എടുക്കരുത് അതായത് നിറച്ചും വായു ഉണ്ടായിരിക്കണം എന്നർത്ഥം. പ്രപഞ്ച ചൈതന്യത്തിൻെറ



Scanned with CamScanner

മംഗളകരമായ ആസ്തിത്വത്തെ സ്തുതിക്കുന്ന ഋഗ്വേദശ്ലോകങ്ങളാണ് പൂർണകുംഭം നൽകി സ്വീകരിക്കുമ്പോൾ ചൊല്ലാറുള്ളത്.

**ദാനദക്ഷിണാചാരങ്ങൾ :** ദാനം ചെയ്യുക അഥവാ ഉള്ളവൻ അർഹിക്കുന്നവന് കൊടുക്കുക എന്നത് ഭാരതീയ ജീവിതത്തിൻെറ അവിഭാജ്യഘടകമാണ്. പശുദാനം, ഭൂമിദാനം, വസ്ത്രദാനം, അന്നദാനം, കന്യാദാനം എന്നിങ്ങനെ ദാനങ്ങൾ നമ്മുടെ നിത്യസംഭാഷണത്തിൽ പോലും കടന്നിട്ടുണ്ട്. നേത്രദാനവും, രക്തദാനവും അതിൻെറ തന്നെ ഭാഗമാണ്.

പുരാതനകാലത്ത് ഭാരതമെമ്പാടും, മധ്യഭാരതത്തിൽ ഇന്നും കുളം, കിണർ, ഇവ ദാനം ചെയ്യുന്നത് അതിമഹത്തായ ആചാരമായി കണക്കാക്കുന്നു. മാനവരാശിയുടെയും പക്ഷിമൃഗാദികളുടേയും നന്മയ്ക്ക് ഇത് ഉതകുന്നു. വിനോഭാബാവേ ഭൂമിദാനം (പാവപ്പെട്ടവന്) നടത്തിയിരുന്നത് പൂർവ്വാചാര്യന്മാരുടെ കാലടികൾ പിന്തുടർന്നായിരുന്നു.

ഉള്ളവർ ഇല്ലാത്തവനു കൊടുക്കുവാനും സമൂഹത്തിൽ ദാരിദ്രത്തിൻെറ വേദന കുറയ്ക്കുവാനും വേണ്ടിയുള്ള മഹത്വമേറിയ ആചാരമാണിത്. അന്നദാനം വിശപ്പകറ്റാനും, വസ്ത്രദാനം ഉടുതുണിക്കും ഭൂമിദാനം കൃഷിക്കും പാർപ്പിടത്തിനും, ക്ഷേത്രദാനം സാമൂഹ്യനന്മയുടെ ആത്മീയ പ്രസരണത്തിനും ദ്രവ്യദാനം ദാരിദ്രമനുഭവിക്കുന്നവർക്ക് ആശ്വാസമെത്തിക്കുവാനും ഉതകുന്നു.

ഗൃഹസ്ഥനും, രാജാവും, ധനവാന്മാരും ഈ ദാനകർമ്മങ്ങളാചരിക്കാറുണ്ട്.

## ക്ഷേത്ര ആചാരവും ശാസ്ത്രവും

ക്ഷേത്രങ്ങളുടെ ഭാരതീയ സങ്കൽപം വളരെ പ്രത്യേകതയുള്ളതാണ്. മറ്റെല്ലാ മതവിശ്വാസികളും അവരുടെ ആരാധനാലയങ്ങളെ ഒരു പ്രാർത്ഥനാ മന്ദിരമായി മാത്രം കാണുന്നു. എന്നാൽ ഹൈന്ദവക്ഷേത്രങ്ങൾ ജീവചൈതന്യം പ്രസരിക്കുന്ന മനുഷ്യശരീരം പോലെയാണ്. അക്ഷരാർത്ഥത്തിൽ ശ്രീകൃഷ്ണൻ ഇത് ഗീതയിൽ പറഞ്ഞിട്ടുമുണ്ട്. **ഇദം ശരീരം കൗന്തേയ ക്ഷേത്ര മിതൃവധീയതേ.** ആത്മാവ് ഈശ്വരവിഗ്രഹത്തിലെ ചൈതന്യംപോലെയും ശരീരം ആത്മചൈതന്യത്തെ വഹിക്കുന്ന ക്ഷേത്രവിഗ്രഹംപോലെയുമാണ്. അതിനാൽ ക്ഷേത്രം മനുഷ്യശരീരത്തെപോലെ സംരക്ഷിക്കപ്പെടേണ്ടതാണ്.

ആധുനീക ശാസ്ത്രം ക്ഷേത്രവിഗ്രഹത്തിൻെറ ഊർജ്ജ ആഗിരണ-വികിരണ മഹത്വം വ്യക്തമാക്കുന്നുണ്ട്. കിർല്യൺ ഫോട്ടോഗ്രാഫിയുടെയും



Scanned with CamScanner

മറ്റു പ്രകാശവികിരണ ഉപകരണങ്ങളുടേയും സഹായത്താൽ നടന്നുകൊണ്ടിരിക്കുന്ന പഠനങ്ങൾ ഈ ദിശയിലേക്ക് കാര്യമായ വെളിച്ചം പകർന്നുകൊണ്ടിരിക്കുന്നു. ആത്മീയചൈതന്യവും വിവരണാതീതമായ മനശാസ്ത്ര സ്വാധീനവും ഉണ്ടാക്കുവാൻ സാധിക്കുമെന്ന് തെളിഞ്ഞിരിക്കുന്ന ക്ഷേത്രവിഗ്രഹത്തിന്റെ ഭൗതീക ചൈതന്യം പോലും അത്യുജ്ജ്വലമാണ്.

വിഷ്ണുവിനും വൈഷ്ണവാവതാര വിഗ്രഹങ്ങൾക്കും $3 \times 10^{27}$ ഗോസ് ഇലക്ട്രോമാഗ്നറ്റിക്ക് ഊർജ്ജം സംഭരിക്കുവാനുള്ള ശക്തിയുണ്ടത്രെ. ഉഗ്രമൂർത്തിയായ ശിവനും ശിവാവതാരങ്ങൾക്കും $3 \times 10^{30}$ യൂണിറ്റും, ഗണപതി, ശാസ്താവ് എന്നീ വിഗ്രഹങ്ങൾക്ക് $3 \times 10^{33}$ യൂണിറ്റും, മഹാകാളി വിഗ്രഹത്തിന് $3 \times 10^{35}$ ഉം, സർപരാജ്ഞി വിഗ്രഹത്തിന് $3 \times 10^{39}$ gauss യൂണിറ്റും ഊർജ്ജം ആഗിരണം ചെയ്യുവാനും വികരണം ചെയ്യുവാനും സാധിക്കുമത്രെ. (Dr. P.G. Kurup, FRCP യുടെ ലേഖനത്തിൽ നിന്ന്) ഈ വിഗ്രഹങ്ങളുടെ രൂപഭാവ പ്രത്യകതകളനുസരിച്ച് ഊർജ്ജ അളവിലും വ്യത്യാസം വരുന്നു. ഇതിൽ നിന്നും മനസ്സിലാക്കുവാൻ സാധിക്കുന്നത് ക്ഷേത്രവിഗ്രഹം വെറും കൽപ്രതിമയല്ല മറിച്ച് ചൈതന്യവത്തായ ഒരു ശക്തികേന്ദ്രമാണ് എന്ന്. അതിൻെറ മുമ്പിലിരുന്നു ധ്യാനിക്കുമ്പോൾ നെർവുകളുൾപ്പടെയുള്ള ശരീരത്തെ ഉത്തേജിപ്പിക്കുവാൻ സാധിക്കുന്നു.

**ക്ഷേത്രവും പഞ്ചേന്ദ്രിയ ഉത്തേജനവും :** കൃത്യമായ അളവിൽ ശരീരത്തിൽ പ്രവേശിക്കുന്ന തന്മാത്രകൾക്കുപോലും, അവയുടെ എണ്ണം എത്ര കുറവായിരുന്നാലും, ശരീരത്തെ കാര്യമായി സ്വാധീനിക്കുവാൻ സാധിക്കുമെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ടല്ലോ. ഹോമിയോപ്പതി ഔഷധങ്ങളിൽ ഔഷധതന്മാത്രകൾ ഏതാനും എണ്ണം മാത്രമേ ഉണ്ടാകുകയുള്ളൂ എങ്കിൽപോലും ശരീരത്തിൽ അവയുണ്ടാക്കുന്ന സ്വാധീനം (Potency) അനിർവചനീയമാണ്. ഇതേ സിദ്ധാന്തത്തിന്റെ തന്നെ തെളിവുകൾ ക്ഷേത്രാരാധനയിലും കാണാം. കൃത്യ അളവിലുള്ള ഊർജ്ജ പ്രസരണത്തിലൂടെ പഞ്ചേന്ദ്രിയങ്ങളുടെ ഉത്തേജനമാണ് ഈ പ്രക്രിയയിലൂടെ സാദ്ധ്യമാകുന്നത്.

ശ്രീകോവിലിലെ തിളങ്ങുന്ന സ്വർണനിറത്തിലുള്ള ഓട്, പിത്തള വിളക്കുകൾ വിഗ്രഹത്തിൻെറ പ്രഭാമണ്ഡപം, സ്വർണാവരണം, ജ്വലിക്കുന്ന ദീപനാളങ്ങൾ, വർണങ്ങളുള്ള പുഷ്പങ്ങൾ ഇവയെല്ലാം കണ്ണിലെ റെട്ടിനയെ (Retina) ചൈതന്യവത്താക്കുന്നു. ക്ഷേത്രത്തിലെ സംഗീതാത്മകമായ മന്ത്രധ്വനി, മണിനാദം, വാദ്യമേളങ്ങൾ, ശംഖ്, ഇടയ്ക്ക സംഗീതാലാപനം ഇവയെല്ലാം ചെവിയെ ഉത്തേജിപ്പിക്കുന്നു. ഭസ്മം,



Scanned with CamScanner

കുങ്കുമം, ചന്ദനം, ചെവിയിൽ ചൂടുന്ന ഔഷധ പുഷ്പങ്ങളും ഇലകളും, ത്വക്കിനെ ഉത്തേജിപ്പിക്കുന്നു.

സുഗന്ധപുഷ്പങ്ങൾ, സുഗന്ധ ഇലകൾ, തിരി, കർപ്പൂരം, സുഗന്ധ തൈലം, പനിനീർ, ഇവയിൽ നിന്നു വമിക്കുന്ന ഗന്ധം നാസാരന്ധ്രങ്ങളെ ചൈതന്യവത്താക്കുന്നു. തൃമധുരം, തീർത്ഥം, നിവേദ്യം തുടങ്ങിയവ നാവിനേയും ചൈതന്യവത്താക്കുന്നു.

ഇപ്രകാരം കണ്ണ്, ചെവി, മൂക്ക്, ത്വക്ക്, നാക്ക് എന്നീ പഞ്ചേന്ദ്രിയങ്ങളുടെ ചൈതന്യം സ്വശരീരത്തിൽ അനുഭവിക്കുകയും, മനസ്സിനെ ഏകാഗ്രഭാവത്തിൽ വിഗ്രഹത്തിലേക്ക് കേന്ദ്രീകരിക്കുകയും ചെയ്യുന്നതിലൂടെയാണ് നമ്മുടെ ശരീരത്തിലേക്ക് ക്ഷേത്ര ചൈതന്യപ്രസരണം നടക്കുന്നത്. ആധുനികശാസ്ത്രം എപ്രകാരം ഇത് പ്രാവർത്തികമാക്കുന്നു എന്നു പരിശോധിക്കാവുന്നതാണ്. ആയുർവേദത്തെപോലെ ഇപ്പോൾ അലോപ്പതി ചികിത്സാരീതിയിലും ഔഷധങ്ങൾ ത്വക്കിലൂടെ ആഗിരണം ചെയ്യപ്പെടുവാൻ ത്വക്കിൽ ആലേപനം ചെയ്യാറുണ്ട്. മനുഷ്യശരീരത്തിൽ ഏറ്റവുമധികം ആഗിരണശേഷിയുള്ള ത്വക്ക് ചെവിക്കു പിന്നിലുള്ളതാണെന്ന് തെളിയിക്കപ്പെട്ടിരിക്കുന്നു. തുളസിയുടെ ഔഷധസംയുക്തങ്ങൾ ശരീരത്തിലേക്ക് ചെവിക്കു പിന്നിലെ ത്വക്കിലൂടെ എളുപ്പത്തിൽ ആഗിരണം ചെയ്യപ്പെടുകയാണ്, (**കർണ്ണേ തുളസീധാരണാത്**) ചെവിയിൽ തുളസിവെക്കുന്നതുകൊണ്ടുദ്ദേശിക്കുന്നത് എന്ന് വ്യക്തം.

Aroma Therapy എന്നത് സുഗന്ധ ദ്രവ്യങ്ങളുപയോഗിച്ചുള്ള ചികിത്സയാണ്. സുഗന്ധമില്ലാത്ത പുഷ്പങ്ങളോ ഇലകളോ പൂജക്കുപയോഗിക്കാറില്ല. ശ്രീ കോവിലിനു മുമ്പിൽ തൊഴുകയ്യോടെ നിൽക്കുന്ന ഭക്തന്, ഇവയിൽ നിന്നും വമിക്കുന്ന ഗന്ധമെത്തും എന്നും ശരീരത്തിനുത്തമമാണെന്നും ആധുനീകശാസ്ത്രം aroma therapy യിലൂടെ തെളിയിക്കുന്നു. സംഗീതത്തിന് മനുഷ്യശരീരത്തിൽ ഉണ്ടാക്കുവാൻ സാധിക്കുന്ന സ്വാധീനം മഹത്തരമാണ് അതുപോലെയാണ് മന്ത്രധ്വനിയും. വിദേശങ്ങളിൽ ഇത്തരം വിഷയപഠനങ്ങൾ സൈക്കോലിംഗിസ്റ്റിക്ക് ഇഫക്റ്റ്സ് എന്നും ന്യൂറോ ലിംഗിസ്റ്റിക് ഇഫക്റ്റ്സ് എന്നും അറിയപ്പെടുന്നു. കാൻസർ രോഗികളിൽ സംഗീതത്തിനുള വാക്കുവാൻ സാധിക്കുന്ന സ്വാധീനത്തെക്കുറിച്ച് പഠിക്കുന്ന Cleaveland University (U.S.A) യിലെ സംഗീത പ്രൊഫസർ. ടി. ടെമ്പിൾ ടട്ലർ പറയുന്നത്: 'കാൻസർ രോഗികളുടെ വേദന കുറക്കുന്നതിനുള്ള മരുന്നുകൾ 100 മിഗ്രാം പ്രതിദിനം ഉപയോഗിക്കേണ്ട സ്ഥാനത്ത് കൂടെ സംഗീത ചികിത്സയുമുണ്ടെങ്കിൽ 20 മി. ഗ്രാം ഉപയോഗിച്ചാൽ മതിയാകുമത്രെ! മന്ത്രധ്വനിയുടെ നന്മകളെ



Scanned with CamScanner

ഏറ്റവുമധികം സ്വീകരിക്കുന്ന ജനസമൂഹം ന്യൂ ഓർളിയൻസ് (USA) കാരാണെന്നു തോന്നുന്നു. ഓഫീസിലേക്ക് പോകുമ്പോഴും തിരിച്ചു വരുമ്പോഴും വഴിയിലെ തിരക്കിൽ പെടുമ്പോഴുണ്ടാകുന്ന ടെൻഷൻ കുറയ്ക്കാൻ, കാറിൽ വേദശ്രുതിയോടുകൂടിയ ഗായത്രി മന്ത്രവും, മൃത്യുഞ്ജയ മന്ത്രവും റെക്കോർഡ് ചെയ്ത കാസറ്റുകളുപയോഗിച്ചു വരുന്നുവത്രെ. ഡ്രൈവ് ചെയ്യുമ്പോഴുണ്ടാകുന്ന രക്തസമ്മർദം സാധാരണ നിലയിൽ നിലനിർത്തുവാൻ ഇത് ഏറെ സഹായകമാകുന്നു എന്ന് ശാസ്ത്രമതം!

മന്ത്രധ്വനിയുടേയും സംഗീതത്തിൻെറയും സസ്യങ്ങളിലും ജന്തുക്കളിലുമുള്ള സ്വാധീനം ഗഹനമായി പഠനം നടത്തിയ ഡോ. ഷൂർസ് ആന്റ് ഷൂൾസ് സസ്യങ്ങളുടെ ധ്വരിത വളർച്ചയെക്കുറിച്ച് അതിനൂതനങ്ങളായ വിവരണങ്ങളാണ് തരുന്നത്.

രോഗപ്രതിരോധശക്തിക്കും ബുദ്ധിശക്തി വർദ്ധിപ്പിക്കുന്നതിനും, ഹൃദ്രോഗസാദ്ധ്യത കുറക്കുന്നതിനും, കർമ്മശേഷി വർദ്ധിപ്പിക്കുന്നതിനും, സ്വസ്തത അനുഭവപ്പെടുന്നതിനും, നല്ല സഹവർത്തിത്വത്തിനും സംഗീതം ഉത്തമ ഔഷധമത്രെ. സപ്തസ്വരങ്ങളിലെ നി ധ എന്നീ സ്വരങ്ങൾ മാത്രം (ഉറങ്ങുന്ന) കുട്ടിയുടെ ചെവിയിൽ ശാന്തമായി കേൾപ്പിക്കുകയാണെങ്കിൽ തലച്ചോറിന്റെ വളർച്ചയെ ഉത്തമമായി അത് സ്വാധീനിക്കുമത്രെ.

ശാന്തമായ പ്രകാശരശ്മികൾ കണ്ണിലെ റെട്ടിനായെ (Retina) സ്വാധീനിക്കുന്നു എന്നും, എന്നാൽ അമിതപ്രകാശമുള്ളവ കണ്ണിന് അനാരോഗ്യപ്രദമായ സ്വാധീനമുണ്ടാക്കുന്നു എന്നും തെളിയിക്കപ്പെട്ടിട്ടുണ്ട്. ശ്രീകോവിലിലെ മിന്നിത്തെളിയുന്ന സൗമ്യമായ പ്രകാശത്തിൻെറ ശാസ്ത്രവസ്തുത ഇതിൽ നിന്നും വ്യക്തമാകുന്നുണ്ടല്ലോ. കത്തുന്നതിരിക്കു മുമ്പിൽ (ഏകദേശം 30 സെ.മി) അകലത്തിൽ 4-5 മിനിറ്റ് പ്രകാശം നോക്കി ഇരിക്കുന്നത് കണ്ണിന് നല്ലതാണ്. ഇതുതന്നെയാണ് ശ്രീകോവിലിൽ ദീപനാളവും ചെയ്യുന്നത്. തിരിവിളക്കിനുപകരം ബൾബുകളിടുമ്പോൾ ഉദ്ദേശിക്കുന്ന ഫലം ലഭിക്കുന്നില്ല. അത് വഴിവിളക്കുപോലെ ആയിത്തീരുന്നു. ഔഷധ സസ്യങ്ങളായ തുളസി, കൂവളം എന്നിവയുടെ ഇലകളും കർപ്പൂരാദികളും ചേർന്നതാണ് തീർത്ഥം. ഔഷധ ജലത്തിൻെറ ഉപയോഗം പോലെ തന്നെയാണ് തീർത്ഥവും. നിവേദ്യങ്ങളിൽ ശരീരത്തിന് എളുപ്പത്തിൽ ചൈതന്യം നൽകുന്ന മധുരം ചേർന്നതാണ്. ക്ഷീണിച്ച ശരീരത്തിൽ ഗ്ലൂക്കോസ് കൊടുക്കുന്നതുപോലെ എളുപ്പത്തിൽ ആഗീരണം ചെയ്യുന്ന ഫ്രക്ടോസ് അടങ്ങിയതാണ് എല്ലാ പഴങ്ങളും, ശർക്കരയും, കൽക്കണ്ടവും. ഇവയെല്ലാമാണ് നിവേദ്യപ്രസാദമായി നമുക്ക് ലഭിക്കുന്നത്. പഞ്ചജ്ഞാനേന്ദ്രിയങ്ങളുടെ മാത്രം ചൈതന്യവൽകരണത്തിലൊതു



Scanned with CamScanner

ങ്ങുന്നില്ല ക്ഷേത്രദർശനം. പ്രദക്ഷിണം വെയ്ക്കുക, നമസ്ക്കരിക്കുക, ഏത്തമിടുക, നടന്ന് ക്ഷേത്രത്തിലെത്തുക, പാദരക്ഷകളില്ലാതെ പ്രദക്ഷിണം വെയ്ക്കുക, ഇവയെല്ലാം ശാരീരിക സന്ധികളെയും പേശികളെയും ഇളകിയുള്ള ഒരു വ്യായാമവുമാണ്.

**ക്ഷേത്ര ഉത്സവം :** ഉത് എന്ന പദത്തിന് ചൈതന്യം എന്നർത്ഥം, സവം എന്നാൽ കവിഞ്ഞൊഴുകുന്നത് എന്നർത്ഥം, ക്ഷേത്രത്തിലെ ചൈതന്യം കവിഞ്ഞൊഴുകുന്ന വേളയാണ് ഉത്സവം. ക്ഷേത്ര മതിൽക്കെട്ടിനുള്ളിൽ നിന്ന് സമഗ്രമായ പഞ്ച ഇന്ദ്രിയങ്ങളേയും ചൈതന്യവത്താക്കുന്ന തേജസ് തത്ഗ്രാമവാസികളിലെത്തിക്കുവാൻ, വേണ്ടിയാണ് ഉത്സവം. കൂടാതെ ഗ്രാമജനതയിൽ ഏകീഭാവം ഉണ്ടാക്കുകയും ഒരുമിച്ചു പ്രവർത്തിക്കുവാനും സഹവർത്തിക്കുവാനും അവസരമൊരുക്കുകയും ചെയ്യുന്നു. സാധാരണ ദിനങ്ങളിൽ ക്ഷേത്രത്തിലുള്ള ചടങ്ങുകളേക്കാൾ അനേകം മടങ്ങ് കൂടുതലായിരിക്കും, ഈ ഉത്സവ ദിവസങ്ങളിൽ നടക്കുന്ന പുഷ്പ, ദീപ, മന്ത്ര,വാദ്യ,ഘോഷ,ഭോജന,അഭിഷേകാദി ക്രിയകൾ . ക്ഷേത്രാന്തരീക്ഷ ത്തിൽ തിങ്ങി നിറയുന്ന ഈ തേജസ് പുറത്തേക്ക് കവിഞ്ഞൊഴുകുന്നു. ഗ്രാമത്തെ മുഴുവനും ശാരിരികവും മാനസികവുമായി ഇത് ഒന്നിപ്പിക്കുന്നു. പുഷ്പാഭിഷേകം, നിറമാല, അർച്ചന, തുടങ്ങിയവയും അനവധി വിളക്കുകളും ഹവനങ്ങളും, കലശങ്ങളും, പ്രധാനപുരോഹിതരാൽ നയിക്കപ്പെടുന്ന മന്ത്രധ്വനികളും, പഞ്ചവാദ്യം, മേളം, നാദസ്വരം, കച്ചേരി, എഴുന്നള്ളിപ്പ് ക്ഷേത്രാചാരങ്ങൾ ക്കനുസൃതമായ കലാസാംസ്കാരിക ചടങ്ങുകൾ ഇവയെല്ലാം ക്ഷേത്രാന്തരീക്ഷത്തെ ചൈതന്യവത്താക്കുന്നു. ഗ്രാമം മുഴുവനും ക്ഷേത്ര കർമ്മങ്ങളിൽ സംബന്ധിക്കുവാൻ അവസരമൊരുക്കുന്ന പതിവുണ്ട്. ക്ഷേത്രത്തിൽ ഉത്സവത്തിന് കൊടികയറിക്കഴിഞ്ഞാൽ ആ പ്രദേശത്തെ വീടുകളിൽ പൊതുവേ മറ്റൊരു ആഘോഷവും പതിവില്ല. ഇത് ജനങ്ങളെ പൂർണമായും ക്ഷേത്രങ്ങളിലേക്കാനയിക്കുവാൻ പ്രോത്സാഹിപ്പിക്കുന്നു.

**പുഷ്പങ്ങൾ :** ഓരോ ക്ഷേത്രമൂർത്തിക്കും ഓരോ വിധത്തിലുള്ള പുഷ്പലതാദികളാണ് പ്രിയമെന്നാണ് വിശ്വാസം. ഈ വിശ്വാസത്തിലൂടെ ക്ഷേത്ര പരിസരങ്ങളിൽ മൂർത്തിക്കു പ്രിയമുള്ള വിവിധതരം ഔഷധികളായ പുഷ്പലതാദികളുടെ കൃഷിയും സംരക്ഷണവും നടക്കുന്നു. ഇത് ക്ഷേത്രാന്തരീക്ഷത്തെ പരിശുദ്ധമാക്കുന്നു. കൂടാതെ വിവിധതരം പുഷ്പവൃക്ഷ സംരക്ഷണവും സാധിക്കുന്നു. ഒരു ലഘു പരിസ്ഥിതി സംരക്ഷണ വനമായിരിക്കണം ക്ഷേത്രം.

**ദീപാരാധന :** ശ്രീകോവിലിൽ നിറഞ്ഞ തിളക്കം സൃഷ്ടിക്കുകയും അൽപനേരം ശ്രീകോവിൽ (ദീപാരാധനക്കുമുമ്പ്) അടച്ചിട്ട്, തുറക്കുമ്പോൾ



Scanned with CamScanner

ശബ്ദത്തിൻെറയും പ്രകാശത്തിൻെറയും താപത്തിൻെറയും സുഗന്ധത്തിൻെറയും ഒരു പ്രവാഹം അനുഭവിക്കുവാൻ (നട തുറക്കുന്ന വേളയിൽ) നമുക്ക് സാധിക്കുകയും ചെയ്യുന്നതാണ് ദീപാരാധന. മന്ത്രത്തിലൂടെ പ്രപഞ്ച ശക്തികളേയും ചൈതന്യത്തേയും ശാന്തമായി നിലനിർത്തുവാനുള്ള പ്രാർത്ഥനയാണ് നടത്തുന്നത്.

**ധ്രുവാ ദ്യൗഃ ധ്രുവാ പൃഥ്വീ ധ്രുവാ സ പർവതാ ഇമേ ധ്രുവം വിശ്വമിദം ജഗത് ധ്രുവോ രജാവിശാമയം ധ്രുവം തേ രാജാ വരുണോ ധ്രുവം ദേവോ ബ്രഹസ്പതിഃ ധ്രുവം ച ഇന്ദ്രശ്ചാഗ്നിശ്ച രാഷ്ട്രം ധാരയതാം ധ്രുവം.**

പ്രപഞ്ചഗോളങ്ങളും, ഭൂമിയും പർവ്വതങ്ങളും ഈ വിശ്വവും ജഗത്തും, രാജ്യവും, വരുണ ദേവനും, ബൃഹസ്പതിയും, ഇന്ദ്രനും, അഗ്നിയും, രാഷ്ട്രവും മംഗളകരമായിത്തന്നെ വർത്തിക്കട്ടെ! ഇതാണ് ദീപാരാധനയിലെ മന്ത്രാർത്ഥവും പ്രാർത്ഥനയും പ്രപഞ്ചത്തോടുള്ള മനുഷ്യബന്ധം സുദൃഢമാക്കുന്ന വരികളാണല്ലോ ഇവയെല്ലാം. മനുഷ്യൻ അതിമഹത്തായ പ്രപഞ്ചത്തിൻെറ സ്വാധീനവലയത്തിലുള്ള ഒരു അതിസൂക്ഷ്മ സൃഷ്ടിമാത്രമാണ്, എന്ന് ഓർമ്മിക്കുമല്ലോ.

ദീപാരാധനക്ക് അൽപം ഊർജ്ജതന്ത്ര വിവരണം കൂടി ആകാം. ഏതൊരു ചൈതന്യ ശ്രോതസ്സിനും ചൈതന്യം സ്വീകരിച്ചതിനു ശേഷമേ അതു കൊടുക്കുവാൻ സാധിക്കൂ. ശ്രീ കോവിലിനകത്തുള്ള വിഗ്രഹത്തെ ചൈതന്യവത്താക്കി, അതിൽ നിന്ന് ആയിരങ്ങൾക്ക് ചൈതന്യം വിതരണം ചെയ്യുക. (വലിയ ടാങ്കറിൽ റിഫൈനറിയിൽ നിന്നും പെട്രോൾ കൊണ്ടു വന്ന്, പെട്രോൾ പമ്പുകളിൽ നിറച്ച് അവിടെ നിന്നും ഓരോ വാഹനങ്ങൾക്കും യഥേഷ്ടം വിതരണം ചെയ്യുന്നത്പോലെയാണിത്.) ആധുനിക ഊർജ്ജതന്ത്രത്തിൽ വിവരിക്കുന്നതുപോലെ ശബ്ദഘോഷങ്ങളിലൂടെ Sound energy യും പ്രകാശ ശ്രോതസ്കളായി ദീപത്തിലൂടെ heat energy യും light energy യും, സുഗന്ധദ്രവ്യങ്ങളിലൂടെ Chemical energyയും, വിഗ്രഹത്തിലേക്കു പൂജാ കർമ്മങ്ങളിലൂടെ നിറക്കുന്നത് നമുക്കു ദർശിക്കാൻ സാധിക്കും.

സംഗീതാത്മകമായ ശബ്ദത്തിലൂടെയും, മിന്നിത്തിളങ്ങുന്ന ചെറുജ്വാല കളിലൂടെയും ശാന്തമായ പുഷ്പങ്ങളിലൂടെയുമാണ് harmonius energy transfer നടക്കേണ്ടത്. അതാണ് ക്ഷേത്രങ്ങളിൽ നടക്കുന്നത്. ഭയാനക ശബ്ദമോ ആളിക്കത്തുന്ന തീയോ, കുപ്പി നിറയെ വാസനദ്രാവകം ഒഴിച്ച അത്തറോ ഉപയോഗിക്കുമ്പോൾ ഭയാനകമായ ഒരു energy transfer നടക്കുന്നത്ഗുണഫലങ്ങളേക്കാൾ ദോഷഫലങ്ങളുളവാക്കുന്നവയാ യിരിക്കും. (ഒരു ഗുളിക വീതം കഴിച്ച് ചികിത്സക്കുന്നതിന് പകരം, രോഗം



Scanned with CamScanner

എളുപ്പത്തിൽ ഭേദമാകുവാൻ ഒരാഴ്ചത്തേക്കുള്ള ഗുളികകൾ ഒരുമിച്ചു കഴിക്കുമ്പോഴുണ്ടാകുന്ന തീവ്രത പോലെയാണിത്)

**സമൂഹപ്രാർത്ഥന :** ഓരോ വീട്ടിലെ പൂജാമുറിയിലും ഇരുന്ന് ഈശ്വരനെ ഭജിച്ചാൽ മതിയെന്നും ഈശ്വരൻ അവനവനിലുണ്ട് ക്ഷേത്രത്തിലേക്കു പോകേണ്ടിതില്ല എന്നും പൊതുവേ ചിന്തിക്കുന്നവരുണ്ട്. ആത്മീയമായി ഉയർന്ന നിലവാരത്തിലുള്ള വ്യക്തികൾക്ക് അത് ശരിയാണ്. എന്നാൽ സാധാരണ ജനതയ്ക്ക് ക്ഷേത്രം, സാമൂഹ്യ ബന്ധങ്ങൾ കെട്ടിയുറപ്പിക്കുന്നതിനുള്ള സ്ഥലവും കൂടിയാണ്. ക്ഷയാത് ത്രായതേ ഇതി ക്ഷേത്രഃ നാശത്തിൽ നിന്ന് സംരക്ഷിക്കുന്നത് ഏതാണോ അതാണ് ക്ഷേത്രം. വ്യക്തിയേയും, സമൂഹത്തേയുമാണ് നാശത്തിൽ നിന്ന് സംരക്ഷിക്കേണ്ടത്. സാമൂഹിക ബന്ധങ്ങളുടെ ക്ഷയത്തെ ഇല്ലാതാക്കുന്നതാണിത്. അതിനാൽ ക്ഷേത്രത്തിന് സാമൂഹ്യ ശാസ്ത്രത്തിൻെറ അടിത്തറയുണ്ട്. ഒരു വ്യക്തി ഒറ്റക്കിരുന്ന് ധ്യാനിക്കുന്നതിനേക്കാൾ അനേകം മടങ്ങ് ഫലപ്രദമാണ് ഒരുമിച്ചിരുന്നുള്ള ധ്യാനം എന്ന് ECG പഠനങ്ങൾ തെളിയിക്കുന്നു. ക്ഷേത്രത്തിലേക്കും തിരിച്ചുമുള്ള യാത്രയിലും, പ്രദക്ഷിണവേളയിലും ഒരൽപം സമയം ക്ഷേത്രമണ്ണിലിരുന്നു ചർച്ചചെയ്യുമ്പോഴും, മനസ്സിലെ ദുഃഖഭാരങ്ങൾ പങ്കുവെക്കുവാനും, ആശ്വസിപ്പിക്കുവാനും മറ്റുമുള്ള അവസരവും ലഭിക്കുന്നു. ക്ഷേത്രവുമായി ബന്ധപ്പെട്ട വേളയിലെ ഈ ചർച്ചകൾക്ക് ആത്മാർപണ ത്തിൻെറ ഉപദേശ സന്ദേശവും ലഭിക്കുന്നുണ്ടാകും. ഈയവസരത്തിലാണ് ക്ഷയ(നാശ)ത്തിൽ നിന്ന് മോചിപ്പിക്കുന്ന ക്ഷേത്രമഹത്വം നാം അറിയുന്നത്.

കൂടാതെ ക്ഷേത്രത്തിലെ ആത്മീയ പ്രഭാഷണങ്ങൾക്ക് മനഃശാസ്ത്രത്തിൻെറ വലിയ പിൻബലമുണ്ട്. അത്യാധുനിക ഡോക്ടർമാർപോലും ക്ഷേത്രദർശനത്തെ പ്രോത്സാഹിപ്പിക്കുവാൻ കാരണമിതാണ്. ഒറ്റക്കിരുന്നുള്ള പ്രാർത്ഥനയേക്കാൾ സാമൂഹ്യ ബന്ധത്തിനുതകുന്ന ഈ വഴി സാധാരണ ജനതക്ക് ഉത്തമവുമാണ്.

**ക്ഷേത്രത്തിലെ അഭിഷേകം :** ക്ഷേത്രസംബന്ധിയായ ഒരു പ്രധാന ആചാരമാണ് അഭിഷേകം. ക്ഷേത്രവിഗ്രഹത്തിൽ പൂജാരി ആത്മചൈതന്യത്തെ ആവാഹിച്ചിട്ടാണ് വിഗ്രഹത്തിന് ഈശ്വരീയ മഹത്വം വരുത്തുന്നത്. മനുഷ്യ ശരീരത്തിൽ ആത്മചൈതന്യത്തിന് വസിക്കുവാൻ സ്വസ്ഥമായതും വൃത്തിയുള്ളതുമായ ഭൗതീക ശരീരം ആവശ്യമുള്ളതു പോലെ, ക്ഷേത്ര ചൈതന്യം നിറഞ്ഞു നിൽക്കുന്നതിന് അഭിഷേകത്തിലൂടെ ശുദ്ധി ചെയ്ത വിഗ്രഹം ആവശ്യമാണ്. മനുഷ്യന് ശ്രേഷ്ടമായതെല്ലാം ക്ഷേത്രവിഗ്രഹത്തിനും അത്രതന്നെ ശ്രേഷ്ടമാണ് എന്നും ഓർക്കുക.



Scanned with CamScanner

**ക്ഷേത്രത്തിലെ നിവേദ്യം :** മേൽ സൂചിപ്പിച്ചതുപോലെ മനുഷ്യ ശരീരത്തിന് ആഹാരം എന്നതുപോലെ വിഗ്രഹത്തിനും നിവേദ്യം പതിവുണ്ട്. വിഗ്രഹം ആഹാരം കഴിക്കുകയില്ല എന്ന് വ്യക്തമാണ്. ക്ഷേത്രത്തിലെ ചില ചടങ്ങുകൾ, അഥവാ ആചാരങ്ങൾ പ്രതീകാത്മകമാണ്. വിശ്വാസപരവും, ശാസ്ത്രീയപരവും പ്രതീകാത്മകവും കൂടി ചേർന്നാലേ സാമൂഹ്യ ജീവിയായ മനുഷ്യന്റെ ആചാരങ്ങൾ സമഗ്രവും സമ്പൂർണവും ആകുകയുള്ളൂ.

ക്രൈസ്തവ ദേവാലയത്തിൽ നൽകുന്ന യേശുദേവന്റെ ശരീരത്തിന്റെ പ്രതീകമായി കഴിക്കുന്ന അപ്പവും യേശുദേവന്റെ രക്തത്തിന്റെ പ്രതീകമായി നൽകുന്ന വീഞ്ഞും പോലെയുള്ള പ്രതീകാത്മകതയല്ല ഭാരതീയ പ്രസാദസങ്കൽപത്തിലുള്ളത്. ഈശ്വരന്റെ അല്ലെങ്കിൽ ഈശ്വര തുല്യനായവന്റെ ശരീരം തിന്നുക രക്തം കുടിക്കുക എന്നതിൽ വലിയ വിരോധാഭാസമുണ്ട്. പാശ്ചാത്യ സങ്കൽപ്പത്തിലുള്ള ആചാരമായതു കൊണ്ടാണിത്. നമ്മുടെ പ്രസാദത്തിന് ഉജ്ജ്വലമായ പ്രപഞ്ചചൈതന്യത്തിന്റെ ഒരു സന്ദേശമുണ്ട്.

**ഈശാവാസ്യമിദം സർവം യത് കിഞ്ച ജഗത്യാം ജഗത്**
**തേന ത്യക്തേന ഭുഞ്ജീഥാ മാ ഗൃധ കസ്യസിദ്ധനം**

സർവ്വതും ഈശ്വരമയമായ ഈ ജഗത്തിൽ ഈശ്വരനാൽ സ്വീകരിക്കപ്പെട്ടതിന്റെ ഒരംശം കഴിച്ചാലും (ഭുജിച്ചാലും) എന്ന ഈശ്വരാർപ്പണമായ ഈശാവാസ്യ ഉപനിഷത്തിലെ ആദ്യവരിയിലുള്ള സന്ദേശമാണ് പ്രസാദം.

ജഗത്സൃഷ്ടാവിന്റെ സൃഷ്ടിയുടെ ഒരംശമായ ഭക്ഷ്യദ്രവ്യങ്ങൾ, ജഗത് സ്രഷ്ടാവിന്റെ പ്രതീകമായി നാം കാണുന്ന ഈശ്വരീയ രൂപത്തിനു മുമ്പിൽ വെച്ച് അത് സ്വീകരിക്കുക എന്നതിൽ നിന്നും, ഈശ്വരന് സമർപ്പിച്ചത് കഴിക്കുക എന്ന മഹത്സന്ദേശം നാം സ്വീകരിക്കുകയാണ് ചെയ്യുന്നത്. ആധുനിക ജീവിത്തിലുള്ളതുപോലെ പ്രതീകാത്മകമായി അനേകം കാര്യങ്ങൾ നാം ചെയ്യാറുള്ളതുപോലെയാണിതും.

**ആൽമര പ്രദക്ഷിണം :** ക്ഷേത്രത്തിൽ പൂജാ പുഷ്പങ്ങളുടെ ചെടികൾ കൂടാതെ ആൽമരവും വേപ്പും നട്ടുവളർത്തുന്ന പതിവുണ്ട്. ആൽമരത്തിലെ ഇലകളുടെയും ഇലഞെട്ടിന്റെയും പ്രത്യേക ഘടന പ്രകാരം അതിന് വായുവിനെ സദാ ചലനാത്മകമാക്കുവാൻ സാധിക്കുന്നു. ആൽമരത്തിന്റെ ഏറ്റവും ശ്രേഷ്ഠമായ ഗുണവിശേഷം അതിന് നേരിയ തോതിൽ ഓസോൺ ഉണ്ടാക്കുവാൻ കഴിയുന്നുണ്ടെന്നതാണ്. കൂടിയ അളവിൽ ഓസോൺ വിഷവാതകമാണെങ്കിലും കുറഞ്ഞ അളവിൽ വായു ശുദ്ധീകരിക്കുവാനും, ശ്വാസകോശങ്ങളിലെ അണുക്കളെ നശിപ്പിക്കുവാനും



Scanned with CamScanner

അതിനു കഴിയും. ഓസോണിന് വായുവിനേക്കാൾ സാന്ദ്രത (density) കൂടുതലുള്ളതുകൊണ്ട് ആൽമരത്തിൻെറ ചുവട്ടിൽ തന്നെ അത് തങ്ങി നിൽക്കുന്നു. ആൽമര പ്രദക്ഷിണം വെക്കുന്ന വ്യക്തിക്ക് ശ്വസിക്കുമ്പോൾ ഈ വാതകത്തിൻെറ ഗുണഫലം സിദ്ധിക്കുന്നു. ഉച്ചക്കുശേഷം സാധാരണഗതിയിൽ അന്തരീക്ഷ ഊഷ്മാവ് വർദ്ധിക്കുന്നതിനാൽ വായു ചലനാത്മകമാവുകയും കാറ്റിൻെറ വേഗത കൂടുകയും ചെയ്യുമ്പോൾ ആൽമരത്തിൻെറ ചുവട്ടിൽ ഓസോൺ ഇല്ലാതാകുന്നു. അതിനാൽ ഉച്ചക്കുശേഷം ആൽമര പ്രദക്ഷിണം പതിവില്ല. അതിനാൽ ആൽമരപ്രദക്ഷിണം ആരോഗ്യപരമായി (ശ്വാസോച്ഛ്വാസത്തിന്) ഉത്തമമാണ്. പ്രദക്ഷിണത്തിലൂടെയുള്ള ശരീരവ്യയാമം രക്തചംക്രമണത്തെയും സഹായിക്കുന്നു. ആൽത്തറയിൽ നിന്ന് സൂര്യനമസ്ക്കാരം ചെയ്യുന്നത് അത്യുത്തമവുമാണ്.

**ക്ഷേത്രക്കുളം :** ക്ഷേത്രങ്ങളുടെ പരിസരങ്ങളിലുള്ള വീടുകളിലെ കിണറുകൾക്ക് ഒരു വൻ ജലസംഭരണിപോലെ (റിസർവോയർ) ക്ഷേത്രക്കുളം വർത്തിക്കുന്നു. ഇതിനാൽ ചുറ്റുമുള്ള പുരയിടങ്ങളിലെ വൃക്ഷലതാദികൾക്കും പ്രയോജനമുണ്ട്. ചെറിയ തോതിലാണെങ്കിലും ക്ഷേത്രക്കുളം സമീപപ്രദേശങ്ങളിലെ അന്തരീക്ഷ ഊഷ്മാവ് നിജപ്പെടുത്തുന്നു. കൂടാതെ രാത്രിയിലും പകലും വ്യത്യസ്ത ദിശയിൽ വായു പ്രവാഹം ത്വരിതപ്പെടുത്തുകയും ചെയ്യുന്നു. ക്ഷേത്രകുളത്തിന് അതിൽ കുളിക്കുന്നവരുടെ ശരീരശുദ്ധിയേക്കാൾ കൂടുതലായി വളരെയേറെ പ്രയോജനങ്ങളുള്ളതിനാൽ പരിസ്ഥിതി പരിപാലനത്തിൽ ഗവേഷണം നടത്തുന്ന UNO യുടെ വകുപ്പ്, ക്ഷേത്രക്കുളങ്ങൾ സംരക്ഷിക്കപ്പെടേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ കുളങ്ങളെ നിലനിർത്തുവാനും, കുളത്തിലെ ജലശുദ്ധീകരണം നിർബന്ധമാക്കുവാനുമായി അനേകം ആചാരങ്ങൾ പതിവുണ്ട്. മത്സ്യമൂട്ട്, (മീനൂട്ട്) അവഭൃതസ്നാനം, ആറാട്ടുകുളി, ക്ഷേത്രകുളപൂജ, സമൂഹസ്നാനം, ജലശുദ്ധീകരണം തുടങ്ങിയ ആചാരങ്ങളും ഈ ക്ഷേത്രക്കുളത്തിൻെറ സാമൂഹ്യ ആവശ്യം നിലനിർത്തുന്നതിൽ വലിയ പങ്കുവഹിക്കുന്നുണ്ട്. കാലാകാലങ്ങളിൽ അടിഞ്ഞു കൂടുന്ന ചെളി നീക്കം ചെയ്ത് ശുദ്ധീകരിച്ചതിനുശേഷമേ പ്രതിവർഷം കുളത്തിൽ ആറാട്ടു പതിവുള്ളു, എന്നത് ജലശുദ്ധീകരണം നിർബന്ധമാക്കുവാനുള്ള ഒരു പന്ഥാവാണ്.

**ക്ഷേത്രക്കാവ് :** ക്ഷേത്രങ്ങളിൽ വിവിധയിനം വൃക്ഷങ്ങളും സർപവിഗ്രഹങ്ങളും വെച്ച് പൂജിക്കപ്പെടുന്ന ഒരു മൈക്രോഫോറസ്റ്റ് ആണ് ക്ഷേത്രത്തിലെ കാവ്. പരിസ്ഥിതി ശാസ്ത്രജ്ഞന്മാർക്ക് അത്ഭുതം ജനിപ്പിച്ച കാഴ്ചയാണ് നമ്മുടെ സർപ്പക്കാവുകൾ. സമീപപ്രദേശങ്ങളിലെ



Scanned with CamScanner

പരിസ്ഥിതി സംരക്ഷണത്തിന് കാലാവസ്ഥ, ദിനാന്തരീക്ഷ സ്ഥിതി, മണ്ണിൻെറ ഗുണം, ജലസമ്പത്ത്, എന്നിവയുടെ നന്മയ്ക്ക് ഈ ക്ഷേത്രക്കാവുകൾ സംരക്ഷിക്കപ്പെടേണ്ടതാണെന്ന് ലോക പ്രസിദ്ധ ശാസ്ത്രജ്ഞന്മാർ പറയുന്നു. കേരളത്തിലെ് സർപ്പക്കാവുകളെക്കുറിച്ച് ഗവേഷണം നടത്തിയ രണ്ടു ശാസ്ത്രജ്ഞന്മാരേയും UNO പരിസ്ഥിതി വകുപ്പിൻെറ കീഴിൽ ഉദ്യോഗം നൽകി ആദരിക്കുകയുണ്ടായി. ഇതേ അന്താരാഷ്ട്ര ഏജൻസിയാണ് കേരളത്തിലെ ഇരുപതിനായിരത്തോളം വരുന്ന സർപ്പകാവുകളെയും സംരക്ഷിക്കുവാൻ 6 കോടി രൂപ ധനസഹായം നൽകിയത്. ഈ സർപ്പക്കാവുകൾ ഓരോ ഗ്രാമാന്തരീക്ഷത്തേയും അനുനിമിഷം പരിപോഷിപ്പിക്കുന്നു. ആധുനിക ശാസ്ത്രം തെളിയിച്ചംഗീകരിച്ച ഉജ്ജ്വലപുരാതന ശാസ്ത്രമാണിത്.

**ബലിക്കല്ല്** : ആത്മീയതയുടേയോ, ഭൗതികതയുടേയോ, ശാസ്ത്രീയതയുടേയോ വിശകലനത്തിലൂടെ ഉത്തരം ഇനിയും കണ്ടുപിടിക്കേണ്ടതായ ഒരു പ്രതിഭാസമാണ് ക്ഷേത്രങ്ങളിലെ ബലിക്കല്ലുകളുമായി ബന്ധപ്പെട്ട ആചാരങ്ങൾ. മനുഷ്യശരീരത്തിനു ചുറ്റും ഒരു തേജോമയദേഹം ഉണ്ടെന്നും അതു മനുഷ്യൻെറ കൊറോണ പോലെയാണെന്നും പൂർവ്വികർ പറഞ്ഞു പോന്നത്- ശരിയാണെന്ന് കിർല്യൺ ഫോട്ടോഗ്രാഫി തെളിയിച്ചിരിക്കുന്നു. നമ്മുടെ ക്ഷേത്രത്തിനു ചുറ്റും 'ഇത്തരം ചൈതന്യബിന്ദുക്കളും, രേഖകളും, കേന്ദ്രഭാഗങ്ങളും ഉള്ളതായി തച്ചുശാസ്ത്രം വിവരിക്കുന്നുണ്ട്. പഞ്ചഭൂതങ്ങളിൽ പൃഥ്വിയും, ആപസുമായി, വർത്തിക്കുന്നതാണ് ഈ തേജബിന്ദുക്കൾ, പഞ്ചഭൂതഭാഗമായ കല്ലായതുകൊണ്ടായിരിക്കാം ഇത് ഭൂതക്കല്ല്, ബലിക്കല്ല് എന്നറിയപ്പെടുന്നത്. ഈ തേജോബിന്ദുക്കളെക്കുറിച്ച് കൂടതലറിയുവാൻ ആധുനീകശാസ്ത്രം ഇനിയും വളരേണ്ടിയിരിക്കുന്നു എന്നു തോന്നുന്നു. ക്ഷേത്രത്തിനു ചുറ്റും കൊടിമരത്തിനെ വലയം ചെയ്തും ഈ ബലിക്കല്ലുകളുണ്ട്. ഇവയ്ക്ക് അഷ്ടദിക്പാലകന്മാരുമായും ക്ഷേത്രത്തിലെ പ്രധാന വിഗ്രഹമായും ബന്ധമുണ്ട്. ശ്രീഭൂതബലി (ലോപിച്ച് 'ശീവേലി'യായി) എന്നത് ക്ഷേത്രത്തിന് ചുറ്റുമുള്ള ബലിക്കല്ലിന് ചെയ്യുന്ന ആരാധനയാണ്. ഓരോ ബലികല്ലിലും പുഷ്പവും, ജലവും, ചന്ദനവും, തൂവുമ്പോഴും പ്രത്യേക ക്ഷേത്രവാദ്യങ്ങൾ, പ്രത്യേക താളത്തിലാവണം ശബ്ദിപ്പിക്കേണ്ടത്. ഇതിന്റെയെല്ലാം ശാസ്ത്രീയവശങ്ങൾ ഇനിയും കണ്ടെത്തേണ്ടതായിട്ടുണ്ട്.

**ക്ഷേത്രഗോപുരം** : ക്ഷേത്രത്തിന്റെ ഓരോ ഭാഗവും മേൽക്കൂരയും പിരമിഡുകളുടേയും കോണുകളുടേയും ആകൃതിയിലായിരിക്കും. ഇതിന് ഈ അടുത്ത കാലം വരെ ക്ഷേത്ര തച്ചുശാസ്ത്രത്തിൻെറ മഹത്വമല്ലാതെ മറ്റ് ഒരു മഹത്വവും ഉണ്ടെന്ന് കരുതിയിരുന്നില്ല. മോസ്കോവിശ്വവിദ്യാലയ



Scanned with CamScanner

മുൾപ്പെടെ അനവധി ഗവേഷണ കേന്ദ്രങ്ങിൽ ഇന്നും നടന്നുകൊണ്ടിരിക്കുന്ന പഠനങ്ങളിൽ നിന്നും വ്യക്തമാകുന്ന ശാസ്ത്രീയ വസ്തുതകൾ അത്ഭുതകരമാണ്. അന്തരീക്ഷത്തിലുള്ള ഇലക്ട്രോമാഗ്നറ്റിക് തരംഗങ്ങളേയും, ഊർജതരംഗങ്ങളേയും ഈ പിരമിഡുകൾ ഉൾവശത്തെ പ്രത്യേക ബിന്ദുവിലേക്ക് കേന്ദ്രീകരിപ്പിക്കുന്നു. ശ്രീകോവിലിൻെറ കോണീയ ഉപരിതലം ഇത്തരത്തിൽ വിഗ്രഹത്തിലേക്ക് ഈ തേജോമയമായ ഇലക്ട്രോമാഗ്നറ്റിക് തരംഗങ്ങളെ കേന്ദ്രീകരിപ്പിക്കുന്നു. പ്രദക്ഷിണ വഴിയിലേയും ഗോപുരത്തിലേയും ഘടനയിലൂടെ ഈ ഊർജ്ജതരംഗങ്ങൾ ഭക്തന്മാരിലും കേന്ദ്രീകരിപ്പിക്കാവുന്നതാണ്. നടപ്പുര, നടപ്പന്തൽ, വലിയമ്പലം, കൂത്തമ്പലം, ആനപ്പന്തൽ എന്നിവയെല്ലാം പിരമിഡുകളുടെ ആകൃതിയിലാണ്. പിരമിഡുകളുടെ ഈ പ്രത്യേകസ്വഭാവം വർണിക്കുന്നതിന് അനേകം 'ശാസ്ത്രീയ പരീക്ഷണങ്ങൾ നടത്തിയിട്ടുണ്ട്. പിരമിഡിൻെറ ആകൃതിയിലുള്ളതും കോണാകൃതിയിലുള്ളതുമായ വലിയ പാത്രങ്ങളിൽ കായ്കറികളും ഫലങ്ങളും അനേകദിവസം കേടുകൂടാതെ സൂക്ഷിക്കുവാൻ സാധിക്കും. ഈ ആകൃതിയിലുള്ള ഭവനത്തിൽ മാനസീകവിഭ്രാന്തിയുള്ളവനേയും ക്ഷീണിതനേയും വിശ്രമിക്കാനനുവദിക്കുകയോ ചികിത്സിക്കുകയോ ചെയ്താൽ രോഗം/ക്ഷീണം എളുപ്പത്തിൽ ഭേദമാകുന്നതായും കണ്ടിട്ടുണ്ട്. ഇത്തരത്തിൽ ഒരു ഭൗതീക പ്രാധാന്യം ക്ഷേത്രത്തിൻെറ തച്ചുശാസ്ത്രത്തിൽ തന്നെയുണ്ട്.

**കൊടിമരം** : ഓരോ ഗ്രാമത്തിന്റേയും കേന്ദ്രബിന്ദു ക്ഷേത്രമായിരുന്ന കാലത്ത് ഈ സ്ഥാനം നിർണയിക്കുകയും അറിയിക്കുകയും ചെയ്യുന്നതിൻെറ ചിഹ്നമായിരുന്നു കൊടിമരം. ഗ്രാമജനങ്ങളുടെ വിജയത്തിന്റേയും സന്തുഷ്ടിയുടേയും ലക്ഷണമായിട്ടാണ് കൊടിമരം കരുതിയിരുന്നത്. ഭൗതീകമായി നോക്കിയാൽ മിന്നലിൽ നിന്ന് ഗ്രാമത്തെ പൂർണമായും രക്ഷിക്കുവാൻപോലും ഇതിന് സാധിക്കുന്നുണ്ടത്രെ. അജ്ഞാതങ്ങളായ ഏറെ മഹത്വം ഇനിയുമുണ്ടാകാം!

## ക്ഷേത്രവും മന്ത്രവും ശാസ്ത്രത്തിൻെറ വീഥിയിൽ ........

ഒരു ക്ഷേത്രം നശിച്ചാൽ അത്രക്കും അന്ധവിശ്വാസം നശിച്ചു എന്ന് പറഞ്ഞിരുന്ന കാലഘട്ടം ഉണ്ടായിരുന്നു. വേദങ്ങളും മന്ത്രങ്ങളും കാട്ടുവർഗക്കാരുടെ കൂക്കിവിളയായിരുന്നു എന്ന് ഉച്ചൈസ്തരം പ്രഖ്യാപിച്ച നിരീശ്വരവാദികളിൽ പലരും ഇന്ന് ക്ഷേത്രഭരണസമിതികളിൽ അംഗങ്ങളായി മാറിയിരിക്കുന്നു. മന്ത്രങ്ങളുൾക്കൊള്ളുന്ന ക്ഷേത്രാചാരങ്ങൾ അവരും സ്വീകരിക്കുന്നു. ഭാരതീയ ചിന്താധാരകളുടെ വാഹകരായ



Scanned with CamScanner

ആത്മീയാചാര്യന്മാർ ഇന്ന് ലോകജനതയെ സ്വാധീനിച്ചുകൊണ്ടിരിക്കുന്നു. അവർ രചിച്ച മന്ത്രങ്ങൾ അഹോരാത്രം നമുക്ക് കേൾക്കാം.

ഏതാണ്ട് ആറായിരം വർഷങ്ങൾക്കുമുമ്പ് പുണ്യഭൂമിയായ ഈ ഭാരതത്തിൽ രചിക്കപ്പെട്ട പ്രപഞ്ചചൈതന്യ സ്തുതികളായ ശാശ്വത സത്യങ്ങളെ ചിട്ടയോടെ ചൊല്ലിക്കൊണ്ടുപോന്ന രീതിക്ക് അണുവിട വ്യത്യാസം വരാതെ ഇന്നുമത് തുടരുന്നു. ഗഹനമായി ചിന്തിച്ചാൽ മനസ്സിലാകും, ലോകത്തിൽ ഒരേ ഒരു മഹാത്ഭുതമുണ്ടെങ്കിൽ അതിതാണെന്ന് ! മുന്നൂറിൽപരം തലമുറകളിലൂടെ കടന്നുവന്നിട്ടും ഉദാത്ത അനുദാത്ത സ്വരിതപ്രചേയ രേഫ അനുനാസിക സ്വരങ്ങളിലൂടെ ഇന്നും വ്യത്യാസം വരാതെ ചൊല്ലുന്ന അനവധി വേദമന്ത്രങ്ങൾ വ്യാസനും വസിഷ്ഠനും, വിശ്വാമിത്രനും,........ വേദമന്ത്രങ്ങളുരുവിട്ട അതേശ്രുതിയിൽ ഇന്നും നമുക്കു കേൾക്കുവാൻ സാധിക്കുന്ന ഒരു ശബ്ദശൃഖല ലോകത്തുണ്ടെങ്കിൽ അത് വേദവരികളാണ്.... മന്ത്രവരികളാണ്..... രുദ്രയജ്ഞങ്ങളായാലും വേദമന്ത്രാർചനയായാലും, സമൂഹപൂജയായാലും/ അർച്ചനയായാലും, മുറജപമായാലും ഈ മന്ത്രധ്വനികളാൽ അന്തരീക്ഷം പൂരിതമാകുന്നു. ഒരു പതിറ്റാണ്ടു മുമ്പ് ബോംബെയിൽ നടന്ന ഇസ്കോൺ സമ്മേളത്തിൽ, ഇരുപതോളം നോബൽ സമ്മാന ജേതാക്കളായ വിദേശീയർ പങ്കെടുത്തു. വേദമന്ത്രങ്ങളുടെ ധ്വനിയിൽ മുഖരിതമായ സമ്മേളന അന്തരീക്ഷത്തിൽ ലോകശ്രദ്ധ പിടിച്ചു പറ്റിയത് മന്ത്രങ്ങളുടെ ശബ്ദശ്രുതിയിലായിരുന്നു. ഇന്ന് വേദമന്ത്രങ്ങളുടെ സഹായത്താൽ മസ്തിഷ്കത്തിൻെറ കർമ്മശേഷി വർദ്ധിപ്പിക്കാനുള്ള ശാസ്ത്ര പ്രൊജക്റ്റുകൾ ന്യൂറോ ലിംഗിസ്റ്റിക് ഇഫക്ട് എന്നും സൈക്കോലിംഗിസ്റ്റിക് ഇഫക്റ്റ് എന്നുമുള്ള പേരിൽ വികസിത രാഷ്ട്രങ്ങളിൽ ഗഹനമായ പഠനങ്ങൾക്ക് വിധേയമാക്കിക്കൊണ്ടിരിക്കുന്നു എന്നു നേരത്തേ സൂചിപ്പിച്ചിരുന്നു. ധ്യാനം, മെഡിക്കൽ വിദ്യാഭ്യാസത്തിൻെറ ഭാഗമായിക്കഴിഞ്ഞിരിക്കുന്നു. മന്ത്രങ്ങൾ, ക്വാണ്ടം ഹീലിങ് എന്ന അത്യാധുനിക ചികിത്സാസമ്പ്രദായത്തിൻെറ വളരെ പ്രധാനപ്പെട്ട ഘടകമാണിന്ന്.

ശാസ്ത്രജ്ഞന്മാരേയും പ്രൊഫസർമാരേയും ആകർഷിച്ച ഒരു ആധുനിക പുസ്തകം അമേരിക്കക്കാരനായ ഡോ: ദീപക്ചോപ്ര പ്രസിദ്ധീകരിച്ച "Return of the Rishi", ഋഷി സംസ്കൃതിയുടെ തിരിച്ചുവരവ് വിവരിക്കുന്ന പുസ്തകമത്രെ. ഋഷിയേയും ഋഷിപ്രോക്താക്കളായ മന്ത്രങ്ങളേയും ഉപയോഗിക്കുന്നതിൻെറ ശാസ്ത്രവിവരണമാണ്, ആധുനിക ശാസ്ത്രജ്ഞനായ ഡോ: ദീപക് ചോപ്രയുടെ ഈ പുസ്തകത്തിലെ വിഷയം. ആധുനിക ശാസ്ത്രത്തിൻെറ അവസാനവാക്കിലേക്ക് നയിക്കുന്ന-ചിന്താധാര, ഭാരതത്തിലെ ഉപനിഷദ്വരികളിലെ ആദ്യചിന്താധാരകൾ



Scanned with CamScanner

തന്നെയാണ്, എന്ന് ഈ മന്ത്രപ്രയോഗവിവരണം കാണുമ്പോൾ മനസ്സിലാകും.

**ക്ഷേത്രകലകൾ** : ശരീരത്തിനും മനസ്സിനും സുഖമുണ്ടാക്കുന്നതും സാമൂഹ്യബന്ധം ഊട്ടിയുറപ്പിക്കുന്നതുമായ ക്ഷേത്രങ്ങളിൽ (ക്ഷേത്രകലകൾ) ആചാരത്തിൻെറയും അനുഷ്ഠാനങ്ങളുടേയും ഭാഗമായത് അവ സമൂഹത്തിൻെറ നന്മയ്ക്ക് ഉതകുന്നു എന്നതുകൊണ്ടുതന്നെയാണ്. ഏതാണ്ട് എല്ലാ ക്ഷേത്രകലകളിലും ഈശ്വരീയമായ ഒരു സന്ദേശമോ കഥയോ വിവരണമോ ഉണ്ടായിരിക്കും. സംഗീതകച്ചേരി, ഹരികഥ, കഥാപ്രസംഗം, നൃത്തനൃത്ത്യങ്ങൾ, കഥകളി, ഓട്ടൻതുള്ളൽ, കൂത്ത് ഇവയെല്ലാം നമ്മുടെ കലാസംസ്കൃതിയുടെ ശ്രോതസ്സിൻെറ ഭാഗമാണ്. ക്ഷേത്രാന്തരീക്ഷത്തിൽ അവ വളർന്ന് വികസിച്ചുകൊണ്ടേയിരിക്കുന്നു.

## ക്ഷേത്രങ്ങളിലെ പ്രത്യേക ചടങ്ങുകൾ

പല ക്ഷേത്രങ്ങളിലും തനതായ ചില ആചാരാനുഷ്ഠാനങ്ങളുണ്ടായിരിക്കാം. പല കാരണങ്ങളാലാകാം ഈ പ്രത്യേക ചടങ്ങുകൾ ഉത്ഭവിച്ചത്. ചില പുരാണാടിസ്ഥാനത്തിലും ഇതിഹാസാടിസ്ഥാനത്തിലുമുള്ള കഥകൾ ഇതിനു കാരണമായിരിക്കാം. ചിലപ്പോൾ പഴയകാലത്ത് ചില പ്രത്യേക കാര്യങ്ങൾ ചെയ്തപ്പോൾ സാന്ദർഭികമായുണ്ടായ സദ്ഫലങ്ങൾ കാരണം, ആ ചടങ്ങുകൾ തുടരുന്നുണ്ടാകും. ചിലപ്പോൾ ജ്യോതിഷത്തിൻെറ പ്രശ്നഭാഗങ്ങൾ ഉദ്ധരിച്ച് അഷ്ടമാംഗല്യ ദേവപ്രശ്നം വെയ്ക്കുമ്പോൾ ദൈവജ്ഞർ പ്രശ്നത്തിൽ കണ്ടത് പറയുന്നതിൻെറ അടിസ്ഥാനത്തിൽ ആരംഭിക്കുന്നതാകാം. ചിലപ്പോൾ നിമിത്തം/ശകുനം ഇവയുടെ അടിസ്ഥാനത്തിൽ കാലാകാലങ്ങളിൽ ഉത്ഭവിക്കുന്ന ക്ഷേത്രാചാരങ്ങളുമുണ്ട്.

പത്മനാഭസ്വാമിക്ഷേത്രത്തിലെ പള്ളിവേട്ട രാജഭരണവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഗുരുവായൂരിലെ 'മരപ്രഭു' സങ്കൽപം വിഷ്ണുസഹസ്രനാമവും, പൂന്താനം-മേൽപത്തൂർ നമ്പൂതിരിമാരുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇപ്രകാരമുള്ള ആചാരങ്ങൾ കാലാകാലങ്ങളിൽ വന്നു ചേരുന്നുണ്ട്. കൊടുങ്ങല്ലൂരിലെ കാവുതീണ്ടൽ, ആറ്റുകാൽ ക്ഷേത്രത്തിലെ പൊങ്കാല, ഗുരുവായൂരിലെ ഉപ്പുമാങ്ങാ നിവേദ്യം അവിടത്തെതന്നെ കുന്നിക്കുരു വഴിപാട്, തുലാഭാരം എന്നിവയെല്ലാം ഇതിനുദാഹരണങ്ങളാണ്. പല ആചാരങ്ങൾക്കും വ്യക്തമായ ഒരു ശാസ്ത്രവ്യാഖ്യാനം അസാദ്ധ്യമാണ്. വിശ്വാസങ്ങളും, മനഃശാസ്ത്രവുമാണ് ഇവയുടെ അടിസ്ഥാനഫലങ്ങൾ.



Scanned with CamScanner

ശിവക്ഷേത്രത്തിൽ ധാരജലം ഒഴുകുന്ന ഓവു മുറിച്ചു കടക്കരുത് എന്നു പറയുന്നത് ശിവ ശിരസിലെ ഗംഗ (ഗംഗാമാതാവെന്ന് സങ്കൽപം) ഒഴുകുന്നു എന്ന സങ്കൽപത്തിലാണ്.

ചൊവ്വാഗ്രഹത്തിന് ഭഗവതിയും, വ്യാഴത്തിന് വിഷ്ണുവും, ശുക്രന് ദേവിയും, ശനിക്ക് ശാസ്താവും, ചന്ദ്രന് പാർവ്വതി (സമേത ശിവനും) അധി ദേവതയായി വരുന്നതുകൊണ്ടാണ് ഈ ദിവസങ്ങളിൽ അതാതു പ്രതിഷ്ഠയുള്ള ക്ഷേത്രത്തിന് മഹത്വമുള്ളത്.

**ക്ഷേത്ര നിവേദ്യങ്ങൾ** : പായസാന്നപ്രിയായൈനമഃ എന്നും ഗുഡാന്ന പ്രീത മാനസായൈ നമഃ എന്നും ദേവിയെ സ്തുതിക്കുന്നതിൽ നിന്നും, ദേവിക്ക് ശർക്കരപായസവും മറ്റുദേവതകൾക്ക് അതുപോലെ പുരാണ വിവരണങ്ങളുടെ അടിസ്ഥാനത്തിലും നിവേദ്യം ഉണ്ടാക്കുന്നു. ഗണപതിക്ക് അപ്പവും, വിഷ്ണുവിനും കൃഷ്ണനും പാൽപായസവും, വിളക്കുവെച്ചുള്ള ദേവ്യുപാസനയ്ക്ക് ഉഴുന്നുവടയും നിവേദിക്കുന്നത് പുരാണ വിവരണാടിസ്ഥാനത്തിലാണ്. ഇവയിൽ മനുഷ്യനെ ഈശ്വരൻെറ പ്രതിരൂപമായും അതുപോലെ തിരിച്ചും ദർശിക്കാറുണ്ട്. മനുഷ്യനിഷ്ടമുള്ള ഭോജ്യങ്ങൾ ഈശ്വരീയ ചൈതന്യത്തിനും തൃപ്തികരമായിരിക്കും എന്നതാണ് ഭൗതിക സന്ദേശം, ഈ ഇഷ്ടനിവേദ്യങ്ങളെല്ലാം ആരോഗ്യവാനായ മനുഷ്യനും ഏറെ നല്ല പോഷകഫലം നൽകുന്നതാണ്.

## നാട്ടാചാരങ്ങൾ

ദേശത്തിൻെറയും കാലത്തിന്റെയും പ്രത്യേകതകളനുസരിച്ച് ഓരോ കഥയുടേയും, അനുഭവങ്ങളുടേയും, ചരിത്രത്തിൻെറയും, ആകസ്മിക സംഭവങ്ങളുടേയും വെളിച്ചത്തിൽ നൂറുകണക്കിന് ആചാരങ്ങൾ നിലവിൽ വന്നിട്ടുണ്ട്.

കേരളത്തിലെ ഓണാഘോഷവും, അതിനോടനുബന്ധിച്ച ചടങ്ങുകളും, തമിഴ്നാട്ടിൽ മകരമാസത്തിലെ പൊങ്കൽ ഉത്സവും ആന്ധ്രയിലെ സംക്രാന്തി ഉത്സവും, കർണാടകത്തിലെ ദസറയും ഇതിനുദാഹരണങ്ങളാണ്. ഓണത്തോടനുബന്ധിച്ച് അത്തച്ചമയം രാജശാസനത്തിൻെറ ഭാഗമാണ്. അതുപോലെ തൃക്കാകര ക്ഷേത്രത്തിലെ ചടങ്ങുകളും മഹാബലി/വാമനനുമായി ബന്ധപ്പെട്ടിരിക്കുന്നു. പത്മനാഭസ്വാമി ക്ഷേത്രത്തിലെ രാവിലത്തെ ഉഷപൂജക്ക് പായസം നേർന്നത് മൺട്രോസായിപ്പായതിനാൽ പൂജതന്നെ മൺട്രോ ഉഷപ്പൂജ എന്നറിയപ്പെടുന്നു. മധുരമീനാക്ഷി ക്ഷേത്രാചാരങ്ങൾ പാണ്ഡ്യവംശവുമായി ബന്ധപ്പെട്ടിരിക്കുന്നു. ശബരിമലയിലെ ചരിത്രാടിസ്ഥാനത്തിലുള്ള ആചാരങ്ങൾ പന്തളം രാജകുടുംബവുമായി ബന്ധപ്പെട്ടിരിക്കുന്നു.



Scanned with CamScanner

വൈശാഖമാസങ്ങളിൽ നടത്തുന്ന പുണ്യകർമ്മങ്ങൾ എല്ലാം വൃക്ഷലതാദികളുടെയും ഫലസമൃദ്ധിയുമായി ബന്ധപ്പെട്ടിരിക്കുന്നു. ക്ഷേത്രങ്ങളിലെ പറയെടുപ്പ്, അതാതു ക്ഷേത്രങ്ങൾക്ക്, അതിനു ചുറ്റുമുള്ള കുടുംബങ്ങളുമായുള്ള ബന്ധത്തെ ഊട്ടിയുറപ്പിക്കുന്നതിനുതകുന്നു. കേരളത്തിന്റെ പ്രത്യേകതയായ എഴുത്തിനിരുത്തൽ വിദ്യാരംഭത്തിന്റെ മഹത്വമേറിയ കാൽവെപ്പായി ആചരിച്ചുപോരുന്നു. വിഷുകൈനീട്ടവും വിഷുക്കണികാഴ്ചയുമെല്ലാം മേടസംക്രാന്തി ബിന്ദുവിലൂടെ സൂര്യൻ പ്രവേശിച്ച് ഒരു വാർഷിക ഭ്രമണം പൂർത്തിയാക്കി പുതിയ ഭ്രമണാരംഭത്തിന്റെ ശുഭമുഹൂർത്തമായി ആഘോഷിക്കപ്പെടുന്നു. ഇപ്രകാരം വലുതും ചെറുതുമായ അനവധി നാട്ടാചാരങ്ങൾ നമ്മുടെ നാട്ടിലുണ്ട്. മനുഷ്യനന്മയുടെ ഉത്തമഫലലബ്ധിയുണ്ടോയെന്നു നോക്കിവേണം അവസദാചാരമാണോയെന്നു വിലയിരുത്താൻ, എന്ന് പ്രത്യേകം ഓർക്കുമല്ലോ.

## ജ്യോതിഷം

ഭാരതീയരുടെ ഏതാണ്ട് എല്ലാ കർമ്മങ്ങളുടേയും ആരംഭം, അഥവാ കർമ്മദിനം നല്ല ദിവസത്തിൽ, നല്ല സമയത്ത് നടത്തണമെന്ന് നിഷ്കർഷിക്കാറുണ്ട്. സമയം നിഷ്കർഷിക്കുന്ന കർമ്മം ജ്യോതിഷത്തിന്റെ ഭാഗമാണ്.

ജ്യോതിഷത്തിന് രണ്ടു ഭാഗങ്ങളുണ്ട് ശുദ്ധവും ശാസ്ത്രീയവുമായ ജ്യോതി–ഗണിതശാസ്ത്രത്തിന്റെ ഭാഗവും ആധുനിക ശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ തെളിയിക്കുവാൻ സാദ്ധ്യമാണോ എന്ന് വ്യക്തമല്ലാത്ത ഫലപ്രവചനഭാഗവും. ആചാരങ്ങളിൽ ജ്യോതിഷത്തിന്റെ സ്ഥാനം എന്ന വിഷയമായതുകൊണ്ട് അതിൽ ഒതുങ്ങി നിന്നുകൊണ്ടുളള ഒരു സംക്ഷിപ്തം മാത്രമാണിവിടെ വിവരിക്കുന്നത്.

എല്ലാ ആചാരകർമ്മങ്ങൾക്കും സമയം നിർണയിക്കുന്നത് ജ്യോതിഷത്തിലൂടെയാണ്. യഥാർത്ഥത്തിൽ സമയം അനാദിയാണ്. സമയം എന്നത് തന്നെ അവ്യക്തമായ പ്രതിഭാസമാണെങ്കിലും അതുനിർണയിക്കുന്നതിന് വ്യക്തമായ ചില മാനദണ്ഡങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. മംഗളകർമ്മത്തിന് സമയമല്ല നിശ്ചയിക്കുന്നത് മറിച്ച് ഗ്രഹനിലയാണ് ഗണിച്ചെടുക്കാറുള്ളത്. അല്ലെങ്കിൽ ഗണിതശാസ്ത്രരീതിയിൽ ഗണിച്ചുവെച്ചിട്ടുള്ള ഗ്രഹയോഗാടിസ്ഥാനത്തിലെ സമയമാണ് എടുക്കാറുള്ളത്. ഗ്രഹനില ശുഭമായിരിക്കുമ്പോൾ കർമ്മം നടത്താം എന്നു പറഞ്ഞാൽ സാധാരണക്കാരന് ഗ്രഹനിലമുഴുവനും വിവരിച്ചാലേ മനസ്സിലാകൂ. അത്രയും സുദീർഘമായ വിവരണം



Scanned with CamScanner

ഒഴിവാക്കുവാൻ, ഗ്രഹനില ശുഭമായി വരുന്നത് ഏതു സമയത്താണെന്ന് കണ്ടുപിടിച്ച് അതറിയിക്കുകയാണ് പതിവ്. അതായത് ശുഭസമയം!

വ്യക്തിയുമായി ബന്ധപ്പെട്ട ചടങ്ങുകൾക്ക് വ്യക്തി ജനിച്ചപ്പോൾ ഉള്ള ഗ്രഹനില (ഈ ഗ്രഹനില ആധുനികശാസ്ത്ര പ്രകാരംതന്നെ ലഭിക്കുന്നതാണ്) യുമായി താരതമ്യപ്പെടുത്തി സമയം പറയുന്നു. അതായത് Permutation combination അനുസരിച്ച് യോജിക്കുന്ന ഗ്രഹനിലങ്ങളുടെ സ്ഥാനം ഏതു സമയത്താണ് വരുന്നതെന്ന് പറയുന്നു. ഗൃഹപ്രവേശനത്തിന് ഗൃഹനാഥൻെറ ജന്മനക്ഷത്രമല്ല എടുക്കുന്നത്. ഗൃഹനാഥയാണ് കുടുംബത്തിൻെറ ഐശ്വര്യം. അതുകൊണ്ട് അവരുടെ ജനന നക്ഷത്രം താരതമ്യപ്പെടുത്തിയാണ് ഗൃഹപ്രവേശനസമയം ഗണിച്ചെടുക്കേണ്ടത്. ഗൃഹനിർമ്മാണത്തിനും തറക്കല്ലിടുന്നതിനും രണ്ടുപേരുടേയും നക്ഷത്രവും ശുഭദിനവും തമ്മിൽ ബന്ധപ്പെടണം. വിവാഹത്തിന് മുഹൂർത്തം നിശ്ചയിക്കുമ്പോൾ സ്ത്രീയുടെ (വധുവിൻെറ) നക്ഷത്രവുമായി താരതമ്യപ്പെടുത്തിയാകണം ശുഭദിനനിശ്ചയം. യാഗത്തിന് യജമാനൻെറ ജന്മനക്ഷത്രവുമായി പൊരുത്തപ്പെടുന്ന സമയമെടുക്കുന്നു. ഇപ്രകാരം നോക്കിയാൽ വിശേഷ ദിവസത്തെ ഗ്രഹങ്ങളുടെ കൃത്യമായ സ്ഥാനവും, വ്യക്തി ജനിച്ച സമയത്തെ ജ്യോതിർഗോള സ്ഥാനവും തമ്മിലൊരു താരതമ്യം ചെയ്താണ് ദിനവും സമയവും നിശ്ചയിക്കുന്നത്. ചില ദിവസങ്ങളിൽ ചില ചടങ്ങുകൾ നടത്തുമ്പോൾ ദിവസത്തിൻെറ മഹത്വം കൊണ്ട് സമയം നോക്കേണ്ടതില്ല എന്നതാണ് പതിവ്. വിജയദശമി, ദീപാവലി, പത്താമുദയം തുടങ്ങിയ ദിനങ്ങൾ ഇത്തരം മംഗളകർമ്മങ്ങൾക്ക് പൊതുവേ ഉത്തമമാണ്. ഇതിനുകാരണം പുണ്യതിഥിയും പുണ്യസ്ഥലവും രണ്ടും മറ്റെല്ലാതിന്മകളെയും ഇല്ലാതാക്കും എന്നുള്ള വിശ്വാസമാണ്. നല്ലദിവസങ്ങളിൽ ക്ഷേത്രസന്നിധിയിൽ വച്ച് ചോറൂണ്, നാമകരണം, വിവാഹം എന്നിവ നടത്തുന്നതിലൂടെ സ്ഥലകാലമഹത്വം പൂർണമായും ലഭിക്കുന്നു എന്നതാണത്രെ കാരണം. നല്ലമുഹൂർത്തം തിരഞ്ഞെടുക്കുന്നതിലൂടെ മനശാസ്ത്രപരമായ ഒരു മഹത്വം കൂടി വന്നു ചേരുന്നു. ഏറ്റവും നല്ല നിലയിലെത്തണം എന്ന ആഗ്രഹത്തെ സഫലീകരിക്കുവാൻ തീവ്രമായ ശ്രമത്തിന് അതു തുടക്കം കുറിക്കും, ശ്രദ്ധ കൂടുതലുണ്ടാകും.

നല്ല മുഹൂർത്തം രണ്ടു വിധത്തിൽ രേഖപ്പെടുത്താറുണ്ട്. മുഹൂർത്തത്തിൻെറ പേരിലും ലഗ്നത്തിലും. ഗോധൂളിലഗ്നമുഹൂർത്തം എന്നാൽ സന്ധ്യ സമയത്ത് (ഗോ-പശുക്കൾ, ധൂളി - എന്നാൽ നടന്ന് തൊഴുത്തിലേക്ക് കൂട്ടം കൂട്ടമായി കയറുമ്പോൾ പൊടിപറത്തുന്ന സമയം)



Scanned with CamScanner

അഭിജിത്ത് മുഹൂർത്തം സൂര്യൻ നട്ടുച്ചക്കു നിൽക്കുമ്പോൾ മധ്യാഹ്ന സന്ധിയുടെ 15 മിനിറ്റ് ഒഴിവാക്കിയുള്ള സമയം. മലയാള സംസ്കൃത മാസക്രമത്തിലാണ് സാധാരണയായി കേരളത്തിൽ മുഹൂർത്തം വിവരിക്കുക പതിവ്.

ശുദ്ധ ശാസ്ത്രവിഷയമായ ജ്യോതിശാസ്ത്ര (astronomy) ത്തിൻെറ അടിസ്ഥാനത്തിൽ ഗണിച്ചെടുത്ത ശുഭസമയത്ത്, കർമ്മം നടക്കുന്ന സ്ഥലത്തിന് നേരെയുള്ള പ്രപഞ്ചചക്രത്തിലെ രാശിയുടെ പേരിലാണ് മുഹൂർത്തസമയം അറിയപ്പെടുന്നത്. ഇടവവലഗ്നം എന്നു പറഞ്ഞാൽ ആ സ്ഥലം ഇടവരാശിക്കഭിമുഖമായി നിൽക്കുന്നു എന്നർത്ഥം. ഇടവം രാശി എന്നത് ശുദ്ധ ജ്യോതിശാസ്ത്രമാണ്.

ശുഭ നക്ഷത്രം നോക്കുന്നതും ജ്യോതിഷത്തിൻെറ മറ്റൊരു പ്രയോഗമാണ്. ജനിച്ച നാളിൽ നിന്നും മൂന്ന്, ഇരുപത്തി ഒന്ന് എന്നീ നക്ഷത്രങ്ങൾ ഒഴിവാക്കാറുണ്ട് അതുപോലെ പ്രതികൂല രാശിയിൽ വരുന്ന നക്ഷത്രങ്ങളേയും, കറുത്തവാവും ഗ്രഹണവും ജ്യോതി ശാസ്ത്രാടിസ്ഥാനത്തിൽ വർജ്ജിക്കാറുണ്ട്.

ഗൃഹങ്ങളിലെ ശുഭകർമ്മങ്ങൾ, സമീപത്തുള്ള ക്ഷേത്രങ്ങളിലെ ഉത്സവക്കാലത്ത് ഒഴിവാക്കാറുണ്ട്. ക്ഷേത്ര ദേവതയ്ക്ക് ഗ്രാമദേവതയായി ഗ്രാമത്തലവൻെറ സ്ഥാനം നൽകുന്നു. അവിടുത്തെ 'വിശേഷത്തേക്കാൾ വലിയതായൊന്നും വ്യക്തി ഈ ദിനത്തിൽ നടത്തരുതെന്ന സങ്കൽപ്പത്തിലാണ് ക്ഷേത്രോത്സവസമയത്ത് മറ്റു ഗൃഹ്യവിശേഷങ്ങൾ നടത്താത്തത്.

എല്ലാ ശുഭകർമ്മങ്ങൾക്കും നോക്കുന്നത് കർമ്മദിവസത്തിൽ ജ്യോതിർഗോളങ്ങളുടേയും രാശിചക്രത്തിൻെറ ഭാഗങ്ങളുടെയും സ്ഥിതിയും, അതിലുള്ള നക്ഷത്ര സമൂഹത്തിൻെറ പ്രത്യേകതയും, ചന്ദ്ര-സൂര്യന്മാരുടെ സാന്നിദ്ധ്യവും തന്നെയാണ്. ഏതെങ്കിലും കർമ്മത്തിന്, ജനുവരി 10-ാംതീയതി അല്ലെങ്കിൽ കുംഭം 21-ാം തീയതി തെരഞ്ഞെടുക്കുന്നത്, ആ പ്രത്യേക ദിവസത്തിലെ പ്രത്യേക സമയത്തിലെ പ്രപഞ്ചത്തിലെ ഗോളസ്ഥിതിയുടെ അടിസ്ഥാനത്തിലാണെന്നു പറയുമ്പോൾ-അതു പൂർണമായും ശാസ്ത്രമാണെന്ന് വ്യക്തം. അതുമായി വ്യക്തിയെ ബന്ധപ്പെടുത്തി, തത് വ്യക്തിയുടെ ജനനസമയത്തെ പ്രപഞ്ച ഗോളങ്ങളുടെ സ്ഥാനത്തെ സമയവുമായി താരതമ്യം ചെയ്താണ് കർമ്മസമയം നിശ്ചയിക്കുന്നത്. പ്രപഞ്ചത്തെ മാക്രോകോസം (ബ്രഹ്മാണ്ഡം) ആയി കണ്ടവർ, അതിൻെറ ഒരംശമായ മനുഷ്യനെ മൈക്രോകോസമായി (പിണ്ഡാണ്ഡം) കണ്ടു എന്ന് ആധുനിക ശാസ്ത്രം പറയുന്നു എന്ന്



Scanned with CamScanner

സൂചിപ്പിച്ചുവല്ലോ. അതിനാലായിരിക്കാം വ്യക്തിയേയും പ്രപഞ്ചത്തേയും തമ്മിൽ ബന്ധപ്പിക്കുന്നതിന് സമയത്തിലൂടെ ജ്യോതിർഗോളങ്ങളുടെ സ്ഥിതി നമ്മുടെ പൂർവപിതാമഹന്മാർ എടുത്തത്. ഇതിനെ താരതമ്യം ചെയ്യുവാൻ എളുപ്പമുള്ള ഒരു വിവ്രണമുണ്ട്. Macrocosm എന്ന പ്രപഞ്ചം അതിൻെറ ഭാഗമായ Micrcosom നെ സ്വാധീനിക്കുന്നു, അഥവാ സ്വാധീനിച്ചു കൊണ്ടേയിരിക്കുന്നു. എങ്ങിനെയെന്നാൽ ഗർഭകാലത്ത് അമ്മയുടെ ശാരീരികവും മാനസികവുമായ അവസ്ഥ അമ്മയുടെ ഭാഗമായി വളരുന്ന കുട്ടിയെ ബാധിക്കുന്നു, സ്വാധീനിച്ചുകൊണ്ടേയിരിക്കുന്നു. പ്രപഞ്ചത്തിലെ ഓരോ സ്ഥിതിയും അതിൻെറ അംശമായ മനുഷ്യമൃഗാദികളേയും ബാധിക്കും. സമയനിർണ്ണയത്തിൽ പൊതുവേ അനുശാസിക്കുന്ന നിയമങ്ങളുണ്ട്. വ്യക്തമായ ശാസ്ത്രീയാടിസ്ഥാനകാരണങ്ങളുണ്ടെങ്കിലും ധർമ്മശാസ്ത്രത്തിൽ വിവരണമുണ്ടെങ്കിലും ഈ ആചാര നിയമങ്ങൾക്ക് ചിലപ്പോൾ ലംഘനവുമാകാം.

സാമാന്യമായി അനുശാസിക്കുന്ന ചില നിയമങ്ങളുണ്ട്. അത് ശീലത്തിൻെറ ഭാഗമാണ്. എല്ലാ ശുഭകർമ്മങ്ങളും മധ്യാഹ്നത്തിനു മുമ്പു നടത്തുന്നു. സൂര്യൻെറ ഉയർച്ചയുടെ സ്വാധീനം ലഭിക്കുവാനായിരിക്കും ഈ അനുഷ്ഠാനം. മനുഷ്യൻ ഊർജ്ജവാനായിരിക്കുന്നത് പ്രഭാതസമയത്താണല്ലോ! പൂജാകർമ്മങ്ങൾ ക്കുത്തമം പ്രഭാത, സായാഹ്ന സന്ധ്യകളാണ്. ഉദയാൽപര ക്ർമ്മങ്ങൾ നടത്തുന്നതാണ് ഉത്തമം പൂജാകർമ്മങ്ങൾക്ക് വെളുത്തവാവ് ദിവസം സന്ധ്യക്ക് ഉത്തമമാണ്. പിതൃകർമ്മങ്ങൾക്ക് കറുത്തവാവുദിവസം പ്രഭാതത്തിൽ ഉത്തമവും. ഇതിൽ പുരാണത്തിന്റേയും സ്വാധീനമുണ്ട്. മംഗളകർമ്മങ്ങൾ കറുത്തവാവു ദിവസവും, മറ്റു ദിവസങ്ങളിൽ സൂര്യോദയത്തിനുമുമ്പും നടത്താറില്ല. (ഗൃഹപ്രവേശം ഷോഡശകർമ്മങ്ങൾ എന്നിവ) ചിലപ്രത്യേകമാസങ്ങളിൽ (ഉദാ. കർക്കിടമാസം) കേരളത്തിൽ ഉയർന്ന വർഷപാതസമയമായതിനാൽ വിവാഹാദി മംഗളകർമ്മങ്ങൾ വർജ്ജിക്കാറുണ്ട്. ഇതിന് മറ്റു ജ്യോതിശാസ്ത്ര പ്രത്യേകതകളുള്ളതായി കാണുന്നില്ല.

കൃഷിയിറക്കുവാനും, കൊയ്യാനും ഭൂമി, സുര്യ ചന്ദ്രൻന്മാർ ഇവരുടെ ശുഭസ്ഥാനമാണ് സമയനിർണയത്തിനുപയോഗിക്കുന്നത്. അതായത് മാസം പക്ഷം, തിഥി, എന്നിവ (ഇവ സൂര്യ-ചന്ദ്ര-ഭൂവിനെ ആസ്പദമാക്കിയിരിക്കുന്നു.

ജ്യോതിഷത്തിലെ പ്രശ്നം, നിമിത്തം എന്നീ കാര്യങ്ങളിൽ ആധുനിക ശാസ്ത്രത്തിന് വ്യക്തമായി ഒന്നും തന്നെ പറയുവാനുണ്ടെന്ന് തോന്നുന്നില്ല. ദേവപ്രശ്നം ഈശ്വരീയ കർമ്മങ്ങൾക്കും, ക്ഷേത്രാചാരങ്ങൾക്കും, വേണ്ടി പ്രപഞ്ചശക്തിയുടെ ഉപദേശം തേടുന്നതുപോലുള്ള ഒരു ചടങ്ങാണ്.



Scanned with CamScanner

ഒരേപ്രശ്നം പലപ്രാവശ്യം ആവർത്തിച്ചാൽ ഒരേ ഉത്തരം ലഭിച്ചു എന്നുവരികില്ല. ആധുനിക ശാസ്ത്രത്തിൽ പുനരാവർത്തനഫലവും (Re peatability and reproduceability) പ്രാധാന്യമർഹിക്കുന്നു. പ്രശ്നത്തിൽ അതു സാധ്യമാണെന്നു പറയുക അസാദ്ധ്യം.

## നിമിത്തം / ശകുനം

സംസ്കാരത്തിൻെറ ആവിർഭാവഘട്ടം മുതൽക്ക് ശകുനത്തിനും നിമിത്തത്തിനും മനുഷ്യരിൽ സ്വാധീനമുണ്ടായിരുന്നു. ആധുനിക ശാസ്ത്രത്തിൻെറ വേലിയേറ്റത്തോടെ പലതും ഇല്ലാതായി. മനുഷ്യനെ സ്വാധീനിക്കുന്ന പ്രപഞ്ചശക്തികൾ മനുഷ്യകർമ്മത്തിൻെറ ആരംഭത്തിൽ ശുഭാശുഭ സൂചനകൾ നൽകുമെന്ന് വിശ്വസിച്ചിരുന്നു. ഇതാണ് നിമിത്തത്തിനും ശകുനത്തിനും അടിസ്ഥാനം. ധൂമകേതു പ്രത്യക്ഷപ്പെടുന്നത് രാജ്യത്ത് തിക്തഫലങ്ങളുണ്ടാക്കുമെന്നു ധരിച്ചിരുന്നു. ഇതുപോലെ ഉൽക്കാപതനവും, ചന്ദ്രൻെറ നിറം മാറുന്നതും, തുടർച്ചയായി ഗ്രഹണങ്ങൾ ഉണ്ടാകുന്നതും രാഷ്ട്രം അഭിമുഖീകരിക്കുവാൻ പോകുന്ന ദുഃഖത്തിൻെറ ദുഃശ്ശകുനങ്ങളായി കണക്കാക്കിയിരുന്നു.

ചില കർമ്മാരംഭത്തിൽ കാണുന്ന പ്രതിഭാസങ്ങളും നിമിത്തങ്ങളായി എടുക്കാറുണ്ട്. ഭഗവദ്ഗീതയിൽ (യുദ്ധാരംഭത്തിനുമുമ്പ്) അർജ്ജുനൻെറ വരികൾ ശ്രദ്ധേയമാണ്. **നിമിത്താനി ച പശ്യാമി വിപരീതാനി കേശവ** വിപരീതങ്ങളായ നിമിത്തങ്ങൾ, ഹേ കേശവാ ഞാനിതാകാണുന്നു! ഒരു പക്ഷേ കർമ്മാരംഭത്തിലെ നല്ല ശകുനങ്ങൾ വ്യക്തിക്ക് പ്രോത്സാഹനജനകമായി ഭവിച്ചേക്കാം. ദുഃശ്ശകുനങ്ങൾ പുനർവിചിന്തനത്തിനും കൂടുതൽ ശ്രദ്ധയോടെ കാര്യങ്ങൾ നടത്തുന്നതിനുമുള്ള ശ്രമത്തിനും ഒരു സന്ദേശമായി എടുക്കുമെങ്കിൽ അതിൽ നന്മയുടെ ഒരു വശം കാണാം. ശവം, ഇറച്ചി, തുടങ്ങിയവ നല്ല ശകുനമാണെന്നും ഭാണ്ഡം, പരുത്തി, ഒറ്റബ്രാഹ്മണൻ എന്നിവ കാണുന്നത് അശുഭമാണെന്നും പറയുന്നതുപോലുള്ളവ ആധുനീക കാലഘട്ടത്തിൽ ശാസ്ത്രത്തിന് കൈയ്യൊഴിയേണ്ടിവരുന്നു.

വരാഹമിഹിരൻെറ ബൃഹത്സംഹിതയിലെ അനവധി അദ്ധ്യായങ്ങൾ ഇത്തരത്തിലുള്ള ശകുനത്തിൻേറയും നിമിത്തത്തിന്റേയും വിവരണങ്ങൾ നൽകുന്നു. നായ, ചിലപക്ഷികൾ, കുറുക്കൻ, പശുക്കൾ, കുതിര, ആന, കാക്ക എന്നിവയുമായി ബന്ധപ്പെട്ട ശകുനവിവരണങ്ങൾ കാണാം. ആധുനിക കാലഘട്ടത്തിൽ ഇവക്ക് പ്രത്യേകശാസ്ത്രീയതയുണ്ടെന്ന് തോന്നുന്നില്ല.



Scanned with CamScanner

## പിതൃകർമ്മങ്ങളുടെ ആചാരങ്ങൾ.

ആചാരങ്ങളുടെ ഒരു ശ്രോതസ്സാണ്, അന്ത്യേഷ്ഠി അഥവാ പിതൃകർമ്മങ്ങൾ. മരണസമയം അടുക്കുന്നു എന്നറിയുന്നതു മുതൽ തുടങ്ങേണ്ടതായ ആചാരങ്ങൾ ഇതിലുണ്ട്. കൽപശാസ്ത്രത്തിൻെറ ഭാഗമായ പിതൃമേധസൂത്രത്തിലെ ഏതാണ്ടെല്ലാ വിവരണങ്ങളും പിതൃകർമ്മങ്ങളാണ്. കൂടാതെ മരണാനന്തര ചടങ്ങുകൾ കഴിഞ്ഞു നടത്തുന്ന ശ്രാദ്ധങ്ങൾ, ധർമ്മശാസ്ത്ര ഗ്രന്ഥങ്ങളിൽ സുദീർഘമായി വിവരിക്കുന്നുണ്ട്. ഗരുഡപുരാണത്തിലെ രണ്ടാം ഭാഗം പൂർണമായും പിതൃകർമ്മങ്ങളുടെ ചടങ്ങുകളും ഫലങ്ങളുമാണ് വിവരിക്കുന്നത്.

മരണം അടുത്തു എന്നറിയുന്ന നിമിഷത്തിൽതന്നെ ബന്ധുക്കൾ അടുത്തിരുന്ന് ഗീതാപാരായണവും നാമജപവും നടത്തുന്ന പതിവുണ്ട്. മനുഷ്യന് ഏറ്റവും ഭയം തോന്നുന്ന ഈ അവസ്ഥയിൽ തനിക്കുവേണ്ടപ്പെട്ടവർ അടുത്തുണ്ടെന്നും അവർ എനിക്കുവേണ്ടതു ചെയ്യുമെന്നും ഒരു അത്യഗാധമായ ആശ്വാസം ലഭിക്കുന്നു. മരണഭയ മോചനം കൂടതലായും സാധിക്കുന്നത് മക്കൾ അടുത്ത് ഇരിക്കുമ്പോഴാണ്.

മരണവേളയിൽ വ്യക്തിക്കിഷ്ടമുള്ള മന്ത്രങ്ങളും നാമവും കാസറ്റിലൂടെ ചെവിയിൽ കേൾപ്പിക്കുമ്പോൾ ശാന്തമായ മനോവിചാരവികാരങ്ങളുണ്ടാകുന്നതായി ഗവേഷണങ്ങൾക്ക് തെളിയിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. രക്ത സമ്മർദ്ദം കുറയുന്നതിന്റേയും ഹൃദയം ശാന്തമായി പ്രവർത്തിക്കുന്നതിന്റേയും ഭയത്തിൻെറ സ്വാധീനം കുറയുന്നതിന്റേയും ലക്ഷണങ്ങൾ വ്യക്തമാകാറുണ്ട്. യഥാർത്ഥത്തിൽ മരണഭയത്തിൽ നിന്നുള്ള മോചനത്തിലൂടെ ശാന്തമായി ജീവത്യാഗം സാധിക്കുന്നതിന് ഈ അനുഷ്ഠാനം വളരെയേറെ സഹായിക്കുന്നു.

ഹിന്ദുവിന് ജഡം അശുദ്ധമാണ്. ശിവത്തിൻെറ ചൈതന്യമറ്റാലാണ് അത് ശവമാകുന്നത്. പവിത്രമായ അഗ്നിയിൽ അത് ഹോമിക്കുന്നതുകൊണ്ടാണ് ദഹനകർമ്മത്തെ അന്ത്യേഷ്ഠി (അവസാനയാഗം) എന്നറിയപ്പെടുന്നത്. മലിനമായ ജഡം ശുദ്ധീകരിക്കുന്നതാണ് ജഡത്തിൻെറ സ്നാനം. ചിതക്കുമുകളിൽ വെച്ച് ഏഴ് അഗ്നിശാഖകളിൽ (സപ്ത ജിഹ്വ - ഏഴ് നാവകൾ) ഏഴാമത്തെ ശാഖയെ ക്രവ്യാഗ്നി എന്നു പറയുന്നു. അന്ത്യക്രിയക്കുമാത്രം ആവാഹിച്ചെടുക്കുന്ന അഗ്നിയാണിതെന്ന് വിശ്വാസം. ഗണപതിഹവനത്തിനും മറ്റു യാഗങ്ങൾക്കും, ഹവനങ്ങൾക്കും ക്രവ്യാഗ്നിയെ ദർഭയിലൂടെ ആവാഹിച്ചു നീക്കം ചെയ്യുന്നപതിവുണ്ട്. ഇപ്രകാരം അന്ത്യക്രിയയ്ക്കുപയോഗിക്കുന്ന ക്രവ്യാഗ്നിയാണത്രെ



Scanned with CamScanner

ചിതയിലെരിയേണ്ടത്. ഇതിൽ ശരീരത്തെ പ്രസാദം (ഹവിസു) പോലെ അഗ്നിക്കർപ്പിക്കുന്നു.

അഗ്നിയിൽ ജഡം ദഹിപ്പിക്കുന്നതിലൂടെ ജഡം ചീഞ്ഞളിഞ്ഞ് എല്ലുമാത്രം അവശേഷിക്കുന്ന സ്ഥിതി ഇല്ലാതാകുന്നു. രോഗാണുക്കളും ശരീരത്തിലെ കൊഴുപ്പും മണ്ണിൽ വ്യാപിക്കാതെ നശിച്ചുപോകുന്നു. ശവക്കല്ലറകൾ നിറഞ്ഞ പ്രദേശത്ത് നിന്നു വരുന്ന ജലത്തിൻെറ ഊറ്റിലൂടെ ശരീരമാലിന്യം വരുന്നതുകാണാം. എന്നാൽ ദഹനക്രിയയിലൂടെ ശരീരം ഒരുപിടിചാരം മാത്രമായി അവശേഷിക്കുന്നു.

കത്തുന്ന അഗ്നിയിൽ തൻെറതായ ഒരു വിറകുകഷ്ണം നിക്ഷേപിച്ച് ബന്ധം മുറിക്കുമ്പോൾ, ജീവിതബന്ധത്തിൻെറ മൂല്യം ഒരു നിമിഷമെങ്കിലും എല്ലാവരും ഓർമ്മിക്കുന്നു. ചിതയിലെ ഓരോ ചടങ്ങും ജീവചൈതന്യം വർത്തിച്ചിരുന്ന ശരീരക്ഷേത്രത്തിൻെറ പവിത്രതയെ ഓർമ്മിപ്പിക്കുന്നതാണ്. ജഡം എരിയുന്ന തീ നോക്കി ചൊല്ലേണ്ട അവസാന മന്ത്രവുമുണ്ട്.

**വായുരനിലമമൃതമഥേദം ഭസ്മാന്തം ശരീരം**

**ഓം ക്രത്രോസ്മര കൃതംസ്മര കൃതോ സ്മര കൃതംസ്മര**

വായുവും അഗ്നിയും ജീവചൈതന്യവും നിറഞ്ഞിരിക്കുന്ന ശരീരം അന്ത്യത്തിൽ ഭസ്മമാകുന്നു. കഴിഞ്ഞതും, ഇപ്പോൾ നടക്കുന്നതും ഓർക്കുക ഒരു ശാശ്വതസത്യത്തെ ഓർമ്മിപ്പിക്കുന്ന കാന്തലായ മന്ത്രമാണിത്. ദഹനാനന്തരം വീട്ടിലെത്തിയാൽ മരിച്ച വ്യക്തിക്കായി സങ്കൽപിച്ച് ഒരു ഗ്ലാസ് പാലും ജലവും വെച്ച് തൊഴുകയ്യോടെ പ്രാർത്ഥിക്കാറുണ്ട്.

**ശ്മശാനാനല ദഗ്ദോസി പരിത്യക്തോസി ബാന്ധവൈഃ**

**ഇദം ക്ഷീരം ഇദം നീരം ആഹാരായ പ്രകൽപ്യതാം**

ബന്ധുക്കളാൽ പരിത്യജിക്കപ്പെട്ട ശ്മശാനങ്ങളിലെ അഗ്നിയിൽ ദഹിച്ച (അച്ഛാ-അമ്മേ) ഈ പാലും ജലവും ആഹാരത്തിനായി ഞാൻ തരുന്നു. ആത്മബന്ധം വിളിച്ചോതുന്ന മന്ത്രവരിയാണിത്. മകന്/മകൾക്ക് ശരീരവും ജീവനും നൽകി ഈ ലോകത്തിലേക്കയച്ചവരുടെ ഓർമ്മക്കായി പത്ത് ദിവസം ദുഃഖമാചരിക്കുന്നു. അതോടനുബന്ധിച്ച് അസ്തി സഞ്ചയനമുൾപ്പടെയുള്ള ചടങ്ങുകൾ അനുശാസിക്കുന്നു പത്തുമാസം ഗർഭത്തിൽ വളർന്ന കുഞ്ഞു പുറത്തു വരുന്നതുപോലെ, ഒരു മാസത്തിന് ഒരു ദിവസം എന്ന കണക്കിൽ പത്തു ദിവസത്തിൽ അന്തരീക്ഷത്തിൽ ലയിച്ച ആത്മചൈതന്യം പിതൃരൂപം പൂണ്ട് പിതൃലോകത്തിൽ ജനിക്കുന്നു എന്നു വിശ്വാസം. പ്രപഞ്ചചൈതന്യം മനുഷ്യ രൂപം സ്വീകരിച്ച് ഭൂലോകത്തിൽ പിറക്കുന്നതുപോലെ 4-5-ാം മാസങ്ങളിൽ



Scanned with CamScanner

ഗർഭസ്ഥശിശുവിൻെറ അസ്തി കാഠിന്യമുള്ളതാകുവാൻ തുടങ്ങുന്നതുപോലെ ദഹനാനന്തരം 4, 5 -ാം ദിനത്തിൽ അസ്തി സംയോജിപ്പിക്കുന്നതാണ് അസ്തി സഞ്ജയനം. ഈ അസ്തി അനന്തമായ ഒന്നിലേക്ക് ലയിക്കുന്നതിനുവേണ്ടിയാണ് പ്രപഞ്ചചൈതന്യത്തിൻെറ വിസ്തൃതിയുള്ള കടലിൽ അഥവാ കടലിലേക്കൊഴുകുന്ന പുണ്യ നദിയിൽ നിക്ഷേപിക്കുന്നത്. പ്രപഞ്ചത്തിൽ നിന്ന് വന്നത് പ്രപഞ്ചത്തിലേക്കു ചേരുന്നു! 10,11 ദിവസങ്ങളിൽ ബന്ധുക്കളും മിത്രങ്ങളും ഒരുമിച്ചു ചേർന്ന് ശുദ്ധികർമ്മങ്ങൾ നടത്തി, തന്റെ അച്ഛൻെറ അഥവാ അമ്മയുടെ അന്ത്യസമയത്തിൽ തന്നെ സഹായിച്ചവർക്ക് നന്ദിസൂചിപ്പിക്കുകയും സാമൂഹ്യബന്ധം ഊട്ടിയുറപ്പിക്കുകയും ചെയ്യുന്നതാണീ ചടങ്ങുകൾ. അച്ഛൻ പിതൃലോകത്തിൽ, തന്നെ അനുഗ്രഹിച്ചുകൊണ്ടു 10 ദിവസങ്ങൾക്കുശേഷം സുഖമായി വസിക്കുന്നു എന്ന വിശ്വാസവും ഇതിലുണ്ട്.

തലമുറതലമുറകളായി മറയുമ്പോൾ, തന്റെ അച്ഛൻ, മുത്തച്ഛനും മുത്തശ്ശിക്കും വേണ്ടി ചെയ്തതെന്താല്ലാമാണ് ആ ബന്ധത്തിന്റ ഗാഢത എത്രയുണ്ടായിരുന്നു എന്നു കൊച്ചുമക്കൾക്ക് നേരിൽ കണ്ടനുഭവിക്കാൻ ലഭിക്കുന്ന അവസരമാണ് ഈ മരണാനന്തരക്രിയകൾ. കുടുംബ ബന്ധത്തിൽ ഈ ദർശനം ഗാഢതയും തീവ്രതയുമുണ്ടാക്കുന്നു . ലോകത്തിൽ ഇത്രയും സങ്കീർണമായ മരണാനന്തര ക്രിയകൾ നടത്തുന്നത് ഹിന്ദുക്കൾ മാത്രമാണ്. പതിനായിരത്തോളം വർഷങ്ങൾ കഴിഞ്ഞിട്ടും നമ്മുടെ കുടുംബബന്ധം. ഈ അത്യാധുനിക കാലഘട്ടത്തിലും ഇത്രയും ഗാഢമായി നിലനിൽക്കുന്നതും പ്രത്യക്ഷമായ ഇതുപോലുള്ള ചടങ്ങുകൾ കാരണമാണ്. അതിനാൽ ആത്മീയതയ്ക്കപ്പുറം ഒരു സാമൂഹ്യ ശാസ്ത്രത്തിൻെറ ചൈതന്യവത്തായ ബന്ധസ്ഥാപനമാണ്. അന്ത്യകർമ്മങ്ങളിലൂടെ അനുഷ്ഠിക്കുന്ന ആചാരങ്ങളിലുള്ളത്.

ഓരോ വിഭാഗത്തിൽപെടുന്ന ഹിന്ദുക്കളിലും ചടങ്ങുകളിൽ വ്യത്യാസം കാണുന്നുണ്ടാകും. ഈ വ്യത്യാസങ്ങൾ വ്യക്തമായി പിതൃമേധസൂത്രത്തിലെ വിവിധ ഗ്രന്ഥങ്ങളിൽ ഉള്ളതുതന്നെയാണ്. ഓരോ ഋഷിയുടെ ഗോത്രത്തിൽപെടുന്നവർ അതാതു ഋഷിവര്യൻെറ ഉപദേശമനുസരിച്ച് ആചരിച്ചുപോരുന്നു എന്നു മാത്രം.

കേരളത്തിൽ പതിറ്റാണ്ടുകൾക്കുമുമ്പ് ഈ ആചാരങ്ങളിൽ കാര്യമായ മാറ്റം സംഭവിച്ചിട്ടുമുണ്ട്. സമുദായാചാര്യന്മാരായ മന്നത്തുപത്മനാഭനും, നാരായണഗുരുദേവനും വരുത്തിയ നവീകരണ പരിഷ്ക്കാരങ്ങൾ, രണ്ടു സമുദായവും സ്വീകരിച്ചു. സ്വന്തം



Scanned with CamScanner

പുരോഹിതൻമാരുടെ നിർദ്ദേശാനുസരണം എല്ലാ കർമ്മങ്ങൾക്കും ഇവർ മാറ്റം വരുത്തി. അന്നുവരെ എല്ലാ ഹിന്ദുവിഭാഗങ്ങളുടേയും പുരോഹിതസ്ഥാനം ബ്രാഹ്മണർക്കായിരുന്നു. ധർമ്മശാസ്ത്രഗ്രന്ഥങ്ങളിൽ വർണ്ണാനുസരണം വിവരിച്ചിരിക്കുന്ന ക്രിയകളാണ് ബ്രാഹ്മണപുരോഹിതർ ചെയ്യിച്ചിരുന്നതും. ഈ പുരോഹിതയ്ക്ക് അതാതു കുടുംബാംഗങ്ങളുടെ ആചാരങ്ങൾക്കാധാരമായ ഗോത്രങ്ങളും സൂത്രചര്യകളും അറിയാമായിരുന്നു. (മരണാന്തര ക്രിയകൾക്കായി മാത്രമല്ല മറ്റെല്ലാകർമ്മങ്ങളിലും ഇതുതന്നെയായിരുന്നു പതിവ്) മരണാന്തര കർമ്മങ്ങൾക്ക് ശൗച(ശുദ്ധി) വിധിയും ധർമ്മശാസ്ത്രം ഉപദേശിക്കുന്നു. 10 മുതൽ 16 ദിവസം വരെ മക്കളും അടുത്ത ബന്ധുക്കളും പൂർണമായും ശൗചവിധി അനുശാസിച്ച് ലൗകീക കാര്യങ്ങളിൽ നിന്ന് കഴിവതും വിട്ട് നിൽക്കണം സുഹൃത്തുക്കളും ബന്ധുക്കളുമായിരിക്കും മരണവീട്ടിലെ എല്ലാ കാര്യങ്ങളും നോക്കി നടത്തേണ്ടത്. ഇവിടെ പ്രാധാന്യമർഹിക്കുന്ന രണ്ടു കാര്യങ്ങൾ, നമ്മുടെ പ്രിയബന്ധുവിനോടുള്ള കടപ്പാട് നിറവേറ്റുന്നതിൽ നമുക്ക് എത്രശ്രദ്ധയുണ്ടെന്ന് അടുത്ത തലമുറ നേരിട്ടുകണ്ടനുഭവിച്ചറിയുന്നു. അത് അവർക്ക് ജീവിതത്തിൽ പകർത്താനൊരു അവസരവും ലഭിക്കുന്നു. രണ്ടാമതായി നമ്മുടെ ബന്ധുമിത്രാദികൾ നമ്മോട് എത്രത്തോളം ബന്ധപ്പെട്ടിരിക്കുന്നു എന്ന് നമുക്കറിയുവാനും അവസരം ലഭിക്കുന്നു. നമ്മുടെ സമൂഹബന്ധത്തിൻെറ ദൃഢത മാറ്റുരച്ചുനോക്കുന്ന വേളകൂടിയാണിത്. ബന്ധുമിത്രാദികളുമായി തുടർന്നുള്ള കാലങ്ങളിൽ കൂടുതൽ സഹകരണം വേണ്ടതായിട്ടുണ്ടെങ്കിൽ, അനുഭവത്തിൽ നിന്നും പഠിക്കേണ്ടത് ഈ അവസരത്തിലാണ്. ദുഃഖത്തിൽ ആരെല്ലാം കൂടെയുണ്ടെന്നറിയാനൊരവസരവും കൂടിയാണിത്. രാഷ്ട്രത്തലവന്മാർ ദേഹവിയോഗം ചെയ്യുമ്പോൾ ദേശീയ പതാക പകുതി മാത്രം ഉയർത്തുകയും, ദേശീയ ദുഃഖാചരണം നടത്തുകയും ചെയ്യുന്നതുപോലെയാണ് കുടുംബത്തിലെ മരണാനന്തര ദുഃഖാചരണം.

**മരണാനന്തര തീർത്ഥയാത്ര** : മരണാനന്തരതീർത്ഥയാത്രയ്ക്കും ചില ശാസ്ത്രീയ സന്ദേശങ്ങളുണ്ട്. പുണ്യക്ഷേത്രങ്ങളിൽ, മരിച്ച വ്യക്തിയുടെ അസ്തി നിമജ്ജനത്തിനാണിയാത്ര. തികച്ചും വ്യത്യസ്ഥമായ ചുറ്റുപാടുകൾ ലഭിയ്ക്കുവാനും, ത്യാഗം സഹിക്കുവാനും, ഒരു മാറ്റം ലഭിക്കുവാനും തുടർന്ന് മരണദുഃഖം അകറ്റുവാനും, പഴയതുപോലെയാകുവാനുമുള്ള (ഒരു വേദനയുടെ ചുറ്റുപാടുകളിൽ നിന്നുള്ള) മാറ്റമാണ് ഈ തീർത്ഥയാത്രകൊണ്ട് ലഭിക്കുന്നത്.

**വാർഷിക ശ്രാദ്ധം** : എല്ലാവർഷവും മതാപിതാക്കളെ, അവരവരുടെ കാലശേഷവും ഓർക്കുകയും അവരുടെ ഉപദേശങ്ങളും അനുഭവങ്ങളും



Scanned with CamScanner

സ്മരണയിൽ വരുത്തുവാൻ അവസരമുണ്ടാക്കുകയും ചെയ്യുന്നതാണ്, വാർഷിക ശ്രാദ്ധം. വാർഷികശ്രാദ്ധം ആചരിക്കുകയും അഥവാ (പകരമായി) കർക്കിട വാവുബലി നിർവഹിക്കുകയും ചെയ്താലും ഇതേ മഹത്വം തന്നെ ലഭിക്കുന്നു എന്ന് ധർമ്മശാസ്ത്രങ്ങൾ വിവരിക്കുന്നു.

**ബലിതർപ്പണ സന്ദേശം :** സമൂഹത്തിലെ ആത്മബന്ധത്തിൻെറ ശാസ്ത്ര ചൈതന്യമാണ് പിതൃബലികർമ്മം. എൻെറ ജന്മത്തിന് കാരണമായവരെ സ്മരിക്കണം, എനിക്കു ഭക്ഷണം നൽകിയ സമസ്ത സസ്യലതാദികളേയും ജന്തുജാലങ്ങളേയും സ്മരിക്കണം. പ്രത്യക്ഷമായും പരോക്ഷമായും എന്നെ സഹായിച്ചവരെ സ്മരിക്കണം. ഈ പ്രപഞ്ചത്തിൽ എൻെറ ജീവനത്തിനായി ഞാൻ ആരോടെല്ലാം കടപ്പെട്ടിരിക്കുന്നുവോ അവരെയെല്ലാം നന്ദിയോടെ സ്മരിക്കുന്ന ദിവസമാണ് കർക്കിടകവാവുബലി. പാശ്ചാത്യസമൂഹത്തിൽ Thanks giving day തുടങ്ങിയത് ഏതാനും ദശാബ്ദങ്ങൾക്ക് മുമ്പുമാത്രമായിരുന്നു. ഭാരതത്തിൽ ഈ സ്മൃതി ദിനമാചരിച്ചുതുടങ്ങിയിട്ട് സഹസ്രാബ്ദങ്ങളായി.

പൂവും, എള്ളും, അരിയും, ജലവും അർപ്പിക്കേണ്ടത് ഈ മന്ത്രം ചൊല്ലിയാണ്. നിങ്ങൾക്കുമതു ചെയ്യാം. സർവ്വജീവജാലങ്ങളോടും ബന്ധുമിത്രാദികളോടുമുള്ള ആത്മബന്ധം ഹൃദയത്തിൽ നിറഞ്ഞ സ്മരണയോടെ ചെയ്യേണ്ടതാണിത്. ജാതി-മത-ലിംഗ-വർഗ ഭേദമില്ലാതെ ഈ മന്ത്രം ജപിച്ച് തർപ്പണം കൊടുക്കാവുന്നതാണ്.

**ആബ്രാഹ്മണോ യേ പിതൃവംശ ജാതാ മാതുസ്തദാ വംശ ഭവാ മദീയാ വംശദ്വയേസ്മിൻ മ മ ദാസ ഭൂതാഃ ഭൃത്യാസ്തഥൈവ ആശ്രിത സേവകാശ്ച മിത്രാണി സഖ്യ പശവശ്ച വൃക്ഷാഃ ദൃഷ്ടാശ്ചദൃഷ്ടാശ്ച കൃതോപകാരാഃ**

**ജന്മാന്തരേ യേ മമ സംഗതാശ്ച തേഭ്യ സദാ പിണ്ഡബലിം ദദാമി**
**പിതൃവംശേ മൃതായേശ്ച മാതൃവംശേ തഥൈവ ച**
**ഗുരു ശ്വശുര ബന്ധുനാം യേ ചാന്യേ ബാന്ധവാ മൃതാഃ**
**യേ മേ കുലേ ലുപ്തപിണ്ഡാഃ പുത്രദാര വിവർജ്ജിതാഃ**
**ക്രിയാലോഭഹതാശ്ചൈവ ജാത്യന്ധാ പങ്കവസ്തദാ**
**വിരൂപാ ആമഗർഭാശ്ച ജ്ഞാനാജ്ഞാതാ കുലേ മമ**
**ഭൂമൗ ദത്തേന ബലിനാ തൃപ്തായാന്തു പരാം ഗതിം**
**അതീതകുല കോടീനാം സപ്ത ദ്വീപനിവാസിനാം**
**പ്രാണീനാമുദകം ദത്തം അക്ഷയ്യമുപതിഷ്ഠതി**

**പദാനുപദ അർത്ഥം :** എൻെറ പിതാവിന്റ വംശത്തിൽ ജനിച്ചവർക്കും അതുപോലെ മാതൃവംശജർക്കും, രണ്ടു ജന്മത്തിൽ എന്റെ ദാസന്മാരായി സഹായിച്ചവർക്കും, ഞാൻ ആശ്രയിക്കുവാൻ ഇടവന്നവർക്കും

സേവകന്മാർക്കും, മിത്രങ്ങൾക്കും, സ്നേഹിതന്മാർക്കും, ഞാൻ ആശ്രയിച്ച മൃഗങ്ങൾക്കും, വൃക്ഷങ്ങൾക്കും, പ്രത്യക്ഷമായും പരോക്ഷമായും എനിക്ക് ഉപകാരം ചെയ്തവർക്കും ജന്മ ജന്മാന്തരങ്ങളിൽ എന്നോടൊപ്പം ഉണ്ടായിരുന്നവർക്കും ഞാനിതാ ഈ അരിയും പുഷ്പവും പിണ്ഡവും ചേർത്ത് നൽകുന്നു. അച്ഛന്റെ കുലത്തിൽ ജനിച്ച് കാലയവനികയ്ക്കുള്ളിൽ മറഞ്ഞവർക്കും അതുപോലെ അമ്മയുടെ കുലജ്ജാതർക്കും, ഗുരുക്കന്മാർക്കും, ശ്വശുരന്മാർക്കും, ബന്ധുക്കൾക്കും, മറ്റുള്ളവർക്കും, എന്റെ കുലത്തിൽ ദുഃഖിതരായി മരിച്ചവർക്കും, പുത്രന്മാരാലും- ഭാര്യമാരാലും ഉപേക്ഷിക്കപ്പെട്ടവർക്കും, അകാലമൃത്യു സംഭവിച്ചവർക്കും, ഹീനജന്മം സിദ്ധിച്ചവർക്കും വിരൂപന്മാർക്കും, അന്ധർക്കും, അംഗവൈകല്യംവന്നവർക്കും, എന്റെ കുലത്തിൽ അറിഞ്ഞോ അറിയാതെയോ ദുഃഖിതരായി കാലഗതി പ്രാപിച്ചവർക്കും അവരുടെ ആത്മാവിന് സംതൃപ്തി ഉണ്ടാകുവാനായി ഈ ഭൂമിയിൽ ഞാനിതാ പിണ്ഡബലി അർപ്പിക്കുന്നു.

കോടാനുകോടി ജനന മരണത്തിലൂടെ കടന്നു വന്ന്, ഭൂമിയിലെ ഏഴു ഭൂഖണ്ഡങ്ങളിലും ഇപ്പോൾ വസിക്കുന്ന സർവ്വജീവജാലങ്ങൾക്കും ഞാൻ അർപ്പിക്കുന്ന തീർത്ഥജലത്തിലൂടെ സർവ്വമംഗളങ്ങളുമുണ്ടാകട്ടെ!

മനുഷ്യബന്ധത്തിന്റെയും കടപ്പാടിന്റെയും മനഃശാസ്ത്രത്തിന്റെയും ചൈതന്യമുൾക്കൊള്ളുന്ന ഈ മന്ത്രധ്വനി കർക്കിടകവാവു ദിനത്തിൽ കേരളത്തിൽ മുഖരിതമാകണം. സംഘർഷപൂരിതമായ ജീവിതത്തിൽ ശാശ്വത സംതൃപ്തി നൽകുന്നതേതാണോ അതാണ് ശാസ്ത്രം. അതുകൊണ്ടുതന്നെ പിതൃകർമ്മവും ശാസ്ത്രീയമാണ്.

നിന്നെപ്പോലെ നിന്റെ അയൽക്കാരനേയും സ്നേഹിക്കുവാൻ ഉപദേശിക്കുന്നതിൽ നിന്നും വ്യത്യസ്തമായി ഏഴു ഭൂഖണ്ഡങ്ങളിലുള്ള മനുഷ്യനുൾപ്പടെയുള്ള സമസ്ത ജീവരാശികളുടേയും നന്മയ്ക്കായി പ്രാർത്ഥിക്കുന്ന ഈ വരികൾ മനുഷ്യബന്ധത്തിന്റെ ഉജ്ജ്വല സാമൂഹ്യ ശാസ്ത്രം രചിക്കുന്നു. അതു സംഭവിച്ചത് പവിത്രഭാരതത്തിലാണ്.

**പിതൃക്കളുടെ തൃപ്തി :** അച്ഛനമ്മമാരും അവരുടെ തലമുറകളും എന്നെന്നേക്കുമായി മറയുന്നു. അവർ പിതൃക്കളായി അലയുന്നു എന്നും, അല്ലെങ്കിൽ മക്കളുടെ ബലിതർപ്പണങ്ങളിലൂടെയും സത് കർമ്മങ്ങളിലൂടെയും പരമമായ വിഷ്ണുപദപ്രാപ്തി അഥവാ സദ്ഗതി പ്രാപിക്കുന്നു എന്നും നാം വിശ്വസിക്കുന്നു. മരണശേഷം എന്തു സംഭവിക്കുന്നു എന്നതിന് ശാസ്ത്രീയമായ തെളിവുകളൊന്നും ലഭ്യമല്ല. ലഭിച്ചിരിക്കുന്ന വിവരങ്ങൾ അവ്യക്തങ്ങളുമാണ്. ഋഷീശ്വരന്മാർ



Scanned with CamScanner

നൽകിയിരിക്കുന്ന വിവരണങ്ങൾ മാത്രമേ നമുക്കാധാരമായിട്ടുള്ളൂ. അതു ശാസ്ത്രീയമാണോ എന്ന് അസന്ദിഗ്ദമായി വ്യക്തമാക്കുവാൻ സാദ്ധ്യമല്ല. എന്നാൽ വിശ്വാസത്തിൻെറ മണ്ഡലത്തിൽ നിന്നു നോക്കുന്നവർക്കും അനുഭവിക്കുന്നവർക്കും പ്രയോജനപ്പെടുത്തുവാൻ സാധിക്കുന്ന ഒരാചാരഭാഗമുണ്ട്. പിതൃതൃപ്തി എന്നത്. ചില വ്യക്തികൾ രോഗമുണ്ടെന്ന് തെറ്റിദ്ധരിച്ച് തളർന്നു നടക്കുമ്പോൾ അവർക്കു വിശ്വാസമുള്ള ഡോക്ടർമാർ, ഉപ്പിൻെറ ഐസോടോണിക് ലായനി ഇഞ്ചക്ഷൻ കൊടുത്താൽ പോലും, അവർ 'രോഗമുക്തരാകുന്നു.' ജീവിതത്തിൽ പരാജയം നേരിടേണ്ടിവരുമ്പോഴും തുടരെ ദുഃഖസത്യങ്ങൾ അഭിമുഖീകരിക്കേണ്ടി വരുമ്പോളും, തളർന്ന മനസ്സിനും ശരീരത്തിനും പിതൃക്കളുടെ അതൃപ്തിയിൽ നിന്ന് തൃപ്തിയിലേക്കുള്ള സന്ദേശം ഫലവത്താകാറുണ്ട്. മരിച്ചു പോയവർക്ക് സദ്ഗതിയുണ്ടായിട്ടില്ല എന്നത് ഒരു കാരണമാണെന്ന് തളർന്നവനെ ബോധ്യപ്പെടുത്തുക. അതിനുശേഷം കാരണം ഇല്ലാതാക്കുക. അതിനായി നടത്തേണ്ട ചടങ്ങുകൾ ഈ കാരണങ്ങളില്ലാതാക്കും. പിതൃക്കളുടെ അനുഗ്രഹം ലഭിച്ചു എന്ന് ബോധ്യമായ വ്യക്തി വീണ്ടും കർമ്മ നിരതനായെന്നിരിക്കും. ഇതൊരു വിശ്വാസത്തിന്റേയും മനഃശാസ്ത്രത്തിന്റെയും ഗഹനമായ പ്രയോഗമാണ്. ശരീരത്തിനും മനസിനും കുടുംബത്തിനും ദോഷകരമായി (അൽപം സാമ്പത്തിക ചിലവ് ഒഴികെ) മറ്റൊന്നും സംഭവിക്കാത്ത നിലവാരം വരെ മാത്രമേ ഈ ആചാരം നന്മനൽകൂ. പിതൃക്കളുടെ പ്രീതിക്കായി മൃഗബലിയും, ക്രൂരകർമ്മങ്ങളും ചടങ്ങുകളും നടത്തുന്നു എങ്കിലത് സദാചാരത്തിൻെറ പരിധികടന്ന് ദുരാചാരമായിത്തീരുമെന്ന് പ്രത്യേകം ഓർമ്മിക്കുക.

## അനാചാരങ്ങളും ദുരാചാരങ്ങളും

നന്മയുടെ ഒരു സന്ദേശവും നൽകാത്തതും തിന്മയുളവാക്കുന്നതുമായ കുറെ അനുഷ്ഠാനങ്ങൾ നാം ആചരിച്ചുപോരുന്നുണ്ട്. അവ അശാസ്ത്രീയമാണ്. അജ്ഞാനത്താലോ, ചില 'ചിന്തകരുടെ' ഉപദേശത്താലോ, അവരുട രചനകളിലൂടെയോ ആയിരിക്കും ഈ ദുരാചാരങ്ങൾക്ക് തുടക്കം കുറിച്ചത്.

**ശൂലംതറക്കൽ :** മനുഷ്യശരീരത്തെ ക്ഷേത്രമായും, അഹം ബ്രഹ്മാസ്മി എന്നും ദർശിച്ചവർ ശരീരത്തിൽ ശൂലം തറക്കുന്നതും, കൊളുത്തിട്ട് ക്ഷേത്രാചാരത്തിൻെറ ഭാഗമായി തൂക്കം നടത്തുന്നതും ദുരാചാരമാണ്. **ശരീരമാദ്യം ഖലു ധർമ്മ സാധനം** എന്നുൽഘോഷിച്ച ഭാരതീയരുടെ ഏതു ദൈവമാണ് ഈ വികൃതമായ ആചാരം കണ്ട് പ്രീതരാകുന്നത്.



Scanned with CamScanner

തിക്കനലിലൂടെ നടക്കുന്നത് മറ്റൊരുവിധ ദുരാചാരമാണ്. ശരീരത്തെ പീഡിപ്പിക്കുന്ന ഒരു കർമ്മം!

**ധനിഷ്ടാപഞ്ചകം :** അവിട്ടം മുതൽ രേവതിവരെ അഞ്ചു നക്ഷത്രങ്ങളെ ധനിഷ്ഠാപഞ്ചകങ്ങൾ എന്നു പറയുന്നു. ഈ അഞ്ചു നക്ഷത്രത്തിൽ ആരെങ്കിലും മരിച്ചാൽ ആ വീട്ടിൽ മറ്റൊരു മരണമുണ്ടാകുമത്രെ. ചിലർ അഞ്ചു മരണമുണ്ടാകുമെന്നും വിശ്വസിക്കുന്നു. അന്ധമായ വിശ്വാസം മാത്രമാണിത്. ഇതിനു പരിഹാരമായി ദക്ഷിണ കേരളത്തിൽ പുതിയതായി ഒരു ദുരാചാരം തുടങ്ങിയിരിക്കുന്നു. കോഴിയെ അറുത്ത് ശവത്തിൽ രക്തം ഒഴിക്കുക. മറ്റൊന്ന് അഞ്ചു കോഴിമുട്ട ശവത്തോടൊപ്പം ദഹിപ്പിക്കുക കോഴിയെ അറുത്തതുകൊണ്ട് 'മരണപാപ'മുണ്ടെങ്കിൽ തീരുമെന്ന് ഒരു ഗ്രന്ഥത്തിലും വിവരിച്ചിട്ടില്ല. വ്യക്തമായ ദുരാചാരമാണിത്.

**ദീപാവലിയും ആട്ടിറച്ചിയും :** ദീപാവലിക്ക് സർവ്വസാധാരണയായി ഒരു വിഭാഗം ജനങ്ങൾ ആട്ടിറച്ചി ഉപയോഗിക്കുവാൻ തുടങ്ങിയിരിക്കുന്നു. ഭാരതീയ ആചാരങ്ങളിലൊന്നിലും ഇറച്ചികൂട്ടിയുള്ള ചടങ്ങുകളില്ല. ഹീനവും നിഷ്ഠൂരവുമാണീ ദുരാചാരം. ഉത്തരകേരളത്തിൽ ബീഫും കട്ടിയും ചേർത്ത് ഓണമാഘോഷിക്കുന്നതും നികൃഷ്ടമായ ആചാരത്തിന്റ ഭാഗമാണ്.

**വേദപഠനവും ബ്രാഹ്മണരും :** വേദപഠനം ബ്രാഹ്മണർക്കുമാത്രമുള്ള താണെന്ന് ചില ധർമ്മശാസ്ത്രങ്ങളിലും നമ്മുടെ ആചാരങ്ങളിലും കാണുന്നു. ഇത് ഭാരതീയ ചിന്താധാരയുടെ സത്തക്കെതിരാണ്. വേദങ്ങൾ ക്രോഡീകരിച്ച വേദവ്യാസൻ മുക്കുവനായിരുന്നു. ഭൂരിഭാഗം ഋഗ്വേദമന്ത്രങ്ങളുമെഴുതിയ വിശ്വാമിത്രൻ ക്ഷത്രിയനായിരുന്നു. ഐതരേയ ആരണ്യകം-ബ്രാഹ്മണം-ഉപനിഷദ് ഇവ എഴുതിയ മഹീദാസ ഐതരേയൻ ചണ്ഡാലനായിരുന്നു. വാത്മീകി കാട്ടാളനായിരുന്നു. ശ്രീരാമൻ ക്ഷത്രിയനായിരുന്നു. ശ്രീകൃഷ്ണൻ യാദവനായിരുന്നു. (OBC) ഇവരെല്ലാം വേദം പഠിച്ചവരും പഠിപ്പിച്ചവരും ആരാധിച്ചവരുമായിരുന്നു. അതിനാൽ വേദപഠനം ഏവരും ശ്രദ്ധയോടെ അനുഷ്ഠിക്കുകയാണെങ്കിൽ സാധ്യമാകുന്നതാണ്. സാധ്യമാകുകയും വേണം.

**സ്ത്രീധനം :** സ്ത്രീധനം മറ്റൊരു ദുരാചാരമാണ്. ധർമ്മശാസ്ത്രങ്ങൾ അത് അംഗീകരിക്കുന്നുമില്ല.

**ഉത്തമം സ്വാർജ്ജിതം വിത്തം മധ്യമം പിതുരാർജ്ജിതം**
**അധമം മാതുലാർജ്ജിതം വിത്തം സ്ത്രീവിത്തം അധമാധമം**

സ്വയം ആർജ്ജിച്ച വിത്തം ഉത്തമവും, പിതാവിൽ നിന്ന് ലഭിക്കുന്നത് മധ്യമവും അമ്മാവനിൽ നിന്ന് ലഭിക്കുന്നത് അധമവും

സ്ത്രീധനം പരമമായ അധമവുമാണെന്ന് ധർമ്മശാസ്ത്രം ഉൽഘോഷിക്കുന്നു. പുരാതന ഭാരതീയ ഗ്രന്ഥങ്ങൾ നിഷേധിച്ച ഈ ആചാരം സമൂഹത്തിൽ ആഴ്ന്നിറങ്ങിയത് അടുത്ത കാലത്താണ്. ആധുനിക കാലഘട്ടത്തിൽ!

**മൃഗസംബന്ധിയായ ശകുനങ്ങൾ** : കാക്ക അസമയത്ത് കരയുന്നതും, കാലൻകോഴി കൂവുന്നതും, പൂച്ച വിലങ്ങനെ ചാടുന്നതും, വിധവയെക്കാണുന്നതും പോലെ ഏറെ ശകുനങ്ങളുണ്ട്. ഗൗളി ശാസ്ത്രം തുടങ്ങിയവയും ഇതിൻെറ ഭാഗമാണ്. ശാസ്ത്രീയമായി ഒരു വിധത്തിലും വിവരിക്കുവാൻ സാധിക്കാത്ത ഈ ആചാരങ്ങളിൽ സദ്ഫലങ്ങളുണ്ടാകുന്നതായി തെളിയിക്കുവാനും സാധ്യമല്ല. അതുകൊണ്ടുതന്നെ ഇവ അനാചാരങ്ങളുടെ ഭാഗമാണ്.

**മെഴുകുതിരി കെടുത്തിയുള്ള പിറന്നാൾ ആഘോഷം** : പുതിയ ഒരു ദുരാചാരമാണ് പിറന്നാൾ ദിനത്തിൽ മെഴുകുതിരി കത്തിച്ച് അത് ഊതിക്കെടുത്തുന്നത്. വിളക്കുവെച്ചുള്ള ആരാധനയാണ് ശ്രേഷ്ഠം. ഇഷ്ടഭോജ്യം ഈശ്വരീയവുമാണ്. വിളക്ക് ഊതിക്കെടുത്തുന്നതാകട്ടെ പ്രേത–പിശാച കർമ്മങ്ങൾക്കാണ്. ഒരു സുദിനത്തിൽ നടത്തുന്ന നികൃഷ്ട കർമ്മമാണ് ദീപം ഊതി അണക്കൽ, കൂടാതെ മെഴുകുതിരിയിൽ നിന്നുയരുന്ന പുക കാൻസർ ഉണ്ടാകുവാൻ കാരണവുമാകുന്നു. അതിനാൽ വിളക്കു തിരികത്തിച്ചു വച്ചുതന്നെ കേയ്ക്ക് മുറിച്ച് ചടങ്ങ് ആചരിക്കാവുന്നതാണ്.

തമസോമാ ജ്യോതിർഗമയ എന്നു പ്രാർത്ഥിക്കുക. ജ്യോതിർമാ തമസോ ഗമയാ എന്നു പ്രവർത്തിക്കാതിരിക്കുക.

**ഗ്രഹണസംബന്ധിയായ ആചാരം:** ഗ്രഹണ സമയത്ത് രാഹു സൂര്യ/ചന്ദ്രൻമാരെ പിടിക്കുന്നതിനാൽ ശുദ്ധാശുദ്ധവും പാപവും ഉണ്ടാകുന്നു എന്നത് അന്ധവിശ്വാസമാണ്. അതോടനുബന്ധിച്ച ആചാരങ്ങൾ ദുരാചാരങ്ങളും. ഗ്രഹണമുണ്ടാകുന്നത് വ്യക്തമായി ഭാരതീയർ വിവരിച്ചിരുന്ന **ഛാദയതി ശശി സൂര്യം ശശിനം മഹതീ ഭൂച്ഛായ** : ചന്ദ്രൻ സൂര്യനെ മറയ്ക്കുന്നു ചന്ദ്രനെയാകട്ടെ മഹത്തായ ഭൂനിഴൽ മറയ്ക്കുന്നു. ഇവിടെ അനാചാരാനുഷ്ഠാനത്തിൻെറ ആവശ്യം വരുന്നില്ല വ്യക്തമായ ഒരു ശാസ്ത്രീയ പ്രതിഭാസം മാത്രമാണിത്.

**ദേവീകോപവും രോഗവും** : ഈശ്വര കോപമാണെന്നും, ഈശ്വരപ്രസാദമാണെന്നും, വിശ്വസിച്ച് രോഗത്തെയും രോഗിയേയും, ഈശ്വരീയമായി കാണണമെന്നുമുള്ള വിശാസം ശാസ്ത്രീയമല്ല. ഒരു



Scanned with CamScanner

ഈശ്വരനും രോഗം നൽകി ആരേയും ശിക്ഷിക്കുവാനോ അനുഗ്രഹിക്കുവാനോ തയ്യാറാവുകയില്ല. രോഗിയുമായി ബന്ധപ്പെട്ട ഇത്തരത്തിലുള്ള ആചാരങ്ങൾ രോഗശമനത്തിന് സഹായിക്കുന്നവയൊഴികെയുള്ളതെല്ലാം ദുരാചാരങ്ങളാണ്. രോഗിയെകുളിപ്പിക്കുന്നത് വേപ്പിന്റെ ഇലയുള്ള വെള്ളത്തിലാകണമെന്നും, ഗൃഹാന്തർഭാഗത്ത് ഗന്ധകം പുകയ്ക്കണമെന്നുമുള്ളത് സദാചാരമാണ് കാരണം അതിൽ ശാസ്ത്രീയ സത്യമുണ്ട്.

ശാസ്ത്രീയമായി ഒരു തരത്തിലും ന്യായീകരിക്കുവാൻ സാധിക്കാത്തതും മാനസികമോ-ശാരീരികമോ കുടുംബപരമോ സാമൂഹികമോ ആയ ഒരു നന്മയും നൽകാത്ത ഏതാചാരവും അനാചാരവും ദുരാചാരവുമാണ്. കാലാകാലങ്ങളിൽ അനുഷ്ഠിച്ചു വരുന്നവയാണ് എന്നതുകൊണ്ട് അവയ്ക്ക് മഹത്വം നൽകേണ്ടതില്ല എന്നും ധർമ്മശാസ്ത്രം പറയുന്നുണ്ട്.

**താതസ്യ കൂപോƒയം ഇതി ബ്രുവാണ**
**കാപുരഷ ക്ഷാരജലം പിബന്തി**

അച്ഛൻ കുഴിച്ച കിണറാണിതെന്ന് പറഞ്ഞ് ഏതു മനുഷ്യനാണ്, കിണറ്റിൽ ഉപ്പുവെള്ളമാണെങ്കിൽ അതു കുടിക്കുക. കാലാകാലങ്ങളിൽ ചെയ്തു കൊണ്ട് വന്നിരുന്നത് തെറ്റായിരുന്നുവെങ്കിൽ അതു തുടരേണ്ടതായ ഒരു കാര്യവുമില്ല. **വിമൃശ്യ ഏതദ് അശേഷേണ യഥേച്ഛസി തഥാ കുരു** എന്ന് ശ്രീകൃഷ്ണൻ തന്നെ ഉപദേശിച്ചിട്ടുണ്ട്.



Scanned with CamScanner

## സ്വാതന്ത്ര്യ ഷഷ്ട്യബ്ദ പ്രതിജ്ഞ!

- എന്റെ രാഷ്ട്രം സ്വാതന്ത്ര്യം നേടി അറുപതു വർഷമാകുന്നു.
- എന്റെ രാഷ്ട്രത്തിലാണ് ആധുനീകം + പുരാതനം സമന്വയിച്ചത്.
- എന്റെ രാഷ്ട്രത്തിലാണ് ശാസ്ത്രം + ആത്മീയത സമന്വയിച്ചത്.
- എന്റെ രാഷ്ട്രം ഇച്ഛാശക്തി + ജ്ഞാനശക്തി + ക്രിയാശക്തി നേടി.
- എന്റെ രാഷ്ട്രം ലോകത്തിന് പ്രകാശം നൽകികൊണ്ടിരിക്കുന്നു.
- എന്റെ രാഷ്ട്രം ലോകജനതയുടെ നന്മയ്ക്കു പ്രാർത്ഥിച്ചു.
- എന്റെ രാഷ്ട്രം സർവ്വചരാചരങ്ങളിലും ഈശ്വരനെ ദർശിച്ചു.
- എന്റെ രാഷ്ട്രം എല്ലാ നന്മകളും സ്വീകരിക്കാനാഹ്വാനം ചെയ്തു.
- എന്റെ രാഷ്ട്രം ഭൗതികത + ആത്മീയത സമഞ്ജസപ്പെടുത്തി.
- എന്റെ രാഷ്ട്രം സത്യ - ധർമ്മ - നീതി ന്യായത്തിൽ വിഹരിക്കുന്നു.
- എന്റെ രാഷ്ട്രത്തിന് പതിനായിരം വർഷത്തെ ചരിത്രമുണ്ട്.
- എന്റെ രാഷ്ട്രത്തിന്റെ സംഭാവന ഇന്ന് ലോകം പഠിക്കുന്നു.

**പണ്ഡിതനും, ചിന്തകനും, ശാസ്ത്രജ്ഞനും ഇന്നറിയാം
ഇരുപത്തൊന്നാം നൂറ്റാണ്ട് ഭാരതത്തിന്റേതാണെന്ന്.
അതിൽ നമുക്കഭിമാനിക്കാം.**

**ഭാരത സ്വാതന്ത്ര്യ സ്മരണ 2007**

Scanned with CamScanner